# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

### എഴുപതാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ മലബാർ ദേവസ്വവുമായും 2017-18, 2018-19 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കേരള സർവകലാശാലയുമായും ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

### എഴുപതാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ മലബാർ ദേവസ്വവുമായും 2017-18, 2018-19 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കേരള സർവകലാശാലയുമായും ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

## ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന :

മുഖവുര :

റിപ്പോർട്ട് :

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും :

അനുബന്ധം II

സർക്കാരിൽ നിന്നും ലഭിച്ച മറുപടി :

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

**ഘടന**

**അദ്ധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി.ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026) യുടെ എഴുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ മലബാർ ദേവസ്വവുമായും 2017-18, 2018-19 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കേരള സർവകലാശാലയുമായും ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 സെപ്റ്റംബർ മാസം 17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18

# റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ മലബാർ ദേവസ്വവുമായും 2017-18, 2018-19 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കേരള സർവകലാശാലയുമായും ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്**

ഓഡിറ്റ് ഖണ്ഡിക

**ഭരണനിർവഹണത്തിലെ വീഴ്ചകൾ**
**മലബാർ ദേവസ്വം**

മലബാറിലെ ആയിരത്തിഅറുനൂറിൽപ്പരം ദേവസ്വങ്ങളുടെ ഭരണപരമായ മേൽനോട്ടം മലബാർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമാണ്. തിരുവിതാംകൂർ, കൊച്ചി ദേവസ്വങ്ങളുടെ മാതൃകയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് മലബാർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ദേവസ്വങ്ങളുടെ സ്ഥിതി. ഈ മേഖലകളിലെ ദേവസ്വങ്ങൾ ഓരോന്നും ഓരോ ഭരണ പദ്ധതിക്ക് കീഴിലാണ്. വ്യത്യസ്തമായ അധികാര സ്ഥാപനങ്ങളാണ് ഈ ദേവസ്വത്തിനുള്ളത്. ട്രസ്റ്റി, എക്സിക്യൂട്ടീവ് ഓഫീസർ, ഫിറ്റ് പേഴ്സൺ, മാനേജർ തുടങ്ങിയ നാമങ്ങളിൽ ഇവർ അറിയപ്പെടുന്നു. കോടതികൾ അംഗീകരിച്ച് പുറപ്പെടുവിച്ച വിശേഷാധികാരങ്ങൾ ചില ദേവസ്വങ്ങൾക്കുണ്ട്. ഇത്തരം അധികാരം മലബാർ ദേവസ്വം ബോർഡിൽ പരിമിതമാണ്. നാനാത്വസ്വഭാവം പ്രകടിപ്പിക്കുന്ന ദേവസ്വങ്ങളുടെ ഭരണപരമായ ഏകോപനം നടത്തുക എന്ന കർത്തവ്യമാണ് മലബാർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നത്. മലബാർ ദേവസ്വം ബോർഡിന്റെ ഭരണനിർവഹണ വീഴ്ചകളുടെ ഉദാഹരണങ്ങളാണ് താഴെപ്പറയുന്നവ.

1. ഉത്സവങ്ങൾക്ക് ബജറ്റിൽ നിന്നും അധികരിച്ച ചെലവിന് ക്ഷേത്രങ്ങളിൽ അപേക്ഷകൾ ലഭിക്കുന്നുവെങ്കിലും ബോർഡിൽ നിന്ന് അംഗീകാരം ലഭിക്കുന്നില്ല. കണ്ണൂർ, കൊട്ടിയൂർ ദേവസ്വത്തിന്റെ 2004, 2006, 2007, 2008, 2010, 2011 വർഷങ്ങളിലേയും, ശ്രീ പെരളശ്ശേരി ക്ഷേത്രത്തിന്റെ 2010, 2011, 2012 വർഷങ്ങളിലേയും ബജറ്റിൽ അധികരിച്ച ചെലവുകൾക്ക് നാളിതുവരെ അംഗീകാരം നൽകിയിട്ടില്ല.

2. ദേവസ്വങ്ങളിൽ നിലവിലുള്ളതും ഭക്തജനങ്ങൾ പ്രതിവർഷം സമർപ്പിക്കുന്നതുമായ ഇൻവെന്ററികളുടെ വെരിഫിക്കേഷൻ മലബാർ ദേവസ്വം ബോർഡ് യഥാസമയം നടത്തുന്നില്ല. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 1600-ൽ പരം ക്ഷേത്രങ്ങളിലെ ഇൻവെന്ററി പരിശോധിക്കുന്നതിനായി 3 വെരിഫിക്കേഷൻ ഓഫീസർമാർ മാത്രമാണ് നിലവിലുള്ളത്. ഇൻവെന്ററി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതും നാളിതുവരെ വെരിഫിക്കേഷൻ നടത്തിയിട്ടില്ലാത്തതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ജോയിന്റ് കസ്റ്റഡിയിൽ ലോക്കറിൽ സൂക്ഷിക്കണമെന്ന് മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന ചട്ടത്തിലെ സെക്ഷൻ 36-ൽ 100(2)(1)3 പ്രകാരം അനുശാസിക്കുന്നുണ്ടെങ്കിലും ശ്രീ.വൈരങ്കോട് ഭഗവതി ക്ഷേത്രത്തിൽ ആയത് പാലിക്കപ്പെടുന്നില്ല. സ്വർണ്ണം, വെള്ളി എന്നിവയുടെ വരവ്, ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല എന്നതിന് പുറമെ വഴിപാടായി ലഭിക്കുന്ന സ്വർണ്ണം മൂല്യനിർണയം നടത്താൻ ആളെ ലഭിക്കുന്നില്ലെന്ന് കാണിച്ച് അളവ് രേഖപ്പെടുത്താതെ വീണ്ടും ഭണ്ഡാരത്തിലേക്ക് നിക്ഷേപിക്കുന്നതായും കാണുന്നു.

3. ദേവസ്വങ്ങളുടെ നിത്യത, ആനുകാലിക വാർഷിക വിശേഷവിധികൾ, ഉത്സവപ്രതിഫലങ്ങൾ എന്നിവയുടെ അടിസ്ഥാനം പടിത്തര ചെലവ് പട്ടിക(ഡിറ്റം)യാണ്. ഈ പടിത്തര ചെലവ് പട്ടിക 5 വർഷം കൂടുമ്പോൾ പുതുക്കി നിശ്ചയിക്കേണ്ടതാണ്. എന്നാൽ ദേവസ്വങ്ങൾ സമർപ്പിക്കുന്ന പുതുക്കിയ ഡിറ്റത്തിന് യഥാസമയം ബോർഡ് അംഗീകാരം നൽകുന്നില്ല.

4. ദേവസ്വത്തിന്റെ വരുമാനത്തിന്റെ സിംഹഭാഗവും നവീകരണ പ്രവർത്തനങ്ങൾക്കാണ് ചെലവഴിക്കപ്പെടുന്നത്. ക്ഷേത്രങ്ങളിലെ മരാമത്ത് പ്രവൃത്തികൾ 1951-ലെ ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ സെക്ഷൻ 100(2) ക്യൂ.ആർ.എസ്.ന് കീഴിലുള്ള ചട്ടങ്ങൾ പ്രകാരം നിർവഹിക്കേണ്ടതും ഓരോ പ്രവൃത്തിയുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ക്വട്ടേഷൻ/ടെണ്ടർ നടപടികളിലൂടെ മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരത്തിന് വിധേയമാക്കണം എന്നും നിഷ്കർഷിക്കുന്നു. എന്നാൽ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്ന പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയിൽ യഥാസമയം തീരുമാനമെടുക്കാത്തതിനാൽ ക്ഷേത്രങ്ങൾക്ക് സമയനഷ്ടവും ധനനഷ്ടവും ഉണ്ടാകുന്നു.

5. ദേവസ്വങ്ങളുടെ കമ്പ്യൂട്ടർവൽകരണത്തിന് ചെലവഴിച്ച തുക തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ ഫലപ്രദമായില്ല. ചില ഉദാഹരണങ്ങൾ

| ക്രമ നം. | ദേവസ്വം | ചെലവഴിച്ച തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ശ്രീ. ചന്ദ്രഗിരി ശാസ്താ തൃക്കണ്ണോട് ക്ഷേത്രം, ഹോസ്ദുർഗ്ഗ് | ₹520747 | കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടില്ല |
| 2 | ശ്രീ. രാമപുരം വിഷ്ണുക്ഷേത്രം, എച്ച്. ആർ. ഇ. പാലക്കാട് | ₹281223 | സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടില്ല |
| 3 | പട്ടാമ്പി ശ്രീ. പടിഞ്ഞാറേ മഠം ദേവസ്വം | ₹349337 | സംവിധാനം പ്രവർത്തനക്ഷമമായിട്ടില്ല |
| 4 | മലബാർ ദേവസ്വം ബോർഡ് | ₹426611 | ജീവനക്കാരുടെ ക്ഷേമനിധി ഫണ്ടിൽ നിന്നും 426611/- രൂപ പിൻവലിച്ച് DOEACC -ക്ക് കൈമാറിയെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല. |

6. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് ക്ഷേത്രാധികാരികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കേണ്ടത് മലബാർ ദേവസ്വം ബോർഡാണ്. എന്നാൽ ടി അപേക്ഷകളിൽ ബോർഡ് സത്വര നടപടികൾ സ്വീകരിക്കുന്നില്ല.

7. സർക്കാർ ധനസഹായമായി ലഭിക്കുന്ന തുക പലിശസഹിത അക്കൗണ്ടിലേക്ക് മാറ്റുവാനോ നിർദിഷ്ട കാര്യത്തിനല്ലാതെ ഉപയോഗിക്കാനോ പാടില്ല എന്ന സർക്കാർ ഉത്തരവിലെ നിർദേശത്തിന് (11.11.2008-ലെ ജി.ഒ. (ആർ.ടി.)/8851/08/ഫിൻ) വിരുദ്ധമായി ₹2 കോടി 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിൽ പലിശരഹിത ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും പഞ്ചാബ് നാഷണൽ ബാങ്കിന്റെ എരിഞ്ഞിപ്പാലം ശാഖയിലുള്ള പലിശസഹിത അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്.

8. ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിലുള്ള ദേവസ്വങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് അളന്ന് തിരിച്ച് സംരക്ഷിക്കുന്നതിന് സ.ഉ.(സാധാ)4824/04/ആർ.ഡി. തീയതി 02.12.2004 പ്രകാരം നിയമിച്ച സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ 2004 ഏപ്രിൽ മുതൽ 2007 നവംബർ വരെ 1123 ക്ഷേത്രങ്ങളുടെ സർവെ നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ ക്ഷേത്രങ്ങളുടെ കൈവശമുള്ള ഭൂമിയുടെ 8 മടങ്ങോളം ഭൂമി കൈയ്യേറ്റം നടന്നതായി സ്പെഷ്യൽ ടീം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും കൈയ്യേറ്റ ഭൂമി തിരികെ പിടിക്കാൻ ബോർഡ് നടപടി സ്വീകരിച്ചിട്ടില്ല

| **ആകെ ക്ഷേത്രങ്ങൾ** | **സർവെ നടത്തിയ ക്ഷേത്രങ്ങൾ** | **ദേവസ്വങ്ങളുടെ കൈവശമുള്ള ഭൂമി (ഏക്കറിൽ)** | **കൈയ്യേറ്റ ഭൂമി** | **പുതുതായി കണ്ടെത്തിയ ഭൂമി** | **വീണ്ടെടുക്കാൻ സാധിച്ചത്** |
|---|---|---|---|---|---|
| 1341 | 1123 | 311220½ | 24693.24 | 1377.07 ¾ | 3.31 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 8.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ശ്രീ കൊട്ടിയൂർ ദേവസ്വം 2004, 2006, 2007, 2008, 2010, 2011 വർഷങ്ങളിലേയും ശ്രീ. പെരളശ്ശേരി ക്ഷേത്രം 2010, 2011, 2012 വർഷങ്ങളിലേയും ബജറ്റിൽ അധികരിച്ച ചെലവുകൾക്ക് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും അംഗീകരിച്ച ബജറ്റിൽ നിന്നും പല ഇനങ്ങൾക്കും അധികരിച്ച ചെലവ് ചെയ്യുകയും ആയതിൻമേൽ പിന്നീട് ബജറ്റ് പരിഷ്കരിക്കുകയും ചെയ്യുന്ന പ്രവണതയാണ് നിലവിലുള്ളതെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞു. ക്ഷേത്രങ്ങളുടെ അംഗീകരിച്ച ബജറ്റിൽ നിന്നും ഓരോ ഇനങ്ങൾക്കും അധികരിച്ച ചെലവ് വരുന്നുണ്ടോ എന്നത് കൃത്യമായി പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥരുടെ അഭാവമുണ്ടെന്നും ഓഡിറ്റ് പരാമർശമുണ്ടായ ശ്രീ കൊട്ടിയൂർ ദേവസ്വം, ശ്രീ പെരളശ്ശേരി ക്ഷേത്രം എന്നിവയുടെ വരവുചെലവുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ടെന്നും അംഗീകരിച്ച ബജറ്റിനുള്ളിൽ തന്നെ ചെലവുകൾ നടത്തണമെന്ന കർശന നിർദേശം ക്ഷേത്രങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

2. റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

3. ദേവസ്വങ്ങളിൽ നിലവിലുള്ളതും ഭക്തജനങ്ങൾ പ്രതിവർഷം സമർപ്പിക്കുന്നതുമായ ഇൻവെന്ററികളുടെ വെരിഫിക്കേഷൻ ദേവസ്വം ബോർഡ് യഥാസമയം നടത്താത്തത് എന്തുകൊണ്ടാണെന്നും സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ജോയിന്റ് കസ്റ്റഡിയിൽ ലോക്കറിൽ സൂക്ഷിക്കണമെന്ന് മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന ചട്ടത്തിൽ അനുശാസിക്കുന്നുണ്ടെങ്കിലും ശ്രീ വൈരങ്കോട് ഭഗവതി ക്ഷേത്രത്തിൽ ആയത് പാലിക്കാത്തത് എന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞു.

4. മലബാർ ദേവസ്വം ബോർഡിനുകീഴിലെ 1600-ൽ പരം ക്ഷേത്രങ്ങളിലെ ഇൻവെന്ററി പരിശോധിക്കുന്നതിന് 3 വെരിഫിക്കേഷൻ ഓഫീസർമാരും രണ്ട്

ഗോൾഡ്സ്മിത്തുമാരും മാത്രമേയുള്ളൂ എന്നതിനാൽ ക്ഷേത്രഭണ്ഡാരങ്ങൾ തുറന്നെണ്ണുന്ന സമയത്ത് എല്ലാ ക്ഷേത്രങ്ങളിലും ഹാജരാകാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടായിരുന്നുവെന്നും ഗോൾഡ്സ്മിത്തിന്റെ സേവനം ലഭിക്കാതെവരുന്ന സമയങ്ങളിൽ സ്വർണ്ണം/വെള്ളി സാധനങ്ങൾ പ്രത്യേകം കവറിലാക്കി മുദ്ര വച്ച് ഏറ്റവും സുരക്ഷിതമായ സോപാനം ഭണ്ഡാരത്തിൽ ഭക്തജനങ്ങളുടെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും ക്ഷേത്ര ജീവനക്കാരുടെയും സാന്നിധ്യത്തിൽ തിരികെ നിക്ഷേപിച്ച് തൊട്ടടുത്ത പ്രാവശ്യം ഭണ്ഡാരം എണ്ണുമ്പോൾ ഗോൾഡ്സ്മിത്തിനെക്കൊണ്ട് പരിശോധിപ്പിച്ച് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി ബാങ്ക് ലോക്കറിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നതെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ബോധിപ്പിച്ചു. ഓഡിറ്റ് പരാമർശം വന്നതിനുശേഷം അതത് മാസം തന്നെ മൂല്യനിർണ്ണയം നടത്തി ലോക്കറിൽ സൂക്ഷിച്ചുവരുന്നുണ്ടെന്ന് കമ്മീഷണർ കൂട്ടിച്ചേർത്തു.

5. ഗോൾഡ്സ്മിത്ത് തസ്തിക വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിച്ചു. ഗോൾഡ്സ്മിത്തിന്റെ മൂന്ന് തസ്തികകളാണുള്ളതെന്നും ഒഴിവുള്ള ഒരു തസ്തികയിൽ നിയമനം നടത്തുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചു റവന്യൂ ദേവസ്വം വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

6. ഓരോ ദേവസ്വവും മലബാർ ദേവസ്വം ബോർഡിന് സമർപ്പിക്കുന്ന പുതുക്കിയ ഡിറ്റ (പടിത്തര ചെലവ് പട്ടിക)ത്തിന് ബോർഡ് അംഗീകാരം നൽകാൻ കാലതാമസം നേരിടുന്നതെന്താണെന്ന് സമിതി ആരാഞ്ഞു. മലബാർ ദേവസ്വത്തിന് മറ്റ് ദേവസ്വങ്ങൾ സമർപ്പിക്കുന്ന പുതുക്കിയ ഡിറ്റത്തിന് യഥാസമയം അംഗീകാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും

ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

7. മലബാർ ദേവസ്വം ബോർഡിൽ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്ന പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയിൽ യഥാസമയം തീരുമാനമെടുക്കാത്തതെന്താണെന്ന് സമിതി ആരാഞ്ഞു. എസ്റ്റിമേറ്റ് തുക 10 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികളുടെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ച് തീർപ്പ് കൽപ്പിക്കാൻ അസിസ്റ്റന്റ് കമ്മീഷണർമാർക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് റവന്യൂ(ദേവസ്വം)വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. മരാമത്ത് കാര്യങ്ങൾ പരിശോധിച്ച് യഥാസമയം നടപടിയെടുക്കാൻ പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് തദവസരത്തിൽ സമിതി ആരാഞ്ഞു. മലബാർ ദേവസ്വം ബോർഡിൽ 128 തസ്തികകളുള്ളതിൽ 54 ജീവനക്കാരാണ് നിലവിലുള്ളതെന്നും കെ.ഡി.ആർ.ബി. വഴി ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ് ഉൾപ്പെടെ 29 തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് 6 ജില്ലകളിലെ ക്ഷേത്രങ്ങളുടെ ഭരണസംവിധാനം നിർവഹിക്കുന്നതെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ബോധിപ്പിച്ചു

8. ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാവശ്യമായ നിലപാട് സർക്കാർ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച സമിതി വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

9. ദേവസ്വങ്ങളുടെ കമ്പ്യൂട്ടർവൽകരണത്തിന് ചെലവഴിച്ച തുക തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ ഫലപ്രദമായില്ല എന്ന പരാമർശം വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

10. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് ക്ഷേത്രാധികാരികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടി

സ്വീകരിക്കാത്തതെന്താണെന്ന് സമിതി ആരാഞ്ഞു. ജീവനക്കാരുടെ കുറവുമൂലമാണ് അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ കഴിയാതിരുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് പുതിയ പരിഷ്കരണം അനുവദിച്ചുനൽകിയിട്ടുണ്ടെന്നും റവന്യൂ(ദേവസ്വം)വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബോധിപ്പിച്ചു ഓഡിറ്റ് പരാമർശത്തിനുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

11. സർക്കാർ ധനസഹായമായി ലഭിക്കുന്ന തുക സർക്കാർ ഉത്തരവിലെ നിർദേശത്തിന് വിരുദ്ധമായി രണ്ട് കോടി രൂപ 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിൽ പലിശരഹിത ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും പഞ്ചാബ് നാഷണൽ ബാങ്കിന്റെ എരിഞ്ഞിപ്പാലം ശാഖയിലുള്ള പലിശസഹിത അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു എന്ന പരാമർശം വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

12. നിലവിൽ ക്ഷേത്രങ്ങളുടെ കൈവശമുള്ള ഭൂമിയുടെ എട്ട് മടങ്ങോളം കയ്യേറ്റം നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും കയ്യേറ്റ ഭൂമി തിരികെ പിടിക്കാൻ ബോർഡ് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. ആക്റ്റ് പ്രകാരം റവന്യൂ വകുപ്പ് അധികാരികളാണ് ഭൂമി സംരക്ഷിക്കേണ്ടതെന്നും എല്ലാ ജില്ലാ കളക്ടർമാർക്കും ഇതു സംബന്ധിച്ച നിർദേശം നൽകിയിരുന്നുവെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ബോധിപ്പിച്ചു

13. ദേവസ്വത്തിന്റെ കൈവശമിരുന്ന ഭൂമി അന്യാധീനപ്പെട്ടിരിക്കുന്നു എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും സമഗ്രമായ സർവെ നടത്തി കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദേശിച്ചു ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡിന് മാത്രമായി ലാൻഡ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്ന കാര്യം സർക്കാർ തലത്തിൽ റവന്യൂ

വകുപ്പുമായി ചർച്ച ചെയ്തിരുന്നുവെന്നും മലബാർ ദേവസ്വം ബോർഡിൽ എൽ.സി. യൂണിറ്റ് ആരംഭിക്കേണ്ടത് ആവശ്യമായതിനാൽ അതിനായി ശ്രമിക്കാമെന്നും റവന്യൂ(ദേവസ്വം)വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി.

14. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾക്ക് ലാൻഡ് കൺസർവൻസി യൂണിറ്റുകളുള്ളതിനാൽ അതത് ദേവസ്വങ്ങൾ തന്നെ ഫണ്ട് നൽകി വർക്കിങ് അറേഞ്ച്മെന്റിൽ റവന്യൂ ഉദ്യോഗസ്ഥരെ നിയമിച്ച് കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും മലബാർ ദേവസ്വം ബോർഡിന് സൂപ്പർവൈസറി കൺട്രോൾ മാത്രമുള്ളതുകൊണ്ടും ഫണ്ടിന്റെ പ്രശ്നമുള്ളതിനാലും എൽ.സി. യൂണിറ്റ് ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നും ഫണ്ടിന്റെ പരിമിതിയുള്ളതിനാൽ മലബാർ ദേവസ്വം ബോർഡിൽ എൽ.സി. യൂണിറ്റ് ആരംഭിക്കാൻ നിർവാഹമില്ലെന്നും നിലവിലുള്ളതുപോലെ കളക്ടർമാർതന്നെ ലാൻഡ് കൺസർവൻസി ആക്ട് പ്രകാരമുള്ള നടപടി സ്വീകരിക്കട്ടെയെന്നുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും റവന്യൂ(ദേവസ്വം)വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

15. അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചുപിടിക്കുന്നതിന് ദേവസ്വം തന്നെ മുൻകൈയെടുക്കാതെ കളക്ടർമാർ നടപടി സ്വീകരിക്കട്ടെയെന്ന സർക്കാർ നിലപാട് പ്രായോഗികമല്ലെന്ന് സമിതി വിലയിരുത്തി. എൽ.സി. യൂണിറ്റ് ആരംഭിച്ചാൽ മലബാർ ദേവസ്വം ബോർഡിന് ഗ്രാൻഡ് നൽകേണ്ടിവരുമെന്നും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഗ്രാൻഡ് നൽകാൻ സാധിക്കാത്തതിനാലാണ് എൽ.സി. യൂണിറ്റ് ആരംഭിക്കാത്തതെന്നും റവന്യൂ(ദേവസ്വം)വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. ദേവസ്വം ബോർഡിന്റെ അഭിപ്രായം കൂടി കേട്ടതിനു ശേഷമേ ലാൻഡ് ട്രിബ്യൂണൽ കേസുകളിൽ പട്ടയം നൽകാവൂ എന്ന ഹൈക്കോടതി വിധി വന്നതിനുശേഷം ദേവസ്വം ബോർഡിനു മുൻപാകെ ഇതുമായി ബന്ധപ്പെട്ട് ധാരാളം അപേക്ഷകൾ ലഭിക്കുന്നുണ്ടെന്നും ഇതിനായി സ്റ്റാൻഡിങ് കൗൺസിലിനെ നിയമിക്കാൻപോലും സാമ്പത്തിക സ്ഥിതിയില്ലാത്ത അവസ്ഥയാണുള്ളതെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ തദവസരത്തിൽ സമിതിയെ അറിയിച്ചു.

16. കയ്യേറ്റ ഭൂമി താമസിക്കാൻ കൈവശപ്പെടുത്തിയത് ഭൂമി ഇല്ലാത്തതിനാലാണോ ബോധപൂർവം വെട്ടിപ്പിടിച്ചതാണോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദേശിച്ചു. കയ്യേറ്റ ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് 10 സെന്റ് സ്ഥലം നൽകിയശേഷം ബാക്കിയുള്ള സ്ഥലം ദേവസ്വത്തിന് വിട്ടുതരുന്നതിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ കൊടുത്തിരുന്നുവെങ്കിലും കോടതികളുടെ ഇടപെടൽ കാരണം അതുസംബന്ധിച്ച ഉത്തരവ് വന്നിട്ടില്ലെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ വിശദീകരിച്ചു. ക്ഷേത്ര ഭൂമി വേർതിരിച്ച് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിച്ചു. ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് വൺ ടൈം ഡിജിറ്റൽ സർവെ നടത്തുന്നതിന് ശ്രമിക്കാമെന്ന് റവന്യൂ(ദേവസ്വം)വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി.

17. സംസ്ഥാന വ്യാപകമായി നടക്കുന്ന ഡിജിറ്റൽ സർവെയിൽ ഇതും ഉൾപ്പെടില്ലേയെന്ന് സമിതി ആരാഞ്ഞതിന് പ്ലോട്ടിന് കൃത്യമായി അതിർത്തി തിരിച്ചിട്ടുണ്ടെങ്കിൽ ഡിജിറ്റൽ സർവെയിൽ ഉൾപ്പെടുന്നതാണെന്നും ഇതിനായി ബന്ധപ്പെട്ടവർ ഹാജരാകണമെന്ന് പറയുമ്പോൾ എല്ലാ കേസുകളിലും അത് പാലിക്കപ്പെടുമോയെന്നതിൽ സംശയമുണ്ടെന്നും പ്രസ്തുത വിഷയത്തിൽ വ്യക്തികൾക്കുള്ള താൽപര്യമോ അവരുടെ കൈവശമുള്ള രേഖകളോ ദേവസ്വത്തിന് ഉണ്ടാകണമെന്നില്ലെന്നും റവന്യൂ(ദേവസ്വം)വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. വയനാട് ജില്ലയിൽ ദേവസ്വത്തിന്റെ 50 ഏക്കറോളം ഭൂമിയിൽ ആദിവാസികളെ അധിവസിപ്പിച്ചിട്ടുണ്ടെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ തദവസരത്തിൽ സമിതിയെ അറിയിച്ചു.

18. സാങ്കേതിക കാരണങ്ങളാൽ ചില കയ്യേറ്റഭൂമികൾ ദേവസ്വത്തിന് വീണ്ടെടുക്കാൻ കഴിയില്ലെന്ന് വിലയിരുത്തിയ സമിതി ബാക്കിയുള്ള ഭൂമി സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദേശിച്ചു. കോഴിക്കോട് ജില്ലയിലുള്ള ഒരു ക്ഷേത്രം

കോർപ്പറേഷന്റെ സ്ഥലം അനധികൃതമായി കയ്യേറിയിരിക്കുകയാണെന്ന് നിരീക്ഷിച്ച സമിതി ക്ഷേത്രമായതിനാലും പോലീസിന്റെ സംരക്ഷണമുള്ളതിനാലും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കാൻ കോർപറേഷൻ നടപടി സ്വീകരിക്കാത്തതിൽ ആശങ്ക രേഖപ്പെടുത്തി. കയ്യേറിയ ഭൂമി തിരിച്ചുപിടിക്കാൻ മുനിസിപ്പാലിറ്റി ആക്റ്റിൽ പ്രൊവിഷനുണ്ടെന്നും അക്കാര്യത്തിൽ കോർപറേഷനാണ് നടപടി സ്വീകരിക്കേണ്ടതെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി.

**നിഗമനങ്ങളും ശിപാർശകളും**

**19. റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ ശ്രീ കൊട്ടിയൂർ ദേവസ്വം, ശ്രീ പെരളശ്ശേരി ക്ഷേത്രം എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**20. മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രങ്ങളിലെ ക്ഷേത്രഭണ്ഡാരങ്ങൾ തുറന്നെണ്ണുന്ന സമയത്ത് ഗോൾഡ്സ്മിത്തിന്റെ സേവനം ലഭിക്കാതെവരുന്ന സാഹചര്യമുള്ളതിനാൽ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്ന ഗോൾഡ്സ്മിത്ത് തസ്തികയിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

**21. റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ ശ്രീ.വൈരങ്കോട് ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**22. റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ മലബാർ ദേവസ്വം ബോർഡിന്**

സമർപ്പിക്കുന്ന പുതുക്കിയ ഡിറ്റത്തിന് ബോർഡ് അംഗീകാരം നൽകാൻ കാലതാമസം നേരിടുന്നു എന്ന പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

23. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാവശ്യമായ നിലപാട് സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ മലബാർ ദേവസ്വം ബോർഡിൽ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്ന പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയിൽ യഥാസമയം തീരുമാനമെടുക്കാത്തതിനാൽ ക്ഷേത്രങ്ങൾക്ക് സമയനഷ്ടവും ധനനഷ്ടവും ഉണ്ടാകുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

24. റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ ദേവസ്വങ്ങളുടെ കമ്പ്യൂട്ടർവൽകരണത്തിന് ചെലവഴിച്ച തുക തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ ഫലപ്രദമായില്ല എന്ന പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

25. ദേവസ്വം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് ക്ഷേത്രാധികാരികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ബോർഡ് സത്വര നടപടികൾ സ്വീകരിച്ച് ആയതിന്മേലുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

26. റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ സർക്കാർ ധനസഹായമായി ലഭിക്കുന്ന തുക പലിശരഹിത ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും പലിശസഹിത

**അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**27. ക്ഷേത്രങ്ങളുടെ കൈവശമുള്ള ഭൂമിയുടെ എട്ട് മടങ്ങോളം കയ്യേറ്റം നടന്നിട്ടും പ്രസ്തുത ഭൂമി തിരികെ പിടിക്കാൻ ഫലപ്രദമായ നടപടികൾ മലബാർ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ വിഷയത്തിലുള്ള മലബാർ ദേവസ്വം ബോർഡിന്റെ അനാസ്ഥയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ദേവസ്വത്തിന്റെ കൈവശമിരുന്ന ഭൂമി അന്യാധീനപ്പെട്ടിരിക്കുന്നു എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും സമഗ്രമായ സർവെ നടത്തി കയ്യേറ്റഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**28. ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് വൺ ടൈം ഡിജിറ്റൽ സർവെ നടത്തുന്നതിന് ശ്രമിക്കാമെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ വ്യക്തമാക്കിയിരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**29. ചില കയ്യേറ്റ ഭൂമികൾ സാങ്കേതിക കാരണങ്ങളാൽ ദേവസ്വത്തിന് വീണ്ടെടുക്കാൻ കഴിയില്ലെന്ന് സമിതി വിലയിരുത്തുന്നു. അത്തരം സന്ദർഭങ്ങളിൽ അവശേഷിക്കുന്ന ഭൂമിയെങ്കിലും സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**മലബാർ ദേവസ്വം ക്ഷേത്രങ്ങൾ - നല്ല മാതൃകകൾ**

സാമൂഹികമായ ആരാധനാ സ്ഥാപനങ്ങൾ എന്ന നിലയ്ക്ക് ഓരോ ക്ഷേത്രത്തിനും ഉന്നതമായ ചില ഉദ്ദേശ്യലക്ഷ്യങ്ങൾ ഉണ്ട്. ആധ്യാത്മികതയോടൊപ്പം സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവും

സാംസ്കാരികവുമായ സവിശേഷ ധർമ്മങ്ങളുണ്ട്. പ്രാദേശിക സമൂഹങ്ങളുടെ ആരോഗ്യാത്മകമായ അതിജീവനവുമായി ബന്ധപ്പെട്ട ഈവിധ ധർമ്മങ്ങളുടെ സമഗ്രമായ നിറവേറ്റലിലൂടെ മാത്രമെ ഭക്തജനസമൂഹം ക്ഷേത്രങ്ങളിലർപ്പിക്കുന്ന വിശ്വാസത്തിന്റെയും കാണിക്കയുടെയും ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയുള്ളൂ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി അവയിൽ അനുകരണീയമായ മാതൃകകൾ കണ്ടെത്തുന്നതിന് അവലംബമായി നൽകിയിരുന്ന നിർദേശങ്ങളായ വരവ് ചെലവ് സ്വമേധയാ വെളിപ്പെടുത്തൽ മാതൃക, നെൽകൃഷി ചെയ്യുന്ന ക്ഷേത്രങ്ങൾ, സ്ഥലജല വിഭവ പരിപാലനം, ക്ഷേത്രങ്ങളുടെ പൂജാ/നൈവേദ്യ വിഭവ സ്വാശ്രയത്വം എന്നിവയെ അടിസ്ഥാനമാക്കിയാണ് മലബാർ ദേവസ്വം ക്ഷേത്രങ്ങളിലെ നല്ല മാതൃകകൾ തയ്യാറാക്കിയിട്ടുള്ളത്. അതോടൊപ്പം ഹരിത കേരളം പോലുള്ള മാതൃകാ പദ്ധതിയ്ക്ക് സർക്കാർ തുടക്കമിട്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് മലബാർ ദേവസ്വം ക്ഷേത്രങ്ങളിലെ നല്ല മാതൃകകൾ സർക്കാരിന്റെയും ബഹു. നിയമസഭാ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

**വരവ് ചെലവ് സ്വമേധയാ വെളിപ്പെടുത്തൽ**

ഭക്തജനങ്ങൾ സമർപ്പിക്കുന്ന കാണിക്കയും വഴിപാട് പണവുമാണ് ക്ഷേത്രങ്ങളുടെ മുഖ്യവരുമാന മാർഗങ്ങൾ. ഈ പണത്തിന്റെ വരവ് ചെലവ് വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തുന്നത് ആരാധനാലയങ്ങൾ എന്ന നിലയ്ക്ക് അവ പുലർത്തിപോരേണ്ട സമുന്നതമായ മാനവിക സാമൂഹിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ പര്യാപ്തമായ നടപടിയാണ്. ഇത്തരത്തിൽ എടുത്ത് പറയാവുന്ന രണ്ട് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**കണിപ്പുര ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം, കുമ്പള, കാസർഗോഡ്**

കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രത്തിൽ വരവ് ചെലവ് കണക്കുകൾ മാസാമാസം തിട്ടപ്പെടുത്തി പൊതുജനങ്ങൾക്ക് കാണത്തക്കവിധം ക്ഷേത്ര നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്ന സമ്പ്രദായം കാലങ്ങളായി തുടർന്ന് പോരുന്നു. ക്ഷേത്രഭണ്ഡാരം എണ്ണുന്നതിൽ

ഭക്തജനങ്ങളുടെയും അയൽപക്കങ്ങളുടെയും സാന്നിദ്ധ്യം ഉറപ്പാക്കുന്നു. എണ്ണിക്കിട്ടുന്ന തുകയുടെ വിവരം നോട്ടീസ് ബോർഡിൽ പതിക്കുന്നു. മായിപ്പാടി കോവിലകത്തെ നിലവിലെ രാജാവാണ് ക്ഷേത്രത്തിന്റെ ഏകാംഗ ട്രസ്റ്റി. മലബാർ ദേവസ്വം ബോർഡ് നിയമിക്കുന്ന എക്സിക്യൂട്ടീവ് ഓഫീസറാണ് ക്ഷേത്രത്തിന്റെ ദൈനംദിന ഭരണം നിർവഹിക്കുന്നത്.

**ശ്രീ വെള്ളറങ്കോട് പരദേവതാ ക്ഷേത്രം**

കോഴിക്കോട് ജില്ലയിലെ വടകര പാലയാട് വില്ലേജിലാണ് ശ്രീ. വെള്ളറങ്കോട് പരദേവതാ ക്ഷേത്രം. 15 വർഷങ്ങൾക്ക് മുമ്പ് കുടുംബ ക്ഷേത്രമായിരുന്ന ഈ അമ്പലം മലബാർ ദേവസ്വം ബോർഡിന് വിട്ടു കൊടുത്തു. കുടുംബത്തിലെ മുതിർന്നയാളാണ് നിലവിൽ മാനേജിംഗ് ട്രസ്റ്റി. ക്ഷേത്രത്തിൽ വരുന്ന വഴിപാട് പണം, കാണിക്ക, ഉത്സവം, സംഭാവന എന്നിവയുടെ വരവ് ചെലവ് കണക്ക് വളരെ സുതാര്യമായി അച്ചടിച്ച് പരസ്യപ്പെടുത്തുകയും സംഭാവന നൽകിയ ഭക്തർക്ക് കൃത്യമായി രസീത് നൽകുകയും കണക്കിന്റെ പകർപ്പ് ലഭ്യമാക്കുകയും ചെയ്യുന്നതിൽ ഭരണാധികാരി നിഷ്ക്കർഷ പുലർത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 12.1, 12.1.1, 12.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

30. മലബാർ ദേവസ്വം ക്ഷേത്രങ്ങൾ - നല്ല മാതൃകകൾ, വരവ് ചെലവ് സ്വമേധയാ വെളിപ്പെടുത്തൽ എന്നീ ഓഡിറ്റ് ഖണ്ഡികകൾ സമിതി പരിഗണിക്കുകയും പ്രത്യേക പരാമർശമില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

31. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രത്തിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ ക്ഷേത്രം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണമെന്ന് ക്ഷേത്രഭരണാധികാരികൾക്ക് നിർദേശം നൽകുകയും അതുസംബന്ധിച്ച വിശദമായ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെന്നും മലബാർ ദേവസ്വം

ബോർഡിനുകീഴിൽ വരുന്ന പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഭക്തജനങ്ങൾക്കായി ക്ഷേത്രം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ടെന്നും ആയത് കൃത്യമായി മോണിറ്റർ ചെയ്യുന്നതാണെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി.

റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

32. മലബാർ ദേവസ്വം ബോർഡിനുകീഴിൽ വരുന്ന പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലെ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഭക്തജനങ്ങൾക്കായി ക്ഷേത്രം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണമെന്ന നിർദേശം പൊതുവായി നൽകിയിട്ടുള്ളതാണെന്ന് ഓഡിറ്റ് പരാമർശം സംബന്ധിച്ച് റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

33. 2021 മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ലെന്നാണ് പറഞ്ഞിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടി. ശ്രീ. വെള്ളറക്കോട് പരദേവതാ ക്ഷേത്രം ട്രസ്റ്റി ക്ഷേത്രമാണെന്നും അത്തരം ക്ഷേത്രങ്ങളിൽ ഓരോ ക്ഷേത്രവും ഓരോ യൂണിറ്റായതുകൊണ്ട് ക്ഷേത്രങ്ങൾക്ക് ഏകീകൃതമായ സ്വഭാവമില്ലാത്തതിനാൽ നിർദേശങ്ങൾ പലപ്പോഴും പാലിക്കപ്പെടാറില്ലെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമിതിയെ ബോധിപ്പിച്ചു

34. ക്ഷേത്ര ഭരണാധികാരികൾ പലപ്പോഴും നിയമവിധേയമായി പ്രവർത്തിക്കാൻ വിമുഖത കാട്ടുകയും ക്ഷേത്ര സമ്പത്തിൽനിന്ന് വരുമാനമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്നും നിരീക്ഷിച്ച സമിതി ക്ഷേത്രങ്ങളിൽ സമ്പത്തിന്റെ ദുരുപയോഗം നടക്കാൻ സാധ്യതയുള്ളതിനാൽ നിയമാനുസൃതം പ്രവർത്തിക്കണമെന്ന് ക്ഷേത്ര ഭരണാധികാരികളെ ബോധ്യപ്പെടുത്തി നിയമം പാലിക്കാൻ അവരെ പ്രാപ്തരാക്കണമെന്നും മാനേജിംഗ് ട്രസ്റ്റി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചു

35. ഓഡിറ്റ് പരാമർശത്തിന്മേൽ നടപടി സ്വീകരിക്കാത്ത ട്രസ്റ്റിമാരുടെ മീറ്റിംഗ് വിളിക്കാമെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

36. **റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വരവ് ചെലവ് സ്വമേധയാ വെളിപ്പെടുത്തൽ എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണിപ്പുര ശ്രീ. ഗോപാലകൃഷ്ണ ക്ഷേത്രവുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

37. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ **വരവ് ചെലവ് സ്വമേധയാ വെളിപ്പെടുത്തൽ എന്ന ഓഡിറ്റ് ഖണ്ഡികയിലെ ശ്രീ. വെള്ളറങ്കോട് പരദേവതാ ക്ഷേത്രവുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

38. **ക്ഷേത്ര ഭരണാധികാരികൾ പലപ്പോഴും നിയമവിധേയമായി പ്രവർത്തിക്കാൻ വിമുഖത കാട്ടുകയും ക്ഷേത്ര സമ്പത്തിൽ നിന്ന് വരുമാനമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ക്ഷേത്രങ്ങളിൽ സമ്പത്തിന്റെ ദുരുപയോഗം നടക്കാൻ സാധ്യതയുള്ളതിനാൽ നിയമാനുസൃതം പ്രവർത്തിക്കണമെന്ന് ക്ഷേത്ര ഭരണാധികാരികളെ ബോധ്യപ്പെടുത്തി നിയമം പാലിക്കാൻ അവരെ പ്രാപ്തരാക്കണമെന്നും മാനേജിംഗ് ട്രസ്റ്റി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

## ആരാധനയുടെ ഭാഗമായി നെൽകൃഷി ചെയ്യുന്ന ക്ഷേത്രങ്ങൾ

ക്ഷേത്രാരാധനയും കൃഷിയും തമ്മിൽ വേർപെടുത്താനാവാത്തവിധം അഭേദ്യമായ ബന്ധമാണുള്ളത്. നിറ ആഘോഷത്തിനുള്ള നെൽക്കതിരും, പുത്തരിക്കും നിവേദ്യത്തിനുമായുള്ള നെല്ലരിയും ക്ഷേത്രങ്ങൾ സ്വന്തമായി വിളയിച്ചെടുത്തിരുന്നു. ഗ്രാമീണവും, സ്വാശ്രിതവും, പ്രകൃതിയോട് ഇണങ്ങി നിൽക്കുന്നതുമായ ഐശ്വര്യപൂർണമായ ഒരു കാർഷിക ജീവിതം സാധ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾക്കും ആ ശ്രമങ്ങൾ ഫലവത്താകുവാനുള്ള പ്രാർഥനകൾക്കും കൃഷിയുടെ അത്ര തന്നെ പഴക്കം ഉണ്ട്. ആരാധനയുടെ ഹരിതകം വീണ്ടെടുക്കുവാനായി കൊച്ചി ദേവസ്വം ബോർഡ് ആവിഷ്കരിച്ച ഹരിത കേരളം, ഹരിത ക്ഷേത്രം പോലുള്ള പദ്ധതികൾ ദിശാസൂചകമാണ്.

## അങ്ങാടിപ്പുറം ശ്രീ. തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രം

മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള ക്ഷേത്രമാണ് ശ്രീ. തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രം. ക്ഷേത്രത്തിന്റെ വടക്കേ നടയിൽ ദേവസ്വം വകയായി 3.15 ഏക്കർ കൃഷി നിലമുണ്ട്. ഇതിൽ 1.88 ഏക്കർ വിസ്തൃതിയുള്ള പാടത്തിലെ ഭഗവതികണ്ടം നടീൽ ക്ഷേത്രത്തിന്റെ ഐതീഹ്യവുമായും, ക്ഷേത്രാചാരങ്ങളുമായും ബന്ധപ്പെട്ട് വർഷം തോറും ചിങ്ങമാസത്തിൽ നടക്കാറുണ്ട്. ആചാരപരമായി നടത്തുന്ന ഭഗവതികണ്ടം നടീലിന്റെ ഭാഗമായി കർഷകത്തൊഴിലാളികൾ ചവിട്ടുകളി അവതരിപ്പിക്കാറുണ്ട്. 2016-ൽ 372 പറ (3348 കി.ഗ്രാം) നെല്ല് ഇവിടെ ഉൽപാദിപ്പിച്ചു. ഇത് ക്ഷേത്രാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

## മധൂർ ശ്രീ മദനന്തേശ്വര സിദ്ധി വിനായക ക്ഷേത്രം

കാസർഗോഡ് ജില്ലയിലെ അതിപ്രശസ്തമായ വിനായക ക്ഷേത്രമാണിത്. കാലങ്ങളായി മുടങ്ങാതെ നെൽകൃഷി നടത്തുന്ന അപൂർവം ക്ഷേത്രങ്ങളിൽ ഒന്നാണ് ഇത്. ഉളിയത്തടുക്ക മൂലസ്ഥാനം എന്നറിയപ്പെടുന്ന ക്ഷേത്രം വകയായുള്ള ആറേക്കർ

നിലത്താണ് നെൽകൃഷി ചെയ്യുന്നത്. ഇവിടെ നിന്ന് വിളവെടുക്കുന്ന കതിരും, നെല്ലുമാണ് നിറപുത്തരി മഹോത്സവത്തിന് ഉപയോഗിക്കുന്നത്. നെല്ല് പുറത്ത് വിൽക്കാതെ ക്ഷേത്രത്തിലെ നിത്യനിദാന കർമ്മങ്ങൾക്കും, നിത്യ നിവേദ്യത്തിനും ഉപയോഗിച്ചുവരുന്നു.

**പുൽപ്പള്ളി മുരിക്കന്മാർ ദേവസ്വം, വയനാട്**

രാമായണകഥയുമായി വളരെ ബന്ധമുള്ള ഈ ക്ഷേത്രത്തിന് സ്വന്തമായി 33 ഏക്കർ ഭൂമിയുണ്ട്. ഇതിൽ നിലമായിട്ടുള്ള 4 ഏക്കറിലാണ് നെല്ല് കൃഷി ചെയ്യുന്നത്. ബാക്കി തോട്ടങ്ങളിൽ റബർ, കാപ്പി, കുരുമുളക് എന്നിവ കൃഷി ചെയ്യുന്നു. ക്ഷേത്രത്തിലേക്ക് ആവശ്യമുള്ള വാഴപ്പഴവും, വാഴയിലയും ക്ഷേത്രം വകയായി കൃഷി ചെയ്യുന്നുണ്ട്. ദേവസ്വത്തിൽ വിളവെടുക്കുന്ന നെല്ല് പൂർണമായും നിവേദ്യം, അപ്പം, പായസം തുടങ്ങിയ ക്ഷേത്രാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. ക്ഷേത്രോത്സവത്തിന്റെ ഭാഗമായി അനുഷ്ഠിക്കുന്ന പറയെടുപ്പിലൂടെ ലഭിക്കുന്ന നെല്ലും ക്ഷേത്രാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 12.2, 12.2.1, 12.2.2, 12.2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. ആരാധനയുടെ ഭാഗമായി നെൽകൃഷി ചെയ്യുന്ന ക്ഷേത്രങ്ങൾ എന്ന ഓഡിറ്റ് ഖണ്ഡിക സമിതി പരിഗണിക്കുകയും പ്രത്യേക പരാമർശമില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

40. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ അങ്ങാടിപ്പുറം ശ്രീ തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

41. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ മധൂർ ശ്രീ മദനന്തേശ്വര സിദ്ധി വിനായക ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

42. വയനാട് പുൽപ്പള്ളി മുരിക്കന്മാർ ദേവസ്വം ക്ഷേത്രത്തിൽ ധാരാളം നെല്ല് സ്റ്റോക്കുള്ളതിനാൽ 2 വർഷമായി നെൽകൃഷി ചെയ്യുന്നില്ലെന്നാണ് ഓഡിറ്റ് വകുപ്പ് പറഞ്ഞിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി കൃഷിഭൂമി തരിശായി കിടക്കുന്ന അവസ്ഥയുണ്ടാകരുതെന്നും ക്ഷേത്രത്തിന്റെ 4 ഏക്കർ ഭൂമിയിൽ നെൽകൃഷി ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ നടത്തണമെന്നും നിർദേശിച്ചു.

43. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അനുഷ്ഠാന കാർഷികവൃത്തികളെ ആസൂത്രിതമായ രീതിയിൽ ക്ഷേത്രം സ്ഥിതി ചെയ്യുന്ന മൊത്തം ഗ്രാമത്തിന്റെ ഗ്രാമീണ കാർഷികോത്സവമായി വളർത്തുന്നത് സംബന്ധിച്ച് 16.03.2019-ൽ മലബാർ ദേവസ്വം ബോർഡ് യോഗത്തിൽ തീരുമാനമെടുത്ത് സർക്കുലർ പുറപ്പെടുവിച്ചിരുന്നുവെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ക്ഷേത്രാവശ്യങ്ങൾക്കായി ഉപയോഗിച്ചതിനുശേഷം അധികമുള്ള നെല്ല് ആവശ്യക്കാരെ കണ്ടെത്തി കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച സമിതി വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**44. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ അങ്ങാടിപ്പുറം ശ്രീ തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**45. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ മധൂർ ശ്രീ മദനന്തേശ്വര സിദ്ധി വിനായക ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**46. വയനാട് പുൽപ്പള്ളി മുരിക്കന്മാർ ദേവസ്വം ക്ഷേത്രത്തിൽ ധാരാളം നെല്ല് സ്റ്റോക്കുള്ളതിനാൽ 2 വർഷമായി നെൽകൃഷി ചെയ്യുന്നില്ലെന്ന ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കൃഷിഭൂമി തരിശായി കിടക്കുന്ന അവസ്ഥയുണ്ടാകരുതെന്നും ക്ഷേത്രത്തിന്റെ 4 ഏക്കർ ഭൂമിയിൽ നെൽകൃഷി ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ നടത്തണമെന്നും ക്ഷേത്രാവശ്യങ്ങൾക്കായി ഉപയോഗിച്ചതിന് ശേഷം അധികമുള്ള നെല്ല് ആവശ്യക്കാരെ കണ്ടെത്തി കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദേശിക്കുന്നു. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പുൽപ്പള്ളി മുരിക്കന്മാർ ദേവസ്വവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**സ്ഥലജലവിഭവ പരിപാലനം**

പാരിസ്ഥിതിക നാശം അതിതീവ്രമായിരിക്കുന്ന ഇക്കാലത്ത് വിശ്വാസത്തോട് കൂട്ടിയിണക്കി പ്രകൃതിയെ സംരക്ഷിക്കുന്ന ആരാധനാരീതിയ്ക്ക് പ്രസക്തി വളരെ കൂടിയിട്ടുണ്ട്. മഴക്കൊയ്ത്ത്, മണ്ണ് ജല പരിപാലനം, ജൈവ വൈവിധ്യ സംരക്ഷണം തുടങ്ങി സൂക്ഷ്മകാലാവസ്ഥാ നിയന്ത്രണം വരെ നിർവഹിക്കുന്ന കാവുകൾക്ക് പാരിസ്ഥിതിക സന്തുലനം നിലനിർത്തുന്നതിൽ വളരെയേറെ പ്രാധാന്യമുണ്ട്.

**ശ്രീ മാനികാവ് ക്ഷേത്രം, വയനാട്**

മഹാമുനികാവ് എന്നറിയപ്പെടുന്ന മാനികാവ് ക്ഷേത്രം സുൽത്താൻ ബത്തേരി താലൂക്കിലെ പുറക്കാടി വില്ലേജിലാണ്. മുൻപ് നിബിഡ വനമായിരുന്ന ഇവിടെ

ഒരിക്കലും നിലയ്ക്കാത്ത നൈസർഗികമായ ഒരു ജലധാര ഇന്നും നിലനിൽക്കുന്നു. ശ്രീകോവിലിന് ചുറ്റുമായി 30 ഏക്കർ സ്ഥലമുൾപ്പെടെ ആകെ 35.73 ഏക്കർ (14.465 ഹെക്ടർ) ഭൂമിയാണ് നിലവിൽ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ളത്. മനുഷ്യ ഇടപെടൽ നിരോധിച്ചിട്ടുള്ള രീതിയിൽ സംരക്ഷിക്കപ്പെടുന്ന 5 ഏക്കർ നൈസർഗിക വനത്തിൽ നിന്നാണ് ക്ഷേത്രത്തിലെ പ്രതിഷ്ഠയിലേക്കുള്ള ജലധാര ഒഴുകി വരുന്നത്. 10 ഏക്കറിലായി സ്വാമിനാഥൻ ഫൗണ്ടേഷൻ നടപ്പിലാക്കുന്ന പുണ്യവനം പദ്ധതിയിൽ പ്രദേശത്തിന് ഇണങ്ങുന്ന 115 ഇനങ്ങളിൽപ്പെട്ട നാലായിരത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

## ശ്രീ വള്ളിക്കാട്ട് കാവ് (കോഴിക്കോട്)

കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ വില്ലേജിലെ ഏടക്കര ദേശത്താണ് വള്ളിക്കാട്ട്കാവ് സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിന് നിലവിൽ 24.82 ഏക്കർ ഭൂമിയാണ് സ്വന്തമായുള്ളത്. എലിയോട്ട് മലയുടെ വടക്ക് കിഴക്കേ മൂലക്കാണ് ഈ കാവ് സ്ഥിതി ചെയ്യുന്നത്. മിരിസ്റ്റിക്ക സ്വാംപ് എന്ന് വിളിക്കപ്പെടുന്ന സവിശേഷതയാർന്ന ശുദ്ധജല ചതുപ്പ് കാടാണ് കാവിലുള്ളത്. ജൈവ വൈവിധ്യങ്ങളാൽ സമ്പന്നമാണ് ഈ പ്രദേശം. ചെങ്കൽ ഖനനം പോലുള്ള പ്രവർത്തനങ്ങൾ കാരണം അതിജീവന ഭീഷണി നേരിടുന്ന ഒരു പ്രദേശവും കൂടിയാണ് വള്ളിക്കാട്ട് കാവ്.

## കൊട്ടിയൂർ ദേവസ്വം വക ആയില്ല്യാർകാവ്

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ സ്ഥിതി ചെയ്യുന്ന അമ്പലമാണ് ഇത്. ക്ഷേത്രത്തിന് സ്വന്തമായി 53.95 ഏക്കർ സ്ഥലമുണ്ട്. ഇതിൽ 3.75 ഏക്കർ സ്ഥലത്താണ് ക്ഷേത്ര വകയായുള്ള ആയില്ല്യാർകാവ്. മനുഷ്യ പ്രവേശം കർശനമായി നിയന്ത്രിച്ച് കാവിന്റെ നൈസർഗികത ശ്രദ്ധയോടെ പരിപാലിക്കപ്പെടുന്നുണ്ട്. സസ്യജന്തു വൈവിധ്യത്താൽ സമ്പുഷ്ടമായ കാവിന്റെ അതിരുകൾ ഭദ്രമാക്കി സംരക്ഷിച്ചിട്ടുണ്ട്.

**ശ്രീ ചന്ദനക്കാവ് ദേവസ്വം**

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽപ്പെട്ട കുറുമ്പത്തൂർ വില്ലേജിൽ ശ്രീ ചന്ദനക്കാവ് ദേവസ്വത്തിന് സ്വന്തമായി 9.26 ഏക്കർ ഭൂമിയുണ്ട്. ഇതിൽ ചന്ദനക്കാവായി അറിയപ്പെടുന്നത് കുറുമ്പത്തൂർ വില്ലേജിലുള്ള 8.22 ഏക്കറാണ്. സ്വാഭാവിക വൃക്ഷങ്ങളും വള്ളിപ്പടർപ്പുകളുമാണ് കാവിലുള്ളത്. ജലസമൃദ്ധമായ 5 കിണറുകളും, 1 കുളവും കാവിനകത്തുണ്ട്. പക്ഷികൾ, ഉരഗവർഗങ്ങൾ, സൂക്ഷ്മജീവികൾ എന്നിവ ഉൾപ്പെടുന്ന കാവിൽ വീഴുന്ന മഴവെള്ളം പുറത്തേയ്ക്കൊഴുകി പോകാതെ കാവിനകത്തു തന്നെ താഴുന്ന തരത്തിൽ സംവിധാനപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രത്തിലേയ്ക്ക് ആവശ്യമായ പുഷ്പങ്ങളും, വാഴയിലയും ലഭ്യമാക്കാൻ അവ ക്ഷേത്രപരിസരത്ത് കൃഷി ചെയ്യുന്നു. മണ്ണിന്റെ ജൈവികതയും ജൈവവൈവിധ്യവും വളരെയധികം ശോഷിച്ച ഒരു ഭൂഭാഗത്തിന് നടുക്കാണ് ശ്രീ ചന്ദനക്കാവ് സംരക്ഷിക്കപ്പെട്ടു പോരുന്നത് എന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 12.3, 12.3.1, 12.3.2, 12.3.3, 12.3.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

47. സ്ഥലജലവിഭവ പരിപാലനം എന്ന ഓഡിറ്റ് ഖണ്ഡിക സമിതി പരിഗണിക്കുകയും പ്രത്യേക പരാമർശമില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

48. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ശ്രീ മാനികാവ് ക്ഷേത്രം (വയനാട്), ശ്രീ വള്ളിക്കാട്ട് കാവ് (കോഴിക്കോട്), കൊട്ടിയൂർ ദേവസ്വം വക ആയില്ല്യാർകാവ്, ശ്രീ ചന്ദനക്കാവ് ദേവസ്വം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

## നിഗമനങ്ങളും ശിപാർശകളും

49. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്ഥലജലവിഭവ പരിപാലനം എന്ന ഓഡിറ്റ് ഖണ്ഡികയിലെ വയനാട് ശ്രീ മാനികാവ് ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

50. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്ഥലജലവിഭവ പരിപാലനം എന്ന ഓഡിറ്റ് ഖണ്ഡികയിലെ കോഴിക്കോട് ശ്രീ വള്ളിക്കാട്ട് കാവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

51. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്ഥലജലവിഭവ പരിപാലനം എന്ന ഓഡിറ്റ് ഖണ്ഡികയിലെ കൊട്ടിയൂർ ദേവസ്വം വക ആയില്ല്യാർകാവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

52. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്ഥലജലവിഭവ പരിപാലനം എന്ന ഓഡിറ്റ് ഖണ്ഡികയിലെ ശ്രീ ചന്ദനക്കാവ് ദേവസ്വവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**ക്ഷേത്രങ്ങളുടെ പൂജാ/നൈവേദ്യ വിഭവ സ്വാശ്രയത്വം**

സ്വയംപര്യാപ്തമായിരുന്ന അമ്പലങ്ങൾ പലതും പിൽക്കാലത്ത് പൂജാപുഷ്പങ്ങൾ, വാഴയില, മറ്റ് നാനാതരം ഹരിത ഔഷധികൾ, ഫലവർഗങ്ങൾ, പാൽ, അരി, നെല്ല്,

നവധാന്യങ്ങൾ തുടങ്ങി ദൈനംദിന ആരാധനയ്ക്കും വിശേഷാവസരങ്ങളിലും ആവശ്യമായി വരുന്ന എല്ലാ വഴിപാട് സമർപ്പണദ്രവ്യങ്ങളും വിപണിയിൽ നിന്ന് നേരിട്ടോ ഇടനിലക്കാർ വഴിയോ വിലകൊടുത്ത് വാങ്ങുന്ന രീതി സ്വീകരിക്കേണ്ട അവസ്ഥയിലേക്ക് എത്തിപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നൊക്കെ വ്യത്യസ്തമായി സ്വയംപര്യാപ്തത കൊണ്ട് മലബാർ ദേവസ്വം ബോർഡിന്റെ കീഴിലെ ക്ഷേത്രങ്ങൾക്ക് മാതൃകയാണ് ചുവടെ ചേർക്കുന്ന അകിലാണം ശിവക്ഷേത്രം.

**ശ്രീ അകിലാണം ശിവക്ഷേത്രം - അനുകരണീയ മാതൃക**

പട്ടാമ്പി താലൂക്കിൽ തൃത്താല ബ്ലോക്കിൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ പെരിങ്ങോട് ഗ്രാമത്തിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ക്ഷേത്രം സ്ഥിതി ചെയ്യുന്ന 1.64 ഏക്കർ വളപ്പിൽ ക്ഷേത്ര മതിൽക്കെട്ടിനുള്ളിൽ ഒരു പുഷ്പോദ്യാനം മാതൃകാപരമായി പരിപാലിച്ചു പോരുന്നുണ്ട്. തുളസി, തെച്ചി, പിച്ചി, ചെമ്പരത്തി, മന്ദാരം, കരവീരകം, നന്ത്യാർവട്ടം, പവിഴമല്ലി, മുല്ല, ജമന്തി തുടങ്ങി അമ്പതോളം ഇനം പൂക്കൾ, കാർഷിക ദ്രവ്യങ്ങൾ, നെല്ല്, പച്ചക്കറികൾ, പഴങ്ങൾ, വാഴയില, ദർഭപുല്ല് എന്നിവ വളർത്തി സ്വന്തം ആവശ്യം കഴിഞ്ഞുള്ളത് ഭക്തർക്ക് മിതമായ വിലയ്ക്ക് വിൽക്കുന്നു. മതിൽപ്പുറമേയുള്ള ക്ഷേത്രവളപ്പിൽ പലതരം വാഴകൾ, പപ്പായ, ഇഞ്ചി, മഞ്ഞൾ, കറിവേപ്പില, ചേന, ചേമ്പ് തുടങ്ങിയവും കൃഷി ചെയ്യുന്നു. ക്ഷേത്രാവശ്യത്തിനുള്ള നാളികേരവും, വെളിച്ചെണ്ണയും തെങ്ങ് കൃഷിയിലൂടെ ഉൽപാദിപ്പിക്കുന്നു. മാവ്, പ്ലാവ്, പുളി, നെല്ലി എന്നിങ്ങനെയുള്ള ഫലവൃക്ഷങ്ങൾ പേരാൽ, അരയാൽ, കൂവളം, ആര്യവേപ്പ്, നാഗലിംഗം, അകിൽ, രുദ്രാക്ഷം തുടങ്ങിയ ഔഷധവൃക്ഷങ്ങൾ വെറ്റില, മധുരക്കരിമ്പ്, ഗണപതി നാരകം, മാതളനാരകം, കദളിവാഴ തുടങ്ങിയവയും എള്ള് കൃഷിയും ചെയ്യുന്നുണ്ട്. ജലസംരക്ഷണം, മണ്ണ് സംരക്ഷണം എന്നിവയ്ക്ക് പുറമേ ക്ഷേത്രക്കുളത്തിൽ മത്സ്യ വളർത്തലും മീനൂട്ടുമുണ്ട്. ഭക്തജനങ്ങളുടെ സഹായത്തോടെ ക്ഷേത്രഭരണസമിതി 3.6 ഏക്കർ നെൽപാടം വാങ്ങിയിട്ടുണ്ട്. ഇതിൽ 2 ഏക്കറിൽ ഇരുപ്പൂവായി നെല്ല് വിളയിക്കുന്നു.

## അഭിപ്രായങ്ങൾ/ശിപാർശകൾ

ഈ വിഷയത്തിന്റെ കാലിക പ്രസക്തി കണക്കിലെടുത്ത് താഴെപ്പറയുന്ന ശിപാർശകൾ ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ പരിശോധനയ്ക്കും അനന്തര നടപടികൾക്കുമായി സമർപ്പിക്കുന്നു.

1. ക്ഷേത്രങ്ങളിലെ വരവ് ചെലവ് കണക്കുകൾ, ആസ്തി ബാധ്യതകൾ എന്നിവയുടെ കാര്യത്തിൽ സ്വമേധയാ വെളിപ്പെടുത്തൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. അനുഷ്ഠാന കാർഷിക വൃത്തികളെ ആസൂത്രിതമായ രീതിയിൽ ക്ഷേത്രം സ്ഥിതിചെയ്യുന്ന മൊത്തം ഗ്രാമത്തിന്റെയും ഗ്രാമീണ കാർഷികോത്സവമാക്കി വളർത്തുന്നതിനുള്ള സാധ്യതകൾ ഏറെയാണ്. മലബാർ ദേവസ്വം ബോർഡിന്റെ ഭാഗത്തു നിന്നും ഇതിനാവശ്യമായ ശ്രമങ്ങൾ ഉണ്ടാകുന്നതിന് നിർദേശിക്കാവുന്നതാണ്.

3. സമൂഹം കൃഷിയിൽ നിന്നകന്നതോടെ, വിശേഷിച്ച് വിരിപ്പുവിളയും ഓണക്കൊയ്ത്തും ഏതാണ്ട് പൂർണമായും നിലച്ചതോടെ, നിറപുത്തരിക്ക് ആവശ്യമായ കതിരുകൾ മിക്ക ക്ഷേത്രങ്ങളും പണം കൊടുത്തു വാങ്ങുകയാണ്. നിറപുത്തരിക്ക് ആവശ്യമായ കതിരുകൾ അതാതു ദേശത്തെ നെൽവയലിൽ കൃഷി ചെയ്യുക, ദേശത്തെ വിളവെടുപ്പിന് തുടക്കമായി പുത്തരി കൊയ്യുക എന്നിങ്ങനെ ക്ഷേത്ര പരിധിയിലെ ഓരോ ദേശത്തുമുള്ള കർഷകരെ ആരാധനയുടെ ഭാഗമായി കൃഷിയിലേക്ക് പ്രചോദിപ്പിക്കുന്ന ഉത്സവമായി കാർഷികാചാരങ്ങളെ അർഥപൂർണമാക്കുവാനുള്ള സാധ്യതകൾ മലബാർ ദേവസ്വം ബോർഡ് ആലോചിക്കേണ്ടതാണ്. ഓരോ ക്ഷേത്രങ്ങളുടെയും ഭാഗമായി സ്ഥലലഭ്യതയ്ക്കനുസൃതമായി പുഷ്പോദ്യാനം, ഔഷധത്തോട്ടം, നക്ഷത്രവനം, പുണ്യവനം എന്നിവ സൃഷ്ടിക്കുന്നതിനുള്ള മാതൃകാ പദ്ധതികൾക്ക് രൂപം നൽകുവാൻ മലബാർ ദേവസ്വം ബോർഡിനോട് നിർദേശിക്കാവുന്നതാണ്.

**4. ആരാധനയ്ക്കാവശ്യമായ പുഷ്പ/ഔഷധ/ഹരിത ദ്രവ്യങ്ങളുടെ സ്വയംപര്യാപ്തത ലക്ഷ്യം വെച്ചുകൊണ്ട് നടപ്പിലാക്കുന്ന ഇത്തരം പദ്ധതികൾ വിശാലമായ അർഥത്തിൽ നാടിന്റെ ഹരിതവൽക്കരണം, ജൈവവൈവിധ്യ പരിപാലനം, മണ്ണ്-ജലസംരക്ഷണം തുടങ്ങിയ ഉന്നത ലക്ഷ്യങ്ങളിലേക്ക് സമൂഹത്തിന്റെ ഭാവനയെ വളർത്താൻ പ്രേരകമാവുന്നതാണ്.**

**5. ജൈവവൈവിധ്യത്തിനും സ്ഥലജല പരിസ്ഥിതിക്കും കോട്ടം വരാത്ത വിധം കാവ്-ക്ഷേത്രങ്ങളിലെ നിർമാണ പ്രവർത്തനങ്ങൾ അതീവ ശ്രദ്ധയോടെ നിയന്ത്രിക്കപ്പെടുകയും ക്രമപ്പെടുത്തുകയും വേണ്ടതുണ്ട്. പരമ്പരാഗത വിശ്വാസങ്ങളോടൊപ്പം തന്നെ, ഇക്കാര്യത്തിൽ കാലോചിതവും ശാസ്ത്രീയവുമായ മാർഗനിർദേശങ്ങൾ കൂടി ഉണ്ടാകേണ്ടതുണ്ട്.**

**6. ക്ഷേത്രങ്ങളുടെ പൗരാണികതയ്ക്കും, പ്രകൃതിസൗഹൃദനിലകൾക്കും, പാരമ്പര്യ വാസ്തുവിദ്യകൾക്കും, ശിൽപ സൗന്ദര്യങ്ങൾക്കും കോട്ടംതട്ടാത്ത വിധത്തിൽ നിർമാണ പ്രവർത്തനങ്ങൾ നടത്തുവാനും ആയത് പരിശോധിക്കുവാനും കാലോചിതമായ സംവിധാനങ്ങൾ മലബാർ ദേവസ്വം ബോർഡ് ഏർപ്പെടുത്തേണ്ടതുണ്ട്.**

**7. ക്ഷേത്രങ്ങളുടെ ആരോഗ്യ-പാരിസ്ഥിതിക-കാർഷിക അനുഷ്ഠാന വിശേഷങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുകയും പഠനത്തിൽ കണ്ടെത്തുന്ന വസ്തുതകൾ പരിഗണിച്ച് ഹരിതക്ഷേത്രം പോലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്.**

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 12.4, 12.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

53. ക്ഷേത്രങ്ങളുടെ പൂജാ/നൈവേദ്യ വിഭവ സ്വാശ്രയത്വം എന്ന ഓഡിറ്റ് ഖണ്ഡിക സമിതി പരിഗണിക്കുകയും പ്രത്യേക പരാമർശമില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

54. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ശ്രീ അകിലാണം ശിവക്ഷേത്രം - അനുകരണീയ മാതൃക എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**55. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ക്ഷേത്രങ്ങളുടെ പൂജാ/നൈവേദ്യ വിഭവ സ്വാശ്രയത്വം എന്ന ഓഡിറ്റ് ഖണ്ഡികയിലെ ശ്രീ അകിലാണം ശിവക്ഷേത്രം - അനുകരണീയ മാതൃക എന്ന പരാമർശം ഒഴിവാക്കാൻ** സമിതി **ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മലബാർ ദേവസ്വം ക്ഷേത്രങ്ങളുടെ പാരമ്പര്യ വാസ്തുകലാ പൈതൃകവും ജൈവ സംസ്കൃതിയും**

**ആമുഖം**

ചരിത്രത്തിന്റെ അനന്യമായ ശേഷിപ്പുകൾ എന്ന് നിസ്സംശയം വിളിക്കപ്പെടാവുന്ന ആരാധനാസ്ഥാനങ്ങളാണ് മലബാർ ദേവസ്വം ബോർഡിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഏതാണ്ടെല്ലാ ക്ഷേത്രങ്ങളും കാവുകളും. നൂറ്റാണ്ടുകളുടെ കാലപ്പഴക്കമുള്ളതും, കല്ലിലും, മണ്ണിലും, മരത്തിലും പണിഞ്ഞതും പ്രകൃതിയോട് ഇണങ്ങി നിൽക്കുന്നതുമായ പാരമ്പര്യ വാസ്തുകലാ നിർമിതികൾ, ജൈവ-കാർഷിക സംസ്കൃതിയുടെയും പാരിസ്ഥിതിക സന്തുലനത്തിന്റെയും ഉത്തമ നിദർശനങ്ങളായ ഗ്രാമക്കാവുകൾ എന്നിങ്ങനെ രണ്ടു വിഭാഗത്തിൽ അവയെ ഉൾപ്പെടുത്താം. പരമാവധി ശ്രദ്ധയോടെ സംരക്ഷിക്കപ്പെടുകയും

പരിപാലിക്കപ്പെടുകയും വേണ്ടതായ ഉന്നത പൈതൃക മൂല്യമുള്ളവയാണ് ഇരു വിഭാഗവും.

എന്നാൽ സമീപകാലത്ത് നടന്നു വരുന്ന ക്ഷേത്ര/കാവ് നവീകരണത്തിന്റെയും പുനരുദ്ധാരണ/പരിഷ്കരണങ്ങളുടെയും ഫലമായി, മേൽപറഞ്ഞ വിധമുള്ള പാരമ്പര്യ വാസ്തുകലാ മൂല്യങ്ങളും ആരാധ്യമായ ജൈവ പാരിസ്ഥിതിക മൂല്യങ്ങളും വലിയതോതിൽ നാശോന്മുഖമാകുന്നതായി ഓഡിറ്റിൽ നിരീക്ഷിച്ചിട്ടുണ്ട്.

## ഓഡിറ്റ് ലക്ഷ്യം

ക്ഷേത്ര/കാവ് നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ഫലമായുണ്ടാകുന്ന നാശങ്ങൾ എപ്രകാരമാണ്? നാശങ്ങൾ ഏതെല്ലാം വിധത്തിൽ സംഭവിക്കുന്നു? അതിലേക്ക് നയിക്കുന്ന കാരണങ്ങൾ എന്തൊക്കെ? നിലവിലുള്ള നിയമ പരിരക്ഷകൾ/ആയതിന്റെ പരിമിതികൾ എന്തെല്ലാം? ഫലപ്രദമായ പരിഹാര നടപടികൾ എന്തൊക്കെയാണ്? എന്നീ അന്വേഷണങ്ങളാണ് പരിശോധനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## ഓഡിറ്റ് വ്യാപ്തി

മലബാർ ദേവസ്വത്തിന്റെ അധീനതയിലുള്ള പൗരാണികവും, ഹരിതാഭവും, വാസ്തുശില്പ ഭംഗിയാൽ അനുപമവുമായ 9 ക്ഷേത്രങ്ങളുടെ വിവരങ്ങളാണ് ഈ പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ഓഡിറ്റ് നിരീക്ഷണങ്ങൾ

(a) നാശം സംഭവിക്കുന്ന വിധങ്ങൾ

ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട പാരമ്പര്യ വാസ്തു മൂല്യങ്ങൾക്കും, ജൈവ - പാരിസ്ഥിതിക മൂല്യങ്ങൾക്കും നാശം സംഭവിക്കുന്നത് മുഖ്യമായും താഴെപ്പറയുന്ന വിധത്തിലാണ് എന്ന് ഓഡിറ്റിൽ മനസിലാക്കുന്നു.

i. ജീർണ്ണോദ്ധാരണത്തിന്റെ പേരിൽ പൗരാണിക മൂല്യമുള്ള പഴയ നിർമിതികൾ ഭാഗികമായോ പൂർണമായോ പൊളിച്ചു നീക്കപ്പെടുന്നു.

ii. പൊളിച്ച് നീക്കപ്പെടുന്ന കല്ലിലും മരത്തിലുമുള്ള തൂണുകൾ, ശിൽപങ്ങൾ, മുഖപ്പുകൾ തുടങ്ങിയവയുടെ പുനരുപയോഗമൂല്യവും, കലാമൂല്യവും പരിശോധിക്കാതെ മൊത്തമായി ഉപേക്ഷിക്കുകയോ അല്ലെങ്കിൽ നാമമാത്രമായ വിലയ്ക്ക് വിൽക്കപ്പെടുകയോ ചെയ്യുന്നു.

iii. പൗരാണിക ശിൽപ ഭംഗിയാർന്ന ശ്രീകോവിലുകൾ, മുഖമണ്ഡപങ്ങൾ, വാതിൽ മാടങ്ങൾ, ഗോപുരങ്ങൾ തുടങ്ങിയവയെ ഭാഗികമായോ പൂർണമായോ മറച്ചുകൊണ്ട് ഷീറ്റ്/കോൺക്രീറ്റ് നടപ്പുരകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, കല്യാണ മണ്ഡപങ്ങൾ തുടങ്ങിയവ പണിതുയർത്തുന്നു.

iv. തിരുമുറ്റം, നടവഴി, പ്രദക്ഷിണവഴി തുടങ്ങിയവ ഇന്റർലോക്ക്/കോൺക്രീറ്റ് ചെയ്ത് ക്ഷേത്ര സംസ്കാരത്തിന് ചേരാത്ത വിധം ആധുനികവൽക്കരിക്കുന്നു.

v. നവീകരണ/പുനരുദ്ധാരണ പദ്ധതിയിൽ, പാരമ്പര്യ വാസ്തുമൂല്യങ്ങൾ/ജൈവ പാരിസ്ഥിതിക മൂല്യങ്ങൾ ഒരു പരിമിതപ്പെടുത്തൽ ഘടകമായി (limiting factor) പരിഗണിക്കപ്പെടുന്ന സന്ദർഭങ്ങൾ വിരളമാകുന്നു.

vi. ആരാധനാ പരിസരത്തിലെ വൃക്ഷങ്ങൾക്കും ജൈവ വൈവിധ്യത്തിനും ജലാശയങ്ങൾക്കും നീരുറവകൾക്കും ദൈവീകതയും പവിത്രതയും കൽപ്പിക്കപ്പെടുമ്പോഴും ആധുനിക രീതിയിലുള്ള ക്ഷേത്ര/കാവ് വികസനത്തിന്റെ ഫലമായി അവയ്ക്കുണ്ടാകുന്ന നാശം, പ്രത്യാഘാതങ്ങൾ എന്നിവ പഠന വിധേയമാക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നില്ല

ഒന്ന് മുതൽ ആറ് വരെയുള്ള നിരീക്ഷണങ്ങൾക്ക് ചില ഉദാഹരണങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. സംരക്ഷണ മൂല്യം തിരിച്ചറിഞ്ഞുള്ള പ്രവർത്തന രീതിയുടെ ഒരു മാതൃക അനുബന്ധം II ആയും ചേർത്തിട്ടുണ്ട്.

**തിരുനെല്ലി ക്ഷേത്രം**

വയനാട്ടിലെ ബ്രഹ്മഗിരി കുന്നുകളുടെ താഴ്‌വരയിലാണ് പിതൃകർമ്മങ്ങൾക്ക് ഏറെ പ്രശസ്തിയാർജ്ജിച്ച തിരുനെല്ലി ക്ഷേത്രം. കരിങ്കല്ലിൽ പണിതീർത്ത അതിപ്രാചീനമായ ക്ഷേത്രവും ബ്രഹ്മഗിരിയിൽ നിന്ന് ക്ഷേത്രത്തിലേക്ക് വെള്ളം

കൊണ്ടുവരുന്ന കരിങ്കല്ലിൽ പണിത നീർപ്പാലവും ക്ഷേത്രത്തിന് അപൂർവ്വമായ പശ്ചാത്തല ഭംഗി നൽകുന്നു.

ക്ഷേത്രത്തിൽ അടുത്ത കാലത്തായി ധാരാളം നവീകരണ വികസന പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. എന്നാൽ വികസന പ്രവൃത്തികൾ ക്ഷേത്രത്തിന്റെ പശ്ചാത്തല ഭംഗികളെയും പ്രാചീനമായ ശിൽപചാരുതകളെയും ദോഷകരമായി ബാധിക്കാതിരിക്കാനുള്ള പഠനങ്ങളോ കരുതലുകളോ ബോധപൂർവമായ ശ്രമങ്ങളോ ഉണ്ടാകുന്നില്ല. പുതുതായി ഉണ്ടാക്കിയ പാർക്കിംഗ് ഗ്രൗണ്ട്, ഷോപ്പിംഗ് കോംപ്ലക്സ്, സ്റ്റേജ്, നവീകരിക്കുന്ന ചുറ്റമ്പലം എന്നിവ ക്ഷേത്രത്തിന്റെ പശ്ചാത്തല കാഴ്ചകളെയും പൗരാണികമായ അന്തരീക്ഷത്തെയും ഹനിക്കുന്നതായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

ക്ഷേത്ര മതിലിനോട് ചേർന്ന് കടമുറികളുടെ നിർമ്മിതി ക്ഷേത്ര ഭൂമിയോട് ചേർച്ചയില്ലാത്തതും ക്ഷേത്രാന്തരീക്ഷത്തിന് യോജിക്കാത്തതുമാണ്.

**തൃശ്ശിലേരി ശിവക്ഷേത്രം**

ബ്രഹ്മഗിരിയുടെ താഴ്‌വരയിൽ സ്ഥിതി ചെയ്യുന്നതും, പിതൃകർമ്മവുമായി ബന്ധപ്പെട്ട വിഷയത്തിൽ തിരുനെല്ലിക്ക് തുല്യം പ്രാധാന്യമുള്ളതും അതിപ്രാചീനവുമായ ക്ഷേത്രമാണ് തൃശ്ശിലേരി ശിവക്ഷേത്രം. ക്ഷേത്രത്തോട് ചേർന്ന് വേനലിലും വറ്റാത്ത ഉറവകളും, ചുറ്റുപാടും എപ്പോഴും വെള്ളം നിറഞ്ഞു നിൽക്കുന്ന ജലദുർഗ്ഗാ ക്ഷേത്രവും തിരുമുറ്റം വലംവച്ചൊഴുകുന്ന ഉറവകളും ഈ ക്ഷേത്രത്തിന്റെ സവിശേഷതയാണ്.

ഇവിടെയും ക്ഷേത്ര പരിസരത്തിന്റെ ഹരിത-ജല സമൃദ്ധികളെയും പ്രാചീനതയെയും പ്രശാന്തതയെയും ദോഷകരമായി ബാധിക്കാതെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള ബോധപൂർവമായ ശ്രമങ്ങൾ/ ആസൂത്രണങ്ങൾ ഒന്നും തന്നെ ഇല്ല. ക്ഷേത്രത്തിന് സമീപത്ത് വനനിബിഡമായ സർപ്പക്കാവിൽ പൂർണ്ണമായും കോൺക്രീറ്റിൽ പണി തീർത്ത കെട്ടിടം ഇതിന് ദൃഷ്ടാന്തമാണ്.

**വള്ളിയൂർകാവ്**

കെട്ടിടങ്ങളും കൃത്രിമ നിർമ്മിതികളും പരമാവധി നിയന്ത്രിക്കപ്പെടേണ്ടുന്ന ഹരിതാരാധനാ സ്ഥാനമാണ് വയനാട്ടിലെ പ്രാചീനമായ വള്ളിയൂർകാവ്. എന്നാൽ

ഈ കാവിൽ സമീപകാലത്ത് നടന്ന് വരുന്ന വികസന പ്രവർത്തനങ്ങൾ കാവ് പ്രകൃതിയ്ക്ക് തെല്ലും ഇണങ്ങാത്ത വിധത്തിലുള്ളതും നാഗരിക സ്വഭാവത്തിലുള്ളതുമാണ്.

ക്ഷേത്രത്തിന് മുൻവശത്ത് ഉരുക്കിലും ഷീറ്റിലും പണി തീർത്ത വിശാലമായ നടപ്പന്തൽ, ക്ഷേത്രത്തിലേക്കുള്ള പ്രധാന വഴിയിൽ ഇന്റർലോക്ക് ചെയ്ത് നിർമ്മിച്ച പാർക്കിങ് ഗ്രൗണ്ട് തുടങ്ങിയവ ഉദാഹരണങ്ങളാണ്.

**മാനികാവ്**

നിബിഡ വനഭൂമിയിൽ സ്വയംഭൂവായ ശിവലിംഗവും, ക്ഷേത്രത്തിന് പിൻവശത്തെ മനുഷ്യപ്രവേശം നിഷിദ്ധമായ വനഭൂമിയിൽ നിന്നും ഒഴുകി വന്ന് ശിവലിംഗത്തിലേക്ക് ഒഴുകിച്ചാടുന്ന ഒരിക്കലും നിലക്കാത്ത നൈസർഗിക ജലധാരയുമാണ് മാനികാവിന്റെ സവിശേഷതകൾ. മഹാമുനികൾ തപസ്സ് ചെയ്തിരുന്നതെന്ന് വിശ്വസിക്കുന്ന ഈ സ്ഥലത്ത് പ്രാചീന കാലം തൊട്ട് ആരാധനയുണ്ടായിരുന്നെങ്കിലും സമീപകാലം വരെ കെട്ടിടങ്ങളൊന്നും ഉണ്ടായിരുന്നില്ല. സമീപകാലത്തായി ശ്രീകോവിലും തുടർന്ന് മുഖമണ്ഡപവും പണിതീർക്കപ്പെട്ടിട്ടുണ്ട്. 56,30,000/- രൂപ മതിപ്പ് ചെലവിൽ ചുറ്റമ്പലവും ചുറ്റുമതിലും പണിയാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ, ക്ഷേത്രത്തിന്റെ നൈസർഗിക അന്തരീക്ഷത്തെയും പ്രകൃത്യാലുള്ള ജലധാരയെയും എങ്ങനെ ബാധിക്കും എന്ന തരത്തിലുള്ള പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. വളരെ ഗൗരവപൂർവ്വം കണക്കിലെടുക്കപ്പെടേണ്ട വസ്തുതകൾ പരിഗണനാ വിഷയം പോലും ആകുന്നില്ല.

25 ഏക്കറിലുള്ള സംരക്ഷിത വനം (പുണ്യവനം) ക്ഷേത്രത്തിന്റെ പുറകിലായി കാണാം. പുണ്യവനത്തിൽ നിന്നും ഉൽഭവിക്കുന്നതായി വിശ്വസിക്കപ്പെടുന്ന തെളിനീരുറവ സദാ സ്വയംഭൂവിഗ്രഹത്തെ ജലാഭിഷേകം നടത്തുന്നു.

**പുൽപ്പള്ളി മുരിക്കൻമാർ ക്ഷേത്രം**

സീതാദേവി, ലവ, കുശ മുനികുമാരന്മാർ എന്നിവരുടെ പ്രതിഷ്ഠകളുള്ള പ്രാചീന ക്ഷേത്രമാണ് വയനാട്ടിലെ പുൽപ്പള്ളിയിലുള്ള മുരിക്കൻമാർ ക്ഷേത്രം. പരമ്പരാഗത

ശൈലിയിലായിരുന്ന ഈ ക്ഷേത്രസമുച്ചയത്തിൽ മുഖ്യമായിട്ടുള്ള സീതാദേവി ക്ഷേത്രം അടുത്തകാലത്ത് പൂർണ്ണമായും കോൺക്രീറ്റിലാണ് പുനർനിർമ്മിച്ചിട്ടുള്ളത്. മുൻവശത്ത് കോൺക്രീറ്റ് നടപ്പന്തലും പണിതിട്ടുണ്ട്. പരമ്പരാഗതശൈലി തീർത്തും അവഗണിച്ചുകൊണ്ടുള്ള ഈ നിർമ്മിതി പരിസരത്തിനിണങ്ങാതെ നിൽക്കുന്നത് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാം.

ക്ഷേത്രത്തിന്റെ ഐതിഹ്യവുമായി ബന്ധപ്പെട്ട് 3 കിലോമീറ്റർ അകലെ ഗ്രാമാന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന വാൽമീകി ആശ്രമം ഓല മേഞ്ഞതും മണ്ണ് മെഴുകിയതുമാണ്. എന്നാൽ അടുത്ത കാലത്ത് അതിലേക്കുള്ള പടിക്കെട്ടുകൾ നിർമ്മിച്ചിട്ടുള്ളത് കോൺക്രീറ്റിലാണ്.

**പിഷാരികാവ്**

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ സ്ഥിതി ചെയ്യുന്ന പിഷാരിക്കാവിൽ ക്ഷേത്രത്തോട് ചേർന്ന് 2 ഏക്കർ വിസ്തൃതിയിൽ, ക്ഷേത്രാരാധനയുടെയും ആചാരാനുഷ്ഠാനങ്ങളുടെയും അഭേദ്യ ഭാഗമായിട്ടുള്ള ഒരു കാവ് നിലനിൽക്കുന്നു. വളരെ പരിപാവനമായി കരുതുന്ന ഈ കാവിനോട് ചേർന്നുതന്നെ ഒരു ഇൻസിനറേറ്റർ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

കാവൂട്ട് പോലുള്ള പ്രധാന ക്ഷേത്ര ചടങ്ങുകൾ നടക്കുന്ന പരിപാവനമായ കാവിനകത്ത് തന്നെയാണ് ബയോഗ്യാസ് പ്ലാന്റിന്റെ ടാങ്കും നിർമ്മിച്ചിട്ടുള്ളത്. കാവ് സംരക്ഷണത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളാത്ത ഇത്തരത്തിലുള്ള വികസന സമീപനം അടിയന്തരമായി പുന:പരിശോധിക്കപ്പെടേണ്ടതാണ്.

**ചിനക്കത്തൂർ കാവ്, ഒറ്റപ്പാലം**

ഭൂപ്രകൃതിയിലും ആരാധനാ സമ്പ്രദായങ്ങളിലും തനതായ ജൈവ സംസ്കൃതി പരിപാലിക്കുന്ന ദേവസ്ഥാനമാണ് ചിനക്കത്തൂർ ഭഗവതി ക്ഷേത്രം എന്ന പേരിൽ അറിയപ്പെടുന്ന ചിനക്കത്തൂർ കാവ്. വള്ളുവനാട്ടിലെ വളരെ പ്രശസ്തമായ ഈ കാവിലെ ആചാരാനുഷ്ഠാനങ്ങളും ആണ്ടുപൂരവും അതിന്റെ ദേശത്തനിമകൾ കൊണ്ട് സവിശേഷമാണ്.

ക്ഷേത്ര ഭരണാധികാരികളുടെയും ദേശക്കമ്മിറ്റികളുടെയും ഉൽസാഹത്തിൽ സമീപകാലത്തായി ധാരാളം വികസന പ്രവർത്തനങ്ങൾ നടന്നുവരികയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ അവയൊന്നും കാവുകളുടെ തനിമയും ജൈവപ്രകൃതിയും ബോധപൂർവ്വം സംരക്ഷിക്കാൻ പര്യാപ്തമായ ഒരു സമഗ്ര വികസന പദ്ധതിയുടെ പിൻബലത്തിലല്ല നടപ്പാക്കിയിട്ടുള്ളത്. സിമന്റും, ഉരുക്കും, കോൺക്രീറ്റും, ലോഹ ഷീറ്റുകളും മറ്റും വിവേചനരഹിതമായി ഉപയോഗപ്പെടുത്തുന്ന നിർമ്മിതികൾ കാവിന്റെ ജൈവപ്രകൃതിയ്ക്ക് വല്ലാതെ ക്ഷതമേൽപ്പിക്കുന്നുണ്ട്.

തണലും കുളിരും നിറഞ്ഞ കാവന്തരീക്ഷത്തെ ദോഷകരമായി ബാധിക്കാത്ത വിധത്തിൽ വികസന പ്രവർത്തനങ്ങളെ ക്രമപ്പെടുത്താനുള്ള ആലോചനകൾ ഉണ്ടാകുന്നില്ല. വളരെ വിസ്തൃതിയിൽ ഇന്റർലോക്ക് ടൈൽസ് പതിച്ച ക്ഷേത്രതിരുമുറ്റവും, മറ്റ് കൃത്രിമ നിർമ്മിതികളും കാവന്തരീക്ഷത്തിന്റെ തനിമ നഷ്ടമാക്കുന്നു.

**പെരുമ്പറമ്പ് മഹാദേവ ക്ഷേത്രം**

ഗ്രാനൈറ്റ്, ഇന്റർലോക്ക്, സ്റ്റീൽ, ഉരുക്ക്, മേച്ചിൽ ഷീറ്റുകൾ എന്നിവ ധാരാളമായി ഉപയോഗിച്ച് പൂർണ്ണമായും പുതുക്കിപ്പണിയപ്പെട്ടതാണ് എടപ്പാൾ ശ്രീ പെരുമ്പറമ്പ് മഹാദേവ ക്ഷേത്രം.

നവീകരണ പ്രവർത്തനങ്ങളിൽ ക്ഷേത്ര തനിമ നിലനിർത്താൻ ബോധപൂർവ്വമായ ആസൂത്രണങ്ങൾ ഒന്നും ഉണ്ടായിട്ടില്ല

**ശ്രീ തിരുകാച്ചാംകുറിശ്ശി ദേവസ്വം പെരുമാൾ ക്ഷേത്രം - ക്ഷേത്രത്തിലെ കെട്ടിടങ്ങളുടെ പാരമ്പര്യ തനിമ നിലനിർത്തുന്നതിൽ കാണിക്കുന്ന നിഷ്കർഷ**

ചിരപുരാതനവും പ്രൗഢഗംഭീരവുമായ ഒരു ക്ഷേത്രമാണ് പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ പയ്യല്ലൂരിൽ സ്ഥിതി ചെയ്യുന്ന തിരുകാച്ചാംകുറിശ്ശി പെരുമാൾ ക്ഷേത്രം.

ഈ ക്ഷേത്രത്തിൽ 28.05.2017 മുതൽ 07.07.2017 വരെയുള്ള കാലത്ത് നിലവിലുണ്ടായിരുന്ന നവീകരണ-കലശ-കുംഭാഭിഷേക കമ്മിറ്റി, അവരുടെ

കാലാവധി കഴിഞ്ഞിട്ടും തുടരുകയും ക്ഷേത്രത്തിന്റെ കിഴക്കുവശത്ത് സിമന്റ് കൊണ്ട് മണ്ഡപം കെട്ടുന്നതിനായി പില്ലർ നിർമ്മിക്കുകയും, നൂറ്റാണ്ടുകൾ പഴക്കമുള്ള പത്തായപ്പുരയ്ക്ക് മുന്നിലുള്ള ചിരപുരാതനവും പാരമ്പര്യ പ്രൗഢിയുള്ളതുമായ അടിത്തറ, ജെ.സി.ബി. ഉപയോഗിച്ച് ഇളക്കി മാറ്റുകയും ചെയ്തു. ഇതിനെതിരെ അന്നത്തെ ട്രസ്റ്റി ബഹുമാനപ്പെട്ട ചിറ്റൂർ കോടതിയിൽ കേസ് കൊടുക്കുകയും ഇഞ്ചക്ഷൻ നിലവിൽ വരികയും ചെയ്തു. പിന്നീട് ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ കോടതിയും, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കുവാൻ ഉത്തരവിട്ടു.

നിലവിലെ ക്ഷേത്രം മാനേജർ, ട്രസ്റ്റിമാരുടെ പിൻതുണയോടെ ക്ഷേത്രത്തിലെ കെട്ടിടങ്ങളുടെ തനിമ നിലനിർത്തിക്കൊണ്ടു തന്നെ അവയെ ജീർണ്ണോദ്ധാരണം ചെയ്തുവരുന്നു. ജെ.സി.ബി. കൊണ്ട് ഇളക്കം തട്ടിയ പത്തായപ്പുരയുടെ അടിത്തറ പഴമ നിലനിർത്തിക്കൊണ്ട് പുനർ നിർമ്മിച്ചു ഓട് മാറ്റിയതിനാൽ മഴ കൊണ്ട് നാശം നേരിടുന്ന ഭാഗത്തെ മരത്തടികൾ തനിമയോടെ പുനഃസ്ഥാപിക്കുവാൻ നടപടിയെടുത്തു വരുന്നു. പത്തായപ്പുരയുടെ കൊത്തുപണികളുള്ള വാതിലും പത്തായപ്പുരയുടെ ഉൾവശവും പഴയ രീതിയിൽ തന്നെ സംരക്ഷിക്കാനും ബലപ്പെടുത്താനും നടപടികൾ എടുത്തുവരുന്നു.

(b) നാശത്തിനുള്ള വിവിധ കാരണങ്ങൾ

i. നിലവിലുള്ള നിയമത്തിന്റെയും ചട്ടങ്ങളുടെയും അപര്യാപ്തതയും അവ നടപ്പിലാക്കുന്നതിൽ സംഭവിക്കുന്ന വീഴ്ചയും

1951-ലെ ഹിന്ദു ധർമ്മദാന നിയമത്തിലെ വകുപ്പ് 100(2)(q)(r) & (s)-ന് കീഴിലുള്ള വിവിധ ചട്ടങ്ങളാണ് മേൽപ്പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള പരിരക്ഷാ നിയമങ്ങൾ. അവയിലെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

- ചട്ടം 3- " Proposal for work shall be framed with due regard to the principle and practice of traditional architecture and to the need for preserving architecture and sculptural and archaeological features.

- ചട്ടം 12- " A trustee shall not repair, alter, replace, sell, gift or destroy any antiquities or other objects of interest, like jewels, vahanams or other movable sculptures, carvings, inscriptions or paintings without the express previous permission of the Commissioner and such permission shall be accorded only on obtaining competent advice thereon".

- ചട്ടം 18- " It shall be the duty of the trustee to ensure that the utmost care is taken of the architectural, sculptural and archaeological feature of every structure in the temple or on its lands in his charge."

- ചട്ടം 19- "Whenever the commissioner finds it desirable or necessary, he may consult the Archaeological Survey of India and pass necessary orders".

- ചട്ടം 26- " No trustee shall alter the character of repair, remove, melt or replace any metallic or other idol or image in the temple whether fixed or otherwise without the express previous permission of the commissioner".

- ചട്ടം 27- " No trustee shall gift, sell or exchange any idol or image in a temple".

ആറു പതിറ്റാണ്ടുകൾക്ക മുമ്പ് നിലവിൽ വന്ന നിയമം, അന്നത്തേതിൽ നിന്ന് പാടേ മാറിയ സാമൂഹിക സാമ്പത്തിക സാങ്കേതിക സാഹചര്യത്തിനനുസരിച്ച് പുതുക്കി സമഗ്രമാക്കാത്തതാണ്, മേൽപറഞ്ഞ പാരമ്പര്യ മൂല്യങ്ങൾ നശിക്കുന്നതിന് മുഖ്യ കാരണം.

ii. നിലവിലുള്ള ചട്ടങ്ങൾ പ്രായോഗികമാക്കുന്നതിലുള്ള അവ്യക്തതയും അനിശ്ചിതാവസ്ഥയും

- ചട്ടം 3-ലെ 'due regard" എന്നത് നിർവചിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് തന്നെ ചട്ടപ്രകാരമുള്ള നിഷ്കർഷകൾ പ്രായോഗിക തലത്തിൽ അവഗണിക്കപ്പെടുന്നു
- ചട്ടം 12 പ്രകാരമുള്ള "Antiquities, Competent Advice" എന്നിവ നിർവചിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പ്രായോഗികമായി ചട്ടം പരിഗണിക്കപ്പെടുന്നില്ല
- ചട്ടം 18 പ്രകാരമുള്ള 'Utmost Care" എന്നത് നിർവചിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ട്രസ്റ്റിയുടെ നിയമപരമായ ബാധ്യത ക്ലിപ്തപ്പെടുത്താനാവുന്നില്ല.
- ചട്ടം 19-ലെ " whenever the commissioner finds it necessary or desirable" എന്നത് വസ്തുതാപരമായി നിർണയിക്കപ്പെട്ടിട്ടില്ല ആയതിനാൽ പ്രായോഗിക തലത്തിൽ ചട്ടം പ്രവർത്തനക്ഷമമല്ല

iii. മാറി വരുന്ന സാഹചര്യങ്ങൾക്കനുസൃതമായി പുതുതായി ഉണ്ടാവുന്ന വെല്ലുവിളികൾ നേരിടുവാൻ സമഗ്രമായ നിയമവും ചട്ടങ്ങളും വേണ്ടതുണ്ടെങ്കിലും ആയത് ആവിഷ്കരിക്കപ്പെട്ടിട്ടില്ല.

iv. വാസ്തു/ഹരിത പൈതൃകത്തിന്റെ സംരക്ഷണത്തിനായി പ്രായോഗികമായ ഒരു സംരക്ഷണ മാന്വൽ നിലവിൽ ഇല്ല.

v. ക്ഷേത്ര നവീകരണ/പുനരുദ്ധാരണ മരാമത്ത് പണികൾക്ക് അംഗീകാരം നൽകുന്ന പ്രക്രിയയിൽ പാരമ്പര്യ/വാസ്തു/ജൈവ/പാരിസ്ഥിതിക ഘടകങ്ങൾ മിക്കവാറും പരിഗണനാ വിഷയങ്ങൾ ആകുന്നില്ല.

vi. ക്ഷേത്ര നവീകരണ സമിതികൾ/പുനരുദ്ധാരണ കമ്മിറ്റികൾ/ സേവാസമിതികൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിലാണ് മിക്കയിടത്തും നവീകരണം/പുനരുദ്ധാരണം/ആധുനികവൽക്കരണം നടന്നുവരുന്നത്. എന്നാൽ ഇത്തരം സമിതികളിൽ പ്രവർത്തിക്കുന്ന മിക്കവർക്കും സംരക്ഷിക്കപ്പെടേണ്ട മൂല്യങ്ങൾ സംബന്ധിച്ച് സാമാന്യ ധാരണ പോലും ഇല്ല

vii. ക്ഷേത്രം അധികാരികൾ, HR&CE വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് സംരക്ഷിക്കപ്പെടേണ്ടുന്ന മൂല്യങ്ങൾ സംബന്ധിച്ച വിഷയങ്ങളിൽ പരിശീലനമോ, ബോധവൽക്കരണ ക്ലാസുകളോ നൽകപ്പെടുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡികകൾ 2.7.1 മുതൽ 2.7.4 വരെ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

56. ക്ഷേത്രങ്ങളുടെ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും പേരിൽ പൗരാണിക മൂല്യമുള്ള പഴയ നിർമ്മിതികൾ നശിപ്പിക്കപ്പെടുന്നു എന്ന ഓഡിറ്റ് നിരീക്ഷണം ശരിയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഓഡിറ്റ് നിരീക്ഷണം ബോർഡ് വിശദമായി ചർച്ച ചെയ്യുകയും ക്ഷേത്രങ്ങളുടെ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും പേരിൽ പൗരാണിക മൂല്യമുള്ള പഴയ നിർമ്മിതികൾ നശിപ്പിക്കപ്പെടുന്നുവെന്നത് ശരിയാണെന്ന് വിലയിരുത്തുകയും ചെയ്തിരുന്നുവെന്നും മലബാർ ദേവസ്വം ബോർഡിന്റെ പല ക്ഷേത്രങ്ങളും സമ്പന്നമല്ലാത്തതിനാൽ ക്ഷേത്രങ്ങളുടെ തനിമ നിലനിർത്തി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി. സമ്പന്ന ക്ഷേത്രങ്ങളിൽ പഴയ നിർമ്മിതികൾ പരമാവധി നിലനിർത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തുമെന്നും നിലവിലുള്ളവ നശിപ്പിക്കുന്ന പ്രവൃത്തി ഉണ്ടാകില്ലെന്നും ബോർഡ് തീരുമാനമെടുത്തിട്ടുണ്ടെന്നും സ്പെഷ്യൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

57. തിരുവിതാംകൂർ ദേവസ്വവുമായി താരതമ്യം ചെയ്താൽ മലബാർ ദേവസ്വത്തിൽ ക്ഷേത്രങ്ങളിലെ പൂജാ വഴിപാടുകൾക്ക് വളരെ കുറഞ്ഞ നിരക്കാണ് ഈടാക്കുന്നതെന്ന് സമിതി വ്യക്തമാക്കി. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള പല ക്ഷേത്രങ്ങളുടെയും സാമൂഹികാവസ്ഥ വളരെ പിന്നാക്കമാണെന്നും സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളിൽ വഴിപാട് നിരക്കുകളിൽ വർധന വരുത്തിയിട്ടുണ്ടെന്നും

സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളും 'ഡി' ഗ്രേഡ് ക്ഷേത്രങ്ങളും തമ്മിൽ വരുമാനത്തിലും ഇടപെടലിലും സാമൂഹികാവസ്ഥയിലും വൈരുദ്ധ്യമുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമിതിയെ ബോധിപ്പിച്ചു. 'ഡി' ഗ്രേഡ് ക്ഷേത്രങ്ങളിൽ പതിനഞ്ചോ ഇരുപതോ പേരാകും ഒരു ദിവസം ക്ഷേത്ര ദർശനത്തിനായി വരുന്നതെന്നും ഇത്തരം ക്ഷേത്രങ്ങളിൽ വഴിപാട് നിരക്കുകൾ വർധിപ്പിച്ച് സാധാരണക്കാരെ ക്ഷേത്രങ്ങളിൽ നിന്ന് ഒഴിവാക്കുന്ന തരത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ലെന്നും സാധാരണ ജനങ്ങൾക്കുകൂടി വഴിപാടുകൾ നടത്താൻ കഴിയണമെന്ന വിശാലമായ കാഴ്ചപ്പാടാണ് ബോർഡിനുള്ളതെന്നും കമ്മീഷണർ കൂട്ടിച്ചേർത്തു.

58. വരുമാനം കുറയുന്ന എന്ന കാരണത്താൽ ക്ഷേത്രങ്ങൾ അടച്ചുപൂട്ടാൻ പാടില്ലെന്ന് അഭിപ്രായപ്പെട്ട സമിതി വരുമാനമുള്ള ദേവസ്വങ്ങൾക്ക് വരുമാനം കുറവുള്ള ക്ഷേത്രങ്ങളെ സഹായിക്കാൻ കഴിയില്ലേയെന്ന് ആരാഞ്ഞു. ഗുരുവായൂർ ദേവസ്വം ഒരു വർഷം 5 കോടി രൂപ മറ്റ് ക്ഷേത്രങ്ങൾക്ക് നൽകുന്നുണ്ടെന്നും എന്നാൽ മറ്റ് ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ടെന്നും സമിതി തദവസരത്തിൽ വ്യക്തമാക്കി. മലബാർ ദേവസ്വത്തിലെ ട്രസ്റ്റി ക്ഷേത്രങ്ങൾക്ക് ധനസഹായം ലഭിക്കില്ലേയെന്നും ദേവസ്വം ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിക്കാൻ പാടില്ലെന്ന് സർക്കാർ ഉത്തരവുണ്ടോയെന്നും സമിതി ആരാഞ്ഞു. മറ്റ് ദേവസ്വം ക്ഷേത്രങ്ങൾക്ക് സഹായം അനുവദിക്കേണ്ടതായെന്നത് ദേവസ്വം ബോർഡിന്റെ തീരുമാനമാണെന്നും ബോർഡിന്റെ തീരുമാനം മറികടക്കാൻ സർക്കാരിന് അധികാരമില്ലെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

59. ദേവസ്വത്തിന്റെ ധനസഹായം ദേവസ്വം ക്ഷേത്രങ്ങൾക്ക് അനുവദിക്കില്ലെന്ന തീരുമാനം പുന:പരിശോധിച്ച് മലബാർ ദേവസ്വത്തിലെ ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകണമെന്ന് ആവശ്യപ്പെടാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ദേവസ്വം ആക്റ്റിലെ വ്യവസ്ഥ പ്രകാരം ദേവസ്വം

ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകാൻ കഴിയില്ലെന്നാണ് അഡ്മിനിസ്ട്രേറ്റർ നൽകിയ മറുപടിയിൽ പറയുന്നതെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമിതിയെ അറിയിച്ചു. ദേവസ്വം ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകരുതെന്ന് പറഞ്ഞിട്ടില്ലെന്നും പരിമിതമായി മാത്രമേ സഹായിക്കാൻ കഴിയൂ എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നും റവന്യൂ (ദേവസ്വം) വകുപ്പ് അഡീഷണൽ സെക്രട്ടറി തദവസരത്തിൽ ബോധിപ്പിച്ചു.

60. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും ദേവസ്വം ബോർഡുകളുടെ പരിധിയിൽപ്പെടാത്തതുമായ ക്ഷേത്രങ്ങളുടെ ഉന്നമനത്തിനായി ഗുരുവായൂർ ദേവസ്വം ബോർഡ് മുൻകാലങ്ങളിൽ നൽകി വന്നിരുന്ന അഞ്ച് കോടി രൂപ നിലവിൽ പത്ത് കോടി രൂപയായി വർധിപ്പിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയ സമിതി മലബാർ ദേവസ്വം ബോർഡിന് കീഴിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷേത്രങ്ങളെക്കൂടി ഗുരുവായൂർ ദേവസ്വത്തിന്റെ ധനസഹായത്തിനായി പരിഗണിക്കണമെന്ന് സർക്കാരിനോട് ശിപാർശ നൽകാൻ തീരുമാനിച്ചു.

61. വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് ഗുരുവായൂർ ദേവസ്വം ബോർഡാണെന്നും മലബാർ ദേവസ്വം ബോർഡിന് ഭരണ നിയന്ത്രണം മാത്രമേയുള്ളൂവെന്നും ബോർഡിന് കീഴിലെ അമ്പലങ്ങൾ അതത് ട്രസ്റ്റിമാരുടേതാണെന്നും റവന്യൂ (ദേവസ്വം) വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. മലബാർ ദേവസ്വം ബോർഡ് മറ്റ് ദേവസ്വം ബോർഡുകളെ അപേക്ഷിച്ച് വ്യത്യസ്തമായതിനാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മലബാർ ദേവസ്വം ബോർഡിന് കീഴിലെ അമ്പലങ്ങൾക്കുകൂടി ധനസഹായം നൽകണമെന്ന സമിതി ശിപാർശ സർക്കാരിലേയ്ക്ക് വന്നതിനുശേഷം ഇക്കാര്യം ഗുരുവായൂർ ദേവസ്വം ബോർഡിനെ അറിയിക്കാമെന്ന് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു. പ്രസ്തുത വിഷയത്തിന്മേലുള്ള സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം ഗുരുവായൂർ ദേവസ്വം ബോർഡുമായി കൂടിയാലോചിച്ചതിന് ശേഷം റിപ്പോർട്ട് ലഭ്യമാക്കാമെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

62. തിരുനെല്ലി ക്ഷേത്ര നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞു. ടൂറിസം വകുപ്പിന്റെ പദ്ധതിയും ദേവസ്വത്തിന്റെ തനത് ഫണ്ടുമുപയോഗിച്ച് നടപ്പാക്കുന്ന നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ജൈനമത സംസ്കാരം കൂടി നിലനിൽക്കുന്ന തിരുനെല്ലി ക്ഷേത്രത്തിന്റെ ചുറ്റമ്പലത്തിന് പുറത്തായി സ്ഥിതി ചെയ്യുന്ന കൽമണ്ഡപത്തിന്റെ പുനരുദ്ധാരണം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും ചുറ്റമ്പലം ഉൾപ്പെടെ ക്ഷേത്രത്തിനകത്തുള്ള പണി ഏറെക്കുറെ പൂർത്തിയായിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമിതിയെ ബോധിപ്പിച്ചു.

63. കൽമണ്ഡപത്തിന്റെ പുനരുദ്ധാരണം എന്ത് കാരണത്താലാണ് ഹൈക്കോടതി സ്റ്റേ ചെയ്തതെന്ന് സമിതി ആരാഞ്ഞതിന് കൽമണ്ഡപത്തിന്റെ പൈതൃകം നഷ്ടപ്പെടുത്തുന്നുവെന്ന കാരണത്താലാണ് ഹൈക്കോടതി സ്റ്റേ ചെയ്തതെന്നും നിലവിൽ കല്ലുകളൊക്കെ ദ്രവിച്ച അവസ്ഥയിലുള്ള കൽമണ്ഡപത്തിന്റെ തനിമ നഷ്ടപ്പെടാതെ അതേ രീതിയിൽ പുന:സൃഷ്ടിക്കുന്ന തരത്തിലുള്ള സംരക്ഷണ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തതെന്നും ക്ഷേത്രങ്ങളുടെ പാരമ്പര്യ തനിമയും പശ്ചാത്തല ഭംഗിയും പരിഗണിക്കുന്നതിൽ തുടക്കത്തിൽ ചെറിയൊരു വീഴ്ച വന്നിരുന്നുവെങ്കിലും അത്തരം മൂല്യങ്ങൾ കണക്കിലെടുത്തുകൊണ്ടുതന്നെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ വ്യക്തമാക്കി. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

64. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തൃശ്ശിലേരി ശിവക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

65. വള്ളിയൂർകാവുമായി ബന്ധപ്പട്ട ഓഡിറ്റ് പരാമർശം പരിഗണിക്കവേ പൗരാണികമായ ക്ഷേത്രങ്ങളുടെ നവീകരണ പ്രവൃത്തികളിൽ കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് പ്രാധാന്യം നൽകുന്നത് എന്തിനാണെന്ന് സമിതി ആരാഞ്ഞു. ക്ഷേത്ര

ട്രസ്റ്റികളാണ് പ്രവൃത്തികൾ നടത്തിയതെന്നും കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയുന്നതിനെതിരെ കർശന നിലപാടെടുത്ത് മേലിൽ അത്തരം നിർമ്മാണ പ്രവൃത്തികൾ പാടില്ലെന്ന് നിർദേശം നൽകിയിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ വ്യക്തമാക്കി.

66. ക്ഷേത്ര പരിസരത്ത് ഇന്റർലോക്ക് പോലെയുള്ള നിർമ്മിതികൾ നടത്തി ക്ഷേത്രത്തിന്റെ പ്രകൃത്യാലുള്ള പ്രത്യേകതയാണ് നശിപ്പിച്ചതെന്നും ഇക്കാര്യത്തിൽ ഇടപെടൽ നടത്താൻ സാധിക്കില്ലേയെന്നും സമിതി ആരാഞ്ഞു. ഒരു എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ച് കാര്യങ്ങൾ നല്ല രീതിയിൽ നടത്തുന്നുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ വ്യക്തമാക്കി. 2018-ലെ പ്രളയത്തിൽ സ്ഥലത്ത് വെള്ളം കയറിയില്ലേയെന്ന് സമിതി ആരാഞ്ഞു. ക്ഷേത്ര സമീപത്ത് ടൂറിസം വകുപ്പ് നിർമ്മിച്ച ചന്തയിലാണ് വെള്ളം കയറിയതെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ മറുപടി നൽകി.

67. മാനികാവ് ശിവക്ഷേത്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമിതിയെ ബോധിപ്പിച്ചു. വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

68. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പുൽപ്പള്ളി മുരിക്കൻമാർ ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

69. പിഷാരിക്കാവ് ക്ഷേത്രത്തിൽ ഗസ്റ്റ് ഹൗസ് പോലുള്ള ഒരു കെട്ടിടം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പണിതിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലമില്ലാത്തതിനാൽ ദേവസ്വം ബോർഡ് മുഖേന പത്ത് സെന്റ് സ്ഥലം വാങ്ങി അത് പരിഹരിക്കാനുള്ള ശ്രമം നടത്തുന്നുണ്ടെന്നും ആറ് മാസത്തിനുള്ളിൽ അത് പരിഹരിക്കുമെന്നാണ് അറിയാൻ സാധിച്ചതെന്നും കാവിനോട് ചേർന്ന്

സ്ഥാപിച്ച ഇൻസിനറേറ്റർ പ്രവർത്തിക്കുന്നുണ്ടെന്നും ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതമാണെന്നും മറ്റ് ആക്ഷേപങ്ങളൊന്നുമുണ്ടായിട്ടില്ലെന്നും കാവ് നല്ല രീതിയിൽ തന്നെ സംരക്ഷിക്കുന്നുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ബോധിപ്പിച്ചു.

70. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

71. ജൈവ പ്രകൃതിക്ക് ക്ഷതമേൽപ്പിക്കുന്ന നിർമ്മിതികൾ ചിനക്കത്തൂർ കാവ് ക്ഷേത്രത്തിൽ നിലനിൽക്കുന്നുണ്ടെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞു. ക്ഷേത്രത്തിന്റെ ഭരണാധികാരമുള്ള പ്രാദേശിക ഭരണ സമിതിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതെന്നും ക്ഷേത്രത്തിന്റെ പൗരാണികതയ്ക്ക് ക്ഷതമേൽപ്പിക്കുന്ന നിർമ്മിതികൾ പാടില്ലെന്ന കർശന നിർദേശം നൽകിയിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ബോധിപ്പിച്ചു. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

72. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പെരുമ്പറമ്പ് മഹാദേവ ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

73. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ശ്രീ തിരുകാച്ചാംകുറിശ്ശി ദേവസ്വം പെരുമാൾ ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

74. **ക്ഷേത്രങ്ങളുടെ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും പേരിൽ പൗരാണിക മൂല്യമുള്ള പഴയ നിർമ്മിതികൾ നശിപ്പിക്കപ്പെടുന്നു എന്ന ഓഡിറ്റ് നിരീക്ഷണം ശരിയാണെന്ന് സമിതി വിലയിരുത്തുന്നു. ക്ഷേത്രങ്ങളുടെ**

നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും പേരിൽ പൗരാണിക മൂല്യമുള്ള പഴയ നിർമ്മിതികൾ നശിപ്പിക്കപ്പെടരുതെന്നും ക്ഷേത്രങ്ങളിൽ പഴയ നിർമ്മിതികൾ പരമാവധി നിലനിർത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

75. വരുമാനം കുറയുന്നു എന്ന കാരണത്താൽ ക്ഷേത്രങ്ങൾ അടച്ചുപൂട്ടാൻ പാടില്ലെന്ന് സമിതി വിലയിരുത്തുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും ദേവസ്വം ബോർഡുകളുടെ പരിധിയിൽപ്പെടാത്തതുമായ ക്ഷേത്രങ്ങളുടെ ഉന്നമനത്തിനായി ഗുരുവായൂർ ദേവസ്വം ബോർഡ് നൽകിവരുന്ന പത്ത് കോടി രൂപയുടെ ധനസഹായം മലബാർ ദേവസ്വം ബോർഡിനുകീഴിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷേത്രങ്ങൾക്കുകൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

76. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുനെല്ലി ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

77. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തൃശ്ശിലേരി ശിവക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

78. വള്ളിയൂർക്കാവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ കാവിന്റെ പ്രകൃതിക്ക് ഇണങ്ങാത്ത വിധത്തിലുള്ളതും നാഗരിക സ്വഭാവത്തിലുള്ളതുമായ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

79. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ മാനികാവ് ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

80. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പുൽപ്പള്ളി മുരിക്കൻമാർ

ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

81. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പിഷാരിക്കാവ് ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

82. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ചിനക്കത്തൂർ കാവ് ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

83. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പെരുമ്പറമ്പ് മഹാദേവ ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

84. റവന്യൂ (ദേവസ്വം) വകുപ്പിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ശ്രീ. തിരുകാച്ചാംകുറിശ്ശി ദേവസ്വം പെരുമാൾ ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് ശിപാർശകൾ**

- മലബാർ ദേവസ്വം ബോർഡിന്റെ ഭരണ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിലും കാവുകളിലും നടന്നുകഴിഞ്ഞതും നിലവിൽ നടന്ന് കൊണ്ടിരിക്കുന്നതുമായ നവീകരണ-വികസന പ്രവർത്തനങ്ങളുടെ ഫലമായി ക്ഷേത്രങ്ങളുടെ പൗരാണിക വാസ്തുശില്പ തനിമകൾക്കും, ഗ്രാമക്കാവുകളുടെ ജൈവ പ്രകൃതിക്കും ഉണ്ടാകുന്ന ആഘാതങ്ങൾ സംബന്ധിച്ച് സമഗ്രവും ആധികാരികവുമായ പഠനം നടത്തുക

- ക്ഷേത്രങ്ങളുടെ പൗരാണിക വാസ്തുമൂല്യങ്ങളും, കാവുകളുടെ ജൈവ പ്രകൃതിയും സംരക്ഷിച്ചുകൊണ്ടു മാത്രം നവീകരണ-വികസന പ്രവൃത്തികൾ നടത്താവുന്ന വിധം, നിയമങ്ങളും ചട്ടങ്ങളും സമഗ്രവും കാലോചിതവുമാക്കുക.
- ക്ഷേത്രങ്ങളുടെ/കാവുകളുടെ നവീകരണ പുനരുദ്ധാരണ വികസന പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുവാൻ വാസ്തുശില്പികൾ, പാരമ്പര്യ തച്ചുശാസ്ത്ര വിദഗ്ധർ, പുരാവസ്തു വിദഗ്ധർ, ചരിത്രകാരൻമാർ, പരിസ്ഥിതി വിദഗ്ധർ തുടങ്ങി പ്രസക്തമായ എല്ലാ വിഭാഗങ്ങൾക്കും പങ്കാളിത്തമുള്ള ഒരു ഉന്നതാധികാര സമിതിക്ക് രൂപം നൽകുകയും, പ്രസ്തുത സമിതിയുടെ ഉപദേശത്തോടെ/ അനുമതിയോടെ മാത്രമേ ഏതൊരു വികസന പ്രവർത്തനവും നടത്താവൂ എന്ന് നിയമം മൂലം നിഷ്കർഷിക്കുകയും ചെയ്യുക.
- ക്ഷേത്രങ്ങളുടെ വാസ്തുകലാ മൂല്യങ്ങളും, കാവുകളുടെ ജൈവ പ്രകൃതിയും പരിപാലിക്കുന്നതിന് പര്യാപ്തമായ ഒരു കൺസർവേഷൻ മാനുവൽന് രൂപം നല്കുക.
- ക്ഷേത്ര ട്രസ്റ്റിമാർ, നിർവഹണ ഉദ്യോഗസ്ഥർ, ക്ഷേത്ര സംരക്ഷണ/ പുനരുദ്ധാരണ കമ്മിറ്റികൾ, ക്ഷേത്രം ജീവനക്കാർ, മലബാർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ തുടങ്ങി എല്ലാ വിഭാഗക്കാർക്കും, സംരക്ഷിക്കപ്പെടേണ്ട മൂല്യങ്ങളെ സംബന്ധിച്ച് മതിയായ ബോധവൽക്കരണ/പരിശീലനപരിപാടികൾ ഏർപ്പെടുത്തുക.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.7.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

85. പൊതുശിപാർശകൾ സംബന്ധിച്ച് എന്താണ് വ്യക്തമാക്കാനുള്ളതെന്ന് സമിതി ആരാഞ്ഞു. മലബാർ ദേവസ്വം ബോർഡിന്റെ ഭരണ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിലും കാവുകളിലും നടന്നുകഴിഞ്ഞതും നിലവിൽ നടന്ന് കൊണ്ടിരിക്കുന്നതുമായ നവീകരണ-വികസന പ്രവർത്തനങ്ങളുടെ ഫലമായി ക്ഷേത്രങ്ങളുടെ പൗരാണിക വാസ്തുശില്പ തനിമയും ഗ്രാമക്കാവുകളുടെ

ജൈവപ്രകൃതിക്കും ഉണ്ടാകുന്ന ആഘാതങ്ങൾ സംബന്ധിച്ച് സമഗ്രവും ആധികാരികവുമായ പഠനം നടത്താൻ ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് സാധിച്ചിട്ടില്ലെന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് മലബാർ ദേവസ്വം ബോർഡിനുമുമ്പാകെ സമർപ്പിക്കുകയും വിഷയം വിശദമായി ചർച്ച ചെയ്യുകയും ഉണ്ടായെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. ക്ഷേത്രങ്ങളുടെ പൗരാണിക വാസ്തുമൂല്യവും കാവുകളുടെ ജൈവ പ്രകൃതിയും സംരക്ഷിച്ചുകൊണ്ടുമാത്രം നവീകരണ-വികസന പ്രവൃത്തികൾ നടത്തണമെന്നും പ്രവൃത്തികൾക്ക് ദേവസ്വം ബോർഡ് കമ്മീഷണർ മേൽനോട്ടം വഹിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ടെന്നും ഓരോ ശിപാർശയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ട് കൈവശമില്ലെന്നും സ്പെഷ്യൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

86. പ്രസ്തുത വിഷയം പഠനവിധേയമാക്കി നിയമനിർമ്മാണം നടത്തി പരിഹാര നടപടികൾ സ്വീകരിക്കാൻ കഴിയില്ലേയെന്ന് സമിതി ആരാഞ്ഞു. നിയമ നിർമ്മാണത്തിന്റെ ആവശ്യം വരുന്നില്ലെന്നും നവീകരണ-പുനരുദ്ധാരണ വികസന പ്രവർത്തനങ്ങളിൽ ഫണ്ടിന്റെ അപര്യാപ്തത പ്രധാന വിഷയമായതിനാൽ സമഗ്രവും ആധികാരികവുമായ പഠനം നടത്തുന്നതിനാവശ്യമായ സാമ്പത്തിക സ്ഥിതി ബോർഡിനില്ലെന്നും ബോർഡ് പ്രവർത്തിക്കുന്നതുപോലും പരിമിതമായ സാമ്പത്തിക സ്ഥിതിയിലായതിനാൽ ക്ഷേത്രട്രസ്റ്റിമാർ, നിർവഹണ ഉദ്യോഗസ്ഥർ, ക്ഷേത്ര സംരക്ഷണ /പുനരുദ്ധാരണ കമ്മിറ്റികൾ, ക്ഷേത്രം ജീവനക്കാർ, മലബാർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് സംരക്ഷിക്കപ്പെടേണ്ട മൂല്യങ്ങളെ സംബന്ധിച്ച് മതിയായ ബോധവൽക്കരണ/പരിശീലന പരിപാടികളൊന്നും തന്നെ നടത്താൻ കഴിയാത്ത അവസ്ഥയാണെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വിശദീകരിച്ചു.

87. ദേവസ്വം ബോർഡിന് കീഴിലെ മിക്ക ക്ഷേത്രങ്ങൾക്കും ബോർഡിന്റെ തുക കൂടാതെ ജനങ്ങളുടെ സംഭാവനയും ലഭിക്കുന്നുണ്ടെന്നും മിക്ക ക്ഷേത്രങ്ങളിലും ക്ഷേത്ര ഉപദേശക സമിതികളുടെ നേതൃത്വത്തിൽ നവീകരണ പ്രവർത്തനങ്ങളും മരാമത്ത് പ്രവൃത്തികളും നടക്കുന്നത് കാരണം ക്ഷേത്രങ്ങളിലെ പൗരാണിക അന്തരീക്ഷത്തെ

ഹനിക്കുന്ന രീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്നും നിരീക്ഷിച്ച സമിതി ക്ഷേത്രങ്ങളുടെയും കാവുകളുടെയും പശ്ചാത്തല ഭംഗിയെയും പ്രാചീന ശിൽപ ചാരുതകളെയും പൗരാണികമായ അന്തരീക്ഷത്തെയും ദോഷകരമായി ബാധിക്കാത്ത തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള പൊതുനിർദേശം നൽകാൻ കഴിയില്ലേയെന്ന് ആരാഞ്ഞു. ഇക്കാര്യം സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡ് മീറ്റിംഗ് നടത്തുകയും നിർദ്ദേശങ്ങൾ സർക്കുലറായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടിക്കാണിച്ച നിർമ്മാണ പ്രവൃത്തികളിലെ അപാകതകൾ നീക്കുന്നതിനായി നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബോധിപ്പിച്ചു.

88. ക്ഷേത്രങ്ങളിലെ വാസ്തുശിൽപ്പങ്ങൾ, പൗരാണിക മൂല്യമുള്ള നിർമ്മിതികൾ തുടങ്ങിയവ നശിച്ചുപോകാത്ത രീതിയിൽ സംരക്ഷിക്കേണ്ടതാണെന്നും പരിഷ്കരണങ്ങളുടെ പേരിൽ കാവുകൾ നശിക്കപ്പെട്ടാൽ പുനരുജ്ജീവിപ്പിക്കാൻ സാധിക്കില്ലെന്നും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട പാരമ്പര്യ വാസ്തുമൂല്യവും ജൈവ-പാരിസ്ഥിതിക മൂല്യങ്ങളും നാശം സംഭവിക്കാത്ത രീതിയിൽ സംരക്ഷിക്കപ്പെടണമെന്നും പൗരാണിക മൂല്യങ്ങളുള്ള നിർമ്മിതികൾ പുരാവസ്തു വകുപ്പിനെ ഏൽപ്പിച്ചാൽ സംരക്ഷിക്കപ്പെടുമെന്നും സമിതി അഭിപ്രായപ്പെട്ടു

89. കാവുകൾ വിശ്വാസത്തിന്റെ ഭാഗമാണെങ്കിലും അതത് പ്രദേശങ്ങളിലെ ജൈവവൈവിധ്യങ്ങളെ വളരെ കൃത്യമായി സൂക്ഷിക്കുന്ന ഇടങ്ങളാണെന്നും അപൂർവമായ വൃക്ഷങ്ങൾ ഉൾപ്പെട്ടിരുന്ന കാവുകൾ അന്യംനിന്നുപോയിട്ടുണ്ടെന്നും വിലയിരുത്തിയ സമിതി നിലവിലുള്ള പൗരാണികവും ഹരിതാഭവും വാസ്തുശിൽപ ഭംഗിയാൽ അനുപമവുമായ ക്ഷേത്രങ്ങളെങ്കിലും സംരക്ഷിക്കപ്പെടണമെന്ന് അഭിപ്രായപ്പെട്ടു.

90. വിശ്വാസികൾക്ക് അവരുടെ വിശ്വാസങ്ങൾ അനുസരിച്ച് കാര്യങ്ങൾ നടത്താനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ദേവസ്വം ബോർഡിന് ഉത്തരവാദിത്തമുണ്ടെന്നും അതോടൊപ്പംതന്നെ കല്ലിലും മണ്ണിലും മരത്തിലും

പണിതതും നൂറ്റാണ്ടുകൾ പഴക്കമുള്ളതും പ്രകൃതിയോട് ഇണങ്ങി നിൽക്കുന്നതുമായ പാരമ്പര്യ വാസ്തുകലാ നിർമ്മിതികളും കാവുകളും സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി മലബാർ ദേവസ്വം ബോർഡിന് സർക്കാർ ഫണ്ട് ലഭ്യമാക്കിയാൽ മാത്രമേ ഉദ്ദേശിക്കുന്നതുപോലെ മുമ്പോട്ടുപോകാൻ കഴിയുകയുള്ളൂവെന്ന് വ്യക്തമാക്കി. കാവുകളെ നവീകരണത്തിന്റെ ഭാഗമായി കോൺക്രീറ്റ് ചെയ്ത് ക്ഷേത്ര സംസ്കാരത്തിന് ചേരാത്ത വിധം ആധുനികവൽക്കരിക്കരുതെന്നും പരിഷ്കരണങ്ങൾ പാടില്ലെന്നും സർക്കുലറിൽ പ്രത്യേകം നിർദേശിക്കുന്നുണ്ടെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത സർക്കുലറിന്റെ കോപ്പി ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്ന് നിർദേശിച്ച സമിതി ഓഡിറ്റ് ശിപാർശകളെല്ലാം സമിതിയുടെ ശിപാർശകളായി റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**91. ദേവസ്വം ബോർഡിനുകീഴിലെ മിക്ക ക്ഷേത്രങ്ങൾക്കും ബോർഡിന്റെ തുക കൂടാതെ ജനങ്ങളുടെ സംഭാവനയും ലഭിക്കുന്നുണ്ടെന്നും മിക്ക ക്ഷേത്രങ്ങളിലും ക്ഷേത്ര ഉപദേശക സമിതികളുടെ നേതൃത്വത്തിൽ നവീകരണ പ്രവർത്തനങ്ങളും മരാമത്ത് പ്രവൃത്തികളും നടക്കുന്നത് കാരണം ക്ഷേത്രങ്ങളിലെ പൗരാണിക അന്തരീക്ഷത്തെ ഹനിക്കുന്ന രീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു.**

**92. ക്ഷേത്രങ്ങളിലെ വാസ്തുശിൽപ്പങ്ങൾ, പൗരാണിക മൂല്യമുള്ള നിർമ്മിതികൾ തുടങ്ങിയവ നശിച്ചുപോകാത്ത രീതിയിൽ സംരക്ഷിക്കേണ്ടതാണെന്നും പരിഷ്കരണങ്ങളുടെ പേരിൽ കാവുകൾ നശിക്കപ്പെട്ടാൽ പുനരുജ്ജീവിപ്പിക്കാൻ സാധിക്കില്ലെന്നും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട പാരമ്പര്യ വാസ്തുമൂല്യവും ജൈവ-പാരിസ്ഥിതിക മൂല്യങ്ങളും നാശം സംഭവിക്കാത്ത രീതിയിൽ സംരക്ഷിക്കപ്പെടണമെന്നും പൗരാണിക മൂല്യങ്ങളുള്ള നിർമ്മിതികൾ പുരാവസ്തു വകുപ്പിനെ ഏൽപ്പിച്ചാൽ സംരക്ഷിക്കപ്പെടുമെന്നും സമിതി അഭിപ്രായപ്പെടുന്നു.**

93. കാവുകൾ വിശ്വാസത്തിന്റെ ഭാഗമാണെങ്കിലും അതത് പ്രദേശങ്ങളിലെ ജൈവവൈവിധ്യങ്ങളെ വളരെ കൃത്യമായി സൂക്ഷിക്കുന്ന ഇടങ്ങളാണെന്നും അപൂർവമായ വൃക്ഷങ്ങൾ ഉൾപ്പെട്ടിരുന്ന കാവുകൾ അന്യംനിന്നുപോയിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. നിലവിലുള്ള പൗരാണികവും ഹരിതാഭവും വാസ്തുശിൽപ ഭംഗിയാൽ അനുപമവുമായ ക്ഷേത്രങ്ങളെങ്കിലും സംരക്ഷിക്കപ്പെടണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

94. വിശ്വാസികൾക്ക് അവരുടെ വിശ്വാസങ്ങൾ അനുസരിച്ച് കാര്യങ്ങൾ നടത്താനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ദേവസ്വം ബോർഡിന് ഉത്തരവാദിത്തമുണ്ടെന്നും അതോടൊപ്പംതന്നെ കല്ലിലും മണ്ണിലും മരത്തിലും പണിതതും നൂറ്റാണ്ടുകൾ പഴക്കമുള്ളതും പ്രകൃതിയോട് ഇണങ്ങി നിൽക്കുന്നതുമായ പാരമ്പര്യ വാസ്തുകലാ നിർമ്മിതികളും കാവുകളും സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. മലബാർ ദേവസ്വം ബോർഡിന് സർക്കാർ ഫണ്ട് ലഭ്യമാക്കുവാൻ സാധിക്കുമോ എന്ന വിഷയം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

95. ക്ഷേത്രങ്ങളുടെയും കാവുകളുടെയും പശ്ചാത്തല ഭംഗിയെയും പ്രാചീന ശിൽപ ചാരുതകളെയും പൗരാണികമായ അന്തരീക്ഷത്തെയും ദോഷകരമായി ബാധിക്കാത്ത തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള പൊതുനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് റവന്യൂ (ദേവസ്വം) വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിന്റെ കോപ്പി ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.

96. മലബാർ ദേവസ്വം ബോർഡിന്റെ ഭരണ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിലും കാവുകളിലും നടന്നു കഴിഞ്ഞതും നിലവിൽ നടന്നു കൊണ്ടിരിക്കുന്നതുമായ നവീകരണ-വികസന പ്രവർത്തനങ്ങളുടെ ഫലമായി

ക്ഷേത്രങ്ങളുടെ പൗരാണിക വാസ്തുശില്പ തനിമകൾക്കും, ഗ്രാമക്കാവുകളുടെ ജൈവ പ്രകൃതിക്കും ഉണ്ടാകുന്ന ആഘാതങ്ങൾ സംബന്ധിച്ച് സമഗ്രവും ആധികാരികവുമായ പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

97. ക്ഷേത്രങ്ങളുടെ പൗരാണിക വാസ്തുമൂല്യങ്ങളും, കാവുകളുടെ ജൈവ പ്രകൃതിയും സംരക്ഷിച്ചുകൊണ്ട് മാത്രം നവീകരണ-വികസന പ്രവൃത്തികൾ നടത്താവുന്ന വിധം, നിയമങ്ങളും ചട്ടങ്ങളും സമഗ്രവും കാലോചിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

98. ക്ഷേത്രങ്ങളുടെ/കാവുകളുടെ നവീകരണ പുനരുദ്ധാരണ വികസന പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുവാൻ വാസ്തുശില്പികൾ, പാരമ്പര്യ തച്ചുശാസ്ത്ര വിദഗ്ധർ, പുരാവസ്തു വിദഗ്ധർ, ചരിത്രകാരൻമാർ, പരിസ്ഥിതി വിദഗ്ധർ തുടങ്ങി പ്രസക്തമായ എല്ലാ വിഭാഗങ്ങൾക്കും പങ്കാളിത്തമുള്ള ഒരു ഉന്നതാധികാരസമിതിക്ക് രൂപം നൽകുകയും, പ്രസ്തുത സമിതിയുടെ ഉപദേശത്തോടെ/അനുമതിയോടെ മാത്രമേ ഏതൊരു വികസന പ്രവർത്തനവും നടത്താവൂ എന്ന് നിയമം മൂലം നിഷ്കർഷിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99. ക്ഷേത്രങ്ങളുടെ വാസ്തുകലാ മൂല്യങ്ങളും, കാവുകളുടെ ജൈവ പ്രകൃതിയും പരിപാലിക്കുന്നതിന് പര്യാപ്തമായ ഒരു 'കൺസർവേഷൻ മാന്വൽ'-ന് രൂപം നല്കുകണമെന്നും ക്ഷേത്ര ട്രസ്റ്റിമാർ, നിർവഹണ ഉദ്യോഗസ്ഥർ, ക്ഷേത്ര സംരക്ഷണ/പുനരുദ്ധാരണ കമ്മിറ്റികൾ, ക്ഷേത്രം ജീവനക്കാർ, മലബാർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ തുടങ്ങി എല്ലാ വിഭാഗക്കാർക്കും, സംരക്ഷിക്കപ്പെടേണ്ട മൂല്യങ്ങളെ സംബന്ധിച്ച് മതിയായ ബോധവൽക്കരണ/പരിശീലന പരിപാടികൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഹിന്ദുമത ധർമ്മദാന (ഭരണ) നിയമം (HR & CE Act) 1951-ന് പകരം പുതിയ നിയമ നിർമ്മാണം അനിവാര്യം.**

*[മലബാർ ദേവസ്വം ബോർഡ് ഓഡിറ്റ് 2013-14, 2014-15, 2015-16 വാർഷിക റിപ്പോർട്ട് ഖണ്ഡിക II- 7]*

2008-ലെ മലബാർ ദേവസ്വം ബോർഡ് രൂപീകരണ നിയമഭേദഗതിക്കുള്ള ഉദ്ദേശ്യകാരണ വിവരണത്തിൽ "നിലവിലുള്ള 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എന്റോവ്മെന്റ് ആക്ടിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് മതിയായ വ്യവസ്ഥകൾ അടങ്ങിയിട്ടില്ല ................" എന്നതാണ് ബോർഡിന്റെ രൂപീകരണത്തിലേക്ക് നയിച്ച കാരണങ്ങളിലൊന്ന് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്പോഴും മേൽപ്പറഞ്ഞ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പാകമായ വിധത്തിലുള്ളതല്ല മലബാറിലെ ക്ഷേത്രഭരണത്തിന് നിയാമകമായ HR & CE Act 1951. ഈ നിയമത്തിലെ 6, 7, 8, 13, 14, 15, 16, 19, 21, 23, 77, 78, 80, 81, 94, 99, 100 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്താണ് മലബാർ ദേവസ്വം ബോർഡ് രൂപീകൃതമായത്. ഇത്രയും ഭേദഗതികൾ മാറ്റി നിർത്തിയാൽ 1951-ലെ നിയമം തന്നെയാണ് ഇപ്പോഴും പ്രാബല്യത്തിലിരിക്കുന്നത്.

90 വർഷം മുമ്പ് (1927-ൽ) നടപ്പിലാക്കിയതും 66 വർഷം മുമ്പ് (1951-ൽ) സമഗ്രമായി ഭേദഗതി വരുത്തിയതുമായ ഈ നിയമത്തിലെ പല വകുപ്പുകളും നിഷ്കർഷകളും ഇന്നത്തെ സാഹചര്യത്തിൽ സ്പഷ്ടമായും കാലഹരണപ്പെട്ടവയാണ്. നിയമം പ്രാബല്യത്തിൽ വന്ന കാലത്തെ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾക്ക് ഇക്കാലയളവിൽ വന്ന മാറ്റങ്ങളാണ് 1951-ലെ നിയമത്തെ വലിയ തോതിൽ കാലഹരണപ്പെട്ടതാക്കുന്നത്.

1970-ലെ ഭൂപരിഷ്കരണ നിയമവും, ക്ഷേത്രങ്ങളുടെ കണക്ക് സൂക്ഷിപ്പ് വർഷം (Accounting Year) ജൂലായ്-ജൂൺ (ഫസലി വർഷം) ആയിരുന്നത് കലണ്ടർ വർഷമായി പരിഷ്കരിച്ചതും ക്ഷേത്രങ്ങളുടെ ഭരണപരമായ/ നിയന്ത്രണപരമായ

കാര്യങ്ങളെക്കുറിച്ച് നിയമത്തിലുള്ള ഉള്ളടക്കത്തെ ഗണ്യമായി മാറ്റിമറിച്ചിട്ടുണ്ട്. അത്തരം മാറ്റങ്ങൾക്ക് അനുസൃതമായി 1951-ലെ നിയമത്തിലെ ഉള്ളടക്കത്തിൽ പലയിടത്തും കാലോചിതമായ പരിഷ്കാരം ഇപ്പോഴും ഉണ്ടായിട്ടില്ല ചില ഉദാഹരണങ്ങൾ താഴെ പറയുന്നു.

ചില ഉദാഹരണങ്ങൾ

(a) വകുപ്പ് 34 " .............................. Enfranchisement of freeing of lands etc held by devadasis on condotion of service in temple .................................."

(b) വകുപ്പ് 10(2), 11 (3) പ്രകാരമുള്ള ചട്ടങ്ങൾ " ........................... An order delegating the power and duties of the commissioner to a Deputy Commissioner or Asst. Commissioner shall be published in the Fort St.George Gazatte............. "

(c) വകുപ്പ് 31(4) പ്രകാരമുള്ള ചട്ടങ്ങൾ " the notice shall be published in the Fort St.George Gazatte in English "

(d) അംശാദായം നിർണയിക്കുന്നതിനുള്ള ചട്ടം 100(2)(0) 3 " The trustee shall submit to the commissioner before 31st August in each Fasali year.

(e) വകുപ്പ് 100(2)(g)(3) ചട്ടപ്രകാരം ബജറ്റ് സമർപ്പിക്കേണ്ടതും ഫസലി വർഷാടിസ്ഥാനത്തിലാണ്.

ക്ഷേത്ര ഭരണ/നിയന്ത്രണ നിയമം ഈ രീതിയിൽ കാലഹരണപ്പെട്ടിട്ടും പുതിയ നിയമ നിർമ്മാണം ഉണ്ടാകാത്തത് മലബാർ ദേവസ്വം ബോർഡിന്റെ കാര്യക്ഷമതയെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

**1951-ലെ HR & CE നിയമവും ചട്ടങ്ങളും മലബാർ ദേവസ്വം ബോർഡിന്റെ ഉത്തരവുകളും തമ്മിലുണ്ടാകുന്ന വൈരുദ്ധ്യങ്ങൾ.**

*[മലബാർ ദേവസ്വം ബോർഡ് ഓഡിറ്റ് 2013-14, 2014-15, 2015-16 വാർഷിക റിപ്പോർട്ട് ഖണ്ഡിക II-8]*

2008-ൽ രൂപീകൃതമായ മലബാർ ദേവസ്വം ബോർഡ് ഓരോരോ വിഷയത്തിലും പുറപ്പെടുവിച്ച് കൊണ്ടിരിക്കുന്ന ഉത്തരവുകളിൽ പലതും, അതത് വിഷയത്തിൽ 1951-ലെ നിയമത്തിലും ചട്ടങ്ങളിലും പരാമർശിക്കുന്ന വ്യവസ്ഥകളുമായി ഒത്തുപോകുന്നതല്ല എന്ന് കാണുന്നു.

ഉദാഹരണത്തിന് മലബാർ ദേവസ്വം ബോർഡിന്റെ സർക്കുലർ (നം.എച്ച്.9/1637/ 10/12.03.2010) ഖണ്ഡിക 16 പ്രകാരം വരും വർഷത്തെ ബജറ്റ് തയ്യാറാക്കി സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടത് ഒക്ടോബർ 31-ന് മുമ്പായിട്ടാണ്. എന്നാൽ HR & CE ആക്ടിലെ വകുപ്പ് 70 പ്രകാരം വരും വർഷത്തെ ബജറ്റ് സമർപ്പിച്ച് അംഗീകരിച്ച വാങ്ങേണ്ടത് മാർച്ചിന് മുമ്പായിട്ടാണ്. നിയമവും ചട്ടങ്ങളും ബോർഡിന്റെ ഉത്തരവുകളും തമ്മിൽ ഇത്തരത്തിലുള്ള വൈരുദ്ധ്യങ്ങൾ പല വിഷയങ്ങളിലും ഉടലെടുക്കുന്നതായി കാണാവുന്നതാണ്.

നിയമവും ചട്ടങ്ങളുമായി ഒത്തുപോകാത്ത ഉത്തരവുകൾ കോടതികളിൽ ചോദ്യം ചെയ്യപ്പെടുന്ന പക്ഷം നിലനിൽക്കുന്നതല്ല. അതിനാൽ നിയമപരമായ ഇത്തരം വൈരുദ്ധ്യങ്ങൾ ബോർഡിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുവാൻ ഇടവരുത്തുമെന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു. സമഗ്രമായ മലബാർ ദേവസ്വം നിയമം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഈ വൈരുദ്ധ്യങ്ങൾ വിരൽ ചൂണ്ടുന്നത്. ബോർഡിന്റെയും ദേവസ്വം വകുപ്പിന്റെയും സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 9.1, 9.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

100. ഹിന്ദുമത ധർമ്മദാന (ഭരണ) നിയമം (HR & CE Act) 1951-ന് പകരം പുതിയ നിയമനിർമ്മാണം അനിവാര്യം എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പുതിയ നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുകയാണെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി. ക്ഷേത്രങ്ങളുടെ ട്രസ്റ്റിന്റെ ഐഡന്റിറ്റി എങ്ങനെ ലയിപ്പിക്കുമെന്ന പ്രശ്നമുണ്ടെന്നും പല ക്ഷേത്രങ്ങളും ട്രസ്റ്റിമാരുടെ കയ്യിലായതിനാൽ അവരുടെ പക്കൽ നിന്നും അധികാരം കൈമാറ്റം ചെയ്യുക എന്നത് എളുപ്പത്തിൽ സാധിക്കുന്നതല്ലെന്നും ക്ഷേത്രങ്ങൾ പരിപാലിക്കുന്ന ട്രസ്റ്റികൾ ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും തിരുവിതാംകൂർ ദേവസ്വവുമായി താരതമ്യപ്പെടുത്തുമ്പോൾ മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രങ്ങൾ വളരെ പിന്നാക്കാവസ്ഥയിലാണെന്നും വിലയിരുത്തിയ സമിതി പ്രസ്തുത വിഭാഗങ്ങൾക്ക് സംരക്ഷണം കൊടുക്കാൻ ഉതകുന്ന തരത്തിലുള്ള നിയമനിർമ്മാണം കൊണ്ടുവരികയെന്നതാണ് ആവശ്യമെന്നും അഭിപ്രായപ്പെട്ടു.

101. ട്രസ്റ്റിമാരുടെ പക്കലുള്ള സാമ്പത്തിക അധികാരം എടുത്തുമാറ്റുക എന്നത് വളരെ പ്രയാസമാണെന്നും ട്രസ്റ്റിമാരുടെ യോഗം ചേർന്നപ്പോൾ ട്രസ്റ്റിമാർക്ക് അധികാരമുള്ള ക്ഷേത്രങ്ങളെ ബില്ലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാനാകുമോ എന്നാണ് അവർ ആരാഞ്ഞതെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ബോധിപ്പിച്ചു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പുതിയ നിയമനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റ് ഖണ്ഡിക പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു

102. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് 1951-ലെ ഹിന്ദുമത ധർമ്മ സ്ഥാപന നിയമം പരിഷ്കരിച്ച് പുതിയ നിയമനിർമ്മാണം വരുന്ന മുറയ്ക്ക് 1951-ലെ HR&CE നിയമവും ചട്ടങ്ങളും മലബാർ ദേവസ്വം ബോർഡിന്റെ ഉത്തരവുകളും തമ്മിലുണ്ടാകുന്ന വൈരുദ്ധ്യങ്ങൾ എന്ന ഓഡിറ്റ് പരാമർശം പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**103. ക്ഷേത്രങ്ങളുടെ ട്രസ്റ്റിന്റെ ഐഡന്റിറ്റി എങ്ങനെ ലയിപ്പിക്കുമെന്ന പ്രശ്നമുണ്ടെന്നും പല ക്ഷേത്രങ്ങളും ട്രസ്റ്റിമാരുടെ കയ്യിലായതിനാൽ അവരുടെ പക്കൽനിന്നും അധികാരം കൈമാറ്റം ചെയ്യുക എന്നത് എളുപ്പത്തിൽ സാധിക്കുന്നതല്ലെന്നും ക്ഷേത്രങ്ങൾ പരിപാലിക്കുന്ന ട്രസ്റ്റികൾ ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും തിരുവിതാംകൂർ ദേവസ്വവുമായി താരതമ്യപ്പെടുത്തുമ്പോൾ മലബാർ ദേവസ്വം ബോർഡിനുകീഴിൽ വരുന്ന ക്ഷേത്രങ്ങൾ വളരെ പിന്നാക്കാവസ്ഥയിലാണെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഭാഗങ്ങൾക്ക് സംരക്ഷണം കൊടുക്കാൻ ഉതകുന്ന തരത്തിലുള്ള നിയമനിർമ്മാണം കൊണ്ടുവരികയെന്നതാണ് ആവശ്യമെന്ന് സമിതി അഭിപ്രായപ്പെടുന്നു. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് 1951-ലെ ഹിന്ദുമത ധർമ്മ സ്ഥാപന നിയമം പരിഷ്കരിച്ച് പുതിയ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

1950-ലെ ട്രാവൻകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്റ്റിലെ സെക്ഷൻ 32 നൽകുന്ന അധികാരത്തിന്റെ അടിസ്ഥാനത്തിലും, ബഹു. കേരള ഹൈക്കോടതിയുടെ 28.07.1952 തീയതിയിലെ സി1-3074/50 നമ്പർ നടപടിക്രമത്തിലെ ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഓഡിറ്റ് സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിവരുന്നത്. ഓഡിറ്റ് റിപ്പോർട്ടിന്റെ തുടർ നടപടികൾ സ്വീകരിക്കുന്നത് ബഹു. കേരള ഹൈക്കോടതിയാണ്.

**കൊച്ചിൻ ദേവസ്വം ബോർഡ്**

1950-ലെ ട്രാവൻകൂർ കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് പ്രകാരം ആണ് കൊച്ചിൻ ദേവസ്വം ബോർഡ് രൂപീകൃതമായത്. ഈ നിയമത്തിലെ സെക്ഷൻ 102(2) പ്രകാരം വാർഷിക കണക്കുകൾ എല്ലാ വർഷവും ഓഡിറ്റിന് വിധേയമാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുവാൻ സമയപരിധി നിശ്ചയിച്ചിട്ടില്ല. ആക്ടിലെ വ്യവസ്ഥ സെക്ഷൻ 102(4) പ്രകാരം ഓഡിറ്റർമാരെ നിശ്ചയിക്കുന്നത് കേരള ഹൈക്കോടതിയാണ്. വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ കേരള ഹൈക്കോടതിയുടെ 30.10.1958-ലെ എ 1/2006/52 നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തി. റിപ്പോർട്ട് സംബന്ധിച്ച തുടർ നടപടികൾ എല്ലാം ഹൈക്കോടതിയുടെ മേൽനോട്ടത്തിലാണ്.

- **ബജറ്റ്** - ദേവസ്വം ബോർഡ് ബജറ്റ് തയ്യാറാക്കി ആവശ്യമായ ഭേദഗതിയോടുകൂടി അംഗീകരിക്കുകയും, സാമ്പത്തിക വർഷം ആരംഭിച്ച് രണ്ടു മാസത്തിനുള്ളിൽ സർക്കാരിന് അയച്ച് കൊടുക്കുകയും ചെയ്യേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നത് സംസ്ഥാന സർക്കാരിന്റെ ബജറ്റ് മാന്വൽ അടിസ്ഥാനമാക്കിയാണ്. ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച ചട്ട വ്യവസ്ഥകൾ നിലവിലില്ല. TCHR Act, Sec 122 പ്രകാരം റൂൾ തയ്യാറാക്കുന്നതിനുള്ള അധികാരം ബോർഡിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും നാളിതുവരെ പ്രസ്തുത അധികാരം പ്രയോഗത്തിൽ വന്നിട്ടില്ലാത്തതാണ്.

- **വാർഷിക ഭരണ റിപ്പോർട്ട്** - വാർഷിക ഭരണ റിപ്പോർട്ട് ബോർഡ് അംഗീകരിക്കുകയും ഈ റിപ്പോർട്ട് സാമ്പത്തിക വർഷം അവസാനിച്ച് 3 മാസത്തിനുള്ളിൽ ഗവൺമെന്റിന് സമർപിക്കേണ്ടതുമാണ്. തയ്യാറാക്കേണ്ട രീതിയോ നടപടിക്രമങ്ങളോ വ്യവസ്ഥ ചെയ്തിട്ടില്ല.

- അക്കൗണ്ട്സ് റൂൾസ് നിലവിലില്ല.

**തിരുവിതാംകൂർ-കൊച്ചിൻ ദേവസ്വം ബോർഡുകൾക്ക് പൊതുവിൽ ബാധകമായ നിയമ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| കവനന്റ് ആർട്ടിക്കിൾ 8 (c) (TDB) & ആർട്ടിക്കിൾ 8 (d) (CDB) | തിരുവിതാംകൂർ ദേവസ്വം ബോർഡ് തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരും ഇന്ത്യാ ഗവൺമെന്റും തമ്മിൽ ഉണ്ടാക്കിയ 01.07.1949-ലെ കവനന്റ് (COVENANT) പ്രകാരമാണ് നിലവിൽ വന്നിട്ടുള്ളത്. |
| TCHRI ACT സെക്ഷൻ 32 (1) | കണക്ക് സൂക്ഷിക്കൽ - ബോർഡിന്റെ ചുമതലകൾ<br>ബോർഡ് അതിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും വരവുചെലവ് കണക്ക് സൂക്ഷിക്കേണ്ടതാണ്. (ഇക്കാര്യം ചുമതല വഹിക്കുന്നത് ബോർഡിലെ അക്കൗണ്ട്സ് ഓഫീസറും അക്കൗണ്ട്സ് വിഭാഗവുമാണ്). |
| (2) | ഓഡിറ്റ് – അനന്തര നടപടി – ഹൈക്കോടതിയുടെ നിയന്ത്രണത്തിൽ ബോർഡിന്റെ കണക്കുകൾ ഓരോ വർഷവും ഓഡിറ്റ് ചെയ്യേണ്ടതാണ്. |
| (3) | ഹൈക്കോടതി നിയമിക്കുന്ന ഓഡിറ്റർമാരാണ് ഓഡിറ്റ് നിർവഹിക്കേണ്ടത്. |
| (5) | ഓഡിറ്റ് റിപ്പോർട്ട് ഹൈക്കോടതിക്കാണ് സമർപ്പിക്കേണ്ടത്. ടി റിപ്പോർട്ടിൽ ദേവസ്വത്തിനുണ്ടായിട്ടുള്ള നഷ്ടങ്ങളെ സംബന്ധിച്ചും വിവരം ഉൾക്കൊള്ളിക്കേണ്ടതാണ്. കൂടാതെ കണക്കുകളെ സംബന്ധിച്ചും മറ്റ് വിഷയങ്ങളെ സംബന്ധിച്ചും ഹൈക്കോടതി ആവശ്യപ്പെടുന്നവ ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് ഹൈക്കോടതി സമക്ഷം സമർപ്പിക്കേണ്ടതാണ്. |
| (6) | ഹൈക്കോടതി ടി ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അവയിൽ പരാമർശിക്കുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിനായി ബോർഡിന് അയച്ചു കൊടുക്കുന്നു. |
| (7) | ഹൈക്കോടതി ഇതിന്മേലുള്ള മറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബോർഡിനോ മറ്റ് ജീവനക്കാർക്കോ എതിരായി സർച്ചാർജ് നടപടി സ്വീകരിക്കുന്നു. |

| | |
|---|---|
| (8) | ഓഡിറ്റ് റിപ്പോർട്ട് - സർക്കാരിന് സമർപ്പിക്കണം<br><br>ഓഡിറ്റ് റിപ്പോർട്ട് കിട്ടി 2 മാസത്തിനകം ബോർഡ് ടി റിപ്പോർട്ടിന്റെ ഒരു പകർപ്പ് സർക്കാരിന് സമർപ്പിക്കുന്നു. (2007-ലെ ഭേദഗതി പ്രകാരം നിലവിൽ വന്നു). (ടി സംഗതി ചെയ്യുന്നത് കമ്മീഷണറാണ്). |
| S 33 (1) | ബജറ്റ് - സർക്കാരിന് സമർപ്പിക്കണം<br><br>ബോർഡ് എല്ലാ വർഷവും തൊട്ടടുത്ത വർഷത്തെ വരവ്-ചെലവ് കണക്കുകളെ സംബന്ധിച്ച ബജറ്റ് തയ്യാറാക്കുന്നു. (ബജറ്റ് തയ്യാറാക്കുന്നത് അക്കൗണ്ട്സ് ഓഫീസറാണ്). ഒരു സാമ്പത്തിക വർഷം തുടങ്ങി രണ്ടു മാസത്തിനകം ടി ബജറ്റിന്റെ മതിയായ പകർപ്പുകൾ സർക്കാരിന് സമർപ്പിക്കേണ്ടതാണ്. (ഇക്കാര്യം നിർവഹിക്കുന്നത് കമ്മീഷണറാണ്). |
| (2) | അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് - സർക്കാരിന് സമർപ്പിക്കണം<br><br>ബോർഡ് ഓരോ സാമ്പത്തിക വർഷവും ബോർഡിന്റെ ഭരണ റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയതിന്റെ മതിയായ പകർപ്പുകൾ അടുത്ത സാമ്പത്തിക വർഷം തുടങ്ങി മൂന്ന് മാസത്തിനകം സർക്കാരിന് സമർപ്പിക്കേണ്ടതാണ്. (ഭരണ റിപ്പോർട്ട് തയ്യാറാക്കുന്നതും ആയത് സർക്കാരിന് സമർപ്പിക്കുന്നതും കമ്മീഷണറാണ്). |

**മലബാർ ദേവസ്വം ബോർഡ്**

1951-ലെ MHR&CE ആക്ടിലെയും, 1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെയും, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെയും അധികാരപ്പെടുത്തലിന്റെ അടിസ്ഥാനത്തിലുമാണ് മലബാർ ദേവസ്വം ബോർഡിന്റെയും ക്ഷേത്രങ്ങളുടെയും ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നടത്തുന്നത്. ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച ശേഷം ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലും ചട്ടങ്ങളിലും അനുശാസിക്കുന്ന വിധമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നു. ശ്രദ്ധേയമായ പരാമർശങ്ങൾ ഓരോ വർഷവും സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നു.

| | |
|---|---|
| MHR&CE ആക്ട് സെക്ഷൻ 81(സി)(1) | ബജറ്റ് |
| MHR&CE ആക്ട് സെക്ഷൻ 81(സി)(2) | വാർഷിക ഭരണ റിപ്പോർട്ട് - സാമ്പത്തിക വർഷം അവസാനിച്ച് രണ്ടു മാസത്തിനകം ബോർഡ് തയ്യാറാക്കണം. അതുകഴിഞ്ഞ് ഒരു മാസത്തിനകം സർക്കാരിന് നൽകണം. സർക്കാർ അത് ലഭിച്ച് ഒരു മാസത്തിനകം നിയമസഭയ്ക്ക് സമർപ്പിക്കണം. |
| MHR&CE ആക്ട് സെക്ഷൻ 81(എ)(3) | ഓഡിറ്റ് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഓഡിറ്റ് നടത്തണം. |

**ഗുരുവായൂർ ദേവസ്വം ഓഡിറ്റ്**

1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിലെ വകുപ്പ് 23(2), 1980-ലെ ഗുരുവായൂർ ദേവസ്വം ചട്ടങ്ങളിലെ ചട്ടം 17 എന്നിവ പ്രകാരമാണ് ഗുരുവായൂർ ദേവസ്വത്തിന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തുന്നത്. നിയമത്തിലെ സെക്ഷൻ 24 പ്രകാരം സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പ് സമർപ്പിക്കുന്നത് ഗുരുവായൂർ ദേവസ്വം കമ്മീഷണർക്കാണ്. ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതും കമ്മീഷണറാണ്.

- **വാർഷിക കണക്കുകൾ** - നിയമത്തിലെ സെക്ഷൻ 23 പ്രകാരം ദേവസ്വത്തിന്റെ കണക്കു സൂക്ഷിപ്പിന്റെ ചുമതല ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. നിലവിൽ കമ്മിറ്റി അംഗീകരിച്ച് വാർഷിക കണക്കുകൾ കമ്മീഷണർക്ക് നൽകുന്നു.

- **ബജറ്റ്** - നിയമത്തിലെ സെക്ഷൻ 21 പ്രകാരം, കമ്മിറ്റി അംഗീകരിച്ച ബജറ്റ് കമ്മീഷണർ സർക്കാരിലേക്ക് നൽകണമെന്ന് പറയുന്നു.
- **ഭരണ റിപ്പോർട്ട്** - ദേവസ്വത്തിന്റെ ഭരണ റിപ്പോർട്ട് മാനേജിംഗ് കമ്മിറ്റി കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും കമ്മീഷണർ സർക്കാരിന് സമർപ്പിക്കേണ്ടതും, സർക്കാർ നിയമസഭക്ക് മുമ്പാകെ സമർപ്പിക്കേണ്ടതുമാണെന്ന് ദേവസ്വം നിയമത്തിലെ സെക്ഷൻ 13-ൽ വ്യക്തമാക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-1, ഓഡിറ്റ് ഖണ്ഡിക 2.3.1 മുതൽ 2.3.4 വരെ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

104. തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക സമിതി പരിഗണിക്കുകയും പ്രത്യേക പരാമർശമില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

105. കൊച്ചിൻ ദേവസ്വം ബോർഡിൽ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ചട്ട വ്യവസ്ഥകൾ നാളിതുവരെയും തയ്യാറാക്കിയിട്ടില്ല, വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കേണ്ട രീതിയോ നടപടിക്രമങ്ങളോ നാളിതുവരെയും വ്യവസ്ഥ ചെയ്തിട്ടില്ല, അക്കൗണ്ട്സ് റൂൾസ് നിലവിലില്ല എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ എന്താണ് വ്യക്തമാക്കാനുള്ളതെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ പരിശോധിക്കാൻ കുറച്ചുകൂടി സമയം വേണ്ടി വരുമെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

106. മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ഓഡിറ്റ് എന്നീ ഓഡിറ്റ് ഖണ്ഡികകൾ സമിതി പരിഗണിക്കുകയും പ്രത്യേക പരാമർശമില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

## നിഗമനങ്ങളും ശിപാർശകളും

**107. കൊച്ചിൻ ദേവസ്വം ബോർഡിൽ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ചട്ട വ്യവസ്ഥകൾ നാളിതുവരെയും തയ്യാറാക്കിയിട്ടില്ല, വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കേണ്ട രീതിയോ നടപടിക്രമങ്ങളോ നാളിതുവരെയും വ്യവസ്ഥ ചെയ്തിട്ടില്ല, അക്കൗണ്ട്സ് റൂൾസ് നിലവിലില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**108. തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക പ്രത്യേക പരാമർശമില്ലാത്തതിനാൽ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**109. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക പ്രത്യേക പരാമർശമില്ലാത്തതിനാൽ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**110. ഗുരുവായൂർ ദേവസ്വം ഓഡിറ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക പ്രത്യേക പരാമർശമില്ലാത്തതിനാൽ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗ്രീൻഫീൽഡ് സ്റ്റേഡിയം - പാട്ടക്കുടിശിക, സേവനനികുതി ഇനങ്ങളിൽ സർവകലാശാലയ്ക്ക് 2,93,80,059/- രൂപ ലഭിക്കാൻ അവശേഷിക്കുന്നു.**

*[കേരള സർവകലാശാല 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-7]*

കേരള സർവകലാശാലയും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റും (NGS) തമ്മിൽ 18.12.2012-ന് ചമച്ച കരാർ പ്രകാരം എല്ലാ വർഷവും ഡിസംബർ മാസം അഡ്വാൻസായി പാട്ടത്തുകയായ 94 ലക്ഷം രൂപയും സേവനനികുതിയും സർവകലാശാലാ ഫണ്ടിലേക്ക് അടക്കേണ്ടതാണ്. പാട്ടക്കരാർ വ്യവസ്ഥപ്രകാരം കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ 37 ഏക്കർ സ്ഥലം 15

വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ സ്ഥലത്തിന്റെ വിപണി വിലയുടെ 2.5% വാർഷിക പാട്ടമായി നിശ്ചയിച്ച് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് കൈമാറിയിട്ടുള്ളതാണ്. 10.10.2017-ന് കെ.എസ്.എ.കെ.ആർ.യു.6/സ്റ്റേഡിയം/ 2017 നമ്പരായി സർവകലാശാലാ രജിസ്ട്രാർക്ക് നൽകിയ ഓഡിറ്റ് റിക്വിസിഷന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് 2012 മുതൽ നാളിതുവരെ ആകെ 2,93,80,520/- രൂപ മാത്രമാണ് സർവകലാശാലാ ഫണ്ടിൽ അടച്ചിട്ടുള്ളത്. അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അടവാക്കിയ തുക (രൂപ) |
|---|---|
| 2012 | 1,05,61,840 |
| 2013 | 1,05,61,840 |
| 2014 | 82,56,840 (ഭാഗികമായി മാത്രം തുക ഒടുക്കി) |
| **ആകെ** | **2,93,80,520** |

2015 മുതൽ പാട്ടക്കുടിശിക ഒടുക്കുവരുത്തിയിട്ടില്ല. ഇത് പാട്ടക്കരാർ വ്യവസ്ഥകളുടെ ലംഘനമാണ്. NGS-മായുള്ള കരാറനുസരിച്ച് ഓരോ മൂന്നുവർഷം കൂടുന്തോറും പാട്ടത്തുക പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. എന്നാൽ 2015 മുതൽക്ക് പാട്ടത്തുക പുനർനിർണയം നടത്തിയിട്ടില്ല. 2015 മുതൽ പുതുക്കിയ നിരക്കിലുള്ള തുക കരാർ മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചയിക്കേണ്ടതും പാട്ടത്തുക ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. കുടിശിക തുക ഈടാക്കി സർവകലാശാല ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള അടിയന്തര നടപടികൾക്കായി സർവകലാശാല ഭരണതല സംവിധാനത്തിന്റെ ഇടപെടൽ അനിവാര്യമാണ്. ഓഡിറ്റ് റിക്വിസിഷന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ, സർവകലാശാല ഫണ്ടിന് ലഭിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു. (പാട്ടത്തുക കരാർ വ്യവസ്ഥകൾക്കനുസൃതമായി പുതുക്കി നിർണയിക്കാത്തതിനാൽ പഴയ നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്)

| ഇനം | തുക (രൂപ) |
|---|---|
| പാട്ടത്തുക (2014,2015&2016) | 2,10,20,140/- (22,20,140+94,00,000+94,00,000) |
| സേവനനികുതി | 31,53,023/- (3,33,023+14,10,000+14,10,000) |
| തുക അടവാക്കാനുള്ള കാലതാമസം-18% നിരക്കിലുള്ള പലിശ (2015 മുതൽ 31.03.2017 വരെ) | 52,06,896/- |
| **ആകെ** | **2,93,80,059/-** |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1, 3.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

111. പാട്ടത്തുകയായ 2,93,80,059/- രൂപ കേരള സർവകലാശാല ഫണ്ടിൽ ലഭിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും ഉപോത്ബലകമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ എന്താണ് വ്യക്തമാക്കാനുള്ളതെന്ന് സമിതി ആരാഞ്ഞു. ഓഡിറ്റ് പരാമർശത്തിലെ തുകയായ 2,93,80,059/- രൂപ ഉൾപ്പെടെ 2012 മുതൽ 2018 വരെയുള്ള കാലയളവിൽ 5,41,79,860/- രൂപ സർവകലാശാലയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ചിരുന്നുവെന്നും അതിനുശേഷമുള്ള വർഷങ്ങളിലെ കുടിശിക ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്പോർട്സ് ഡയറക്ടറുടെ 23.06.2024-ലെ കത്ത് പ്രകാരം വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ഫണ്ട് ബജറ്റിൽ അലോക്കേറ്റ് ചെയ്യാത്തതു കൊണ്ടാണ് നൽകാത്തതെന്നും അലോക്കേറ്റ് ചെയ്താൽ ഉടൻ തന്നെ നൽകാമെന്നും സർക്കാർ അറിയിച്ചിട്ടുണ്ടെന്നും കേരള സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു. ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണമെന്ന് 08.02.2024 മുതൽ സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ ഫലമായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് രജിസ്ട്രാർ കൂട്ടിച്ചേർത്തു.

112. 2017-2018-ലെ ഓഡിറ്റ് പരാമർശമാണെന്നും പാട്ടത്തുക കേരള സർവകലാശാലയ്ക്ക് ലഭിച്ചതായി അറിയിച്ചെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ലെന്നതാണ് പരാമർശമെന്നും നിയമസഭാ സ്പെഷ്യൽ സെക്രട്ടറി തദവസരത്തിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. രേഖകൾ ഹാജരാക്കാമെന്നും 2021-22-ലാണ് 5,41,79,860/- രൂപ കേരള സർവകലാശാല ഫണ്ടിലേക്ക് വരവ് വച്ചിട്ടുള്ളതെന്നും ഓഡിറ്റ് പരിശോധനാ വേളയിൽ പ്രസ്തുത തുക ലഭിച്ചിരുന്നില്ലെന്നും കേരള സർവകലാശാല രജിസ്ട്രാർ വ്യക്തമാക്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങളും ശിപാർശകളും

**113. ഗ്രീൻഫീൽഡ് സ്റ്റേഡിയം-പാട്ടകുടിശിക, സേവന നികുതി ഇനങ്ങളിൽ സർവകലാശാലയ്ക്ക് ലഭിച്ചതും ലഭിക്കാൻ അവശേഷിക്കുന്നതുമായ തുകകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിർമ്മാണ പെർമിറ്റ് എടുക്കാതെ കെട്ടിടങ്ങൾ നിർമ്മിക്കുന്ന-സർവകലാശാലയുടെ നടപടി നിയമവിരുദ്ധം.**

*[കേരള സർവകലാശാല 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-17]*

കാര്യവട്ടം എഞ്ചിനീയറിംഗ് വിഭാഗത്തിലെ കെട്ടിട നിർമ്മാണ ഫയലുകൾ പരിശോധിച്ചതിൽ നിന്നും കാര്യവട്ടം ക്യാമ്പസ്, പാളയം സെനറ്റ് ഹൗസ് ക്യാമ്പസ് എന്നിവിടങ്ങളിൽ സർവകലാശാല പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും അവയുടെ കൂട്ടിച്ചേർക്കലുകൾക്കും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 4(2) എന്നിവ അനുശാസിക്കുന്ന വിധത്തിലുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുന്നില്ലെന്ന് കാണുന്നു. കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം.10/20-9-17) മറുപടിയായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാത്തതിൽ ഒഴിവ് കിട്ടുമെന്ന ധാരണയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതാണെന്നും കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുന്നതിൽ നിന്നും സർവകലാശാലയെ ഒഴിവാക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചതായും (രജിസ്ട്രാറുടെ 31-03-2015-ലെ എ.ഡി.ബി.1(1). 16684/2014) യൂണി. എഞ്ചിനീയർ അറിയിച്ചു. എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുന്നതിൽ നിന്നും സർവകലാശാലയെ ഒഴിവാക്കിയതായുള്ള മറുപടിയോ ഉത്തരവോ സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുന്നതിൽ നിന്നും നിലവിലെ സാഹചര്യത്തിൽ സർവകലാശാലയെ ഒഴിവാക്കിയിട്ടില്ലാത്തതിനാൽ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് നിയമ പ്രശ്നങ്ങൾ ഉണ്ടാകുന്നതിന് കാരണമാകും. അതോടൊപ്പം കാര്യവട്ടം ക്യാമ്പസിലെ അതിർത്തിയെ സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ തർക്കമുള്ള ഭാഗത്തോ ആയതിന് സമീപത്തോ നിർമ്മാണാനുമതിയില്ലാതെ അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾമൂലം നിയമപരമായ നടപടികൾ സർവകലാശാല നേരിടേണ്ടി വന്നേക്കാം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

114. സർക്കാരിന്റെ പൊതുഖജനാവിൽ നിന്നുമുള്ള പ്ലാൻ/നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് കേരള സർവകലാശാല പ്രവർത്തിക്കുന്നതെന്നും സംസ്ഥാന സർക്കാരിന്റെയും നിയമസഭ പാസ്സാക്കിയ ആക്ടിന്റെയും സ്റ്റാറ്റ്യൂട്ടിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സർവകലാശാലയാണെന്നും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്ക് ബാധകമായ ഇളവുകൾ കേരള സർവകലാശാലയ്ക്കും നൽകണമെന്നും കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുന്നതിൽനിന്നും

സർവകലാശാലയെ ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് നൽകിയ കത്ത് സർക്കാരിന്റെ പരിഗണനയിലാണെന്ന് കേരള സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു. 2022-ൽ കിഫ്ബി ഫണ്ടായ നൂറ്റമ്പതുകോടി രൂപ ഉപയോഗിച്ചു ചെയ്യുന്ന Boy' s Dormitory, Girl' s Dormitory, R&D Block, Vertical extension SICC എന്നീ കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചപ്പോൾ തന്നെ പ്ലാനും അനുബന്ധ രേഖകളും സഹിതം നിർമ്മാണ പ്രവർത്തനത്തിനുള്ള അനുമതിക്കായി സർവകലാശാല കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും രജിസ്ട്രാർ കൂട്ടിച്ചേർത്തു.

115. സർക്കാർ സ്ഥാപനങ്ങൾക്ക് നിയമാനുസൃതമായിട്ടുമാത്രമേ പ്രവർത്തിക്കാനാകുവെന്നും പെരുമാറ്റ ചട്ടങ്ങളിൽ നിന്നും സ്ഥാപനങ്ങളെ സർക്കാരിന് ഒഴിവാക്കാൻ കഴിയില്ലെന്നും സമിതി വ്യക്തമാക്കി. സർവകലാശാലയുടെ കെട്ടിടങ്ങൾക്ക് നിർമ്മാണ പെർമിറ്റ് എടുക്കുന്നതിൽ നിന്ന് ഇളവ് ലഭിക്കുമെന്ന ധാരണയിലും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്ക് ബാധകമായ ഇളവുകൾ സർവകലാശാലയ്ക്കും ബാധകമാണ് എന്നതിന്റെ അടിസ്ഥാനത്തിലുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതെന്ന് കേരള സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു. കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒരു സ്ഥാപനത്തെയും സർക്കാർ ഒഴിവാക്കിയിട്ടില്ലെന്ന് തദവസരത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചു. 2022 മുതലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിക്കുന്നതിനായി പ്ലാനും അനുബന്ധ രേഖകളും കോർപ്പറേഷനിൽ സമർപ്പിച്ചിട്ടുണ്ടെന്ന് കേരള സർവകലാശാല രജിസ്ട്രാർ വ്യക്തമാക്കി.

116. കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുന്നതിൽ നിന്നും കേരള സർവകലാശാലയെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവ് ലഭ്യമാക്കണമെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുന്നതിൽ നിന്നും സർവകലാശാലയെ ഒഴിവാക്കണമെന്നും 2022-ന് മുമ്പുള്ള നിർമ്മാണങ്ങൾ ക്രമവത്കരിക്കപ്പെടണമെന്നും കേരള സർവകലാശാല

സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് കേരള സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു. കാര്യവട്ടം ക്യാമ്പസിലെ അതിർത്തി സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞു. നിലവിൽ കേസുകളൊന്നും ഇല്ലെന്ന് കേരള സർവകലാശാല രജിസ്ട്രാർ മറുപടി നൽകി. പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്കരിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു

**നിഗമനങ്ങളും ശിപാർശകളും**

**117. കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുന്നതിൽ നിന്നും സർവകലാശാലയെ ഒഴിവാക്കുമെന്ന ധാരണയിലാണ് കെട്ടിടങ്ങൾ നിർമ്മിച്ചതെന്നാണ് ഓഡിറ്റ് പരാമർശം പരിഗണിക്കവെ കേരള സർവകലാശാല രജിസ്ട്രാർ സമിതി മുമ്പാകെ ബോധിപ്പിച്ചത്. എന്നാൽ പ്രസ്തുത നടപടി അംഗീകരിക്കാൻ കഴിയില്ലെന്നും സർക്കാർ സ്ഥാപനങ്ങൾക്ക് നിയമാനുസൃതമായിട്ടുമാത്രമേ പ്രവർത്തിക്കാനാകൂവെന്നും പെരുമാറ്റ ചട്ടങ്ങളിൽ നിന്നും സ്ഥാപനങ്ങളെ സർക്കാരിന് ഒഴിവാക്കാൻ കഴിയില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ കാര്യവട്ടം ക്യാമ്പസ്, പാളയം സെനറ്റ് ഹൗസ് ക്യാമ്പസ് എന്നിവിടങ്ങളിൽ സർവകലാശാല പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്കരിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർവകലാശാല രേഖകളുടെ ഡിജിറ്റൈസേഷനും സൂക്ഷിപ്പും - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല- തൻവർഷം ചെലവഴിച്ച 17,40,311/-രൂപ തടസ്സപ്പെട്ടുത്തുന്നു.**

*[കേരള സർവകലാശാല 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-23]*

കേരള സർവകലാശാലയുടെ മുഴുവൻ രേഖകളും ഘട്ടം ഘട്ടമായി 6 വർഷം കൊണ്ട് (2010-11-ൽ തുടങ്ങി 2015-16-ൽ അവസാനിക്കുന്ന തരത്തിൽ) പൂർണ്ണമായി

ഡിജിറ്റൈസ് ചെയ്യുന്നതിനാണ് 50 കോടി രൂപ അടങ്കൽ നിശ്ചയിച്ച് വൈസ് ചാൻസലർ സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചത്.

ഈ പ്രോജക്ടിന്റെ ആദ്യ ഘട്ടം നടപ്പാക്കുന്നതിന് 24.06.2010-ലെ ജി.ഒ.(ആർ.റ്റി.) നം. 1223/2010/ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതിയും രണ്ടാം ഘട്ട ഡിജിറ്റൈസേഷനുവേണ്ടി 08.11.11-ലെ ജി.ഒ. (ആർ.റ്റി.) നം. 1771/2011/ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പ്രകാരം 2 കോടി 93 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭിച്ചു.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഡിജിറ്റൈസേഷനുവേണ്ടി സിഡ്കോയെ തെരഞ്ഞെടുത്തു. പരീക്ഷാ വിഭാഗത്തിലെ പ്രീഡിഗ്രി രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷനോടെയാണ് പദ്ധതിയുടെ ആദ്യ ഘട്ടം ആരംഭിച്ചത്. ഇതിന്റെ ഭാഗമായി പൈലറ്റ് പ്രോജക്ടായി പ്രീഡിഗ്രിയുടെ 1989 മുതൽ 2002 വരെയുള്ള 75000 രേഖകൾ (എ 1 വലിപ്പത്തിലുള്ളവ) ഡിജിറ്റൈസ് ചെയ്യുന്നതിന് സർവകലാശാല സിഡ്കോയുമായി കരാറിലേർപ്പെട്ടു. പദ്ധതി വിജയകരമായി പൂർത്തിയാക്കിയതിനെത്തുടർന്ന് 12.08.11-ലെ സർവകലാശാല ഉത്തരവ് നം. പി.എൽ.എ 1/എഡിബി2/3/837/11 പ്രകാരം 15 ലക്ഷം രേഖകൾ കൂടി ഡിജിറ്റൈസ് ചെയ്യുന്നതിന് സിഡ്കോയ്ക്ക് അനുമതി നൽകിയെങ്കിലും കരാർ പ്രകാരമുള്ള നിശ്ചിത സമയത്ത് പ്രവൃത്തി ആരംഭിച്ചില്ലെന്ന കാരണത്താൽ 08.11.2011-ൽ കരാർ റദ്ദ് ചെയ്തു. ഇതേ തുടർന്ന് 09.11.2011-ൽ കൂടിയ ഡിജിറ്റൈസേഷൻ കമ്മിറ്റിയിൽ ഓപ്പൺ ടെണ്ടർ ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും, 17.12.2011-ലെ എഡിബി.II/3/837/11-ാം നമ്പരായി ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ സമർപ്പിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s BaeHal Software Ltd Bangalore എന്ന സ്ഥാപനത്തെ ഈ പദ്ധതിയ്ക്കായി തെരഞ്ഞെടുത്തു. സ്ഥാപനം സമർപ്പിച്ച ഫിനാൻഷ്യൽ ബിഡും, ടെക്നിക്കൽ ബിഡും 16.02.2012-ലെ സിൻഡിക്കേറ്റ് (തീരുമാനം നം. 07.120) മീറ്റിംഗിൽ അംഗീകരിച്ചു. ഫിനാൻഷ്യൽ

ബിഡ് പ്രകാരം ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ സോഫ്റ്റ്‌വെയറിന്റെ വിലയായി 54,59,849/- രൂപയും രേഖകൾ സ്കാൻ ചെയ്യുന്നതിനുള്ള നിരക്ക് (വിവിധ വലിപ്പത്തിലുള്ളവ) എ 1-ന് 3.43/- രൂപ, എ 2-1.72, എ 3-1.72, എ 4-0.86 എന്ന പ്രകാരവും അംഗീകരിച്ചു. പ്രാരംഭമായി പൈലറ്റ് പ്രോജക്ടായി പരീക്ഷാ വിഭാഗത്തിലെ (പ്രീഡിഗ്രി സെക്ഷൻ) 1982 മുതൽ 1989 വരെയുള്ള വിവിധ വലിപ്പത്തിലുള്ള 10000 രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് BaeHal Software Ltd Bangalore കമ്പനിയുമായി സർവകലാശാല 29.09.2012-ൽ കരാർ ഒപ്പിട്ടു. എന്നാൽ സർവകലാശാലയിൽ ആവശ്യമായ സ്ഥല സൗകര്യം ലഭ്യമല്ലെന്ന കാരണത്താൽ 2013 ജൂലൈ മാസം വരെ പ്രവൃത്തി ആരംഭിക്കാൻ കഴിയാതെ വരികയും, 29.09.2012-ലെ കരാർ കാലാവധി കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 14.08.2013-ൽ സർവകലാശാല കമ്പനിയുമായി പുതിയ കരാർ ഒപ്പിട്ടു. 30.08.2013-ൽ കൂടിയ ഡിജിറ്റൈസേഷൻ കമ്മിറ്റിയുടെ മീറ്റിംഗിൽ അടങ്കൽ തുക 10,00,000/- രൂപയായി നിശ്ചയിച്ച് പൈലറ്റ് പ്രോജക്ടായി 1982 മുതൽ 1989 വരെയുള്ള പരീക്ഷാ വിഭാഗത്തിലെ (പ്രീഡിഗ്രി) 10,000 രേഖകൾ (വിവിധ വലിപ്പത്തിലുള്ളവ) ഡിജിറ്റൈസ് ചെയ്യുന്നതിന് M/s BaeHal Company യെ ചുമതലപ്പെടുത്തി. ഇതിൻ പ്രകാരം 30.10.2013-ൽ സ്ഥാപനം പൈലറ്റ് പ്രോജക്ട് പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 31.12.2013-ൽ MOU ഒപ്പിട്ടു. 24.01.2014-ൽ പ്രവൃത്തി തുടങ്ങുന്നതിന് ഉത്തരവായി. കരാറിലെ വ്യവസ്ഥ (1)(4) പ്രകാരം വിവിധ വലിപ്പത്തിലും തരത്തിലുമുള്ള 6200000 രേഖകളാണ് ഡിജിറ്റൈസ് ചെയ്യേണ്ടിയിരുന്നത്. കരാർ ഒപ്പിട്ട് 27 മാസങ്ങൾക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമായിരുന്നു. അതിൻ പ്രകാരം 31.03.2016-ന് പ്രവൃത്തി പൂർത്തീകരിക്കണമായിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനെ തുടർന്ന് കരാർ കാലാവധി 31.03.2017 വരെ നീട്ടിക്കൊടുത്തു. പദ്ധതിയുടെ ഈ കാലയളവ് വരെയുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവ് വിവരം | തുക | ചെക്ക്/തീയതി |
|---|---|---|---|
| 1 | 1982 മുതൽ 89 (പ്രീഡിഗ്രി ടാബുലേഷൻ)വരെയുള്ള 10,000 രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നൽകിയ തുക (പൈലറ്റ് പ്രോജക്ടിനു നൽകിയ ടാക്സ് ഉൾപ്പെടെ) | 11,03,000.00 | 699723/30.12.13 |
| 2 | ഓമ്നിഡോക് സോഫ്റ്റ്‌വെയറിന് നൽകിയ ആദ്യ ഗഡു തുക | 9,80,000.00 | 818095/04.09.14 / 17.09.14 |
| | ഓമ്നിഡോക് സോഫ്റ്റ്‌വെയറിന് നൽകിയ രണ്ടാമത്തെ ഗഡു തുക | 9,80,000.00 | 825184/16.05.15 / 04.06.15 |
| | ഓമ്നിഡോക് സോഫ്റ്റ്‌വെയറിന് നൽകിയ മൂന്നാമത്തെ ഗഡു | 8,82,000.00 | 369925/18.03.16 |
| | ഓമ്നിഡോക് സോഫ്റ്റ്‌വെയറിന് നൽകിയ നാലാമത്തെ ഗഡു (ടാക്സ് ഒഴികെയുള്ള തുക) | 7,25,101.00 | 372660/08.07.16/ 14.07.17 |
| 3 | രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് (സ്കാനിംഗ്) (ടാക്സ് ഉൾപ്പെടെ) | 6,02,464.00 | 371120/27.04.16 |
| | രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് (സ്കാനിംഗ്) (ടാക്സ് ഉൾപ്പെടെ) | 2,54,771.00 | 693608/31.03.17 |
| | രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് (സ്കാനിംഗ്) (ടാക്സ് ഒഴികെ) | 1,57,975.00 | 307089/09.12.16 |
| | **ആകെ** | **56,85,311** | |

**പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.**

(a) സോഫ്റ്റ് വെയർ സ്പെസിഫിക്കേഷൻ പാലിച്ചില്ല.

17.12.2011-ലെ എഡിബിII/3/837/11-ാം നമ്പർ ടെണ്ടർ വ്യവസ്ഥയിൽ ഖണ്ഡിക (എഫ്) ടെക്നിക്കൽ റിക്വയർമെന്റിൽ ഉപഖണ്ഡിക 10 പ്രകാരം ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ 'ഫ്രീ

ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ' ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഇതിനു വിരുദ്ധമായി പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയർ ആയ 'Omini doc Enterprise Service Pack Version 7.0' ആണ് സിസ്റ്റത്തിൽ ഉപയോഗിച്ചിരിക്കുന്നത്. പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നത് (സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനത്തിനുള്ള കോഡ്) സ്വന്തം പ്രോഗ്രാമർക്കും ഡെവലപ്പർക്കും മനസ്സിലാകുന്ന വിധത്തിൽ മാത്രമാണ്. അതിനാൽ ഭാവിയിലുണ്ടാകുന്ന മെയിന്റനൻസിനും സോഫ്റ്റ്‌വെയർ ഡെവലപ്പറെ തന്നെ ആശ്രയിക്കേണ്ടി വരുന്നു. ചെലവും വളരെ കൂടുതലാണ്. എന്നാൽ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ചെലവ് കുറഞ്ഞതും ആർക്കുവേണമെങ്കിലും മാറ്റം വരുത്താവുന്നതും, ഉയർന്ന സെക്യൂരിറ്റിയും സ്റ്റെബിലിറ്റിയും പ്രൈവസി പ്രൊട്ടക്ഷനും പ്രദാനം ചെയ്യുന്നതുമാണ്. കേരള സർക്കാരിന്റെ ഇപ്പോഴത്തെ പോളിസി പ്രകാരം ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി എല്ലാ സർക്കാർ സർക്കാരിതര സ്ഥാപനങ്ങളും ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നു.

(b) പദ്ധതി നാളിതുവരെ പൂർത്തിയായിട്ടില്ല.

കരാറിലെ വ്യവസ്ഥ (1)(4) പ്രകാരം വിവിധ വലിപ്പത്തിലും തരത്തിലുമുള്ള 62,00,000 രേഖകളാണ് ഡിജിറ്റൈസ് ചെയ്യേണ്ടിയിരുന്നത്. സർവകലാശാല ഡിജിറ്റൈസേഷൻ കാലാവധി 31.03.2017 വരെ നീട്ടി നൽകിയിട്ടും ഡിജിറ്റൈസേഷൻ ഏതാണ്ട് 10.5% മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. 6.5 ലക്ഷം പേജുകൾ ഡിജിറ്റൈസ് ചെയ്തെന്നാണ് പ്ലാനിംഗ് ഡയറക്ടറുടെ 15.11.2017-ലെ കത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. ഡിജിറ്റൈസേഷൻ നിലവിൽ നടക്കുന്നില്ല. സർവകലാശാല ഡിജിറ്റൈസേഷൻ ആരംഭിച്ച് 4 വർഷം കഴിഞ്ഞിട്ടും ആദ്യ പടിയിൽ തന്നെ നിൽക്കുന്നു.

(c) സോഫ്റ്റ്റ്‌വെയറിന്റെ ഐ.പി.ആർ. കൈമാറിയിട്ടില്ല

കരാർ വ്യവസ്ഥയനുസരിച്ച് 'Omini doc Software'-ന്റെ സോഴ്സ് കോഡ്, ഐ.പി.ആർ. (Intellectual Property Right) മുതലായവ നാളിതുവരെ

സർവകലാശാലയ്ക്ക് കൈമാറിയിട്ടില്ല (ടെണ്ടർ വ്യവസ്ഥ D.2 സ്പെഷ്യൽ ടേംസ് & കണ്ടീഷൻസ് ഖണ്ഡിക 12-ന് വിരുദ്ധം). ഇതുമായി ബന്ധപ്പെട്ട് സർവകലാശാല അധികാരികൾ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. (സോഴ്സ് കോഡ് - പ്രോഗ്രാമിംഗ് ഭാഷ ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രോഗ്രാം. ഇതിനെ മെഷീൻ കോഡാക്കി മാറ്റി കമ്പ്യൂട്ടറിന്റെ സി.പി.യു. ഇതനുസരിച്ച് പ്രവർത്തിക്കുന്നു. പ്രോഗ്രാമിൽ മാറ്റം വരുത്തണമെങ്കിൽ സോഴ്സ് കോഡ് വേണം.)

(d) ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിച്ചില്ല.

സാങ്കേതിക വിദഗ്ധന്മാരുള്ള കമ്പ്യൂട്ടർ സെന്റർ സർവകലാശാലയ്ക്ക് സ്വന്തമായി ഉണ്ടായിട്ടും ടെക്നിക്കൽ ഇവാല്യുവേഷൻ ആവശ്യമായ ഈ പ്രോജക്ടിന് വേണ്ടി കമ്പ്യൂട്ടർ സെന്ററിന്റെ ടെക്നിക്കൽ ഓഫീസർ അധ്യക്ഷനായി ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിച്ചത് 30.07.2016-ൽ മാത്രമാണ്. (ഉത്തരവ് നം.പിഎൽ.എ 1/എഡിബി4/(സിപി)/ഡിജിറ്റൈസേഷൻ/12) നാലംഗ ടെക്നിക്കൽ കമ്മിറ്റിക്ക് ചുമതല നൽകി ഉത്തരവിറക്കിയത് 14.10.2016-ലുമാണ്.

(e) ഡിജിറ്റൈസ് ചെയ്ത രേഖകൾ പൂർണ്ണവും സുരക്ഷിതവുമല്ല

ഡിജിറ്റൈസേഷൻ ആരംഭിക്കുന്നത് പരീക്ഷാ വിഭാഗത്തിലെ രേഖകൾ ഡിജിറ്റൈസ് ചെയ്തുകൊണ്ടാണ്. ഇതിൽ പ്രീഡിഗ്രി രേഖകളുടെ ഡിജിറ്റൈസേഷനാണ് ആദ്യം ആരംഭിച്ചത്. 1957 മുതൽ 2006 വരെയുള്ള രേഖകൾ വർഷം തിരിച്ച് ഡിജിറ്റൈസേഷന് കൈമാറിയിട്ടുണ്ടെങ്കിലും മേൽ രേഖകൾ സെർവറിൽ നിലവിലുണ്ടോ എന്നത് സർവകലാശാല ഉറപ്പുവരുത്തിയിട്ടില്ല. M/s BaeHal Company പൈലറ്റ് പ്രോജക്ടായി ഡിജിറ്റൈസ് ചെയ്ത 10000 രേഖകൾ (1986-87 വർഷങ്ങളിലെ) സർവകലാശാലയുടെ സെർവറിൽ നിന്നും നഷ്ടപ്പെട്ടതായി 05.06.2017-ലെ പരീക്ഷാ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ടിലും 28.11.2017-ലെ രജിസ്ട്രാറുടെ റിപ്പോർട്ടിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സെർവറിൽ നിന്നും രേഖകൾ നഷ്ടമായത് സംബന്ധിച്ച് യാതൊരു അന്വേഷണവും (നടപടിയും) സർവകലാശാല നടത്തിയിട്ടില്ല. ഇത് കൂടാതെ ഓഡിറ്റിന്റെ ഭൗതിക

പരിശോധനയുടെ ഭാഗമായി 08.11.2017-ൽ നടത്തിയ റാൻഡം ചെക്കിംഗിൽ ഡിജിറ്റൈസ് ചെയ്ത രേഖകളിൽ താഴെപ്പറയുന്നവ സിസ്റ്റത്തിൽ നിലവിലില്ലെന്ന് ബോധ്യപ്പെട്ടു.

| ക്രമ നം. | വർഷം/ മാസം | കോഴ്സ് | സ്കീം | വാല്യം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2010 സെപ്തംബർ | ബിഎ | ആനവൽ | 16 | 13-ാം പേജ് ഇല്ല |
| 2 | 2006 സെപ്തംബർ | ബിഎ | ആനവൽ | 39 | പേജ് 9,10,13 മുതൽ 25 വരെ (രജിസ്റ്റർ നം. 31129 മുതൽ 31145 വരെ വിവരങ്ങൾ ഇല്ല) |
| 3 | 2004 ഏപ്രിൽ | ബിഎ | ആനവൽ | 38 | പേജ് 134 മുതൽ 143 വരെ ഇല്ല. (രജിസ്റ്റർ നം. 78530 മുതൽ 79155 വരെ വിവരങ്ങൾ ഇല്ല) |
| 4 | 2003 സെപ്തംബർ | ബിഎ | ആനവൽ | 36 | പേജ് 59 മുതൽ 70 വരെയും 81 മുതൽ 90 വരെയും 116 മുതൽ 120 വരെയും നിലവിലില്ല. |
| 5 | 2003 ഏപ്രിൽ | ബിഎ | ആനവൽ | 37 | പേജ് 16,17,18,41 മുതൽ 101 വരെയുള്ളവ ഇല്ല. |

(f) വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുമ്പോൾ ഉള്ള രേഖകൾ പിന്നീട് ചെക്ക് ചെയ്യുമ്പോൾ കാണുന്നില്ലെന്നാണ് സെക്ഷനിൽ നിന്നും അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്ക് നൽകിയിരിക്കുന്ന മറുപടിയായി കമ്പ്യൂട്ടർ സെന്റർ ഡയറക്ടറുടെ

14.11.2017-ലെ കെയുസിസി/17/409-ാം നമ്പർ കത്തിൽ ഡിജിറ്റൈസ് ചെയ്ത രേഖകൾ 100% സുരക്ഷിതമല്ലെന്ന് അറിയിച്ചിരിക്കുന്നു. ലക്ഷക്കണക്കിന് വിദ്യാർഥികളുടെ ഭാവിയെ സംബന്ധിക്കുന്ന വിഷയം വളരെ ലാഘവത്തോടെയാണ് സർവകലാശാല കൈകാര്യം ചെയ്തിരിക്കുന്നത് എന്ന് ഇതിൽനിന്നും വ്യക്തമാണ്.

(g) സോഫ്റ്റ്‌വെയറിന്റെ പ്രായോഗികക്ഷമത വിലയിരുത്തിയിട്ടില്ല

ഡിജിറ്റൈസ് ചെയ്ത രേഖകൾ സിസ്റ്റത്തിലേക്ക് അപ്‌ലോഡ് ചെയ്യുമ്പോൾ നഷ്ടപ്പെട്ടിട്ടും സർവകലാശാല കമ്പ്യൂട്ടർ സെന്ററിന്റെ സഹായത്തോടെ സോഫ്റ്റ്‌വെയറിന്റെ പ്രയോഗക്ഷമത സംബന്ധിച്ച് വിശദമായ ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല. ഈ സ്ഥിതിക്ക് പരിഹാരം കാണാൻ കമ്പനിയും സർവകലാശാലയും ശ്രമിച്ചിട്ടുമില്ല.

(h) അടിസ്ഥാന സൗകര്യം ഒരുക്കിയില്ല

പദ്ധതി നടപ്പിലാക്കിയപ്പോൾ തന്നെ വേണ്ടത്ര അടിസ്ഥാന സൗകര്യം ഒരുക്കാത്തത് സർവകലാശാലയുടെ ഭാഗത്തുണ്ടായ വീഴ്ചയാണ്.

(i) ഡിജിറ്റൈസ് ചെയ്ത രേഖകൾ തന്നെ വീണ്ടും ഡിജിറ്റൈസ് ചെയ്തതിലൂടെ സർവകലാശാലയ്ക്ക് അധിക ബാധ്യതയുണ്ടായി.

പദ്ധതിയുടെ ആരംഭത്തിൽ 1989 മുതൽ 2002 വരെയുള്ള പ്രീഡിഗ്രി രജിസ്റ്ററുകൾ (75000 രേഖകൾ എ 1 വലിപ്പത്തിലുള്ളത്) ഡിജിറ്റൈസ് ചെയ്തതിന് M/s SIDCO ക്ക് 16,00,000/- രൂപ നൽകിയിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 16.11.2017-ൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കിയില്ല) എന്നാൽ പ്രസ്തുത രേഖകൾ പരീക്ഷാ വിഭാഗത്തിലും കമ്പ്യൂട്ടർ സെന്ററിലും ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. (പരീക്ഷാ വിഭാഗത്തിന്റെ 09.11.2017-ലെ EA.III/17-ാം നമ്പർ നോട്ട്, കമ്പ്യൂട്ടർ സെന്റർ ഡയറക്ടറുടെ 14.11.2017-ലെ കെയുസിസി/17/409-ാം നമ്പർ കത്ത്, 28.11.2017-ലെ രജിസ്ട്രാറുടെ റിപ്പോർട്ട്). ഇതേ രേഖകൾ തന്നെ വീണ്ടും M/s BaeHal സോഫ്റ്റ്‌വെയർ ലിമിറ്റഡിനെ കൊണ്ട് ചെയ്യിപ്പിച്ചതുവഴി സർവകലാശാലയ്ക്ക്

അധിക ബാധ്യതയ്ക്ക് കാരണമായി. സർവകലാശാലയ്ക്ക് ഉണ്ടായ അധിക ബാധ്യത തിട്ടപ്പെടുത്തി മേൽ അപാകതയ്ക്ക് കാരണക്കാരായവരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്.

(j) സോഫ്റ്റ്‌വെയറിനെക്കുറിച്ച് ശരിയായ വിലയിരുത്തൽ നടത്താതെ തുക നൽകി

സർവകലാശാലയ്ക്ക് സ്വന്തമായി കമ്പ്യൂട്ടർ സെന്ററും കമ്പ്യൂട്ടർ വിദഗ്ധരുമുണ്ടായിട്ടും ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ച ശരിയായ വിലയിരുത്തൽ നടത്താതെ M/s BaeHal കമ്പനിയുടെ 04.07.2014-ലെ കംപ്ലയൻസ് കമ്മിറ്റ്മെന്റ് റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടാണ് സോഫ്റ്റ്‌വെയറിന്റെ വിലയുടെ 20% തുക ആദ്യ ഗഡുവായി നൽകിയത്. തുടർന്ന് 2,3,4 ഘട്ടങ്ങളിലായി കമ്പ്യൂട്ടർ സെന്റർ ഡയറക്ടറുടെ 26.03.2015-ലെ ടെക്നിക്കൽ റിപ്പോർട്ട് നം.കെ.യു.സി.സി./15/132-ന്റെ അടിസ്ഥാനത്തിൽ തുക നൽകുകയായിരുന്നു.

(k) M/s BaeHal സർവകലാശാലയുടെ രേഖകൾ കൈകാര്യം ചെയ്യുന്നതിലും ഡിജിറ്റൈസ് ചെയ്യുന്നതിലും ഉദാസീനത കാണിച്ചു

M/s BaeHal കമ്പനി സർവകലാശാലയുടെ സുപ്രധാന രേഖകളായ ടാബുലേഷൻ രജിസ്റ്ററുകളും മറ്റും കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടില്ല. അതുമൂലം വളരെ പഴകിയ രേഖകൾക്ക് പരിഹരിക്കാൻ പറ്റാത്തവിധം കേടുപാടുകൾ സംഭവിച്ചു. ഡിജിറ്റൈസ് ചെയ്ത രേഖകളുടെ പൂർണ്ണതയില്ലായ്മയും അവ്യക്തതയും ഡിജിറ്റൈസ് ചെയ്ത രേഖകൾ വെരിഫൈ ചെയ്തതിനുശേഷം നഷ്ടമാകുന്നതും സംബന്ധിച്ച് M/s BaeHal കമ്പനിയെ അറിയിച്ചിട്ടും നടപടിയുണ്ടായിട്ടില്ലായെന്ന് 05.06.2017-ൽ പരീക്ഷാ വിഭാഗം ജോയിന്റ് രജിസ്ട്രാർ (II) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(l) ടെണ്ടർ വ്യവസ്ഥ പാലിക്കാതിരുന്നിട്ടും നടപടി സ്വീകരിച്ചില്ല

ടെണ്ടർ വ്യവസ്ഥ ഡി.2 ഖണ്ഡിക 10 പ്രകാരം കരാർ അനുസരിച്ചുള്ള പ്രവൃത്തി നിർവഹിക്കാതിരുന്നാൽ കരാറുകാരന് തുടർന്ന് നൽകുന്ന തുക തടയുന്നതിനും നൽകിയ തുക തിരികെ പിടിക്കുന്നതിനും ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട സർവകലാശാല ഇംപ്ലിമെന്റേഷൻ കമ്മിറ്റിയ്ക്ക് അധികാരമുണ്ട്. നാളിതുവരെയും ഡിജിറ്റൈസേഷൻ പൂർത്തീകരിക്കാതിരുന്നിട്ടും, ഡിജിറ്റൈസ് ചെയ്യുന്ന രേഖകൾ

നഷ്ടമാകുന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടും കമ്പനിക്കെതിരെ നടപടി സ്വീകരിച്ചില്ലെന്നത് സർവകലാശാലയുടെ ഭാഗത്തുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (12.10.2017-ലെ ഓഡിറ്റ് അന്വേഷണം നം.29/2016-17/ കെ.ആർ.യു.7, 06.11.2017-ലെ ഓഡിറ്റ് അന്വേഷണം നം.18/2016-17/ കെ.ആർ.യു.7, 08.11.2017-ലെ ഓഡിറ്റ് റിക്വിസിഷൻ, 10.11.2017-ലെ ഓഡിറ്റ് അന്വേഷണം നം.19/2016-17/കെ.ആർ.യു.7, 13.11.2017-ലെ ഓഡിറ്റ് റിക്വിസിഷൻ നം.101/2016-17/കെ.ആർ.യു.7, 15.11.2017-ലെ ഓഡിറ്റ് റിക്വിസിഷൻ നം.103/2016-17, 16.11.2017-ലെ ഓഡിറ്റ് അന്വേഷണം നം.20/2016-17/ കെ.ആർ.യു.7, 21.11.2017-ലെ കെ.എസ്.എ.കെ.ആർ.യു. 7/ഓഡിറ്റ് 2016-17 നം.കത്ത്) സർവകലാശാല പരസ്പര വിരുദ്ധമായ മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സർവകലാശാലയിൽ ഡിജിറ്റൈസേഷൻ ആരംഭിച്ച് 4 വർഷം കഴിഞ്ഞിട്ടും കരാർ വ്യവസ്ഥ പ്രകാരം ജോലി പൂർത്തിയാക്കാത്തതിനാലും ഡിജിറ്റൈസ് ചെയ്ത രേഖകളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്താൻ കഴിയാത്ത സാഹചര്യത്തിലും, ഈ ആവശ്യത്തിനായി തൻവർഷം ചെലവഴിച്ച തുക 17,40,311/- രൂപ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

118. സർവകലാശാല രേഖകളുടെ ഡിജിറ്റൈസേഷനും സൂക്ഷിപ്പും സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൽ വസ്തുതാപരമായ കുറച്ച് കാര്യങ്ങളുണ്ടെന്നും സോഫ്റ്റ്‌വെയർ സ്പെസിഫിക്കേഷൻ പാലിച്ചില്ല, സോഫ്റ്റ്‌വെയറിന്റെ ഐ.പി.ആർ. കൈമാറിയിട്ടില്ല, ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിച്ചില്ല, ഡിജിറ്റൈസ് ചെയ്ത രേഖകൾ പൂർണ്ണവും സുരക്ഷിതവുമല്ല, വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുമ്പോഴുള്ള രേഖകൾ പിന്നീട് ചെക്ക് ചെയ്യുമ്പോൾ കാണുന്നില്ല, സോഫ്റ്റ്‌വെയറിന്റെ

പ്രായോഗികക്ഷമത വിലയിരുത്തിയിട്ടില്ല, അടിസ്ഥാന സൗകര്യമൊരുക്കിയിട്ടില്ല, ഡിജിറ്റൈസ് ചെയ്ത രേഖകൾതന്നെ വീണ്ടും ഡിജിറ്റൈസ് ചെയ്തതിലൂടെ സർവകലാശാലയ്ക്ക് അധിക ബാധ്യതയുണ്ടായി, സോഫ്റ്റ്‌വെയറിനെക്കുറിച്ച് ശരിയായ വിലയിരുത്തൽ നടത്താതെ തുക നൽകി, സർവകലാശാലയുടെ രേഖകൾ കൈകാര്യം ചെയ്യുന്നതിലും ഡിജിറ്റൈസ് ചെയ്യുന്നതിലും ഉദാസീനത കാണിച്ചു ടെൻഡർ വ്യവസ്ഥ പാലിക്കാതിരുന്നിട്ടും നടപടി സ്വീകരിച്ചില്ല എന്നിവയാണ് സർവകലാശാല രേഖകളുടെ ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് കണ്ടെത്തിയ അപാകതകളെന്നും എന്നാൽ സോഫ്റ്റ്‌വെയർ സ്പെസിഫിക്കേഷൻ പാലിച്ചുകൊണ്ടുതന്നെയാണ് ടെൻഡർ നടപടികളുമായി മുമ്പോട്ടുപോയതെന്ന് കേരള സർവകലാശാല രജിസ്ട്രാർ മറുപടി നൽകി. ടെൻഡർ വ്യവസ്ഥയിൽ ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ 'ഫ്രീ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ' ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നുവെങ്കിലും അത് ലഭ്യമല്ലാത്തതുകൊണ്ടാണ് ഒരു proprietary സോഫ്റ്റ്‌വെയർ ഉപയോഗിച്ചതെന്നും സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നതിനുള്ള സോഴ്സ് കോഡ് സർവകലാശാലയ്ക്ക് കൈമാറാമെന്നും അതുപോലെ പരിധിയില്ലാതെ സോഫ്റ്റ്‌വെയർ ഉപയോഗിക്കാമെന്നുമാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതെന്നും അത്തരത്തിൽ ഡെവലപ് ചെയ്ത സോഫ്റ്റ്‌വെയർ സർവകലാശാലയുടെ കൈവശമുണ്ടെന്നും ചില സാങ്കേതിക തടസ്സങ്ങൾ രൂപപ്പെട്ടതിനാലാണ് പദ്ധതി നാളിതുവരെ പൂർത്തിയാക്കാൻ സാധിക്കാത്തതെന്നും കേരള സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു ജീവനക്കാരെ ഇതിനുമാത്രമായി നിയമിച്ചുകൊണ്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തിയെങ്കിലും 6.5 ലക്ഷം രേഖകൾ മാത്രമേ ഡിജിറ്റൈസ് ചെയ്യാൻ സാധിച്ചിട്ടുള്ളുവെന്നും 1937-ൽ രൂപീകൃതമായ കേരള സർവകലാശാലയിലെ പരീക്ഷാ വിഭാഗത്തിലെ പഴയ രേഖകൾ ഡിജിറ്റൈസ് ചെയ്യുക എന്നത് ശ്രമകരമായ ജോലിയാണെങ്കിലും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് സർക്കാർ അനുമതിയോടെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കണമെന്ന ആഗ്രഹം സർവകലാശാലയ്ക്കുണ്ടെന്നും ആയത്

ഒരു തുടർപ്രവർത്തനമായി ചെയ്യുന്ന കാര്യം സർവകലാശാലയുടെ ആലോചനയിലാണെന്നും രജിസ്ട്രാർ കൂട്ടിച്ചേർത്തു.

119. സോഫ്റ്റ്‌വെയറിന്റെ I.P.R. (Intellectual Property Right) കൈമാറിയിട്ടില്ലെന്ന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലുമായി ബന്ധപ്പെട്ട് ഡിജിറ്റൈസേഷൻ പദ്ധതി പൂർണമാകുമ്പോൾ മാത്രമേ സോഴ്സ് കോഡ് സർവകലാശാലയ്ക്ക് കൈമാറേണ്ടതുള്ളൂ എന്നാണെന്നും നിലവിൽ പ്രസ്തുത കമ്പനി വാനിഷ്ഡ് കണ്ടീഷനിലാണെന്നും സർവകലാശാലയുടെ സെർവറിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സംരക്ഷിച്ച രേഖകൾ പുനരുപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ സുരക്ഷിതമായി ക്രമീകരിച്ചിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ലെന്ന പോരായ്മ നിലനിൽക്കുന്നുണ്ടെന്നും പുതിയ സോഫ്റ്റ്‌വെയർ സംവിധാനം ക്രമീകരിച്ചെങ്കിൽ മാത്രമേ അതിന് സാധിക്കുകയുള്ളൂവെന്നും രജിസ്ട്രാർ വ്യക്തമാക്കി.

120. ഒരിക്കൽ ഡിജിറ്റൈസ് ചെയ്ത രേഖകൾ വീണ്ടും ചെയ്യുന്നത് എന്തിനാണെന്ന് സമിതി ആരാഞ്ഞു. പതിനായിരത്തോളം രേഖകൾ പ്രസ്തുത കമ്പനി ആദ്യം ഒരു ടെസ്റ്റ് മോഡായി ഡിജിറ്റൈസ് ചെയ്തതിന് ശേഷം searching algorithms ഉപയോഗിച്ച് ഡാറ്റാ സെർച്ച് ചെയ്യാനുള്ള മോഡ് കമ്പനി സെറ്റ് ചെയ്തിരുന്നുവെന്നും അത് കൃത്യമായി റിക്കവറി ലഭ്യമാകുന്നുണ്ടെന്ന് ബോധ്യപ്പെടുത്താൻവേണ്ടി ചെയ്തതാണെങ്കിലും പ്രസ്തുത രേഖകളിൽ standardised operating procedure പാലിക്കാതെ ചെയ്തതുകൊണ്ട് കൃത്യത ഇല്ലെന്ന് ഓഡിറ്റ് കണ്ടെത്തിയതിനാൽ തുകയൊന്നും ചെലവഴിക്കാതെ അതേ റിക്കാർഡ് കൃത്യതയോടെ ഡിജിറ്റൈസ് ചെയ്തിട്ടുണ്ടെന്നും കേരള സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു നിലവിൽ 6.5 ലക്ഷത്തോളം റിക്കാർഡുകൾ സർവകലാശാലയുടെ കൈവശമുണ്ടെന്നും അതിന്റെ User name, Password എന്നിവ സുരക്ഷിതമാണെന്നും സെർച്ച് ഫെസിലിറ്റി പ്രവർത്തിക്കുന്നുണ്ടെന്നും അവ പല ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നുമുണ്ടെന്നും പ്രസ്തുത വിഷയം സംബന്ധിച്ച വ്യക്തമായ മറുപടി സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടെന്നും രജിസ്ട്രാർ വിശദീകരിച്ചു.

121. ഓരോ ഓഡിറ്റ് പരാമർശത്തിനുമുള്ള വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് കൂടി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി അത് പരിശോധിച്ചശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന വിഷയം പരിഗണിക്കാമെന്ന് തീരുമാനിച്ചു

**നിഗമനങ്ങളും ശിപാർശകളും**

**122. സർവകലാശാല രേഖകളുടെ ഡിജിറ്റൈസേഷനും സൂക്ഷിപ്പും എന്ന പദ്ധതി നാളിതുവരെ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെന്ന് കേരള സർവകലാശാല രജിസ്ട്രാറുടെ മറുപടിയിൽ നിന്ന് സമിതി മനസിലാക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ തുടർ പ്രവർത്തനങ്ങൾ ചെയ്യുന്ന കാര്യങ്ങൾ സർവകലാശാലയുടെ ആലോചനയിലാണെന്നും സമിതി മനസിലാക്കുന്നു. ആയത് അഭിനന്ദനാർഹമാണെങ്കിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ഖണ്ഡികയിലൂടെ ചൂണ്ടിക്കാട്ടിയിട്ടുള്ള പോരായ്മകൾക്ക് വ്യക്തമായ മറുപടി ഓഡിറ്റ് വകുപ്പിന് നല്കിയിട്ടില്ല എന്ന് തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള ഓരോ ഓഡിറ്റ് പരാമർശത്തിനുമുള്ള വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇൻഡോർ കോർട്ട് നിർമ്മാണത്തിൽ പാളിച്ചകൾ - കോർട്ട് ഉപയോഗപ്രദമാക്കാൻ സാധിച്ചില്ല - 26,45,263/- രൂപയുടെ ചെലവ് തടസ്സപ്പെടുന്നു.**

*[കേരള സർവകലാശാല 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-39]*

സെനറ്റ് ഹൗസ് ക്യാമ്പസിൽ ഇൻഡോർ കോർട്ട് സ്ഥാപിക്കുന്നതിന് 1,62,96,552/- രൂപ ചെലവഴിച്ചെങ്കിലും പദ്ധതിയിലെ അപാകതകൾ നിമിത്തം കോർട്ട് നാളിതുവരെ ഉപയോഗപ്രദമാക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | സെനറ്റ് ഹൗസ് ക്യാമ്പസിൽ ഇൻഡോർ പാർക്ക് നിർമ്മാണം |
|---|---|
| കരാറുകാരൻ | ആർ. സുരേഷ് കുമാർ |
| കൺസൾട്ടൻസി | ഹാബിറ്റാറ്റ് ടെക് നോളജി ഗ്രൂപ്പ്, തിരുവനന്തപുരം |
| അടങ്കൽ | 1,63,77,940/- രൂപ |
| പ്രവൃത്തി ആരംഭിച്ച തീയതി | 26.03.2015 |
| എഗ്രിമെൻറ് നം./തീയതി | 104/24.10.14 |
| എം.ബുക്ക് നം. | 23/15-16 |

സെനറ്റ് ഹൗസ് ക്യാമ്പസിൽ ഒരു മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയ്ക്ക് 08.07.14-ൽ സിൻഡിക്കേറ്റ് അംഗീകാരം നൽകി. ഇതിനെ തുടർന്ന് 19.11.14-ലെ യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം ഡിസൈൻ/ആർക്കിടെക്ച്ചർ സർവീസ് കൺസൾട്ടന്റായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ നിയമിച്ചു അവർ തയ്യാറാക്കിയ 1,63,77,940/- രൂപയുടെ എസ്റ്റിമേറ്റ് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് യൂണിറ്റ് അംഗീകരിച്ച് ടെണ്ടർ നടപടി പൂർത്തിയാക്കി. ശ്രീ. കെ. സുരേഷ് കുമാർ എന്ന കരാറുകാരനുമായി 25.03.14-ൽ ആരംഭിച്ച പ്രവൃത്തി 240 ദിവസത്തിനുള്ളിൽ പൂർത്തിയാക്കാനായിരുന്നു ഉടമ്പടി. മേയ് 2016-ൽ പ്രവൃത്തി പൂർത്തിയാക്കി മൂന്നു ബില്ലുകൾ പ്രകാരം താഴെ വിവരിക്കും വിധത്തിൽ തുകകൾ ചെലവഴിച്ചു

| | |
|---|---|
| ഒന്നാം പാർട്ട് ബിൽ | 59,46,994/- |
| രണ്ടാം പാർട്ട് ബിൽ | 77,04,295/- |

| **2016-17-ൽ നൽകിയ ഫൈനൽ ബിൽ വിശദാംശങ്ങൾ** | |
|---|---|
| കരാറുകാരന് നൽകിയ തുക | 23,36,546<br>(ചെക്ക് നം.738621, 24.11.16) |
| ആദായ നികുതി | 26,453 |
| വാറ്റ് | 1,05,811 |
| ക്ഷേമനിധി വിഹിതം | 26,453 |
| ഫൈൻ | 1,50,000 |
| **ആകെ** | **26,45,263** |

മൂന്ന് ബില്ലുകളിലായി ആകെ പ്രവൃത്തിക്കായി 1,62,96,552/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മേയ് 2016-ൽ പണി പൂർത്തീകരിച്ച ഇൻഡോർ സ്റ്റേഡിയത്തിൽ വിദഗ്ധ സമിതി നടത്തിയ പരിശോധനയിൽ അപാകതകൾ കണ്ടെത്തി. പ്രധാനമായും ബാസ്കറ്റ് ബോൾ കളിക്കാനുദ്ദേശിച്ച കോർട്ടിലെ ബോർഡ്, പോസ്റ്റ് എന്നിവ നിശ്ചിത അളവിലുള്ളതല്ലെന്ന് 15.10.2016-ൽ യൂണിവേഴ്സിറ്റി എഞ്ചിനീയർ അഭിപ്രായപ്പെടുകയും കൺസൾട്ടൻസി ഗ്രൂപ്പിനോട് വിശദീകരണം തേടുകയും ചെയ്തു. 07.01.2017-ൽ കോർട്ടിൽ പരീക്ഷണാടിസ്ഥാനത്തിൽ ബാസ്കറ്റ് ബോൾ മാച്ച് നടത്തി, ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് 07.01.2017-ൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിൻപ്രകാരം സൂചിപ്പിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

- കോർട്ടിന്റെ ഫ്ലോറിൽ പതിച്ചിട്ടുള്ള റബ്ബറൈസ്ഡ് ടൈൽ ബാസ്കറ്റ് ബോൾ കളിക്കിടയിലുള്ള വേഗതയേറിയ ചലനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു. റബ്ബർ പ്രതല നിർമ്മിതിയിലെ അപാകം നിമിത്തം പന്ത് കുതിക്കുന്നതിന് പ്രയാസം നേരിടുന്നു. ഇത്തരം പ്രതലം കേരളത്തിലെ വേറൊരു കോർട്ടിലും പതിച്ചിട്ടില്ല. ടൈൽ പാകിയതിനിടയിലുള്ള വിടവുകൾ കളിക്കിടയിൽ അപകടങ്ങൾ ഉണ്ടാകാൻ ഇടയാകുന്നു.

- സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകൾ, ബോർഡുകൾ എന്നിവ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷന് അനുസൃതമായതല്ല.

തുടർന്ന് LNCPE (ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ) പ്രിൻസിപ്പാൾ ഡോ.ജി.കിഷോറിന്റെ നേതൃത്വത്തിൽ കോർട്ട് പരിശോധന നടത്തുകയും താഴെ വിവരിക്കും പ്രകാരമുള്ള റിപ്പോർട്ട് പുറപ്പെടുവിക്കുകയും ചെയ്തു.

- കോർട്ടിലെ പ്രതലത്തിൽ ഉപയോഗിച്ചിട്ടുള്ള റബ്ബറൈസ്ഡ് ടൈൽ ഒരു ബാസ്കറ്റ് ബോൾ കോർട്ടിന് തികച്ചും അനുയോജ്യമല്ലാത്തതാണെന്നും ഇത് എത്രയും പെട്ടെന്ന് മാറ്റി സ്ഥാപിക്കേണ്ടതാണെന്നും അറിയിച്ചു.

- ബോർഡിൽ ഫിറ്റ് ചെയ്തിട്ടുള്ള റിംഗുകൾ ബലമില്ലാത്തവയും, സബ് സ്റ്റാൻഡേർഡാണെന്നും, റിംഗ് ബോർഡിൽ നിന്നും വിട്ടു പോകുന്ന അവസ്ഥയിലാണെന്നും അറിയിച്ചു.
- കോർട്ടിന് ചുറ്റുമായി മതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല.
- കോർട്ടിനുള്ളിൽ മഴവെള്ളം കടക്കുന്നത് തടയാനുള്ള സംവിധാനങ്ങൾ ഒരുക്കിയില്ല.
- ബോർഡുകൾ താങ്ങി നിർത്തുന്ന പില്ലറുകൾ കോർട്ടിനുള്ളിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഇത് കളിക്കാർ വേഗതയിൽ വരുമ്പോൾ ചരിഞ്ഞ ഭാഗത്ത് തട്ടി വീഴാൻ ഇടയാകുമെന്നും അറിയിച്ചു.

നിലവിൽ സ്റ്റേഡിയം ബാസ്കറ്റ് ബോൾ ഉൾപ്പെടെയുള്ള കളികൾക്ക് ഉപയോഗിക്കാനാവാത്ത അവസ്ഥയിലാണ്. ശരിയായ ആസൂത്രണമില്ലായ്മയാണ് കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച കോർട്ടിന്റെ ഉദ്ദേശ്യലക്ഷ്യത്തിന്റെ ഫലപ്രാപ്തിയില്ലായ്മയ്ക്ക് കാരണം.

ഇൻഡോർ കോർട്ട് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സ്ട്രക്ച്ചറൽ, ആർക്കിടെക്ച്ചറൽ വൈദഗ്ധ്യം യൂണിവേഴ്സിറ്റി എഞ്ചിനിയറിംഗ് വിംഗിനില്ല എന്ന കാരണത്താൽ ആർക്കിടെക്ച്ചറൽ മികവ് പുലർത്തി വിശദമായ എസ്റ്റിമേറ്റ്, തുടർന്ന് സാങ്കേതിക സഹായം, പദ്ധതി മേൽനോട്ടം എന്നിവ ലക്ഷ്യം വെച്ചാണ് കൺസൾട്ടൻസിയായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത്. ടി സ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റിനനുസൃതമായാണ് പ്രവൃത്തികൾ നടത്തിയത്. കൺസൾട്ടൻസി യഥാവിധി പരിശോധന നടത്തുകയും, കായിക മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധരുടെ അഭിപ്രായം തേടുകയും ചെയ്തിരുന്നെങ്കിൽ കോർട്ട് നിർമ്മാണത്തിൽ സംഭവിച്ച മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകതകൾ ഒഴിവായേനേ. ഇപ്രകാരമുള്ള സേവനമാണ് കൺസൾട്ടൻസിയിൽ നിന്നും ഉദ്ദേശിക്കുന്നതും. എന്നാൽ കൺസൾട്ടൻസി വരുത്തിയ കൃത്യവിലോപം മൂലം സർവകലാശാലയ്ക്ക് സാമ്പത്തിക

നഷ്ടമുണ്ടായി. പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ കൺസൾട്ടൻസി ചാർജ്, സോയിൽ ടെസ്റ്റ് ചാർജ് എന്നിവ ഉൾപ്പെടെ 1,15,294/- രൂപ നൽകിയിട്ടുണ്ട്. കായിക രംഗത്തെ വിദഗ്ധരുടെ അഭിപ്രായം ഉൾക്കൊണ്ട് കോർട്ടിനാവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിച്ച് കോർട്ട് ഉപയുക്തമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതും നാളിതുവരെ ചെയ്ത പ്രവൃത്തിയിൽ ഉപയോഗയോഗ്യമല്ലാത്തതും സർവകലാശാലയ്ക്ക് നഷ്ടമുണ്ടാകുന്ന തരത്തിലുള്ള പ്രവൃത്തികളിന്മേലുള്ള ചെലവുകൾ കൺസൾട്ടൻസി സ്ഥാപനത്തിലെ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്. വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി തൻ വർഷം ചെലവഴിച്ച 26,45,263/- രൂപ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

123. ഇൻഡോർ കോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഹാജരാക്കാത്തതിന് കാരണമെന്താണെന്ന് സമിതി ആരാഞ്ഞു. 2016-ൽ M/s. Habitat Technology Group എന്ന കമ്പനി പണി പൂർത്തീകരിച്ച ഇൻഡോർ സ്റ്റേഡിയത്തിൽ വിദഗ്ധ സമിതി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് 06/03/2020-ന് അന്നത്തെ വകുപ്പുമന്ത്രി ഇൻഡോർ കോർട്ട് ഉദ്ഘാടനം ചെയ്തുവെന്നും നിലവിൽ അവിടെ ഇന്റർ യൂണിവേഴ്സിറ്റി ബാസ്കറ്റ് ബോൾ മത്സരങ്ങൾ ഉൾപ്പെടെ അനേകം ടൂർണമെന്റുകൾ നടത്തുന്നുണ്ടെന്നും കേരള സർവകലാശാല രജിസ്ട്രാർ മറുപടി നൽകി. പ്രസ്തുത വിഷയം ചൂണ്ടിക്കാട്ടി C&AG പരാമർശം ഉന്നയിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയതിനെത്തുടർന്ന് 15/07/2022-ലെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ കത്തിൻപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്നും രജിസ്ട്രാർ കൂട്ടിച്ചേർത്തു.

124. പദ്ധതിയുമായി ബന്ധപ്പെട്ട അവസാനത്തെ ബിൽ തുകയായ 26,45,263/- രൂപ ചെലവഴിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത തുക സംബന്ധിച്ച രേഖകൾ 22/08/2024-ന് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെന്ന് കേരള സർവകലാശാല രജിസ്ട്രാർ അറിയിച്ചു. രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ചതിനുശേഷം പരാമർശം ഒഴിവാക്കുന്ന വിഷയം പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു

**നിഗമനങ്ങളും ശിപാർശകളും**

**125. കേരള സർവകലാശാല സെനറ്റ് ഹൗസ് ക്യാമ്പസിലെ ലെ ഇൻഡോർ കോർട്ട് നിർമ്മാണചെലവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**യു.ജി.സി. സ്കെയിലിൽ ശമ്പളം പറ്റുന്ന സ്ഥിരം അധ്യാപകർക്ക് വിദൂര വിദ്യാഭ്യാസകേന്ദ്രത്തിലെ റെഗുലർ വിദ്യാർത്ഥികളുടെ വിവിധ പരീക്ഷാ മൂല്യനിർണ്ണയത്തിന് 2,63,240/- രൂപ പ്രതിഫലം നൽകിയത് അംഗീകരിക്കുന്നില്ല**

*[കേരള സർവകലാശാല 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9]*

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നമ്പർ 171/1999/തീയതി 21.12.1999 പ്രകാരം സർവകലാശാലാ അധ്യാപകർ നിർവഹിക്കേണ്ട കടമകൾ, കർത്തവ്യങ്ങൾ സേവന വേതന വ്യവസ്ഥകൾ എന്നിവ നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ വിദ്യാർത്ഥികളുടെ വിവിധ പരീക്ഷാ മൂല്യനിർണ്ണയം അധ്യാപകരുടെ കർത്തവ്യത്തിന്റെ ഭാഗമാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. 31.01.2011-ൽ ഉന്നതവിദ്യാഭ്യാസവകുപ്പ് പുറപ്പെടുവിച്ച 5/2011 എന്ന സർക്കുലറിൽ പ്രൈവറ്റ് രജിസ്ട്രേഷൻ ഒഴികെയുള്ള വിദ്യാർത്ഥികളുടെ പരീക്ഷാ മൂല്യനിർണ്ണയം അധ്യാപകരുടെ ഔദ്യോഗിക കർത്തവ്യത്തിന്റെ ഭാഗമാണെന്നും ആയതിനാൽ പ്രത്യേക പ്രതിഫലം നൽകേണ്ടതില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. യു.ജി.സി. യുടെ മാർഗനിർദേശങ്ങളിലും പരീക്ഷാ മൂല്യനിർണ്ണയം അധ്യാപകരുടെ കർത്തവ്യത്തിന്റെ

ഭാഗമാണെന്ന് പറഞ്ഞിട്ടുണ്ട്. 14.08.2013-ലെ സിൻഡിക്കേറ്റിന്റെ തീരുമാനപ്രകാരം റെഗുലർ വിദ്യാർഥികളുടെ മൂല്യനിർണ്ണയത്തിന് പ്രതിഫലം നൽകേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. 21.12.2016-ലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നമ്പർ 26/2016 പ്രകാരം യു.ജി.സി. സ്കെയിലിൽ ശമ്പളം പറ്റുന്ന അധ്യാപകർക്ക് പരീക്ഷാ മൂല്യനിർണ്ണയത്തിന് നൽകിയ പ്രതിഫലം തിരികെ ഈടാക്കണമെന്ന് നിർദേശം നൽകിയിട്ടുമുണ്ട്.

യു.ജി.സി. സ്കെയിലിൽ ശമ്പളം പറ്റുന്ന വിദൂര വിദ്യാഭ്യാസകേന്ദ്രത്തിലെ അധ്യാപകർക്ക് പ്രസ്തുത കേന്ദ്രത്തിലെ തന്നെ റെഗുലർ വിദ്യാർഥികളുടെ വിവിധ പരീക്ഷകളുടെ മൂല്യനിർണ്ണയത്തിന് പ്രതിഫലം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അധ്യാപകന്റെ പേര് | പ്രതിഫലം നൽകിയതിന്റെ ഉദ്ദേശ്യം |
|---|---|---|
| 1 | ഡോ. രാജൻ.ടി.കെ അസോസിയേറ്റ് പ്രൊഫസർ | എം.എ. ഹിസ്റ്ററിയുടെ അസൈൻമെന്റ് ഇവാല്യുവേഷൻ പ്രതിഫലം 1016 എണ്ണത്തിന് 10/-രൂപ നിരക്കിൽ 10,160/- രൂപ നൽകി. |
| 2 | ഡോ. ആർ.ഷീജ അസിസ്റ്റന്റ് പ്രൊഫസർ | എം.എ. ധനതത്വശാസ്ത്രം അസൈൻമെന്റ് ഇവാല്യുവേഷൻ പ്രതിഫലം 1928 എണ്ണത്തിന് 10 രൂപ നിരക്കിൽ 19,280/-രൂപ നൽകി. |
| 3 | ഡോ. രാജൻ.ടി.കെ അസോസിയേറ്റ് പ്രൊഫസർ | എം.എ. ഹിസ്റ്ററിയുടെഅസൈൻമെന്റ് ഇവാല്യുവേഷൻ പ്രതിഫലം 1016 എണ്ണത്തിന് 10 രൂപ നിരക്കിൽ 10,160/- രൂപ നൽകി. |
| 4 | ഡോ. സീനത്ത് അസിസ്റ്റന്റ് പ്രൊഫസർ | എം.എസ്.സി. അസൈൻമെന്റ് ഇവാല്യുവേഷൻ പ്രതിഫലം 1856 എണ്ണത്തിന് 10/- രൂപ നിരക്കിൽ 18,560/- രൂപ നൽകി. |
| 5 | ഡോ. സുജ.എസ് അസിസ്റ്റന്റ് പ്രൊഫസർ | എം.എ. മലയാളം 2014-16ന്റെ റെസ്പോൺസ് ഷീറ്റ് ഇവാല്യുവേഷൻ പ്രതിഫലം 840 എണ്ണത്തിന് 10/- രൂപ നിരക്കിൽ 8,400/- രൂപ നൽകി. |

| | | |
|---|---|---|
| 6 | ഡോ. എസ്.നസീബ് അസിസ്റ്റന്റ് പ്രൊഫസർ | എം.എ. മലയാളം 2014-16-ന്റെ റെസ്പോൺസ് ഷീറ്റ് ഇവാല്യവേഷൻ പ്രതിഫലം 1456 എണ്ണത്തിന് 10/- രൂപ നിരക്കിൽ 14,560/-രൂപ നൽകി. |
| 7 | ഡോ. ഷീജ അസിസ്റ്റന്റ് പ്രൊഫസർ | ഒന്നാം വർഷ ധനതത്വശാസ്ത്രത്തിന്റെ റെസ്പോൺസ് ഷീറ്റ് ഇവാല്യവേഷൻ 64 എണ്ണത്തിന് 10 രൂപ നിരക്കിൽ 640/- രൂപ നൽകി. |
| 8 | ഡോ. ലാൽ.സി.എ അസിസ്റ്റന്റ് പ്രൊഫസർ | എം.എ. ഇംഗ്ലീഷ് റെസ്പോൺസ് ഷീറ്റ് ഇവാല്യവേഷൻ പ്രതിഫലം 1936 എണ്ണത്തിന് 10/- രൂപ നിരക്കിൽ 19,360/-രൂപ നൽകി. |
| 9 | ഡോ. പി.ജയകുമാർ അസിസ്റ്റന്റ് പ്രൊഫസർ | എം.എ. ഇംഗ്ലീഷ് റെസ്പോൺസ് ഷീറ്റ് ഇവാല്യവേഷൻ പ്രതിഫലം 2214 എണ്ണത്തിന് 10/- രൂപ നിരക്കിൽ 22,140/-രൂപ നൽകി. |
| 10 | ഡോ. റോസ് മേരി ജോർജ് അസിസ്റ്റന്റ് പ്രൊഫസർ | എം.എ. ഇംഗ്ലീഷ് റെസ്പോൺസ്ഷീറ്റ് ഇവാല്യവേഷൻ പ്രതിഫലം 136 എണ്ണത്തിന് 10/- രൂപ നിരക്കിൽ 1,360/-രൂപ നൽകി. |
| 11 | ഡോ. മുഷാഖ് അഹമ്മദ് അസിസ്റ്റന്റ് പ്രൊഫസർ | എം.എ. മലയാളം റെസ്പോൺസ് ഷീറ്റ് ഇവാല്യവേഷൻ പ്രതിഫലം 1240 എണ്ണത്തിന് 40/- രൂപ നിരക്കിൽ 12,400/- രൂപ നൽകി. |
| 12 | ഡോ. അജിത.എസ് അസിസ്റ്റന്റ് പ്രൊഫസർ | എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ റെസ്പോൺസ് ഷീറ്റ് ഇവാല്യവേഷൻ പ്രതിഫലം 64 എണ്ണത്തിന് 10/- രൂപ നിരക്കിൽ 640/- രൂപ നൽകി. |
| 13 | ഡോ. അജിത.എസ് അസിസ്റ്റന്റ് പ്രൊഫസർ | എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ റെസ്പോൺസ് ഷീറ്റ് ഇവാല്യവേഷൻ പ്രതിഫലം 408 എണ്ണത്തിന് 10/- രൂപ നിരക്കിൽ 4,080/- രൂപ നൽകി. |
| 14 | ഡോ. എസ്.വേണ മോഹൻ അസിസ്റ്റന്റ് പ്രൊഫസർ | എം.എ. ഹിസ്റ്ററി റെസ്പോൺസ് ഷീറ്റ് ഇവാല്യവേഷൻ പ്രതിഫലം 1760 എണ്ണത്തിന് 10/- രൂപ നിരക്കിൽ 17,600/-രൂപ നൽകി. |

| | | |
|---|---|---|
| 15 | ഡോ. ആഷ.വി അസിസ്റ്റന്റ് പ്രൊഫസർ | എം.എ. സോഷ്യോളജി അസൈന്മെന്റ് ഇവാല്യുവേഷൻ പ്രതിഫലം 632 എണ്ണത്തിന് 10/- രൂപ നിരക്കിൽ 6,320/-രൂപ നൽകി. |
| 16 | ഡോ. സീനത്ത് അസിസ്റ്റന്റ് പ്രൊഫസർ | ബി.എസ്.സി. മാത്സിന്റെ റെസ്പോൺസ് ഷീറ്റ് ഇവാല്യുവേഷൻ പ്രതിഫലം 438 എണ്ണത്തിന് 10/- രൂപ നിരക്കിൽ 4,380/-രൂപ നൽകി. |
| 17 | ഡോ. ദീപക്.കെ.ആർ അസിസ്റ്റന്റ് പ്രൊഫസർ | എം.എ. ഹിന്ദി (I Year) അസൈന്മെന്റ് ഇവാല്യുവേഷൻ പ്രതിഫലം 160 എണ്ണത്തിന് 10/- രൂപ നിരക്കിൽ 1,600/-രൂപ നൽകി. |
| 18 | ഡോ. രാജൻ. ടി.കെ അസിസ്റ്റന്റ് പ്രൊഫസർ | എം.എ. ഹിന്ദി റെസ്പോൺസ് ഷീറ്റ് ഇവാല്യുവേഷൻ പ്രതിഫലം 304 എണ്ണത്തിന് 10/- രൂപ നിരക്കിൽ 3,040/-രൂപ നൽകി. |
| 19 | ഡോ. ദീപക്.കെ.ആർ അസിസ്റ്റന്റ് പ്രൊഫസർ | എം.എ. ഹിന്ദി റെസ്പോൺസ് ഷീറ്റ് ഇവാല്യുവേഷൻ പ്രതിഫലം 312 എണ്ണത്തിന് 10/- രൂപ നിരക്കിൽ 3,120/-രൂപ നൽകി. |
| 20 | ഡോ. ഇന്ദു കെ.വി അസിസ്റ്റന്റ് പ്രൊഫസർ | എം.എ. ഹിന്ദി അസൈന്മെന്റ് ഇവാല്യുവേഷൻ പ്രതിഫലം 336 എണ്ണത്തിന് 10/- രൂപ നിരക്കിൽ 3,360/-രൂപ നൽകി. |
| 21 | ഡോ. മുഷാഖ് അഹമ്മദ് അസിസ്റ്റന്റ് പ്രൊഫസർ | എം.കോം. ഫൈനൽ അസൈന്മെന്റ് ഇവാല്യുവേഷൻ പ്രതിഫലം 2000 എണ്ണത്തിന് 10/- രൂപ നിരക്കിൽ 20,000/-രൂപ നൽകി. |
| 22 | ഡോ. വസന്ത് ഗോപാൽ അസിസ്റ്റന്റ് പ്രൊഫസർ | എം.കോം. ഫൈനൽ അസൈന്മെന്റ് ഇവാല്യുവേഷൻ പ്രതിഫലം 2000 എണ്ണത്തിന് 10/- രൂപ നിരക്കിൽ 20,000/-രൂപ നൽകി. |
| 23 | ഡോ. ബാലു.വി അസിസ്റ്റന്റ് പ്രൊഫസർ | എം.കോം. ഫൈനൽ അസൈന്മെന്റ് ഇവാല്യുവേഷൻ പ്രതിഫലം 2208 എണ്ണത്തിന് 10/- രൂപ നിരക്കിൽ 22,080/-രൂപ നൽകി. |

| | | |
|---|---|---|
| 24 | ഡോ. സുരേഷ് കുമാർ അസിസ്റ്റന്റ് പ്രൊഫസർ | എം.കോം. ഫൈനൽ അസസ്മെന്റ് ഇവാലുവേഷൻ പ്രതിഫലം 2000 എണ്ണത്തിന് 10/- രൂപ നിരക്കിൽ 20,000/-രൂപ നൽകി. |
| **ആകെ** | | **2,63,240** |

യു.ജി.സി. സ്കെയിലിൽ ശമ്പളം പറ്റുന്ന വിദൂര വിദ്യാഭ്യാസകേന്ദ്രത്തിലെ അധ്യാപകർ ഇപ്രകാരം 2,63,240/- രൂപ 2016-17 കാലഘട്ടത്തിൽ കൈപ്പറ്റിയത് സർക്കാർ ഉത്തരവുകൾക്കും യു.ജി.സി. മാർഗ്ഗനിർദ്ദേശത്തിനുമെതിരായിട്ടാണ്. ഇക്കാര്യം ഓഡിറ്റ് അന്വേഷണം 22/തീയതി 23.09.2017 പ്രകാരം വിദൂര വിദ്യാഭ്യാസകേന്ദ്രം ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ആയതിന് നൽകിയ മറുപടിയിൽ 07.01.2012-ലെ UO Ad.Misc/IDE/2011 പ്രകാരം പുറത്തു നിന്നുള്ള അധ്യാപകരുടെ പ്രതിഫലം പേപ്പർ ഒന്നിന് 3 രൂപയിൽ നിന്ന് 10 രൂപയാക്കി വർധിപ്പിച്ചു എന്ന ഓഡിറ്റ് അന്വേഷണവുമായി ബന്ധപ്പെട്ടതല്ലാത്ത മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ പരീക്ഷാ മൂല്യനിർണ്ണയത്തിന് ക്രമവിരുദ്ധമായി അനുവദിച്ച 2,63,240/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

126. നോൺ പ്ലാൻ ശീർഷകത്തിൽ നിന്ന് ചെലവഴിച്ച തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കാത്തതിന്റെ കാരണമെന്താണെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത തുക കേരള യൂണിവേഴ്സിറ്റിയുടെ തനത് ഫണ്ടിൽ നിന്നും നൽകിയതിനാൽ അധ്യാപകർ പ്രതിഫലമായി കൈപ്പറ്റിയ 2,51,540/- രൂപ തനത് ഫണ്ടിൽ നിന്നുതന്നെ കെ.യു.എഫ്.-ലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്ന് കേരള സർവകലാശാല രജിസ്ട്രാർ സമിതിയെ ബോധിപ്പിച്ചു. കേരള യൂണിവേഴ്സിറ്റിയുടെ തനത് ഫണ്ടിൽ നിന്നുമാണ്

തുക ചെലവഴിച്ചത് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**127. വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിലെ റെഗുലർ വിദ്യാർത്ഥികളുടെ വിവിധ പരീക്ഷാ മൂല്യനിർണ്ണയത്തിനായി അധ്യാപകർക്ക് പ്രതിഫലം നൽകിയത് കേരള യൂണിവേഴ്സിറ്റിയുടെ തനത് ഫണ്ടിൽ നിന്നുമാണ് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ അംഗീകാരമില്ലാതെ അധ്യാപക തസ്തികകളിൽ നിയമനം നടത്തിയതിന്റെ വിശദാംശം.**

കേരള സർവകലാശാലയിൽ 42 പഠന വകുപ്പുകൾ, 29 യു.ഐ.ടി.കൾ, 7 യു.ഐ.എം., 10 കെ.യു.സി.റ്റി.ഇ.കൾ, എസ്ഡിഇ എന്നിവിടങ്ങളിലാണ് അധ്യാപക തസ്തികകൾ നിലവിലുള്ളത്. ഇതിൽ പഠന വകുപ്പുകളിലെ അധ്യാപക തസ്തികകൾക്കു മാത്രമാണ് സർക്കാർ അംഗീകാരമുള്ളത്. കേരള സർവകലാശാലയിലെ 42 പഠന വകുപ്പുകളിലും നിരവധി അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. യു.ജി.സി. 2010 റഗുലേഷൻസ് സെക്ഷൻ 6.5.2 പ്രകാരം ബിരുദാനന്തരബിരുദ വകുപ്പിൽ ഒരു പ്രൊഫസർ തസ്തികയെങ്കിലും ഉണ്ടാകേണ്ടതാണ്. അതുപോലെ സെക്ഷൻ 12.1 പ്രകാരം ഒരു പ്രൊഫസർക്ക് 2 അസോസിയേറ്റ് പ്രൊഫസറും 4 അസിസ്റ്റന്റ് പ്രൊഫസറും എന്ന മാതൃകയിലുള്ള (പിരമിഡ്) അധ്യാപക തസ്തികകളാണ് ഒരു അധ്യാപന വകുപ്പിന് അഭികാമ്യമെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ കേരള സർവകലാശാലയുടെ മിക്ക പഠന വകുപ്പുകളിലും പ്രൊഫസർ തസ്തിക ഉൾപ്പെടെയുള്ള അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. കരാർ അടിസ്ഥാനത്തിലെ അധ്യാപകരും ഗസ്റ്റ് അധ്യാപകരുമാണ് സർവകലാശാലയിലെ മിക്ക വകുപ്പുകളിലും അധ്യാപനം നടത്തുന്നത്. വിദ്യാർത്ഥി-അധ്യാപക അനുപാതം തൃപ്തികരമാകാത്ത,

ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ മാത്രമേ കരാർ നിയമനം നടത്താവൂ എന്നും ഏത് അവസരത്തിലും കരാർ അധ്യാപക നിയമനം സർവകലാശാലയിലെ ആകെ അധ്യാപക തസ്തികകളുടെ 10%-ത്തിൽ അധികരിക്കാൻ പാടില്ലെന്നും 2010 യു.ജി.സി. റെഗുലേഷൻ സെക്ഷൻ 13.1-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കേരള സർവകലാശാലയിലെ പഠന വകുപ്പുകളിൽ പലതിലും കരാർ അധ്യാപകരുടെ എണ്ണം ആകെ അധ്യാപക തസ്തികകളുടെ 10%-ത്തിലും കൂടുതലാണ്. അംഗീകാരമില്ലാത്ത തസ്തികകളിൽ പോലും കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ചിട്ടുണ്ട്. സർവകലാശാലയിലുണ്ടായ അധ്യാപക തസ്തികകളിലെ ഒഴിവ് 2012-ന് ശേഷം നികത്തപ്പെട്ടിട്ടില്ല. സംവരണതത്വവുമായി ബന്ധപ്പെട്ട വ്യക്തതക്കുറവും യുജിസി നിർദേശങ്ങൾ (റഗുലേഷൻസ്) അനുസരിച്ച് സർവകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്താത്തതും കാലതാമസത്തിനുള്ള കാരണങ്ങളാണ്. 2012-ലെ സർവകലാശാല അധ്യാപക നിയമന നോട്ടിഫിക്കേഷനിൽ 28 വകുപ്പുകളിലെ 50 തസ്തികകളാണ് ഉൾപ്പെട്ടിരുന്നത്. എന്നിട്ടും 2017-18 വർഷം സർവകലാശാലയിലെ മിക്ക പഠന വകുപ്പുകളിലും സ്ഥിര അധ്യാപകരുടെ അഭാവം ഗവേഷണ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. 2016-ലെ യു.ജി.സി. റഗുലേഷൻസ് പ്രകാരം പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിലെ അധ്യാപകർക്ക് ഒരു സമയം റിസർച്ച് സൂപ്പർവൈസറായി ഗൈഡ് ചെയ്യാവുന്ന ഗവേഷകരുടെ പരമാവധി എണ്ണം യഥാക്രമം 8, 6, 4 എന്നിങ്ങനെയാണ്. അതിനാൽ സർവകലാശാലയിൽ ആവശ്യമായ സ്ഥിരം അധ്യാപകർ ഇല്ലാതെ വരുമ്പോൾ കൂടുതൽ പേർക്ക് ഗവേഷണപഠനത്തിനുള്ള സാഹചര്യം ഇല്ലാതാകുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.I(a))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

128. കാര്യവട്ടം കാമ്പസിൽ നിലവിൽ 44 പഠന വകുപ്പുകളാണുള്ളതെന്നും National Institutional Ranking Framework-ൽ 9-ാം റാങ്ക് നേടിയ കേരളാ യൂണിവേഴ്സിറ്റിയിൽ രാജ്യത്തിനുതന്നെ മാതൃകയാകുന്ന തരത്തിലാണ് ഗവേഷണ പ്രവർത്തനങ്ങളുൾപ്പെടെയുള്ള പഠന പ്രവർത്തനങ്ങൾ നടക്കുന്നതെന്നും കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ എം.ബി.എ., എം.റ്റി.എ., മോഡേൺ ടെക്നോളജി എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടെന്നും നിലവിലെ അധ്യാപന സാഹചര്യത്തിൽ അനുവദിച്ച തസ്തികകൾ അപര്യാപ്തമായതിനാലാണ് കരാർ വ്യവസ്ഥയിൽ അധ്യാപകരെ നിയമിച്ചതെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ സമിതിയെ ബോധിപ്പിച്ചു. സ്ഥിരം ഒഴിവുകൾ നികത്തപ്പെടാതെ കരാർ വ്യവസ്ഥയിൽ അധ്യാപകരെ നിയമിച്ചുവെന്നതാണ് ഓഡിറ്റ് പരാമർശമെന്നും സർവകലാശാലാ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് കേരള സർവകലാശാല ആക്റ്റ് ഭേദഗതിയിലൂടെ സർക്കാർ നടപ്പാക്കിയ പുതിയ സംവരണ രീതിയിലെ നിയമസാധുത ചോദ്യം ചെയ്യപ്പെട്ട് ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും പരിഗണനയിൽ കേസ് വരികയും ഒരു ഉത്തരവുണ്ടാകുന്നതുവരെ നിയമനങ്ങൾ നിർത്തിവയ്ക്കാൻ യു.ജി.സി. ആവശ്യപ്പെടുകയും ചെയ്തതിനെ തുടർന്ന് കേന്ദ്ര സർക്കാർ ഇൻസ്റ്റിറ്റ്യൂഷൻ അടിസ്ഥാനത്തിൽ സംവരണം നടത്താനായി ഓർഡിനൻസ് പുറപ്പെടുവിച്ചതിനു ശേഷം ഇതനുസരിച്ച് നിയമനങ്ങൾ നടത്താൻ 07.03.2019-ലെ കത്തുപ്രകാരം അനുവാദം നൽകിയെന്നും രജിസ്ട്രാർ കൂട്ടിച്ചേർത്തു. യു.ജി.സി. റെഗുലേഷൻസിന്റെ സെക്ഷൻ 13.1 പ്രകാരം കരാർ അധ്യാപക നിയമനം സർവകലാശാലയിലെ ആകെ അധ്യാപക തസ്തികകളുടെ 10 ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ടെന്നും ഇപ്രകാരം ശതമാനം കണക്കാക്കിയാൽ ഒരു കരാർ നിയമനം നടത്താൻ ഒരു ഡിപ്പാർട്ടുമെന്റിൽ കുറഞ്ഞത് 10 തസ്തികകളെങ്കിലും ഉണ്ടായിരിക്കണമെന്നും അങ്ങനെ നോക്കിയാൽ കാര്യവട്ടത്തുള്ള 44 ഡിപ്പാർട്ടുമെന്റിൽ 6 എണ്ണത്തിൽ മാത്രമേ കരാർ നിയമനം നടത്താൻ സാധിക്കുകയുള്ളൂവെന്നും അങ്ങനെ വന്നാൽ അത് പഠനപ്രവർത്തനങ്ങളെ മൊത്തം ബാധിക്കുമെന്നും പഠന പ്രവർത്തനങ്ങൾ പ്രായോഗികമായി

നടത്തണമെങ്കിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ചേ മതിയാകൂവെന്നും സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന തരത്തിലുള്ള ഒരു വിഷയവും അതിലുണ്ടായിട്ടില്ലെന്നും രജിസ്ട്രാർ വ്യക്തമാക്കി.

129. കേരള യൂണിവേഴ്സിറ്റിയുടെ ഉദ്ദേശ്യശുദ്ധി കണക്കിലെടുക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. രാജ്യത്തെ മൊത്തം സംസ്ഥാനങ്ങൾ പരിശോധിച്ചാൽ കേരളത്തിൽ മാത്രമാണ് മൂന്ന് സർവകലാശാലകളും (കേരള, കുസാറ്റ്, മഹാത്മാഗാന്ധി) ഏറ്റവും ഉയർന്ന റാങ്കിങ്ങിൽ വരുന്നത് എന്നത് രാജ്യത്തിനുതന്നെ മാതൃകയാണെന്നും 16 വിഷയങ്ങളിലായി നാല് വർഷ ബിരുദ പ്രോഗ്രാം കൂടി കേരള സർവകലാശാല തുടങ്ങിയിട്ടുണ്ടെന്നും അതിലും കരാർ അടിസ്ഥാനത്തിലുള്ള നിയമനം അത്യാവശ്യമായി വരുന്നതാണെന്നും കേരള സർവകലാശാല രജിസ്ട്രാർ അറിയിച്ചു.

130. സർക്കാരിന്റെ നിലപാടിന് വിധേയമായി മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കൂവെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പുതിയ തസ്തികകൾ അനുവദിക്കുന്ന വിഷയത്തിൽ നയപരമായ തീരുമാനമെടുത്ത് ധനകാര്യവകുപ്പുമായി ചർച്ച ചെയ്ത് മാത്രമേ തീരുമാനിക്കാൻ സാധിക്കൂവെന്നും കരാർ നിയമനം അവശ്യഘട്ടങ്ങളിൽ കേരള യൂണിവേഴ്സിറ്റി നടത്താറുണ്ടെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി തദവസരത്തിൽ വ്യക്തമാക്കി. സ്ഥിരം അധ്യാപക തസ്തികകളിൽ നിയമനം നടത്താൻ കാലതാമസമുണ്ടാകുന്നതുകൊണ്ടാണ് കരാർ വ്യവസ്ഥയിൽ അധ്യാപകരെ നിയമിക്കാൻ സർവകലാശാല നിർബന്ധിതമാകുന്നതെന്ന് സമിതി വിലയിരുത്തി.

131. ധനകാര്യ വകുപ്പ് പുതിയ തസ്തികകൾക്കൊന്നും അംഗീകാരം നൽകുന്നില്ലെന്ന് കേരള സർവകലാശാല രജിസ്ട്രാർ അറിയിച്ചു. പ്രസ്തുത വിഷയം സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തം കൊണ്ട് മാത്രം സാധ്യമാകില്ലെന്ന് അഭിപ്രായപ്പെട്ട സമിതി സർവകലാശാലകൾക്ക് കേന്ദ്ര ഗവൺമെന്റ് നൽകേണ്ട ഗ്രാന്റുകൾ കൃത്യമായി നൽകുന്നുണ്ടോയെന്ന് ആരാഞ്ഞു. ഇല്ലെന്നും കഴിഞ്ഞ വർഷം

യു.ജി.സി. ഗ്രാന്റായി ലഭിച്ചത് 3.1 കോടി രൂപയാണെന്നും സംസ്ഥാന സർക്കാർ നോൺ പ്ലാൻ ഇനത്തിൽ 330 കോടി രൂപയും പ്ലാൻ ഫണ്ടായി 33 കോടി രൂപയുമാണ് നൽകിയതെന്നും റൂസ ഫണ്ട്, പ്രോജക്ടുകളുടെ ഫണ്ട് എന്നിവ നിലവിൽ ലഭിക്കുന്നില്ലെന്നും NAAC A++ കിട്ടിയ സർവകലാശാലകൾക്ക് 1000 കോടി രൂപ നൽകുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടും കേരള സർവകലാശാല സമർപ്പിച്ച പ്രൊപ്പോസലിലൊന്നും തീരുമാനമെടുത്തിട്ടില്ലെന്നും കേരള സർവകലാശാല രജിസ്ട്രാർ മറുപടി നൽകി. കേന്ദ്ര ഗവൺമെന്റിന്റെ 100 കോടി രൂപയുടെ MERU (Multidisciplinary Research University) സ്കീമിൽ കേരള സർവകലാശാല നേരത്തെതന്നെ പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അതും പരിഗണിച്ചിട്ടില്ലെന്നും രജിസ്ട്രാർ കൂട്ടിച്ചേർത്തു. കേരള സർവകലാശാല രജിസ്ട്രാറുടെ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

## നിഗമനങ്ങളും ശിപാർശകളും

**132. കേരള സർവകലാശാലയിൽ സർക്കാർ അംഗീകാരമില്ലാതെ അധ്യാപക തസ്തികകളിൽ നിയമനം നടത്തി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ കേരള സർവകലാശാല രജിസ്ട്രാർ നൽകിയ മറുപടി അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ പരാമർശിച്ചിട്ടുള്ളതും ശമ്പളപരിഷ്കരണ ഉത്തരവിലോ സർക്കാർ അനുമതിയിലോ ഉൾപ്പെടാത്തതും ആയ തസ്തികകളുടെയും സേവനത്തിലുള്ളവരുടെയും വിവരം**

സർവകലാശാലകളുടെ സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും സർക്കാർ അനുമതി നൽകാത്തതും കാലാകാലങ്ങളിലുള്ള ശമ്പളപരിഷ്കരണ ഉത്തരവുകളിൽ ഉൾപ്പെടാത്തതും ആയ നിരവധി തസ്തികകൾ നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തികയുടെ വിവരം | ജീവനക്കാരുടെ എണ്ണം | അധിക വിവരം |
|---|---|---|
| പൂൾ ഓഫീസർ | 3 | കോടതി ഉത്തരവിലൂടെ സ്ഥാനക്കയറ്റം നേടുന്നു. സ്റ്റാറ്റ്യൂട്ട് ഭേദഗതിക്കുള്ള നടപടി സ്വീകരിക്കുന്നില്ല |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.III(a))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

133. ശമ്പളപരിഷ്കരണ ഉത്തരവിൽ സർവകലാശാലയിലെ പൂൾ ഓഫീസർ തസ്തിക നിർത്തലാക്കിയതിനെതുടർന്ന് സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാൻ തീരുമാനിക്കുകയും ആയത് സെനറ്റ് പരിഗണിച്ച് 22.07.2019-ന് ബഹുമാനപ്പെട്ട ചാൻസലറുടെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തെങ്കിലും അനുമതി ലഭിക്കാത്തതിനാൽ യോഗ്യരായ ജീവനക്കാർ ഹൈക്കോടതിയെ സമീപിച്ചതിനെതുടർന്ന് ഹൈക്കോടതിയുടെ ഉത്തരവുപ്രകാരമാണ് പൂൾ ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നടത്തിയതെന്ന് കേരള സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു.

134. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**135. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റാറ്റ്യൂട്ടിലും ഓർഡിനൻസിലും യു.ജി.സി. വ്യവസ്ഥകളിലും നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളില്ലാത്ത ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിയതിന്റെ വിവരം**

സർവകലാശാല നടത്തുന്ന അധ്യാപക സ്ഥാനക്കയറ്റങ്ങളിൽ 2006 യു.ജി.സി. ശമ്പള പരിഷ്കരണ ഉത്തരവിലും 2010 യു.ജി.സി. റഗുലേഷനുകളിലും പരാമർശിക്കുന്ന നിബന്ധനകൾ പാലിക്കപ്പെടുന്നില്ല. സ്ഥാനക്കയറ്റത്തിന് അപേക്ഷിക്കുന്ന തീയതി പ്രാബല്യത്തിലല്ലാതെ അവർ ആ തസ്തികയ്ക്കുള്ള യോഗ്യതകൾ എന്ന് ആർജ്ജിച്ചുവോ പ്രസ്തുത തീയതി മുതൽ പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി വരുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | സ്ഥാനക്കയറ്റത്തിന് അപേക്ഷിച്ച തീയതി | സ്ഥാനക്കയറ്റം ലഭിച്ച തീയതി |
|---|---|---|---|
| 1 | ഡോ.ശോഭ.ബി.നായർ | 11.01.2018 | 01.01.2017 |
| 2 | ഡോ.എസ്.രാജു | 28.02.2017 (സെലക്ഷൻ കമ്മിറ്റി തീയതി) | 01.02.2010 |
| 3 | ഡോ.സുഭാഷ് | 28.02.2017 (സെലക്ഷൻ കമ്മിറ്റി തീയതി) | 26.03.2010 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.V(a))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

136. സർവകലാശാല നടത്തുന്ന അധ്യാപക സ്ഥാനക്കയറ്റങ്ങളിൽ അധ്യാപകർ അപേക്ഷ സമർപ്പിച്ച തീയതിയിൽ സ്ഥാനക്കയറ്റം നൽകണമെന്ന ഓഡിറ്റ് പരാമർശം ശരിയല്ലെന്നും അധ്യാപകർ യോഗ്യത കരസ്ഥമാക്കിയ

തീയതിയിൽ സ്ഥാനക്കയറ്റം നൽകണമെന്ന് യു.ജി.സി. റഗുലേഷൻസ് 2018 ഖണ്ഡിക VI(ii)-ൽ വ്യക്തമാക്കുന്നുണ്ടെന്നും ഓഡിറ്റ് പരാമർശത്തിൽ പ്രതിപാദിച്ച അധ്യാപകരുടെ സ്ഥാനക്കയറ്റം യു.ജി.സി. റഗുലേഷൻസിന് വിധേയമായാണ് നൽകിയിട്ടുള്ളതെന്നും കേരള സർവകലാശാല രജിസ്ട്രാർ സമിതിയെ ബോധിപ്പിച്ചു. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള മറുപടി അംഗീകരിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**137. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള മറുപടി അംഗീകരിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ തസ്തികകൾ നിർത്തലാക്കി - ഓർഡിനൻസിൽ ഭേദഗതി വരുത്തുന്നില്ല**

2009 ശമ്പളപരിഷ്കരണ ഉത്തരവിൽ സർവകലാശാലയിലെ ഫെയർകോപ്പി സെക്ഷനിൽ നിലനിന്നിരുന്ന സെക്ഷൻ ഓഫീസർ, സെക്ഷൻ ഓഫീസർ(ഹ.ഗ്രേ), പൂൾ ഓഫീസർ തസ്തികകൾ നിർത്തലാക്കുകയും പകരം ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തിക സൃഷ്ടിച്ച് സ്ഥാനക്കയറ്റം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ സർവകലാശാലയിൽ കാലാകാലങ്ങളിൽ മേൽ സൂചിപ്പിച്ച സ്ഥാനക്കയറ്റം ലഭിക്കേണ്ടിയിരുന്ന ജീവനക്കാർ കോടതിയെ സമീപിച്ച് അനുകൂല ഉത്തരവ് നേടി സ്ഥാനക്കയറ്റം കരസ്ഥമാക്കിയിട്ടുണ്ട്. നിയമാനുസൃത ഓർഡിനൻസ് ഭേദഗതി വരുത്തുന്നതിന് കോടതി വിധി തടസ്സമല്ലെന്ന് കോടതി തന്നെ വ്യക്തമാക്കിയിട്ടും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന സ്ഥാനക്കയറ്റം നിർത്തലാക്കുകയോ ഓർഡിനൻസിൽ ആവശ്യമായ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല.

സർവകലാശാല ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച 26.02.2011-ലെ 86/2011/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർവകലാശാലയിൽ ഫെയർകോപ്പി സെക്ഷനിൽ നിലനിന്നിരുന്ന സെക്ഷൻ ഓഫീസർ, സെക്ഷൻ

ഓഫീസർ(ഹ.ഗ്രേ), പൂൾ ഓഫീസർ തസ്തികകൾ നിർത്തലാക്കുകയും പകരം ഓഫീസ് സൂപ്രണ്ട് തസ്തികയ്ക്ക് 1:1 അനുപാതത്തിൽ ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തിക സൃഷ്ടിച്ച് സ്ഥാനക്കയറ്റം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ അതിനെതിരെ ഒരുകൂട്ടം ജീവനക്കാർ നൽകിയ റിട്ട് ഹർജിയിന്മേൽ സർവകലാശാല ഓർഡിനൻസിൽ ഇതു സംബന്ധിച്ച ഭേദഗതി നിയമപരമായി വരുത്താതെ സ്ഥാനക്കയറ്റം നിഷേധിക്കാനാവില്ലെന്ന് കോടതി വിധിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ മേൽ സർക്കാരുത്തരവിറങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും സർവകലാശാല സർക്കാർ നിർത്തലാക്കിയ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചു വരുന്നു. നിയമാനുസരണം ഓർഡിനൻസ് ഭേദഗതി വരുത്തുന്നതിന് കോടതിവിധി ഒരു തടസ്സമല്ലെന്ന് മേൽ കോടതി വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീലിന്മേൽ കോടതി പ്രസ്താവിച്ചതാണ്. എന്നിട്ടും സർവകലാശാലയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന സ്ഥാനക്കയറ്റങ്ങൾ നിർത്തലാക്കുകയോ ഓർഡിനൻസിൽ ആവശ്യമായ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല. 23.12.2016-ലെ സിൻഡിക്കേറ്റ്, ഓർഡിനൻസ് ഭേദഗതിക്ക് അംഗീകാരം നൽകിയെങ്കിലും സെനറ്റ് ആയത് അംഗീകരിച്ചിട്ടില്ല.

**<u>കാഷ്വൽ ബൈൻഡർമാരുടെ നിയമനം ക്രമപ്രകാരമല്ല</u>**

സർവകലാശാല ബൈൻഡർമാർക്ക് ബൈൻഡിംഗ് ലോവർ കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ. അല്ലെങ്കിൽ ബുക്ക് ബൈൻഡിംഗിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് കൂടാതെ 18 മാസം ബൈൻഡിംഗിൽ അനുഭവ പരിചയം എന്നിവയാണ് ഓർഡിനൻസ് പ്രകാരമുള്ള യോഗ്യത. സർവകലാശാല പ്രസ്സിലെ അംഗീകൃത ബൈൻഡർ തസ്തികകളുടെ എണ്ണം 29 ആണ്. എന്നാൽ അംഗീകൃത തസ്തികയില്ലാതെ 1997 മുതൽ നാളിതുവരെ ശ്രീമതി ഷൈലജകുമാരി എൽ, ശ്രീമതി. റ്റി ശോഭന, ശ്രീമതി അമൃതകുമാരി, ശ്രീമതി ബേബി എസ്, ശ്രീമതി ആർ ഓമന എന്നിവരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ കാഷ്വൽ ബൈൻഡർമാരായി നിയമിച്ചിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ ബൈൻഡർമാർ നിശ്ചിത യോഗ്യതയുള്ളവരാണോ, അവരെ

എന്തടിസ്ഥാനത്തിലാണ് 1997 മുതൽ നിയമിച്ചിരിക്കുന്നത് എന്നതിന് സർവകലാശാല വ്യക്തമായ മറുപടി നൽകിയിട്ടില്ല പ്രസ്തുത ജീവനക്കാരുടെ വേതനമിനത്തിൽ 2017-18 സാമ്പത്തിക വർഷം 3.73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**അനധികൃതമായി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചു**

സർവകലാശാലയുടെ ഓർഡിനൻസിലോ സ്റ്റാറ്റ്യൂട്ടിലോ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനുള്ള വ്യവസ്ഥയില്ല. എന്നാൽ സർക്കാരിന്റെയോ സിൻഡിക്കേറ്റിന്റെയോ അനുമതി ഇല്ലാതെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

സർവകലാശാലയിൽ സെലക്ഷൻ ഗ്രേഡ് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ.വില്യം ജോർജ്ജ് ഡാനിയൽ എന്ന വ്യക്തി 18.09.2006 മുതൽ 18.09.2008 വരെ 2 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. 18.09.2008-ൽ ലീവ് അവസാനിച്ചുവെങ്കിലും 17.09.2009-ൽ മാത്രമാണ് ടിയാൻ ജോലിക്ക് ഹാജരായത്. എന്നാൽ സർവകലാശാല ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാതെ 05.10.2009-ൽ മാത്രമാണ് ജോലിയിൽ പുന:പ്രവേശനം നേടാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടത്. ടിയാൻ നൽകിയ വിശദീകരണം തൃപ്തികരമല്ലെന്നറിയിച്ചതിനാൽ വീണ്ടും വിശദീകരണം നൽകുകയും അതോടൊപ്പം 18.09.2008 മുതൽ 15.03.2010 വരെ ശൂന്യവേതനാവധിക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. 16.03.2010-ൽ ജോലിയിൽ പുന:പ്രവേശിച്ചു. ശ്രീ.വില്യം ജോർജ്ജ് ഡാനിയൽ 28.09.2013-ൽ സമർപ്പിച്ച അപേക്ഷയിൽ ജോലിയിൽ പ്രവേശിച്ച് 183 ദിവസത്തിനു ശേഷമാണ് പുന:പ്രവേശനം അനുവദിച്ചതെന്നും പ്രസ്തുത കാലയളവിൽ തന്നേക്കാൾ ജൂനിയറായ 21 പേർക്ക് സ്ഥാനക്കയറ്റം അനുവദിച്ചതായും പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വൈസ്ചാൻസലറുടെ ഉത്തരവിൻ പ്രകാരം 14.09.2009 വരെ മാത്രം ശൂന്യവേതനാവധിയായി

കണക്കാക്കിക്കൊണ്ടും 15.09.2009 മുതൽ ഡ്യൂട്ടിയായി പരിഗണിച്ച് സീനിയോറിറ്റി നിർണ്ണയിക്കുകയും 21.10.2009 മുതൽ 21.03.2010 വരെ സെക്ഷൻ ഓഫീസർ തസ്തികയും 01.12.2012 മുതൽ 22.07.2013 വരെ സെക്ഷൻ ഓഫീസർ (ഹ.ഗ്രേ) തസ്തികയും സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നോഷണൽ പ്രൊമോഷൻ അനുവദിച്ചു

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.VI(a),(b),(c))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

138. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സർക്കാർ തസ്തികകൾ നിർത്തലാക്കി- ഓർഡിനൻസിൽ ഭേദഗതി വരുത്തുന്നില്ല, കാഷ്വൽ ബൈൻഡർമാരുടെ നിയമനം ക്രമപ്രകാരമല്ല, അനധികൃതമായി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചു എന്നീ ഓഡിറ്റ് ഖണ്ഡികകളിലെ കേരള സർവകലാശാലയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**139. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അധ്യാപക-അനധ്യാപക തസ്തികകളിലെ കരാർ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പിലാക്കുന്നില്ല**

കേരള സർവകലാശാലയിൽ അധ്യാപക/അനധ്യാപക വിഭാഗങ്ങളിലായി ഉണ്ടാകുന്ന നിരവധി ഒഴിവുകളിലേക്ക് ദീർഘകാലമായി ദിവസ വേതന/കരാർ

ജീവനക്കാരെ നേരിട്ട് നിയമിക്കുകയാണ് ചെയ്തു വരുന്നത്. യു.ഐ.ടി., യു.ഐ.എം., കെ.യു.സി.റ്റി.ഇ. എന്നിവിടങ്ങളിലെ അധ്യാപക തസ്തികകൾക്ക് സർക്കാർ അനുമതിയില്ല. കരാർ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരമില്ലാതെ അധ്യാപകരെ നിയമിച്ചാണ് പ്രവർത്തനം നടത്തുന്നത്. കേരള സർവകലാശാലയിൽ പ്രവർത്തിച്ചുവരുന്ന 28 യു.ഐ.ടി.കളിലുമായി 2017-18 വർഷം 171 കരാർ അധ്യാപകരേയും ഏകദേശം അത്രയും തന്നെ ഗസ്റ്റ് അധ്യാപകരേയും സർവകലാശാല നിയമിച്ചിട്ടുണ്ട്. അധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ നെറ്റും പി.എച്ച്.ഡി.യും അധികയോഗ്യതയായി മാത്രമാണ് കണക്കാക്കുന്നത്. യു.ജി.സി. റെഗുലേഷൻ (2010 യു.ജി.സി. റെഗുലേഷൻസ് para 13.1) പ്രകാരം ഒരു സ്ഥാപനത്തിലെ ആകെ അധ്യാപക തസ്തികയുടെ 10%-ൽ കൂടുതൽ താല്ക്കാലിക ജീവനക്കാരെ നിയമിക്കാൻ പാടില്ല എന്നാൽ യു.ഐ.ടി. കേന്ദ്രങ്ങളിലെല്ലാം കരാറടിസ്ഥാനത്തിലെ അധ്യാപകരെ മാത്രം നിയമിക്കുന്നതിനാൽ അധ്യാപകർക്ക് ട്രെയിനിംഗുകളോ റിഫ്രഷർ കോഴ്സുകളോ ലഭിക്കുന്നതിന് അവസരമില്ലാത്തതിനാൽ അധ്യാപന നിലവാരം ഉറപ്പുവരുത്താനാകുന്നില്ല പുതുതായി ആരംഭിച്ച യു.ഐ.ടി.കളിലെല്ലാം മുമ്പുണ്ടായിരുന്ന യു.ഐ.ടി.കളിലെ സീനിയർ അധ്യാപകർക്കാണ് പ്രിൻസിപ്പലിന്റെ ചുമതല നൽകിയിട്ടുള്ളത്. ഇങ്ങനെ അധ്യാപകർക്ക് അധികചുമതലകൾ ഏൽപ്പിക്കുന്നത് അവരുടെ അധ്യാപനത്തെ സാരമായി ബാധിക്കുന്നു.

യു.ഐ.ടി. കളിൽ നിയമിക്കപ്പെടുന്ന അധ്യാപകരുടെ കരാർ കാലാവധി പൂർത്തിയാകുമ്പോൾ രണ്ട് പ്രവൃത്തി ദിവസത്തെ ഇടവേളയ്ക്കുശേഷം വീണ്ടും കരാർ അനുവദിച്ചു നൽകി വരുന്നു. ആയതിനാൽ തന്നെ വർഷങ്ങളോളം ഒരേ അധ്യാപകരെ തന്നെ കരാറടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു. 28.04.2017-ലെ സ.ഉ.(പി)നം.56/17/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാറടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതും കരാർ/ദിവസ വേതന ജീവനക്കാരെ രണ്ട് വർഷത്തിനുശേഷവും നിയോഗിക്കേണ്ടതിന്റെ ആവശ്യകത

ഭരണവകുപ്പ് കാലാകാലങ്ങളിൽ വിലയിരുത്തേണ്ടതും സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ്, സെക്യൂരിറ്റി ഗാർഡ് എന്നീ തസ്തികകളിൽ വർഷങ്ങളായി ഭൂരിപക്ഷവും കരാർ/ദിവസ വേതന ജീവനക്കാരാണ്. ഓഫീസ് അറ്റൻഡന്റിന്റെ 341 തസ്തികകളിൽ 2016-17 വർഷം വെറും 4 സ്ഥിരം ജീവനക്കാരാണ് ഉണ്ടായിരുന്നത്. വർഷങ്ങളോളം തസ്തികകൾ ഒഴിഞ്ഞുകിടന്നിട്ടും സ്റ്റാറ്റ്യൂട്ടിൽ നിർദ്ദേശിക്കുംപ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കി സ്ഥിരനിയമനം നടത്തുന്നതിനോ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുന്നതിനോ സർവകലാശാല നടപടികളെടുക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.VIII(a))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

140. അധ്യാപക നിയമനത്തിന് സെലക്ഷൻ കമ്മിറ്റി കൂടി അധ്യാപകരുടെ യോഗ്യത പരിശോധിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ അവരുടെ ക്രഡൻഷ്യൽസ് വെരിഫൈ ചെയ്തതിനുശേഷമേ നിയമിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ അധ്യാപക തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ സാധിക്കില്ലെന്നും യു.ജി.സി. റഗുലേഷൻസിൽ കരാർ അധ്യാപക നിയമനത്തിനു വേണ്ടിയുള്ള സെലക്ഷൻ കമ്മിറ്റിയുടെ ഘടന പറയുന്നുണ്ടെന്നും അനധ്യാപക തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താവുന്നതാണെന്നും നിലവിൽ അനധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നത് പി.എസ്.സി. വഴിയാണെന്നും കേരള സർവകലാശാല രജിസ്ട്രാർ മറുപടി നൽകി.

141. അധ്യാപക-അനധ്യാപക തസ്തികകളിലെ കരാർ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പിലാക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ കേരള സർവകലാശാലയുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു

## നിഗമനങ്ങളും ശിപാർശകളും

**142. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കേരള സർവകലാശാല രജിസ്ട്രാർ സമിതി മുമ്പാകെ നൽകിയ മറുപടി ഓഡിറ്റ് വിഭാഗത്തിന് ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

2016-17 സാമ്പത്തിക വർഷത്തിലാണ് കേരള സർവകലാശാലയിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചത്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 5 കോടി രൂപയാണ് പെൻഷൻ ഫണ്ടിനായി വകയിരുത്തിയിട്ടുള്ളത്. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കു പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവ് |
|---|---|
| 2016-17 | 1,01,49,24,564 |
| 2015-16 | 82,36,34,296 |

2016-17 സാമ്പത്തിക വർഷത്തെ പെൻഷൻ ചെലവ് 1,01,49,24,564/- രൂപയായിരിക്കെ 5 കോടി രൂപ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനായി അടവാക്കപ്പെടുന്നത് തുലോം കുറവാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.XVI)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

143. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**144. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ടി. പി. രാമകൃഷ്ണൻ,**
അധ്യക്ഷൻ,
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.**

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18

# അനുബന്ധം -I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർകളും

| ക്രമ നം. | ഖണ്ഡിക നം. | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 19 | റവന്യൂ (ദേവസ്വം) വകുപ്പ് | റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ ശ്രീ കൊട്ടിയൂർ ദേവസ്വം, ശ്രീ പെരളശ്ശേരി ക്ഷേത്രം എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 20 | " | മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രങ്ങളിലെ ക്ഷേത്രഭണ്ഡാരങ്ങൾ തുറന്നെണ്ണുന്ന സമയത്ത് ഗോൾഡ്സ്മിത്തിന്റെ സേവനം ലഭിക്കാതെവരുന്ന സാഹചര്യമുള്ളതിനാൽ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്ന ഗോൾഡ്സ്മിത്ത് തസ്തികയിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 3 | 21 | " | റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ ശ്രീ.വൈരങ്കോട് ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 22 | " | റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ മലബാർ ദേവസ്വം ബോർഡിന് സമർപ്പിക്കുന്ന പുതുക്കിയ ഡിറ്റത്തിന് ബോർഡ് അംഗീകാരം നൽകാൻ കാലതാമസം നേരിടുന്നു എന്ന പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 5 | 23 | " | മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാവശ്യമായ നിലപാട് സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ മലബാർ ദേവസ്വം ബോർഡിൽ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്ന പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയിൽ യഥാസമയം തീരുമാനമെടുക്കാത്തതിനാൽ ക്ഷേത്രങ്ങൾക്ക് സമയനഷ്ടവും ധനനഷ്ടവും ഉണ്ടാകുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 24 | " | റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ ദേവസ്വങ്ങളുടെ കമ്പ്യൂട്ടർവൽകരണത്തിന് ചെലവഴിച്ച തുക തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ ഫലപ്രദമായില്ല എന്ന പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 25 | " | ദേവസ്വം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് ക്ഷേത്രാധികാരികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ബോർഡ് സത്വര നടപടികൾ സ്വീകരിച്ച് ആയതിന്മേലുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |

| | | | |
|---|---|---|---|
| 8 | 26 | " | റവന്യൂ(ദേവസ്വം)വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിലെ വീഴ്ചകൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ സർക്കാർ ധനസഹായമായി ലഭിക്കുന്ന തുക പലിശരഹിത ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും പലിശസഹിത അക്കൗണ്ടിലേക്ക് നിക്ഷേപിച്ച എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 27 | " | ക്ഷേത്രങ്ങളുടെ കൈവശമുള്ള ഭൂമിയുടെ എട്ട് മടങ്ങോളം കയ്യേറ്റം നടന്നിട്ടും പ്രസ്തുത ഭൂമി തിരികെ പിടിക്കാൻ ഫലപ്രദമായ നടപടികൾ മലബാർ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ വിഷയത്തിലുള്ള മലബാർ ദേവസ്വം ബോർഡിന്റെ അനാസ്ഥയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ദേവസ്വത്തിന്റെ കൈവശമിരുന്ന ഭൂമി അന്യാധീനപ്പെട്ടിരിക്കുന്നു എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും സമഗ്രമായ സർവെ നടത്തി കയ്യേറ്റഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 28 | " | ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് വൺ ടൈം ഡിജിറ്റൽ സർവെ നടത്തുന്നതിന് ശ്രമിക്കാമെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ വ്യക്തമാക്കിയിരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 11 | 29 | " | ചില കയ്യേറ്റ ഭൂമികൾ സാങ്കേതിക കാരണങ്ങളാൽ ദേവസ്വത്തിന് വീണ്ടെടുക്കാൻ കഴിയില്ലെന്ന് സമിതി വിലയിരുത്തുന്നു. അത്തരം സന്ദർഭങ്ങളിൽ അവശേഷിക്കുന്ന ഭൂമിയെങ്കിലും സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 12 | 36 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വരവ് ചെലവ് സ്വമേധയാ വെളിപ്പെടുത്തൽ എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണിപ്പുര ശ്രീ. ഗോപാലകൃഷ്ണ ക്ഷേത്രവുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 37 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വരവ് ചെലവ് സ്വമേധയാ വെളിപ്പെടുത്തൽ എന്ന ഓഡിറ്റ് ഖണ്ഡികയിലെ ശ്രീ. വെള്ളറക്കോട് പരദേവതാ ക്ഷേത്രവുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 38 | " | ക്ഷേത്ര ഭരണാധികാരികൾ പലപ്പോഴും നിയമവിധേയമായി പ്രവർത്തിക്കാൻ വിമുഖത കാട്ടുകയും ക്ഷേത്ര സമ്പത്തിൽ നിന്ന് വരുമാനമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ക്ഷേത്രങ്ങളിൽ സമ്പത്തിന്റെ ദുരുപയോഗം നടക്കാൻ സാധ്യതയുള്ളതിനാൽ നിയമാനുസൃതം പ്രവർത്തിക്കണമെന്ന് ക്ഷേത്ര ഭരണാധികാരികളെ ബോധ്യപ്പെടുത്തി നിയമം പാലിക്കാൻ അവരെ പ്രാപ്തരാക്കണമെന്നും മാനേജിംഗ് ട്രസ്റ്റി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 15 | 44 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ അങ്ങാടിപ്പുറം ശ്രീ തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 45 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ മധൂർ ശ്രീ മദനന്തേശ്വര സിദ്ധി വിനായക ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 46 | " | വയനാട് പുൽപ്പള്ളി മുരിക്കന്മാർ ദേവസ്വം ക്ഷേത്രത്തിൽ ധാരാളം നെല്ല് സ്റ്റോക്കുള്ളതിനാൽ 2 വർഷമായി നെൽകൃഷി ചെയ്യുന്നില്ലെന്ന ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കൃഷിഭൂമി തരിശായി കിടക്കുന്ന അവസ്ഥയുണ്ടാകരുതെന്നും ക്ഷേത്രത്തിന്റെ 4 ഏക്കർ ഭൂമിയിൽ നെൽകൃഷി ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ നടത്തണമെന്നും ക്ഷേത്രാവശ്യങ്ങൾക്കായി ഉപയോഗിച്ചതിന് ശേഷം അധികമുള്ള നെല്ല് ആവശ്യക്കാരെ കണ്ടെത്തി കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദേശിക്കുന്നു. റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പുൽപ്പള്ളി മുരിക്കന്മാർ ദേവസ്വവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 18 | 49 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്ഥലജലവിഭവ പരിപാലനം എന്ന ഓഡിറ്റ് ഖണ്ഡികയിലെ വയനാട് ശ്രീ മാനികാവ് ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 50 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്ഥലജലവിഭവ പരിപാലനം എന്ന ഓഡിറ്റ് ഖണ്ഡികയിലെ കോഴിക്കോട് ശ്രീ വള്ളിക്കാട്ട് കാവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 51 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്ഥലജലവിഭവ പരിപാലനം എന്ന ഓഡിറ്റ് ഖണ്ഡികയിലെ കൊട്ടിയൂർ ദേവസ്വം വക ആയില്ല്യാർകാവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 52 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്ഥലജലവിഭവ പരിപാലനം എന്ന ഓഡിറ്റ് ഖണ്ഡികയിലെ ശ്രീ ചന്ദനക്കാവ് ദേവസ്വവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 55 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ക്ഷേത്രങ്ങളുടെ പൂജാ/നൈവേദ്യ വിഭവ |

| | | | |
|---|---|---|---|
| | | | സ്വാശ്രയത്വം എന്ന ഓഡിറ്റ് ഖണ്ഡികയിലെ ശ്രീ അകിലാണം ശിവക്ഷേത്രം - അനുകരണീയ മാതൃക എന്ന പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 74 | " | ക്ഷേത്രങ്ങളുടെ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും പേരിൽ പൗരാണിക മൂല്യമുള്ള പഴയ നിർമ്മിതികൾ നശിപ്പിക്കപ്പെടുന്നു എന്ന ഓഡിറ്റ് നിരീക്ഷണം ശരിയാണെന്ന് സമിതി വിലയിരുത്തുന്നു. ക്ഷേത്രങ്ങളുടെ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും പേരിൽ പൗരാണിക മൂല്യമുള്ള പഴയ നിർമ്മിതികൾ നശിപ്പിക്കപ്പെടരുതെന്നും ക്ഷേത്രങ്ങളിൽ പഴയ നിർമ്മിതികൾ പരമാവധി നിലനിർത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 24 | 75 | " | വരുമാനം കുറയുന്നു എന്ന കാരണത്താൽ ക്ഷേത്രങ്ങൾ അടച്ചുപൂട്ടാൻ പാടില്ലെന്ന് സമിതി വിലയിരുത്തുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും ദേവസ്വം ബോർഡുകളുടെ പരിധിയിൽപ്പെടാത്തതുമായ ക്ഷേത്രങ്ങളുടെ ഉന്നമനത്തിനായി ഗുരുവായൂർ ദേവസ്വം ബോർഡ് നൽകിവരുന്ന പത്ത് കോടി രൂപയുടെ ധനസഹായം മലബാർ ദേവസ്വം ബോർഡിനുകീഴിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷേത്രങ്ങൾക്കുകൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 76 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുനെല്ലി ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 26 | 77 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തൃശ്ശിലേരി ശിവക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 78 | " | വള്ളിയൂർക്കാവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ കാവിന്റെ പ്രകൃതിക്ക് ഇണങ്ങാത്ത വിധത്തിലുള്ളതും നാഗരിക സ്വഭാവത്തിലുള്ളതുമായ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 28 | 79 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ മാനികാവ് ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 80 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പുൽപ്പള്ളി മുരിക്കൻമാർ ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 81 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പിഷാരിക്കാവ് ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 82 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ചിനക്കത്തൂർ കാവ് ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 32 | 83 | " | റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പെരുമ്പറമ്പ് മഹാദേവ ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 84 | " | റവന്യൂ (ദേവസ്വം) വകുപ്പിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ശ്രീ. തിരുകാച്ചാംകുറിശ്ശി ദേവസ്വം പെരുമാൾ ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 91 | " | ദേവസ്വം ബോർഡിനുകീഴിലെ മിക്ക ക്ഷേത്രങ്ങൾക്കും ബോർഡിന്റെ തുക കൂടാതെ ജനങ്ങളുടെ സംഭാവനയും ലഭിക്കുന്നുണ്ടെന്നും മിക്ക ക്ഷേത്രങ്ങളിലും ക്ഷേത്ര ഉപദേശക സമിതികളുടെ നേതൃത്വത്തിൽ നവീകരണ പ്രവർത്തനങ്ങളും മരാമത്ത് പ്രവൃത്തികളും നടക്കുന്നത് കാരണം ക്ഷേത്രങ്ങളിലെ പൗരാണിക അന്തരീക്ഷത്തെ ഹനിക്കുന്ന രീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. |
| 35 | 92 | " | ക്ഷേത്രങ്ങളിലെ വാസ്തുശിൽപ്പങ്ങൾ, പൗരാണിക മൂല്യമുള്ള നിർമ്മിതികൾ തുടങ്ങിയവ നശിച്ചുപോകാത്ത രീതിയിൽ സംരക്ഷിക്കേണ്ടതാണെന്നും പരിഷ്കരണങ്ങളുടെ പേരിൽ കാവുകൾ നശിക്കപ്പെട്ടാൽ പുനരുജ്ജീവിപ്പിക്കാൻ സാധിക്കില്ലെന്നും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട പാരമ്പര്യ വാസ്തുമൂല്യവും ജൈവ-പാരിസ്ഥിതിക മൂല്യങ്ങളും നാശം സംഭവിക്കാത്ത രീതിയിൽ സംരക്ഷിക്കപ്പെടണമെന്നും പൗരാണിക മൂല്യങ്ങളുള്ള നിർമ്മിതികൾ പുരാവസ്തു വകുപ്പിനെ ഏൽപ്പിച്ചാൽ സംരക്ഷിക്കപ്പെടുമെന്നും സമിതി അഭിപ്രായപ്പെടുന്നു. |

| | | | |
|---|---|---|---|
| 36 | 93 | " | കാവുകൾ വിശ്വാസത്തിന്റെ ഭാഗമാണെങ്കിലും അതത് പ്രദേശങ്ങളിലെ ജൈവവൈവിധ്യങ്ങളെ വളരെ കൃത്യമായി സൂക്ഷിക്കുന്ന ഇടങ്ങളാണെന്നും അപൂർവമായ വൃക്ഷങ്ങൾ ഉൾപ്പെട്ടിരുന്ന കാവുകൾ അന്യംനിന്നുപോയിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. നിലവിലുള്ള പൗരാണികവും ഹരിതാഭവും വാസ്തുശിൽപ ഭംഗിയാൽ അനുപമവുമായ ക്ഷേത്രങ്ങളെങ്കിലും സംരക്ഷിക്കപ്പെടണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 37 | 94 | " | വിശ്വാസികൾക്ക് അവരുടെ വിശ്വാസങ്ങൾ അനുസരിച്ച് കാര്യങ്ങൾ നടത്താനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ദേവസ്വം ബോർഡിന് ഉത്തരവാദിത്തമുണ്ടെന്നും അതോടൊപ്പംതന്നെ കല്ലിലും മണ്ണിലും മരത്തിലും പണിതതും നൂറ്റാണ്ടുകൾ പഴക്കമുള്ളതും പ്രകൃതിയോട് ഇണങ്ങി നിൽക്കുന്നതുമായ പാരമ്പര്യ വാസ്തുകലാ നിർമ്മിതികളും കാവുകളും സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. മലബാർ ദേവസ്വം ബോർഡിന് സർക്കാർ ഫണ്ട് ലഭ്യമാക്കുവാൻ സാധിക്കുമോ എന്ന വിഷയം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 38 | 95 | " | ക്ഷേത്രങ്ങളുടെയും കാവുകളുടെയും പശ്ചാത്തല ഭംഗിയെയും പ്രാചീന ശിൽപ ചാരുതകളെയും പൗരാണികമായ അന്തരീക്ഷത്തെയും ദോഷകരമായി ബാധിക്കാത്ത തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള പൊതുനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് റവന്യൂ (ദേവസ്വം) വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിന്റെ കോപ്പി ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്ന് സമിതി നിർദേശിക്കുന്നു. |

| | | | |
|---|---|---|---|
| 39 | 96 | " | മലബാർ ദേവസ്വം ബോർഡിന്റെ ഭരണ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിലും കാവുകളിലും നടന്നു കഴിഞ്ഞതും നിലവിൽ നടന്നു കൊണ്ടിരിക്കുന്നതുമായ നവീകരണ-വികസന പ്രവർത്തനങ്ങളുടെ ഫലമായി ക്ഷേത്രങ്ങളുടെ പൗരാണിക വാസ്തുശില്പ തനിമകൾക്കും, ഗ്രാമക്കാവുകളുടെ ജൈവ പ്രകൃതിക്കും ഉണ്ടാകുന്ന ആഘാതങ്ങൾ സംബന്ധിച്ച് സമഗ്രവും ആധികാരികവുമായ പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 40 | 97 | " | ക്ഷേത്രങ്ങളുടെ പൗരാണിക വാസ്തുമൂല്യങ്ങളും, കാവുകളുടെ ജൈവ പ്രകൃതിയും സംരക്ഷിച്ചുകൊണ്ട് മാത്രം നവീകരണ-വികസന പ്രവൃത്തികൾ നടത്താവുന്ന വിധം, നിയമങ്ങളും ചട്ടങ്ങളും സമഗ്രവും കാലോചിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 41 | 98 | " | ക്ഷേത്രങ്ങളുടെ/കാവുകളുടെ നവീകരണ പുനരുദ്ധാരണ വികസന പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുവാൻ വാസ്തുശില്പികൾ, പാരമ്പര്യ തച്ചുശാസ്ത്ര വിദഗ്ധർ, പുരാവസ്തു വിദഗ്ധർ, ചരിത്രകാരൻമാർ, പരിസ്ഥിതി വിദഗ്ധർ തുടങ്ങി പ്രസക്തമായ എല്ലാ വിഭാഗങ്ങൾക്കും പങ്കാളിത്തമുള്ള ഒരു ഉന്നതാധികാരസമിതിക്ക് രൂപം നൽകുകയും, പ്രസ്തുത സമിതിയുടെ ഉപദേശത്തോടെ/അനുമതിയോടെ മാത്രമേ ഏതൊരു വികസന പ്രവർത്തനവും നടത്താവൂ എന്ന് നിയമം മൂലം നിഷ്കർഷിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 42 | 99 | " | ക്ഷേത്രങ്ങളുടെ വാസ്തുകലാ മൂല്യങ്ങളും, കാവുകളുടെ ജൈവ പ്രകൃതിയും പരിപാലിക്കുന്നതിന് പര്യാപ്തമായ ഒരു 'കൺസർവേഷൻ മാന്വൽ'-ന് രൂപം നല്കുകണമെന്നും ക്ഷേത്ര ട്രസ്റ്റിമാർ, നിർവഹണ ഉദ്യോഗസ്ഥർ, ക്ഷേത്ര സംരക്ഷണ/പുനരുദ്ധാരണ കമ്മിറ്റികൾ, ക്ഷേത്രം ജീവനക്കാർ, മലബാർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ തുടങ്ങി എല്ലാ വിഭാഗക്കാർക്കും, സംരക്ഷിക്കപ്പെടേണ്ട മൂല്യങ്ങളെ സംബന്ധിച്ച് മതിയായ ബോധവൽക്കരണ/ പരിശീലന പരിപാടികൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 103 | " | ക്ഷേത്രങ്ങളുടെ ട്രസ്റ്റിന്റെ ഐഡന്റിറ്റി എങ്ങനെ ലയിപ്പിക്കുമെന്ന പ്രശ്നമുണ്ടെന്നും പല ക്ഷേത്രങ്ങളും ട്രസ്റ്റിമാരുടെ കയ്യിലായതിനാൽ അവരുടെ പക്കൽനിന്നും അധികാരം കൈമാറ്റം ചെയ്യുക എന്നത് എളുപ്പത്തിൽ സാധിക്കുന്നതല്ലെന്നും ക്ഷേത്രങ്ങൾ പരിപാലിക്കുന്ന ട്രസ്റ്റികൾ ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും തിരുവിതാംകൂർ ദേവസ്വവുമായി താരതമ്യപ്പെടുത്തുമ്പോൾ മലബാർ ദേവസ്വം ബോർഡിനുകീഴിൽ വരുന്ന ക്ഷേത്രങ്ങൾ വളരെ പിന്നാക്കാവസ്ഥയിലാണെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഭാഗങ്ങൾക്ക് സംരക്ഷണം കൊടുക്കാൻ ഉതകുന്ന തരത്തിലുള്ള നിയമനിർമ്മാണം കൊണ്ടുവരികയെന്നതാണ് ആവശ്യമെന്ന് സമിതി അഭിപ്രായപ്പെടുന്നു. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് 1951-ലെ ഹിന്ദുമത ധർമ്മ സ്ഥാപന നിയമം പരിഷ്കരിച്ച് പുതിയ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണെന്നും റവന്യൂ (ദേവസ്വം) വകുപ്പ് |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 44 | 107 | " | കൊച്ചിൻ ദേവസ്വം ബോർഡിൽ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ചട്ട വ്യവസ്ഥകൾ നാളിതുവരെയും തയ്യാറാക്കിയിട്ടില്ല, വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കേണ്ട രീതിയോ നടപടിക്രമങ്ങളോ നാളിതുവരെയും വ്യവസ്ഥ ചെയ്തിട്ടില്ല, അക്കൗണ്ട്സ് റൂൾസ് നിലവിലില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 45 | 108 | " | തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക പ്രത്യേക പരാമർശമില്ലാത്തതിനാൽ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 109 | " | മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക പ്രത്യേക പരാമർശമില്ലാത്തതിനാൽ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 47 | 110 | " | ഗുരുവായൂർ ദേവസ്വം ഓഡിറ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക പ്രത്യേക പരാമർശമില്ലാത്തതിനാൽ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 48 | 113 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | ഗ്രീൻഫീൽഡ് സ്റ്റേഡിയം-പാട്ടകുടിശിക, സേവന നികുതി ഇനങ്ങളിൽ സർവകലാശാലയ്ക്ക് ലഭിച്ചതും ലഭിക്കാൻ അവശേഷിക്കുന്നതുമായ തുകകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |

| | | | |
|---|---|---|---|
| 49 | 117 | " | കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുന്നതിൽ നിന്നും സർവകലാശാലയെ ഒഴിവാക്കുമെന്ന ധാരണയിലാണ് കെട്ടിടങ്ങൾ നിർമ്മിച്ചതെന്നാണ് ഓഡിറ്റ് പരാമർശം പരിഗണിക്കവെ കേരള സർവകലാശാല രജിസ്ട്രാർ സമിതി മുമ്പാകെ ബോധിപ്പിച്ചത്. എന്നാൽ പ്രസ്തുത നടപടി അംഗീകരിക്കാൻ കഴിയില്ലെന്നും സർക്കാർ സ്ഥാപനങ്ങൾക്ക് നിയമാനുസൃതമായിട്ടുമാത്രമേ പ്രവർത്തിക്കാനാകൂവെന്നും പെരുമാറ്റ ചട്ടങ്ങളിൽ നിന്നും സ്ഥാപനങ്ങളെ സർക്കാരിന് ഒഴിവാക്കാൻ കഴിയില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ കാര്യവട്ടം ക്യാമ്പസ്, പാളയം സെനറ്റ് ഹൗസ് ക്യാമ്പസ് എന്നിവിടങ്ങളിൽ സർവകലാശാല പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്കരിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 50 | 122 | " | സർവകലാശാല രേഖകളുടെ ഡിജിറ്റൈസേഷനും സൂക്ഷിപ്പും എന്ന പദ്ധതി നാളിതുവരെ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെന്ന് കേരള സർവകലാശാല രജിസ്ട്രാറുടെ മറുപടിയിൽ നിന്ന് സമിതി മനസിലാക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ തുടർ പ്രവർത്തനങ്ങൾ ചെയ്യുന്ന കാര്യങ്ങൾ സർവകലാശാലയുടെ ആലോചനയിലാണെന്നും സമിതി മനസിലാക്കുന്നു. ആയത് അഭിനന്ദനാർഹമാണെങ്കിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ഖണ്ഡികയിലൂടെ ചൂണ്ടിക്കാട്ടിയിട്ടുള്ള പോരായ്മകൾക്ക് വ്യക്തമായ മറുപടി ഓഡിറ്റ് വകുപ്പിന് നല്കിയിട്ടില്ല എന്ന് തെളിവെടുപ്പ് |

| | | | |
|---|---|---|---|
| | | | വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള ഓരോ ഓഡിറ്റ് പരാമർശത്തിനുമുള്ള വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 51 | 125 | " | കേരള സർവകലാശാല സെനറ്റ് ഹൗസ് ക്യാമ്പസിലെ ലെ ഇൻഡോർ കോർട്ട് നിർമ്മാണചെലവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 52 | 127 | " | വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിലെ റെഗുലർ വിദ്യാർഥികളുടെ വിവിധ പരീക്ഷാ മൂല്യനിർണ്ണയത്തിനായി അധ്യാപകർക്ക് പ്രതിഫലം നൽകിയത് കേരള യൂണിവേഴ്സിറ്റിയുടെ തനത് ഫണ്ടിൽ നിന്നുമാണ് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 53 | 132 | " | കേരള സർവകലാശാലയിൽ സർക്കാർ അംഗീകാരമില്ലാതെ അധ്യാപക തസ്തികകളിൽ നിയമനം നടത്തി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ കേരള സർവകലാശാല രജിസ്ട്രാർ നൽകിയ മറുപടി അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 54 | 135 | " | ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 55 | 137 | " | ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള മറുപടി അംഗീകരിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 56 | 139 | " | ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 57 | 142 | " | ഓഡിറ്റ് പരാമർശം സംബന്ധിച്ച് കേരള സർവകലാശാല രജിസ്ട്രാർ സമിതി മുമ്പാകെ നൽകിയ മറുപടി ഓഡിറ്റ് വിഭാഗത്തിന് ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 58 | 144 | " | ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

414 അനുബന്ധം-II 121

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-2014 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - മലബാർ ദേവസ്വം ബോർഡിനെ സംബന്ധിക്കുന്ന പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്

<table>
<tr><th>ഖണ്ഡിക</th><th>പരാമർശം</th><th>സ്വീകരിച്ച നടപടി</th></tr>
<tr>
<td>8.6<br>1.</td>
<td><u>ഭരണ നിർവ്വഹണത്തി ലെ വീഴ്ചകൾ:</u><br><br>ഉത്സവങ്ങൾക്ക് ബജറ്റിൽ നിന്നും അധികരിച്ച ചെലവിന് ക്ഷേത്രങ്ങളിൽ അപേക്ഷകൾ ലഭിക്കുന്നുവെങ്കിലും ബോർഡിൽ നിന്ന് അംഗീകാരം ലഭിക്കുന്നില്ല. കണ്ണൂർ കൊട്ടിയൂർ ദേവസ്വത്തിന്റെ 2004, 2006, 2007, 2008, 2010, 2011, വർഷങ്ങളിലേയും, ശ്രീ പെരളശ്ശേരി ക്ഷേത്രത്തിന്റെ 2010, 2011, 2012 വർഷങ്ങളിലെയും ബജറ്റിൽ അധികരിച്ച ചെലവുകൾക്ക് നാളിതുവരെ അംഗീകാരം നൽകിയിട്ടില്ല.</td>
<td>ശ്രീ.കൊട്ടിയൂർ ദേവസ്വം 2004, 2006, 2008, 2011 വർഷങ്ങളിലെ ബജറ്റിൽ അധികരിച്ച ചെലവുകൾക്ക് താഴെ പറയും പ്രകാരം മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>
<table>
<tr><td>2004</td><td>ജെ6/416/15/കെ.ഡിസ് തീയ്യതി 31/05/2005,</td></tr>
<tr><td>2006</td><td>ജെ4/5024/15/ തീയ്യതി 11/08/2015,</td></tr>
<tr><td>2007</td><td>എച്ച്.ആർ.ജെ6 97400/06 തീയ്യതി 12/04/2007</td></tr>
<tr><td>2008</td><td>ജെ4/5022/15 തീയ്യതി 11/08/2015,</td></tr>
<tr><td>2010</td><td>എച്ച്7/7990/14 തീയ്യതി 28/01/2018</td></tr>
<tr><td>2011</td><td>ജെ4/6303/12 തീയ്യതി 11/08/2015</td></tr>
</table>
<br>ശ്രീ.പെരളശ്ശേരി ദേവസ്വം 2010 വർഷത്തെ യഥാർത്ഥ വരവ് ചെലവു പട്ടികയും 2011, 2012 വർഷങ്ങളിലെ ബഡ്ജറ്റ് വ്യതിയാനവും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അംഗീകരിച്ചു നൽകിയിട്ടുണ്ട് (എച്ച്5/4488/2016എംഡിബി (കെ.ഡിസ്) തീയ്യതി 18/11/2017).<br><br>
ഓരോ വർഷത്തേയും വരവ് ചെലവുകൾ മുൻകൂട്ടി ക്ഷേത്രഭരണാധികാരി സമർപ്പിക്കുന്ന ബഡ്ജറ്റ് പരിശോധിച്ച് അംഗീകാരം നൽകുമ്പോൾ സാധാരണ ഗതിയിൽ ബഡ്ജറ്റിനുള്ളിൽ ഒതുങ്ങി നിന്നാണ് ചെലവുകൾ നിർവ്വഹിക്കേണ്ടത്. എന്നാൽ അംഗീകരിച്ച ബഡ്ജറ്റിൽ നിന്ന് പല ഇനങ്ങളിൽ അധികരിച്ച് ചെലവ് ചെയ്യുകയും ആയത് അംഗീകരിച്ച് നൽകണമെന്ന് ബോർഡിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്യുന്നത് പ്രത്യേകിച്ച് വലിയ ക്ഷേത്രങ്ങൾ ഒരു പതിവാക്കി മാറ്റുന്നുണ്ട്. അംഗീകരിച്ച ബഡ്ജറ്റിൽ നിന്ന് അധികരിച്ച് ചെലവുകൾ ചെയ്യു</td>
</tr>
</table>

| | | |
|---|---|---|
| | | ബോൾ ആയതിന് അടിസ്ഥാനമു ണ്ടോ എന്നതിന് അതാത് ക്ഷേത്രങ്ങളിലെ രേഖകളും മറ്റും വിശദമായി പരിശോധിക്കേതുണ്ട് ഇത് വളരെ സമയം ആവശ്യമുള്ള സംഗതിയാണ്. ഇത്തരം പരിശോധനകൾ ശരിയായി നടത്തുമ്പോൾ വരുന്ന കാലതാമസം മാത്രമാണ് അധികചെലവ് അംഗീകരിച്ച് നൽകുന്നതിൽ സാധാരണ വരുന്നത്. മാത്രമല്ല ഇതിൽ വരുന്ന കാലതാമസം ക്ഷേത്രങ്ങളുടെ ദൈനംദിന ഭരണത്തെ കാര്യമായി ബാധിക്കുന്ന കാര്യവുമല്ല. |
| 2. | ദേവസ്വങ്ങളിൽ നിലവിലുള്ളതും, ഭക്തജനങ്ങൾ പ്രതിവർഷം സമർപ്പിക്കുന്നതുമായ ഇൻവെന്ററികളുടെ വെരിഫിക്കേഷൻ മലബാർ ദേവസ്വം ബോർഡ് യഥാസമയം നടത്തുന്നില്ല. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 1600 ൽ പരം ക്ഷേത്രങ്ങളിലെ ഇൻവെന്ററി പരിശോധിക്കുന്നതിനായി 3 വെരിഫിക്കേഷൻ ഓഫീസർമാത്രമാണ് നിലവിലുള്ളത്. ഇൻവെന്ററി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതും നാളിതുവരെ വെരിഫിക്കേഷൻ നടത്തിയിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ജോയിന്റ് കസ്റ്റഡിയിൽ ലോക്കറിൽ സൂക്ഷിക്കണമെന്ന് മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന ചട്ടത്തിലെ സെക്ഷൻ 36 ൽ 100 (2) (1) 3 പ്രകാരം അനുശാസിക്കുന്നുണ്ടെങ്കിലും ശ്രീ. വൈരങ്കോട് ഭഗവതി ക്ഷേത്രത്തിൽ ആയത് പാലിക്കപ്പെടുന്നല്ല. സ്വർണ്ണം, വെള്ളി | മലബാർ ദേവസ്വം ബോർഡിനു കീഴിലെ 1600 ൽ പരം ക്ഷേത്രങ്ങളിലെ ഇൻവെന്ററി പരിശോധിക്കുന്നതിന് 3 വെരിഫിക്കേഷൻ ഓഫീസർ മാത്രം ഇവരെ സഹായിക്കുന്നതിന് 2 ഗോൾഡ് സ്മിത്ത്മാരും മാത്രമാണുള്ളത്. ഇതിൽ ഒരു തസ്തികയിൽ മാത്രമാണ് സ്ഥിരം ജീവനക്കാരനുള്ളത്. ബോർഡിലെ നിയമന വുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നം കാരണം ഒരു ഗോൾഡ് സ്മിത്ത് തസ്തിക വർഷങ്ങളായി ഒഴിഞ്ഞുകിടക്കുകയാണ്. വെരിഫിക്കേഷൻ ഓഫീസർ തസ്തികകളും ഗോൾഡ് അപ്രൈസർ തസ്തികകളും ജോലിഭാരത്തിനനുസരിച്ച് വർദ്ധിപ്പിച്ച് നൽകിയാൽ മാത്രമേ ഇൻവെന്ററികളുടെ വെരിഫിക്കേഷൻ യഥാസമയം നടത്താൻ ക ഴിയൂ എന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.<br><br>ക്ഷേത്രഭണ്ഡാരങ്ങൾ തുറന്നെണ്ണുന്ന സമയത്ത് തന്നെ കൃത്യമായ തൂക്കവും സുമാർ വിലയും ഇൻവെന്ററി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട താണെന്നും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം ഉറപ്പ് വരുത്തേണ്ട താണെന്നും വെരിഫിക്കേഷൻ ഓഫീസർക്കും അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ജോയിന്റ് കസ്റ്റഡിയിൽ ലോക്കറിൽ സൂക്ഷിക്കുന്നില്ല ഇവ ഇനം തിരിച്ച് സൂക്ഷിക്കുന്നില്ല എന്നീ പരാമർശങ്ങൾക്ക് പരിശോധനാ വേളയിൽ മേൽ പ്രകാരമുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിന് നേരിട്ട് ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകാറുണ്ടെന്ന് വെരിഫിക്കേഷൻ ഓഫീസർമാർ ബോധിപ്പിച്ചിട്ടുണ്ടെന്നും |

410

123

| | | |
|---|---|---|
| | എന്നിവയുടെ വരവിനം തിരിച്ച് സൂക്ഷിച്ചിട്ടില്ല എന്നതിന് പുറമെ വഴിപാടായി ലഭിക്കുന്ന സ്വർണ്ണം മൂല്യനിർണ്ണയം നടത്താൻ ആളെ ലഭിക്കുന്നില്ലെന്ന് കാണിച്ച് അളവ് രേഖപ്പെടുത്താതെ വീണ്ടും ഭണ്ഡാരത്തിലേയ്ക്ക് നിക്ഷേപിക്കുന്നതായും കാണുന്നു. | ശ്രീ.വൈരങ്കോട് ഭഗവതി ക്ഷേത്രത്തിലെ ഭണ്ഡാരങ്ങൾ തുറന്നെണ്ണുമ്പോൾ ലഭിക്കുന്ന സ്വർണ്ണം/ വെള്ളി സാധനങ്ങൾ തട്ടാനെ കൊണ്ട് പരിശോധിച്ച് തൂക്കി തിട്ടപ്പെടുത്തി രജിസ്റ്ററിൽ രേഖപ്പെടുത്തി ബാങ്ക് ലോക്കറിൽ സൂക്ഷിക്കാറാണ് പതിവെന്നും, തട്ടാന്റെ സേവനം ലഭിക്കാതെ വരുന്ന സമയങ്ങളിൽ സ്വർണ്ണം/ വെള്ളി സാധനങ്ങൾ പ്രത്യേകം കവറിലാക്കി, മുദ്രവെച്ച് ഏറ്റവും സുരക്ഷിതമായ സോപാനം ഭണ്ഡാരത്തിൽ ഭക്തജനങ്ങളുടെയും, വകുപ്പ് ഉദ്യോഗസ്ഥരുടെയും, ക്ഷേത്രജീവനക്കാരുടെയും സാന്നിദ്ധ്യത്തിൽ തിരികെ നിക്ഷേപിച്ച് തൊട്ടടുത്ത പ്രാവശ്യം ഭണ്ഡാരം എണ്ണുമ്പോൾ തട്ടാനെക്കൊണ്ട് പരിശോധിപ്പിച്ച് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി, ബാങ്ക് ലോക്കറിൽ സൂക്ഷിച്ച് വരികയാണ് ചെയ്യാറുള്ളതെന്നും എക്സിക്യൂട്ടീവ് ഓഫീസർ വിശദീകരണം നൽകിയിട്ടുണ്ടെന്നും ഭണ്ഡാരം തുറക്കുന്ന സമയത്ത് ലഭിക്കുന്ന സ്വർണ്ണം, വെള്ളി എന്നിവ പരിശോധിച്ച് ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ജോയിന്റ് കസ്റ്റഡിയിൽ സൂക്ഷിക്കണമെന്ന് ഹിന്ദു മതധർമ്മ സ്ഥാപന നിയമം സെക്ഷൻ 26 ൽ 100(2)(1)(3) പ്രകാരം അനുശാസിക്കുന്നു ണ്ടെങ്കിലും ക്ഷേത്രങ്ങളുടെ ഭരണ പദ്ധതികളിലെ വ്യവസ്ഥകളും പാരമ്പര്യ ട്രസ്റ്റിമാരുടെയും ട്രസ്റ്റി ബോർഡിന്റെയും അഭാവവും ടി ചട്ടം പാലിക്കപ്പെടുന്നതിൽ വിഘാതം സൃഷ്ടിക്കു ന്നുവെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.<br><br>ശ്രീ വൈരങ്കോട് ക്ഷേത്രത്തിൽ പാരമ്പര്യ ട്രസ്റ്റിമാർ നിലവിലില്ലാത്തതിനാലും പാരമ്പര്യേതര ട്രസ്റ്റിമാർ അടങ്ങിയ ട്രസ്റ്റി ബോർഡ് നിലവിലില്ലാത്തതിനാലും സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ജോയിന്റ് കസ്റ്റഡിയിൽ സൂക്ഷിക്കണമെന്ന വ്യവസ്ഥ പാലിക്കാൻ കഴിഞ്ഞിട്ടില്ല. |
| 3. | ദേവസ്വങ്ങളുടെ നിത്യത, ആണ്ടുകാലിക വാർഷിക വിശേഷവിധികൾ, ഉത്സവപ്രതിഫലങ്ങൾ എന്നിവയുടെ അടിസ്ഥാനം പടിത്തര ചെലവ് പട്ടിക (ഡിറ്റം) യാണ്. ഈ പടിത്തര ചെലവ് പട്ടിക 5 വർഷം കൂടുമ്പോൾ പുതുക്കി നിശ്ചയിക്കേണ്ടതാണ്. എന്നാൽ ദേവസ്വങ്ങൾ സമർപ്പിക്കുന്ന പുതുക്കിയ ഡിറ്റത്തിന് യഥാസമയം ബോർഡ് അംഗീകാരം നൽകുന്നില്ല. | ഡിറ്റം അംഗീകരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 4. | ദേവസ്വത്തിന്റെ വരുമാനത്തിന്റെ സിംഹഭാഗവും നവീകരണ പ്രവർത്തനങ്ങൾക്കാണ് ചെലവഴിക്കപ്പെടുന്നത്. ക്ഷേത്രങ്ങളിലെ മരാമത്ത് പ്രവൃത്തികൾ 1951 ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ സെക്ഷൻ 100 (2) ക്യൂ.ആർ.എസ്.ന് കീഴിലുള്ള ചട്ടങ്ങൾ പ്രകാരം നിർവ്വഹിക്കേണ്ടതും ഓരോ പ്രവൃത്തിയുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ക്വട്ടേഷൻ/ടെണ്ടർ നടപടികളിലൂടെ മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരത്തിന് വിധേയമാക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്ന പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയിൽ യഥാസമയം തീരുമാനമെടുക്കാത്തതിനാൽ ക്ഷേത്രങ്ങൾക്ക് സമയ നഷ്ടവും ധനനഷ്ടവും ഉണ്ടാകുന്നു. | ക്ഷേത്രങ്ങളിലെ 4 ലക്ഷം രൂപ വരെയുള്ള എസ്റ്റിമേറ്റ് തുക വരുന്ന നവീകരണ പ്രവർത്തനങ്ങളുടെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ച് തീർപ്പ് കൽപ്പിക്കാൻ അസിസ്റ്റന്റ് കമ്മീഷണർമാർക്ക് അനുമതി നൽ കിയിട്ടുണ്ട്. (ജെ7/559/17/എംഡിബി തീയ്യതി 30/9/2018)<br>4 ലക്ഷത്തിന് മുകളിലേക്കുള്ള പ്ലാനും എസ്റ്റിമേറ്റും കമ്മീഷണർ ഓഫീസിൽ നിന്നും കാലതാമസം വരുത്താതെ തന്നെ അംഗീകരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. പൂർണ്ണ രൂപത്തിലല്ലാതെ ക്ഷേത്രഭരണാധികാരികൾ സമർപ്പിക്കുന്ന പ്ലാൻ & എസ്റ്റിമേറ്റ് എന്നിവയിലുണ്ടാകുന്ന കാലതാമസം മലബാർ ദേവസ്വം ബോർഡിന്റെ പരിധിയിൽ പ രിഹരിക്കാവുന്നവയല്ലെന്നും പ്ലാൻ/എസ്റ്റിമേറ്റ് എന്നിവ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങൾക്കനുസൃതമല്ലാതെ സമർപ്പിക്കുന്നവയിലാണ് കാലതാമസം നേരിടുന്നതെന്നും കൂടാതെ 1600 ഓളം ക്ഷേത്രങ്ങളുള്ള മലബാർ ദേവസ്വം ബോർഡിൽ മരാമത്ത് കാര്യങ്ങൾ പരിശോധിച്ച് യഥാസമയം നടപടിയെടുക്കുവാൻ പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം നിലവി ലില്ല എന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| 5 | ദേവസ്വങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് ചെലവഴിച്ച തുക തുടർനപടപടികൾ സ്വീകരിക്കാത്തതിനാൽ ഫലപ്രദമായില്ല. ചില ഉദാഹരണങ്ങൾ. | (1) ശ്രീ.ചന്ദ്രഗിരി ശാസ്താ ക്ഷേത്രത്തിൽ കമ്പ്യൂട്ടർ വൽക്കരണം പൂർത്തീകരിച്ചിട്ടുണ്ട്. "ക്ഷേത്രം സുവിധം" സോഫ്റ്റ് വെയർ ഉപയോഗിച്ച് 2015 മുതൽ വഴിപാട് കൗണ്ടറുകളും 01/06/2017 മുതൽ ദേവസ്വം ഓഫീസ് പ്രവർത്തനവും പൂർണ്ണമായും കമ്പ്യൂട്ടർ വത്കൃതമാക്കിയിട്ടുണ്ട്.<br><br>(2) ശ്രീ.രാമപുരം ക്ഷേത്രത്തിൽ 01/11/2014 മുതൽ വഴിപാടുകൾ കമ്പ്യൂട്ടർ മുഖേന ചെയ്ത് വരുന്നു. 01/03/2016 മുതൽ പുതിയ സോഫ്റ്റ് വെയർ, ഇന്റർനെറ്റ് വഴിപാട് ഓൺലൈൻ സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.<br><br>(3) ശ്രീ.പട്ടാമ്പി പടിഞ്ഞാറെമഠം ദേവസ്വം ആദ്യപടിയായി DOEACE ആയി കരാർ ഒപ്പിടികയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയെങ്കിലും DOEACE മേൽ കമ്പ്യൂട്ടറൈസേഷൻ സ്ഥാപിക്കുവാൻ agreement വെയ്ക്കാത്ത സാഹചര്യത്തിലാണ് കമ്പ്യൂട്ടറൈസേഷൻ നീണ്ടുപോയത്. |

| ക്രമ നം | ദേവസ്വം | ചെലവഴിച്ച തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ശ്രീ.ചന്ദ്രഗിരി ശാസ്താ, തൃക്കണ്ണാട് ഹോസ്ദുർഗ്ഗ് | 5,20,747 | കമ്പ്യൂട്ടർ സ്ഥാപിച്ചില്ല |
| 2 | ശ്രീ രാമപുരം വിഷ്ണു ക്ഷേത്രം, എച്ച്.ആർ.ഇ., പാലക്കാട് | 2,81,223 | സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തിട്ടില്ല, ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടില്ല. |
| 3 | പട്ടാമ്പി ശ്രീപടിഞ്ഞാറേ | 3,49,337 | സംവിധാനം |

406 125

| | | | | | |
|---|---|---|---|---|---|
| | | മഠം ദേവസ്വം | | പ്രവർത്തന ക്ഷമമായിട്ടില്ല | എന്നാൽ നിലവിൽ സ്വകാര്യ സ്ഥാപനത്തെ ക്ഷണിച്ച് കമ്പ്യൂട്ടറൈസേഷൻ വഴിപാട് കൗണ്ട റിൽ പ്രവർത്തനസജ്ജമായതായി ബോധിപ്പിക്കുന്നു. |
| | 4 | മലബാർ ദേവസ്വം ബോർഡ് | 4,26,611 | ജീവനക്കാരുടെ ക്ഷേമനിധി ഫണ്ടിൽ നിന്നും 42661 /- രൂപ പിൻവലിച്ച് DOEACC ക്ക് കൈമാറിയെങ്കിലും പ്രവർത്തനം ഉടങ്ങിയിട്ടില്ല. | ഹിന്ദുമതധർമ്മസ്ഥാപന (ഭരണ) വകുപ്പിന് കീഴിലെ ക്ഷേത്രങ്ങളിൽ വഴിപാട് സമ്പ്രദായം ഉൾപ്പെടെയുള്ള കാര്യങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ് വെയർ രൂപപ്പെടുത്തുന്നതിന് DOEACC യുമായി ധാരണാ പത്രത്തിൽ ഒപ്പ് വെയ്ക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ആയതിന് ചെലവ് വരുന്ന 5,70,000/- രൂപയും 12.24% ST യും KVAT യും ഉൾപ്പെടെയുള്ള തുക സോഫ്റ്റ് വെയർ ആവശ്യമുള്ള ദേവസ്വങ്ങൾക്ക് അവ നൽകുമ്പോൾ അവരിൽ നിന്നും കമ്മീഷണർ നിശ്ചയിക്കുന്ന തുക ഈടാക്കി തിരിച്ചടക്കണമെന്ന വ്യവസ്ഥയിൽ ക്ഷേത്രജീവനക്കാരുടെ ക്ഷേമനിധി ഫണ്ടിലെ നിക്ഷേപത്തിന്മേലുള്ള പലിശയിൽ നിന്നും വഹിക്കുന്നതിനും അനുവദിച്ചു കൊണ്ട് 03/11/2006 ലെ സ.ഉ.(സാധാ)നം 4335/06/ആർ.ഡി പ്രകാരം സർക്കാർ ഉത്തരവായിരുന്നു. 02/01/2007 ന് ക്ഷേത്ര കമ്പ്യൂട്ടറൈസേഷൻ ആദ്യഘട്ടമെന്ന നിലയിൽ 4,26,611/- രൂപയുടെ ചെക്ക് DOEACC ന് കൈമാറിയിട്ടുണ്ട്.<br>18 ദേവസ്വങ്ങൾ സോഫ്റ്റ്വെയർ share ചെയ്ത ഇനത്തിൽ അടവാക്കിയ തുകയിൽ നിന്നും 4,26,611 രൂപ ക്ഷേമനിധി സെക്രട്ടറിയുടെ പേരിൽ ചെക്ക് നമ്പർ 291780 തീയ്യതി 23/04/2013 പ്രകാരം തിരികെ അടവാക്കിയിട്ടുണ്ട്.<br>DOEACC മായി ഉടമ്പടി ഒപ്പുവെച്ച ക്ഷേത്രങ്ങളിലും സാങ്കേതിക കാരണങ്ങളാൽ തടസ്സം നേരിട്ട ക്ഷേത്രങ്ങളിലും നിലവിൽ കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടു ണ്ട്. DOEACC യുമായുള്ള എഗ്രിമെന്റ് കാലാവധി കഴിഞ്ഞതിനെ തുടർന്ന് ക്ഷേത്രങ്ങൾ നിലവിൽ സ്വകാര്യ സോഫ്റ്റ് വെയറുകൾ കമ്പ്യൂട്ടർവൽക്കരണത്തിനായി ഉപയോഗപ്പെടുത്തി വരുന്നു. മലബാർ ദേവസ്വം ബോർഡ് ഓഫീസ് കമ്പ്യൂട്ടർ വൽക്കരത്തിന് DOEACC യുമായ ഉടമ്പടി ഒപ്പ് വെച്ചിട്ടില്ല. |
| 6 | ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് ക്ഷേത്രാധികാരികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കേണ്ടത് | | | | ക്ഷേത്രജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ ശ്രദ്ധിച്ചു വരുന്നുണ്ട്. ജീവനക്കാരുടെ അഭാവമാണ് ഇതിന് വിഘാതമായിട്ടുള്ളത്. എച്ച്.ആർ&സി.ഇ വകുപ്പ് മലബാർ |

| | | |
|---|---|---|
| | മലബാർ ദേവസ്വം ബോർഡാണ്. എന്നാൽ ടി അപേക്ഷകളിൽ ബോർഡ് സത്വര നടപടികൾ സ്വീകരിക്കുന്നില്ല. | ദേവസ്വം ബോർഡായി മാറിയതല്ലാതെ മലബാർ ദേവസ്വം ബോർഡിന് അധിക തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ല. ബോർഡിന് വയനാട്, തൃശ്ശൂർ, ജില്ലകളിൽ ഓഫീസ് അനുവദിച്ചിട്ടില്ല. എങ്കിൽ പോലും ക്ഷേത്രജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരമാവധി അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| 7 | സർക്കാർ ധനസഹായമായി ലഭിക്കുന്ന തുക പലിശസഹിത അക്കൗണ്ടിലേയ്ക്ക് മാറ്റുവാനോ നിർദ്ദിഷ്ട കാര്യത്തിനല്ലാതെ ഉപയോഗിക്കാനോ പാടില്ല എന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് (11.11.08 ലെ ജി.ഒ. (ആർ.റ്റി)/8851/08/ഫിൻ) വിരുദ്ധമായി 2 കോടി രൂപ 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിൽ പലിശ രഹിത ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും പഞ്ചാബ് നാഷണൽ ബാങ്കിന്റെ എരഞ്ഞിപ്പാലം ശാഖയിലുള്ള പലിശസഹിത അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. | മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളം, പെൻഷൻ, കോൺട്രിബ്യൂഷൻ, ബോർഡിന്റെ ദൈനംദിന ചെലവുകൾ, ബോർഡ് പ്രസിഡ്/ മെമ്പർമാരുടെ ഓണറേറിയം ടി.എ മുതലായ ചെലവുകൾ യഥാസമയം നൽകുന്നതിനാണ് PNB A/C എരഞ്ഞിപ്പാലം ശാഖയിൽ ആരംഭിച്ചിട്ടുള്ളത്. PNB യിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നാണ് ഈ ചെലവുകൾ നടത്തി വരുന്നത്. നിലവിൽ 30 ലക്ഷം രൂപ മാത്രമേ ഒരു തവണ PNB യിൽ നിക്ഷേപിക്കാറുള്ളു. |
| 8 | ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിലുള്ള ദേവസ്വങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് അളന്ന് തിരിച്ച് സംരക്ഷിക്കുന്നതിന് സ.ഉ.(സാധാ) നം. 4824/04/ആർ.ഡി. തീയതി 02/12/04 പ്രകാരം നിയമിച്ച സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ 2004 ഏപ്രിൽ മുതൽ 2007 നവംബർ വരെ 1123 ക്ഷേത്രങ്ങളുടെ സർവ്വേ നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>നിലവിൽ ക്ഷേത്രങ്ങളുടെ കൈവശമുള്ള ഭൂമിയുടെ 8 മടങ്ങോളം ഭൂമി കൈയ്യേറ്റം | ക്ഷേത്രഭൂമി കൈയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന സമയത്ത് തന്നെ കയ്യേറ്റഭൂമി ഒഴിപ്പിച്ചു ക്ഷേത്രസ്വത്തുക്കൾ തിരിച്ചു പിടിക്കുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകാറുണ്ട്. വ്യവഹാരങ്ങൾ മൂലവും കയ്യേറ്റ ഭൂമി സർവ്വെ ചെയ്ത് ഒഴിപ്പിക്കുന്നതിന് പ്രത്യേക സംവിധാനം ഇല്ലാത്തതും കാരണം ഇത്തരം ഭൂമികൾ ഒഴിപ്പിച്ചെടുക്കുന്നത് പലപ്പോഴും സാധ്യമാകാറില്ല. ഇക്കാര്യത്തിൽ കേസ് നടത്തുന്നതിനാവശ്യമായ സാമ്പത്തിക ശേഷി പല ദേവസ്വത്തിനും ഇല്ലാത്തതും പ്രതികൂലമായി ബാധിക്കുന്നു. സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിർത്തി മാർക്ക് ചെയ്യുന്നതിന് റവന്യൂ അധികാരികൾക്ക് നൽകുന്ന അപേക്ഷകളിന്മേലും അനുകൂല നടപടികൾ ഉണ്ടാകാറില്ല.<br>ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡിന് മാത്രമായി ഒരു KLC യൂണിറ്റ് ആരംഭിക്കുന്ന വിഷയം സർക്കാർ |

402

127

നടന്നതായി സ്പെഷ്യൽ ടീം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും കൈയ്യേറ്റ ഭൂമി തിരികെ പിടിക്കാൻ ബോർഡ് നടപടി സ്വീകരിച്ചിട്ടില്ല.

| ആകെ ക്ഷേത്രങ്ങൾ | സർവ്വേ നടത്തിയ ക്ഷേത്രങ്ങൾ | ദേവസ്വങ്ങളുടെ കൈവശമുള്ള ഭൂമി (ഏക്കറിൽ | കൈയ്യേറ്റ ഭൂമി | പുതുതായി കണ്ടെത്തിയ ഭൂമി | വീണ്ടെടുക്കാൻ സാധിച്ചത് |
|---|---|---|---|---|---|
| 1341 | 1123 | 311220 | 24693.24 | 1377.07 | 3.31 |

പരിശോധിച്ചുവരുന്നു.

മലബാറിലെ ആയിരത്തി അറുനൂറിൽപ്പരം ദേവസ്വങ്ങളുടെ ഭരണപരമായ മേൽനോട്ടം മലബാർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമാണെന്നും തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ മാതൃകയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് മലബാർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ദേവസ്വങ്ങളുടെ സ്ഥിതിയെന്നും ഈ മേഖലയിലെ ദേവസ്വങ്ങൾ ഓരോന്നും ഓരോ , ഭരണ പരിധിക്ക് കീഴിലാണെന്നും വ്യത്യസ്തമായ അധികാര സ്ഥാനങ്ങളാണ് ഓരോ ദേവസ്വത്തിനുള്ളതെന്നും ട്രസ്റ്റി, എക്സിക്യൂട്ടീവ് ഓഫീസർ, ഫിറ്റ്പേഴ്സൺ, മാനേജർ തുടങ്ങിയ നാമങ്ങളിൽ ഇവർ അറിയിപ്പെടുന്നുന്നെും, കോടതികൾ അംഗീകരിച്ച് പുറപ്പെടുവിച്ച വിശേഷാധികാരങ്ങൾ ചില ദേവസ്വങ്ങൾക്കുന്നെും ഇത്തരം അധികാരം മലബാർ ദേവസ്വം ബോർഡിൽ പരിമിതമാണെന്നും നാനത്വസ്വഭാവം പ്രകടിപ്പിക്കുന്ന ദേവസ്വങ്ങളുടെ ഭരണപരമായ ഏകോപനം നടത്തുക എന്ന കർത്തവ്യമാണ് മലബാർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതെന്നും ഓഡിറ്റ് നിരീക്ഷണത്തിന്റെ ആമുഖത്തിൽ (ഖണ്ഡിക 8.6) തന്നെ പരാമർശിച്ചിട്ടുണ്ട്. 1951 ലെ മദ്രാസ് ഹിന്ദുമതധർമ്മസ്ഥാപന നിയമത്തിൽ ചില ഭേദഗതികൾ വരുത്തി 02/10/2008 ന് ഹിന്ദുമതധർമ്മസ്ഥാപന(ഭരണ) വകുപ്പ് നിർത്തൽ ചെയ്ത് പകരം മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചത് നിലവിൽ വന്നെങ്കിലും കീഴേടം ക്ഷേത്രങ്ങൾ ഉൾപ്പെടെ ആയിരത്തി അറുന്നൂറിൽപ്പരം ക്ഷേത്രങ്ങളുടെ ഭരണമേൽനോട്ടച്ചുമതല നിർവ്വഹിക്കുന്നതിന് മുമ്പുണ്ടായിരുന്ന ഹിന്ദുമതധർമ്മസ്ഥാപന(ഭരണ) വകുപ്പിൽ 128 ജീവനക്കാർ മാത്രമായിരുന്നു. ബോർഡ് നിലവിൽ വന്നെങ്കിലും ചട്ടങ്ങളൊന്നും നിലവിൽ വരാത്തതിനാൽ പുതിയ നിയമനങ്ങളൊന്നും തന്നെ ബോർഡിൽ നടത്തുകയുണ്ടായിട്ടില്ല. നിലവിൽ 128 ജീവനക്കാരിൽ അവശേഷിക്കുന്നത് 65 ജീവനക്കാർ മാത്രമാണ്. കുറച്ച് ജീവനക്കാർ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്ന് അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും ക്ഷേത്രങ്ങളുടെ വിവിധ ആവശ്യങ്ങൾ യഥാസമയം നിറവേറ്റുന്നതിൽ ജീവനക്കാരുടെ കുറവ് ഒരു പരിധിവരെ ബാധിക്കുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. നൂറ് കണക്കിന് ക്ഷേത്രങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടക്കുന്നുണ്ട്. ഈ പ്രവൃത്തികളുടെയൊക്കെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിക്കൽ, പാർട്ട് ബിൽ/ഫൈനൽബിൽ അംഗീകരിക്കൽ തുടങ്ങിയ വിവിധ ഘട്ടങ്ങൾ, അന്വേഷണത്തിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ നിർവ്വഹിക്കേണ്ട വയാണ്. എന്നാൽ ബോർഡിന്

128

| | | |
|---|---|---|
| | | ഇതുവരെ ഒരു എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിട്ടില്ല എന്നത് ഇത്തരം കാര്യങ്ങളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് കാലതാമസത്തിന് ഇടയാക്കുന്നു എന്നത് ഒരു വസ്തുതയാണ്. അതുപോലെ ക്ഷേത്രങ്ങളിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി അന്യാധീനപ്പെട്ടിരിക്കുന്നത് കണ്ടെത്തി സർവ്വെ ചെയ്ത്, കയ്യേറ്റം ഒഴിപ്പിച്ചെടുക്കേണ്ടതിന്റെ ആവശ്യകത ഏറെ പ്രാധാന്യമുള്ളതെങ്കിലും ഇക്കാര്യത്തിൽ ഒരു റവന്യൂ യൂണിറ്റും ബോർഡിന് ഇതുവരെ ഉണ്ടായിട്ടില്ല എന്നതും ഇത്തരം കാര്യങ്ങളിൽ യഥാവിധി നടപടി സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടാക്കുന്നുണ്ട്. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് – ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് പത്രിക.**

| ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 12.1 | വരവ് ചെലവ് സ്വമേധയാ വെളിപ്പെടുത്തൽ | 1) മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലെ വാർഷിക വരവ് ചെലവുകൾ തയ്യാറാക്കി ഭക്തജനങ്ങൾക്കായി ക്ഷേത്രം ബോർഡിൽ പ്രദർശിപ്പിച്ച വരുന്നുണ്ട്. ക്ഷേത്രത്തിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ ക്ഷേത്രം നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| 12.2 | ആരാധനയുടെ ഭാഗമായി നെൽകൃഷി ചെയ്യുന്ന ക്ഷേത്രങ്ങൾ: | 2) അനുഷ്ഠാന കാർഷിക വൃത്തികളെ ആസൂത്രിതമായ രീതിയിൽ ക്ഷേത്രം സ്ഥിതി ചെയ്യുന്ന മൊത്തം ഗ്രാമത്തിന്റെ ഗ്രാമീണ കാർഷിക ഉത്സവമാക്കി വളർത്തുന്നതു സംബന്ധിച്ച ശുപാർശയിൽ 16.3.2019 ൽ മലബാർ ദേവസ്വം ബോർഡ് യോഗം 17-ാം നമ്പരായി തീരുമാനം എടുത്ത് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| 12.3 | സ്ഥലജലവിഭവ പരിപാലനം: | 3) പുഷ്പോദ്യാനം, ഔഷധത്തോട്ടം, നക്ഷത്രവനം എന്നീ പദ്ധതികൾ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. ദേവസ്വങ്ങളുടെ ഭൂമിയിൽ വൃക്ഷവൽക്കരണം നടത്തുന്നതുമായി ബന്ധപ്പെട്ട് ദേവാരണ്യം പദ്ധതിയിൽ വനം വകുപ്പിന്റെ സഹായത്താൽ വൃക്ഷതൈകൾ ലഭ്യമാക്കി ക്ഷേത്രങ്ങളിൽ നടുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡ് കാസർഗോഡ് ഡിവിഷനിലെ പയ്യാവൂർ ശിവക്ഷേത്രം, |

| | | |
|---|---|---|
| | | തലശ്ശേരി ഡിവിഷനിലെ തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം, കൊട്ടിയൂർ ദേവസ്വം, വള്ളിയൂർക്കാവ് ദേവസ്വം, ചാല ഭഗവതി ക്ഷേത്രം, പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രം, തിരുനെല്ലി ക്ഷേത്രം, മാടായിക്കാവ് ക്ഷേത്രം, ചൊവ്വ ശിവക്ഷേത്രം, തെക്കുംപാട്ട് കുലോം ഭഗവതി ക്ഷേത്രം, കോഴിക്കോട് ഡിവിഷനിലെ കാളികാവ് ദേവസ്വം, മാനികാവ് ദേവസ്വം, കൊട്ടിയൂർ ദേവസ്വം, കൊടശ്ശേരി ദേവസ്വം, മലപ്പുറം ഡിവിഷനിലെ കാടാമ്പുഴ ദേവസ്വം എന്നിവിടങ്ങളിൽ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. മലപ്പുറം, പാലക്കാട് ഡിവിഷനിലെ സ്ഥല ലഭ്യതയുള്ള ക്ഷേത്രങ്ങളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കി വരുന്നുണ്ടെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| 12.4 | ക്ഷേത്രങ്ങളുടെ പൂജ/ നൈവേദ്യവിഭവ സ്വാശ്രയത്വം. | 4) ക്ഷേത്ര ആവശ്യങ്ങൾക്കുള്ള പുഷ്പ, ഔഷധ സസ്യങ്ങൾ ക്ഷേത്രങ്ങളിൽ തന്നെ വച്ച് പിടിപ്പിക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ 2010–11 വർഷത്തെ ബഡ്ജറ്റിൽ പൂജാപുഷ്പങ്ങൾ നട്ടുവളർത്തുന്നതിനായി 1 കോടി രൂപ വകയിരുത്തുകയും, വിവിധ ക്ഷേത്രങ്ങളിൽ നിന്ന് വിശദമായ പ്രൊപ്പോസലുകൾ വാങ്ങി സമർപ്പിക്കുന്നതിന് ഡിവിഷണൽ അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകുകയും, മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുമുണ്ട്. പാലക്കാട് ജില്ലയിലെ നെയ്ത്തരംപുള്ളിദേവസ്വം, കോഴിക്കോട് ഡിവിഷനിലെ ലോകനാർക്കാവ് ക്ഷേത്രം എന്നിവിടങ്ങളിലെ പ്രൊജക്ട് റിപ്പോർട്ട് മലബാർ ദേവസ്വം ബോർഡ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. ദേവസ്വം ഭൂമികളിൽ വൃക്ഷവൽക്കരണം നടത്തുന്നതിനായി സർക്കാർ തലത്തിലുള്ള 'ഹരിത കേരളം – ദേവാരണ്യം' എന്ന പദ്ധതിക്ക് പുറമെ മലബാർ ദേവസ്വം ബോർഡ് തലത്തിൽ "പുണ്യവനം" എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി |

131

| | | |
|---|---|---|
| | | നടപ്പിലാക്കുന്നതിനായി ക്ഷേത്രജീവനക്കാരുടെ സംഘടനകൾ, ഭക്തജനങ്ങൾ, മാതൃസമിതി മുതലായ സംഘടനകളെ ഉൾപ്പെടുത്തുന്നതിനും മലബാർ ദേവസ്വം ബോർഡ് യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ക്ഷേത്ര നിർമ്മാണത്തിനും, പരിപാലനത്തിനും, ആവശ്യമായ തേക്ക്, വീട്ടി, ഉരുപ്പ്, മുതലായ മരങ്ങളും, ക്ഷേത്ര പൂജാ കർമ്മങ്ങൾക്കും, ഔഷധങ്ങൾക്കും ആവശ്യമായ അരയാൽ, കൂവളം, അശോകം, കണികൊന്ന എന്നീ മരങ്ങളും നട്ട് വളർത്തി സംരക്ഷിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിൽ വരുത്തുന്നതിനാവശ്യമായ വൃക്ഷതൈകൾ സൗജന്യമായി ലഭ്യമാക്കുന്നതിന് വനം വകുപ്പ്, കൃഷി വകുപ്പ് മേധാവികൾക്കും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 'നക്ഷത്രവനം' പദ്ധതിയിൽ വിവിധ ക്ഷേത്രങ്ങളിൽ മരങ്ങൾ വച്ച് പിടിപ്പിച്ച് പരിപാലിച്ച് വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിർദ്ദേശം ഉൾക്കൊള്ളിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| | | 5) ജൈവ വൈവിധ്യത്തിനും, ജലസംരക്ഷണത്തിനും മലബാർ ദേവസ്വം ബോർഡ് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ട്. കാവ്, കുളം എന്നിവ സംരക്ഷിക്കുന്നതിന് സർക്കാർ അനുവദിച്ച ധനസഹായം മലബാർ ദേവസ്വം ബോർഡിന് കീഴിലെ വിവിധ ക്ഷേത്രങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടുതൽ കാര്യക്ഷമമായി ജൈവവൈവിധ്യത്തിനും സ്ഥലജലപരിസ്ഥിതിക്കും കോട്ടം വരാത്ത വിധം കാവ്, ക്ഷേത്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ക്രമപ്പെടുത്തുന്ന കാര്യത്തിൽ മലബാർ ദേവസ്വം ബോർഡ് തലത്തിൽ തീരുമാനം എടുക്കുകയും ഓഡിറ്റ് നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| | | 6) ക്ഷേത്രങ്ങളുടെ പൗരാണികതയ്ക്കും, പ്രകൃതി സൗഹൃദനിലകൾക്കും പാരമ്പര്യ വാസ്തു വിദ്യകൾക്കും, ശിൽപ്പസൗന്ദര്യങ്ങൾക്കും കോട്ടം തട്ടാത്ത വിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ |

132

| | | |
|---|---|---|
| | | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള പുരാവസ്തുക്കൾ, ചുമർ ചിത്രങ്ങൾ, ക്ഷേത്ര കെട്ടിടങ്ങൾ എന്നിവ തനതു ശൈലിയിൽ നിലനിർത്തി സംരക്ഷിച്ച് വരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ തിരുമിറ്റക്കോട് ദേവസ്വം, കൈത്തളി ദേവസ്വം, എന്നിവ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ കീഴിൽ സംരക്ഷിച്ച് വരുന്നുണ്ട്. കൂടാതെ ഒറ്റപ്പാലം താലൂക്കിലെ ശ്രീ മൂന്നുമൂർത്തി ക്ഷേത്രം, തൊടീക്കളം ദേവസ്വം കണ്ണവം, തലശ്ശേരി എന്നിവിടങ്ങളിലെ ചുമർചിത്രങ്ങൾ പുരാവസ്തു വകുപ്പ് മുഖാന്തിരം സംരക്ഷിച്ച് വരുന്നുണ്ട്. ഓഡിറ്റ് നിർദ്ദേശം സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡ് തലത്തിൽ തീരുമാനം എടുക്കുകയും നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| | | 7) ക്ഷേത്രങ്ങളുടെ ആരോഗ്യ പാരിസ്ഥിതിക - കാർഷിക അനുഷ്ഠാന വിശേഷങ്ങളെ കുറിച്ച് സമഗ്രമായ പഠനം നടത്തുകയും കണ്ടെത്തുന്ന വസ്തുതകൾ പരിഗണിച്ച് ഹരിത കേരളം പോലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണെന്ന നിർദ്ദേശത്തിന്മേൽ മലബാർ ദേവസ്വം ബോർഡ് തലത്തിൽ ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും ഓഡിറ്റ് നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

V. VILASACHANDRAN NAIR
Additional Secretary to Govt.
Revenue (Devaswom) Dept.
Govt. Secretariat
Ph: 0471 - 2335426 & 2518397

133

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) - സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - മലബാർ ദേവസ്വം ബോർഡിനെ സംബന്ധിക്കുന്ന ഖണ്ഡികകളിലെ പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി**

| പരാമർശം | സ്വീകരിച്ച നടപടി |
|---|---|
| മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ സമീപ കാലത്ത് നടന്ന വികസന നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 1951 - ലെ ഹിന്ദുമത ധർമ്മദാന ചട്ടം 100 (2)(q)(r)(s) പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ നടത്തിയത് സംബന്ധിച്ചുള്ള വിവര ശേഖരണം. (ഉദാഹരണം-തിരുനെല്ലി ക്ഷേത്രം, തൃശ്ശിലേരി ശിവക്ഷേത്രം. വള്ളിയൂർക്കാവ്. മാനിക്കാവ്. പുൽപ്പള്ളി മുരിക്കാന്മോർ ക്ഷേത്രം, പിഷാരിക്കാവ്. ഒറ്റപ്പാലം ചിക്കത്തൂർ, പെരുമ്പറമ്പ് മഹാക്ഷേത്രം. കൂടാതെ തിരുകാച്ചാംകുറിശ്ശി ക്ഷേത്രം. പെരുമാൾപുരം ക്ഷേത്രം എന്നിവ കെട്ടിടങ്ങളുടെ പാരമ്പര്യ തനിമ നിലനിൽത്തുന്നതിൽ പുലർത്തിയ നിഷ്കർഷ.) | 2017-2018 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിയ പ്രത്യേക പരാമർശങ്ങളും ഈ കാര്യത്തിലെ പരിഹാര നടപടികളും നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ മലബാർ ദേവസ്വം ബോർഡിന് അയച്ചുകൊടുത്ത റിപ്പോർട്ട് 31.01.2019 ലെ ബോർഡ് യോഗം വിശദമായി ചർച്ച ചെയ്യുകയും നിലവിലെ സാധ്യമായ ശുപാർശകൾ അംഗീകരിക്കുന്നതായി സീനിയർ ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുന്നതിനും അവയിൽ തുടർ നടപടി സ്വീകരിക്കുന്നതിനും തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ. നിലവിലെ സാഹചര്യത്തിൽ സാധ്യമായ ശുപാർശകൾ അംഗീകരിച്ചുകൊണ്ടും ആയതിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറെ 01.03.2019 ലെ എച്ച്1-5143/2018/എംഡിബി കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നും മരാമത്ത് ചട്ടങ്ങളുടെ അന്തസ്സത്ത ഉൾക്കൊള്ളാതെ |

134

ഇതിനകം ക്ഷേത്ര നവീകരണ പ്രവർത്തനങ്ങൾ നടത്തിയ ക്ഷേത്രങ്ങളുടെ വിവരങ്ങളാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ബഹു ഭൂരിഭാഗം ക്ഷേത്രങ്ങളും സാമ്പത്തികമായി അതിസമ്പന്നമായ ക്ഷേത്രങ്ങളല്ല. പാരമ്പര്യ തനിമയിലും കലാപരമായും നിർമ്മിതികൾ ഉണ്ടാക്കുന്നതിന് ഏറെ സാമ്പത്തിക ബാദ്ധ്യത വരുന്നതിനാൽ ക്ഷേത്രങ്ങളുടെ പരിമിതമായ ആവശ്യങ്ങൾ മുന്നിൽ കണ്ട് ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഭക്തജനങ്ങളുടേയും മറ്റും സഹായത്തോടെയാണ് പല ക്ഷേത്രങ്ങളിലും കെട്ടിടങ്ങളും മറ്റും നിർമ്മിക്കുന്നതെന്നും ചെലവ് ചുരുക്കലിന്റെ ഭാഗമായി ആവശ്യങ്ങൾ മാത്രം മുന്നിൽകണ്ട് ഇത്തരത്തിൽ തനിമ നിലനിർത്താത്ത നിർമ്മിതികൾ ഉണ്ടാക്കപ്പെടാറുണ്ട്. അതേ സമയം മലബാർ ദേവസ്വം ബോർഡിന് കീഴിൽ ധാരാളം ക്ഷേത്രങ്ങളിൽ വാസ്തുശാസ്ത്രപരമായും പൗരാണിക തനിമ നിലനിർത്തുന്നതുമായ നിർമ്മിതികൾ ഉണ്ടായിട്ടുമുണ്ട്. സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭാവിയിൽ ക്ഷേത്രനവീകരണ പ്രവർത്തനങ്ങളും

135

| | |
|---|---|
| | മരാമത്ത് പ്രവൃത്തികളും നടത്തുമ്പോൾ മേൽ പറഞ്ഞ ചട്ടങ്ങളും മൂല്യങ്ങളും പാലിക്കണമെന്ന് എല്ലാ ക്ഷേത്രഭരണാധികാരികൾക്കും ബന്ധപ്പെട്ട അസിസ്റ്റൻറ് കമ്മീഷണർ മുഖാന്തിരം 03.04.2021 ലെ ജെ-7/3880/2018 എംഡിബി സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി സമർപ്പിക്കുന്നു. |

K R Jyothilal
Principal Secretary

ജെ7/3880/2018/എം.ഡി.ബി

കമ്മീഷണറുടെ ഓഫീസ്,
കോഴിക്കോട്.
തിയതി: 03.04.2021
ഫോൺ:0495 2367735
ഇ–മെയിൽ: malabardevaswom@gmail.com

MALABAR DEVASWOM BOARD * KOZHIKODE-6 *

## സർക്കുലർ

വിഷയം: സ്ഥാപനം – മലബാർദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന:1) ജെ7/1609/2010(എം.ഡി.ബി) 26.02.2015.
2) ജെ7/539/2017(എം.ഡി.ബി) 30.01.2018.
3) മലബാർ ദേവസ്വം ബോർഡ് യോഗ തീരുമാനം (20) തിയ്യതി 31.01.2019.
4) മലബാർ ദേവസ്വം ബോർഡ് യോഗ തീരുമാനം (63) തിയ്യതി 29.03.2021.

**********

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ സുഗമവും കാര്യക്ഷമവുമായി നടത്തുന്നതിന് മേൽ സൂചന (1) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മലബാർ ദേവസ്വം ബോർഡിൽ പ്രത്യേക പാനൽ എഞ്ചിനീയറിംഗ് സംവിധാനം നിലവിലുള്ളതിന്റെയും പി.ഡബ്ല്യു.ഡി ഡാറ്റ, ഷെഡ്യൂൾ ഓഫ് റൈറ്റ് എന്നിവക്കനുസൃതമായി എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ചെയ്തുവന്നിരുന്നതിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു ഈ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നത്.

01.04.2016 മുതൽ ഡി.എസ്.ആർ നിരക്കുകളും, സ്പെസിഫിക്കേഷനുകളും മലബാർ ദേവസ്വം ബോർഡിലും ബാധകമാക്കിക്കൊണ്ട് തീരുമാനം കൈക്കൊണ്ട സാഹചര്യത്തിൽ മുൻ മാർഗ നിർദ്ദേശങ്ങളിൽ മാറ്റം അനിവാര്യമാണെന്ന് മലബാർ ദേവസ്വം ബോർഡ് വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. കൂടാതെ പാനൽ എഞ്ചിനീയറിംഗ് സംവിധാനം ഇപ്പോൾ പ്രാബല്യത്തിലുമില്ല. ഈ സാഹചര്യത്തിൽ മാർഗ്ഗ നിർദ്ദേശങ്ങളുടെ കരട് തയ്യാറാക്കിയത് സൂചന (3) യോഗം പരിഗണിക്കുകയും ഇക്കാര്യത്തിൽ ബോർഡ് അംഗങ്ങളുടെ അഭിപ്രായം സ്വരൂപിച്ച ശേഷം വീണ്ടും പരിഗണിക്കുന്നതിന് തീരുമാനിക്കുകയും തുടർന്ന് 29.03.2021 ലെ ബോർഡ് യോഗം കരട് മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ബോർഡിന്റെ കീഴിലെ ക്ഷേത്രങ്ങളിൽ വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സുഗമവും കാര്യക്ഷമവു

മായി നടത്തുന്നതിനും ഇക്കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് മരാമത്ത് നിർവ്വഹണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ടും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I പൊതു നിർദ്ദേശങ്ങൾ

ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികളുടെ പ്ലാൻ, എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ മേൽനോട്ടം, ബിൽ തയ്യാറാക്കൽ, എന്നിവയ്ക്ക് സർക്കാർ വകുപ്പുകളിലെ എഞ്ചിനീയർമാരുടെ സേവനം ലഭ്യമാവുക പ്രയാസമാണ്. ഇതിന് സാങ്കേതികമായും ചില തടസ്സങ്ങൾ നിലവിലുണ്ട്. ആയതിനാൽ അതാത് അസിസ്റ്റന്റ് കമ്മീഷണർമാരുടെ പരിധിയിൽ പ്രവർത്തിക്കാൻ കഴിയുന്ന പരിചയ സമ്പന്നരും, ക്ഷേത്ര നിർമ്മാണ പ്രവൃത്തികളിൽ തൽപ്പരരുമായ, പ്രവൃത്തിയുടെ വ്യാപ്തിക്കനുസൃതമായി ഒന്നോ, രണ്ടോ എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നതിന് അനുവദിക്കാവുന്നതാണ്. സർക്കാർ വകുപ്പുകളിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത റാങ്കിൽ നിന്നും വിരമിച്ച എഞ്ചിനീയർമാരിൽ നിന്നും മേൽ രീതിയിൽ എഞ്ചിനീയർമാരെ കണ്ടെത്താവുന്നതാണ്.

സ്വന്തമായി എഞ്ചിനീയർമാർ ഇല്ലാത്ത ക്ഷേത്രങ്ങളിലെ പ്രവൃത്തികളുടെ പ്ലാൻ, എസ്റ്റിമേറ്റ്, മേൽനോട്ടം, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി അതാത് എക്സിക്യൂട്ടീവ് ഓഫീസർ/ചെയർമാൻ/മാനേജിംഗ് ട്രസ്റ്റി/മാനേജർ എന്നിവർക്ക് കഴിവതും ഓരോ ക്ഷേത്രത്തിന്റെയും സമീപസ്ഥരായ എഞ്ചിനീയർമാരെ നിയോഗിച്ചു കൊണ്ട് പൂർത്തിയാക്കാവുന്നതാണ്.

മേൽ രീതിയിൽ നിയോഗിക്കപ്പെടുന്ന എഞ്ചിനീയർമാരുടെ ഫീസ് പി.ഡബ്ല്യൂ.ഡി നിബന്ധനകൾക്ക് വിധേയമായി നിശ്ചയിച്ചു നൽകാവുന്നതാണ്. പി.ഡബ്ല്യൂ.ഡി നിബന്ധനകൾ പ്രകാരം അനുവദിക്കാവുന്ന നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

| | | | |
|---|---|---|---|
| 1) | പ്ലാൻ തയ്യാറാക്കൽ | : | 1.50% |
| 2) | എസ്റ്റിമേറ്റ് | : | 1.00% |
| 3) | വാല്വേഷൻ | : | 1.25% |
| 4) | സൂപ്പർവിഷൻ | : | 2.00% |
| 5) | ടെണ്ടർ പരിശോധന, അംഗീകാരം | : | 1.25% |

മേൽപറഞ്ഞ നിരക്കുകൾ ഫീ ആയി അനുവദിക്കുമ്പോൾ, ചെറിയ പ്രവൃത്തികൾക്കും, വലിയ പ്രവൃത്തികൾക്കും, അനുവദിക്കാവുന്ന ഫീസുകളിൽ

വലിയ അന്തരം വരുന്നതായി കാണാം. ഇത് ചെറിയ പ്രവൃത്തികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നതിന് സാദ്ധ്യതയുണ്ട്. ആയതിനാൽ ഏറ്റവും കുറവ് നിരക്കും, കൂടിയ നിരക്കും താഴെ കാണിച്ച പ്രകാരം പരിമിതപ്പെടുത്തുന്നു.

| | | കുറഞ്ഞത് | കൂടിയത് |
|---|---|---|---|
| പ്ലാൻ | @ Rs. 15/$m^2$ or 1.5% | 500/- | 1,50,000/- |
| എസ്റ്റിമേറ്റ് | 1% | 500/- | 1,00,000/- |
| വാല്വേഷൻ | 1.25% | 500/- | 1,50,000/- |
| സുപ്പർവിഷൻ | 2% | 1000/- | 2,00,000/- |
| ടെണ്ടർ | 1.25% | 500/- | 50,000/- |

വലിയ പ്രൊജക്ടുകളുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിന് അംഗീകാരം നേടിയ ആർക്കിടെക്ചർ/എഞ്ചിനീയർമാരിൽ നിന്നും ക്വട്ടേഷൻ നടപടികളിലൂടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് നടത്തേണ്ടതും ഇക്കാര്യം ബോർഡിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന റജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുണ്ട്.

1. എസ്റ്റിമേറ്റ് രജിസ്റ്റർ
2. ടെണ്ടർ/ക്വട്ടേഷൻ രജിസ്റ്റർ
3. എം.ബി/എഫ്.ബി രജിസ്റ്റർ
4. എഗ്രിമെന്റ് രജിസ്റ്റർ
5. എം.എ.എസ് അക്കൗണ്ട് രജിസ്റ്റർ
6. കെട്ടിടം, മറ്റ് നിർമിതികളുടെ രജിസ്റ്റർ
7. പൗരാണിക പ്രാധാന്യമുള്ള ശിൽപങ്ങൾ, ചിത്രങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവയുടെ രജിസ്റ്റർ

പരിശോധന സുഗമമാക്കുന്നതിനും, അംഗീകാരത്തിന് സമർപ്പിക്കുന്നതിനുമായി തയ്യാറാക്കിയ ഒരു ചെക്ക് ലിസ്റ്റിന്റെ മാതൃകയും സർക്കുലറിന്റെ അവസാനഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്.

## II ക്ഷേത്രങ്ങളിലെ മരാമത്ത് പ്രവൃത്തികളിൽ പ്ലാൻ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, റീ കാസ്റ്റ് എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ടെണ്ടർ/ക്വട്ടേഷൻ നടപടികൾ എന്നിവയുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ

### A പ്ലാൻ

1) നിർമിതിയുടെ അംഗീകരിക്കപ്പെട്ട വാസ്തു അളവുകൾ (കോൽ – വിരൽ) മെട്രിക് യൂണിറ്റിലേക്ക് മാറ്റിക്കൊണ്ട് വിശദമായ അളവുകളോടെ ഓരോ നിലയുടെയും പ്ലാനുകൾ പ്രത്യേകം, പ്രത്യേകമായും എലിവേഷൻ, ക്രോസ് സെക്ഷൻ എന്നിവയുടെ അളവുകൾ വ്യക്തമാക്കിയും തയ്യാറാക്കേണ്ടതാണ്. ഇതിനായി പ്രവൃത്തിയുടെ സ്വഭാവമനുസരിച്ച് 1:100, 1:50 എന്നീ അനുപാതത്തിലുള്ള സ്കെയിലുകൾ ഉപയോഗിക്കാവുന്നതാണ്.

2) എല്ലാ നിർമ്മിതികളുടെയും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയോടൊപ്പം നിലവിലുള്ള നിർമ്മിതികൾ, നിർദ്ദേശിക്കപ്പെട്ട നിർമിതി, പ്ലോട്ടിലേക്കുള്ള വഴി, വൈദ്യുതി, ജലവിതരണ ശൃംഖലകൾ, പ്ലോട്ടിന്റെ അതിരളവുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള സൈറ്റ് സ്കെച്ച്, നിർമിതിയുടെ പേര് വ്യക്തമാക്കിക്കൊണ്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഇതിനായി 1:400 അനുപാതത്തിലുള്ള സ്കെയിൽ ഉപയോഗിക്കാവുന്നതാണ്. ആവശ്യമായ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തണം.

3) എല്ലാ പ്ലാനുകളിലും പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയ എഞ്ചിനീയർ, ചുമതലപ്പെട്ട എഞ്ചിനീയറുടെ അടിയൊപ്പ്, ഉടമയുടെ/ചുമതലപ്പെട്ട അധികാരിയുടെ ഒപ്പ്, എന്നിവയോടെയും, അളവുകൾ സംബന്ധിച്ച സർട്ടിഫിക്കറ്റുകളോടെ തയ്യാറാക്കിയിരിക്കണം.

4) നിർദ്ദേശിക്കപ്പെട്ട നിർമ്മിതിയുടെ. ഫൗണ്ടേഷൻ, സ്ട്രക്ചർ എന്നിവയുടെ സുരക്ഷിതത്വം സംബന്ധിച്ച ഉത്തരവാദിത്വം തയ്യാറാക്കുന്ന എഞ്ചിനീയറുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ ഉള്ളതും, ആയതിനുള്ള സർട്ടിഫിക്കറ്റുകളും ഉടമ്പടികളും പ്ലാനിനോപ്പം ഉൾപ്പെടുത്തേണ്ടതാണ്.

5) a) ക്ഷേത്രനിർമ്മിതികളിൽ നിലവിലെ ക്ഷേത്രപരിസരത്തെ തനത് അവസ്ഥയിൽ സംരക്ഷിക്കപ്പെടും വിധം ക്ഷേത്രവുമായി ബന്ധപ്പെട്ട നിർമ്മിതികളുടെ പ്ലാൻ ക്ഷേത്ര വാസ്തു നിബന്ധനകൾക്കും, വാസ്തു ശിൽപ രീതികൾക്കും അനുസൃതമായും, പ്രാദേശികമായി ലഭ്യമാവുന്ന നിർമ്മാണ വസ്തുക്കൾ ഉപയോഗപ്പെടുത്താവുന്ന വിധം ലളിതവും, പാരിസ്ഥിതി സൗഹൃദപരവും, പരമാവധി ഗ്രീൻ പ്രോട്ടോക്കോൾ അനുസൃതമായും ആണ് തയ്യാറാക്കേണ്ടത്.

b) ക്ഷേത്രവുമായി ബന്ധപ്പെട്ട നവീകരണം, വികസന പ്രവൃത്തികൾ പൗരാണിക വാസ്തു, ശിൽപ തനിമകൾക്കും, ഗ്രാമക്കാവുകളുടെ ജൈവപ്രകൃതിക്കും ആഘാതമേൽപ്പിക്കാത്ത വിധം. ക്ഷേത്രാചാരങ്ങൾക്കനുസൃതമായി പൂർത്തീകരിക്കുന്നതിന് പാരമ്പര്യതച്ചുശാസ്ത്ര വാസ്തുശിൽപികൾ, പുരാവസ്തു വിദഗ്ദർ, പാരിസ്ഥിതി വിദഗ്ധർ, ക്ഷേത്രം ട്രസ്റ്റികൾ എന്നിവരുൾക്കൊള്ളുന്ന സമിതിയുടെ മാർഗനിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും അനുസൃതമായി തയ്യാറാക്കേണ്ടതും. അത്തരം സമിതികളുടെ മേൽനോട്ടത്തിൽ മാത്രം പൂർത്തീകരിക്കേണ്ടതുമാണ്.

c) ക്ഷേത്രത്തിനു പൗരാണിക പ്രാധാന്യമുള്ള ഏതെങ്കിലും നിർമ്മിതികൾ, കൊത്തുപണികൾ, ചിത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ നിലവിലുണ്ടെങ്കിൽ ആയവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും, സംരക്ഷിക്കുന്നതിനും പുരാവസ്തു വകുപ്പുമായും, മറ്റ് വിദഗ്ദരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

d) ക്ഷേത്രവുമായി ബന്ധപ്പെട്ട കാവുകൾ, ജലസ്രോതസ്സുകൾ ജൈവപ്രകൃതി എന്നിവ സംരക്ഷിക്കുന്നതിനും. വികസിപ്പിക്കുന്നതിനുമായി ഭക്തജനങ്ങളെയും മറ്റ് പ്രാദേശിക ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിനും ലഘു ലേഖനങ്ങൾ പരസ്യപ്പെടുത്തുന്നതിന് ക്ഷേത്രഭരണാധികാരികൾ നടപടി സ്വീകരിക്കേണ്ടതാണ്.

e) ക്ഷേത്രത്തിലേക്കാവശ്യമായ തുളസി, തെച്ചി, താമര തുടങ്ങിയ പൂജാദ്രവ്യങ്ങളും, നിവേദ്യവും തയ്യാറാക്കുന്നതിനാവശ്യമായ വസ്തുക്കളും, ഉൽപാദിപ്പിക്കുന്നതിന് ലഭ്യമായ സ്ഥലവും, ജലസ്രോതസുകളും, മാലിന്യസംസ്ക്കരണത്തിലൂടെ ലഭ്യമാവുന്ന ഉൽപന്നങ്ങളും ഉപയോഗിക്ക ത്തക്കവിധം ആവശ്യമായ ആസൂത്രണം നടത്തേണ്ടതാണ്.

f) സാധ്യമായിടത്തോളം പരമ്പരാഗത തനത് കേരളാ വാസ്തുവിദ്യ പ്രകാരമുള്ള നിർമ്മിതികൾ നടപ്പിലാക്കേണ്ടതും (ഓട് മേഞ്ഞവ). മേൽക്കുരയ്ക്ക് കോൺക്രീറ്റ്/കൃത്രിമ ഷീറ്റുകൾ ഒഴിവാക്കിക്കൊണ്ടും, തറയിൽ കോൺക്രീറ്റ് ഇന്റർലോക്കിംഗ് ടൈലുകൾ ഒഴിവാക്കി പ്രകൃതിയോടിണങ്ങുന്ന തരത്തിലുള്ള ടൈലുകൾ/കല്ലുകൾ പാകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഓരോ ക്ഷേത്രത്തിലേക്കും നിർമ്മാണ പ്രവൃത്തികൾ, തനത് ഭുപ്രകൃതി

141

യോടും ചുറ്റുപാടുകളോടും ഇണക്കിക്കൊണ്ടും പരമാവധി കൃത്രിമ ഉൽപ്പന്നങ്ങൾ ഒഴിവാക്കിക്കൊണ്ടുമാണെന്ന് അതത് ക്ഷേത്രഭരണാധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

B) എസ്റ്റിമേറ്റ്

1. മേൽ നിബന്ധനകൾക്ക് വിധേയമായി രൂപപ്പെടുത്തപ്പെട്ട നിർമ്മിതിയുടെ പൂർത്തീകരണത്തിനായി ആവശ്യമായ എല്ലാ ഐറ്റങ്ങളും ഉൾപ്പെടുത്തിക്കൊണ്ട്, ആയവയുടെ വ്യക്തവും വിശദവുമായ അളവുകളോടെ തയ്യാറാക്കേണ്ടതാണ്. ബഹുനിലക്കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ സ്ട്രക്ചറുകളുടെ അളവുകൾ തമ്പ് റൂൾ (Thumb Rule) അടിസ്ഥാനത്തിൽ നിശ്ചയിച്ച് എസ്റ്റിമേറ്റ് ചെയ്യാവുന്നതും പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് ആവശ്യമായ സോയിൽ ടെസ്റ്റ്. മറ്റു പരിശോധനകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഫൈനൽ ഡിസൈൻ തയ്യാറാക്കാവുന്നതുമാണ്. സ്ട്രക്ചർ സ്റ്റെബിലിറ്റി സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.
2. എസ്റ്റിമേറ്റുകളിൽ വൈദ്യുതീകരണ പ്രവൃത്തികൾ, വാട്ടർ സപ്ലൈ-സാനിട്ടറി പ്രവൃത്തികൾ, മാലിന്യ സംസ്കരണ യൂണിറ്റ്, മഴവെള്ള സംഭരണി, സോളാർ സിസ്റ്റം, ഇലക്ട്രോണിക് സുരക്ഷാ ക്രമീകരണങ്ങൾ, അഗ്നിശമന സംവിധാനങ്ങൾ, ലിഫ്റ്റ്, എഞ്ചിനീയറിംഗ് ചാർജ്ജുകൾ എന്നിവയ്ക്കായി എൽ.എസ് തുകകൾ ഉൾപ്പെടുത്താവുന്നതാണ്. പ്രവൃത്തിയുടെ പുരോഗതിക്കും, ആവശ്യങ്ങൾക്കും അനുസൃതമായി മേൽ ഐറ്റങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടിയ ശേഷം ഈ എൽ.എസ് തുകകൾ (L.S Amount) പ്രവൃത്തിക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. കുടാതെ എസ്റ്റിമേറ്റിലെ മരാമത്ത് പ്രവൃത്തിയുടെ മൂല്യത്തിന്റെ 12% നിരക്കിലും സർവ്വീസ് ചാർജ്ജുകളുടെ 18% നിരക്കിലുമുളള തുക G.S.T ക്കായി L.S തുകകളായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. എസ്റ്റിമേറ്റിലെ ഐറ്റങ്ങളുടെ സ്പെസിഫിക്കേഷനുകൾ ഡി.എസ്.ആർ പ്രകാരവും, ഡി.എസ്.ആർ ഐറ്റങ്ങൾ ലഭ്യമല്ലാതെ വരുമ്പോൾ അത്തരം ഐറ്റങ്ങൾക്ക് പി.ഡബ്ല്യു.ഡി അംഗീകൃത സ്പെസിഫിക്കേഷനും നിരക്കുകളും ഉപയോഗിക്കാവുന്നതും. ഐറ്റം കോഡ്, കോസ്റ്റ് ഇൻഡക്സ് എന്നിവ വിശദമാക്കിക്കൊണ്ട് തയ്യാറാക്കേണ്ടതുമാണ്. ഡി.എസ്.ആർ/പി.ഡബ്ല്യു.ഡി അംഗീകൃത നിരക്കുകൾ ലഭ്യമല്ലാത്ത ഐറ്റങ്ങൾ പ്രവൃത്തിക്കായി ആവശ്യമായി വരുമ്പോൾ പ്രാദേശിക നിരക്കുകൾക്കും, ഒബ്സർവ്ഡ്

ഡാറ്റായുടെ അടിസ്ഥാനത്തിലും ഐറ്റം നിരക്കുകൾ തയ്യാറാക്കാവുന്നതാണ്. ഇത്തരം ഐറ്റങ്ങൾക്ക് കോസ്റ്റ് ഇൻഡക്സ് ബാധകമല്ല.

4. കരാറടിസ്ഥാനത്തിൽ പൂർത്തിയാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് 10% സി.പി.യും, 5% ഒ.എച്ച് നിരക്കുകളിൽ ഉൾപ്പെടുത്താവുന്നതാണ്. ദേവസ്വം നേരിട്ട് അല്ലെങ്കിൽ കമ്മിറ്റി മുഖാന്തിരം നടത്താൻ ഉദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ നിരക്കുകളിൽ 10% സി.പി ഒഴിവാക്കേണ്ടതാണ്.
5. 100 രൂപ വരെയുള്ള ഐറ്റങ്ങളുടെ എസ്റ്റിമേറ്റ് നിരക്കുകൾ അംഗീകരിക്കുന്നതിൽ, എസ്റ്റിമേറ്റ് നിരക്കുകൾ അടുത്ത 50 പൈസയിലേക്കും, 100 രൂപയ്ക്ക് മുകളിൽ വരുന്ന നിരക്കുകൾ അടുത്ത രൂപയിലേക്കും ക്രമപ്പെടുത്താവുന്നതാണ്.
6. ദേവസ്വം വകയിലുള്ള നിർമ്മാണ വസ്തുക്കൾ പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തുന്ന പക്ഷം അവയുടെ മൂല്യം എസ്റ്റിമേറ്റ് നിരക്കുകളിൽ ഉൾപ്പെടുത്താൻ പാടില്ല. അത്തരം മൂല്യങ്ങൾക്ക് 10% സി.പി. അനുവദിക്കാൻ പാടുള്ളതല്ല.
7. പ്രാദേശികമായ നിരക്കുകൾ പ്രകാരവും, ഒബ്സർവ്ഡ് ഡാറ്റാ പ്രകാരവും നിരക്കുകൾ തയ്യാറാക്കുന്ന ഐറ്റങ്ങൾക്ക് നിരക്ക്, കടത്തുകൂലി എന്നിവ സംബന്ധിക്കുന്നതും ഗുണമേന്മ, പ്രാദേശിക നിരക്കുകളുടെ ആധികാരികത എന്നിവയ്ക്കും ആവശ്യമായ സർട്ടിഫിക്കറ്റുകൾ എസ്റ്റിമേറ്റിനൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.
8. 300 $m^3$ കൂടുതൽ മൺപണി നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായി വരുമ്പോൾ അവയുടെ അളവുകൾ ലവൽസ് പ്രകാരം കണക്കാക്കേണ്ടതും, പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് ലവൽസ് അംഗീകാരം ഉന്നതാധികാരികളിൽ നിന്നും തേടേണ്ടതുമാണ്. കാലാകാലങ്ങളഇൽ നിശ്ചയിക്കപ്പെടുന്ന പരിധികൾക്കനുസൃതമായി മൺ പ്രവൃത്തികൾക്കും, നിർമ്മാണ പ്രവൃത്തിക്കാവശ്യമായ വസ്തുക്കളുടെ ശേഖരണം സംബന്ധിച്ചും സി.ടി.ഇ-ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും നിശ്ചിത സമയപരിധിക്കു ശേഷം മാത്രം പ്രവൃത്തി നടത്തേണ്ടതുമാണ്.
9. ബന്ധപ്പെട്ട അധികാരികളുടെ ഒപ്പോടെയും, ഡിപ്പാർട്ട്മെന്റൽ/സർക്കാരിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത റാങ്കിലുള്ള വിരമിച്ച എഞ്ചിനീയർമാരുടെ അടിയൊപ്പോടെയും തയ്യാറാക്കുന്ന 4,00,000/- രൂപയിലധികം തുക വരുന്ന എസ്റ്റിമേറ്റുകൾ ഏരിയാ കമ്മിറ്റിയുടെ / അസിസ്റ്റന്റ് കമ്മീഷണർമാരുടെ ശുപാർശകളോടെ മലബാർ ദേവസ്വം ബോർഡിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

1443

10. 4,00,000/- രൂപയിൽ കുറവ് വരുന്ന എസ്റ്റിമേറ്റുകൾ ജെ7/555/2017(എം.ഡി.ബി) 30.01.2018 സർക്കുലർ നിബന്ധനകൾക്ക് വിധേയമായി ഏരിയാ കമ്മിറ്റി/അസിസ്റ്റന്റ് കമ്മീഷണർ എന്നിവർക്ക് അംഗീകാരം നൽകാവുന്നതും. അത്തരം ഉത്തരവുകളുടെ പകർപ്പുകൾ അറിവിനായി മലബാർ ദേവസ്വം ബോർഡിൽ സമർപ്പിക്കേണ്ടതുമാണ്.

## (C) റീകാസ്റ്റ് എസ്റ്റിമേറ്റ്

1. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാവുകയും, ഏതെങ്കിലും മതിയായ കാരണങ്ങളാൽ പ്രവൃത്തി നടക്കാതിരിക്കുകയും, പ്രവൃത്തിക്കായി ഫണ്ട് വിനിയോഗിക്കുകയും ചെയ്യാത്ത പക്ഷം പ്രവൃത്തിയുടെ പൂർത്തീകരണത്തിന് നേരത്തേ അംഗീകരിച്ച എസ്റ്റിമേറ്റ് അളവുകളിലും നിരക്കുകളിലും വ്യതിയാനം അനിവാര്യമായി വരുമ്പോഴും, ആയവയുടെ വ്യക്തമായ വിശദീകരണങ്ങളോടെ അളവുകളിലും, നിരക്കുകളിലും ആവശ്യമായ മാറ്റങ്ങളോടെ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കാവുന്നതാണ്.

## (D) റിവൈസ്ഡ് എസ്റ്റിമേറ്റ്

1. എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ തന്നെ നിർദ്ദേശിക്കപ്പെട്ട നിർമ്മിതിയുടെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഐറ്റങ്ങളും ഉൾപ്പെടുത്തിയിരിക്കണം. അപ്രകാരം തയ്യാറാക്കപ്പെടുകയും, അംഗീകാരം ലഭ്യമാവുകയും ചെയ്ത പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കെ അനിവാര്യമായ ഘട്ടങ്ങളിൽ ഡിസൈനിലും, ഐറ്റങ്ങളിലും മാറ്റം ആവശ്യമായി വരുമ്പോൾ ഇക്കാര്യം മേലധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും, ആവശ്യമായ സ്ഥലപരിശോധനയ്ക്കു ശേഷം, രേഖാമൂലമുള്ള അനുമതിയോടെ പ്രവൃത്തി തുടരാവുന്നതും, ആവശ്യമായ മാറ്റങ്ങളോടെ എസ്റ്റിമേറ്റ് അംഗീകരിക്കപ്പെട്ട കാലത്തെ നിരക്കുകൾക്ക് അനുസൃതമായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതും, അംഗീകാരം തേടാവുന്നതുമാണ്. അടിസ്ഥാന നിരക്കുകളിൽ മാറ്റം അനുവദനീയമല്ല.

2. എല്ലാ എസ്റ്റിമേറ്റിനൊപ്പവും പ്രവൃത്തിയുടെ ആവശ്യകത, സ്വഭാവം, ഐറ്റങ്ങളുടെ വിശദീകരണം നിർമ്മാണ വസ്തുക്കളുടെ ലഭ്യത, ഡിസൈൻ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക ഉറവിടം, നിർമ്മിതിയുടെ ഉപയോഗ്യത, നേട്ടങ്ങൾ, പ്രവൃത്തി പൂർത്തീകരിക്കുന്ന രീതി, പൂർത്തീകരിക്കാനാവശ്യമായ

1449

സമയപരിധി എന്നിവ വ്യക്തമാക്കിക്കൊണ്ട് വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്.

(E) ടെണ്ടർ /ക്വട്ടേഷൻ

1. ദേവസ്വം നേരിട്ട് നടത്തുന്നതിന് അനുവദിക്കപ്പെട്ടിട്ടില്ലാത്ത എല്ലാ പ്രവൃത്തികളും ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെ പൂർത്തീകരിക്കേണ്ടതാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

എ) പ്രവൃത്തിക്കാവശ്യമായ സാമ്പത്തിക ശേഷിയോ, ആർജ്ജിക്കുന്നതിനുള്ള അനുമതിയോ ലഭ്യമാണോ?

ബി) പ്രവൃത്തിയുടെ സാങ്കേതിക അനുമതി ലഭ്യമാണോ?

സി) പ്രവൃത്തിക്കായി നിർദ്ദേശിക്കപ്പെട്ട സ്ഥലത്തിന്റെ രേഖാമൂലമായ ഉടമാവകാശവും, കൈവശത്തിലും ആണോ?

2. മേൽകാര്യങ്ങൾ ഉറപ്പ് വരുത്തിക്കൊണ്ട് പി.ഡബ്ല്യു.ഡി നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നേടിയ എസ്റ്റിമേറ്റ് തുകകളെ അടിസ്ഥാനമാക്കി പരസ്യത്തിനാവശ്യമായ സമയവും രീതികളും പാലിച്ചുകൊണ്ട് ടെണ്ടർ പരസ്യം ചെയ്യുകയും, നിശ്ചയിക്കപ്പെട്ട സമയപരിധിയിൽ ലഭ്യമാവുന്ന ടെണ്ടറുകൾ അസിസ്റ്റന്റ് കമ്മീഷണറുടെയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുകയും, പരിശോധനയ്ക്കു ശേഷം സാധുകരണമില്ലാത്തവ കാരണം വ്യക്തമായി രേഖപ്പെടുത്തിക്കൊണ്ട് തള്ളുകയും, സ്വീകാര്യമായവ നിരക്കുകളും മറ്റും വ്യക്തമാക്കിക്കൊണ്ട് റജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. റജിസ്റ്ററുകളിൽ സന്നിഹിതരായ കരാറുകാരുടെയോ, ചുമതലപ്പെടുത്തപ്പെട്ട കരാറുകാരന്റെ/ നിർദ്ദേശകന്റെ പേരും ഒപ്പും, സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3. സ്വീകരിക്കപ്പെട്ട ടെണ്ടറുകളിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ടു ചെയ്ത കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്ത് പരമാവധി നിരക്ക് കുറവ് ചെയ്യേണ്ടതും അങ്ങനെ കുറവ് ചെയ്ത നിരക്ക് അംഗീകരിച്ചു കൊണ്ട് പ്രസ്തുത കരാറുകാരന് പ്രവൃത്തിയുടെ ചുമതല ഏൽപ്പിക്കാവുന്നതും, ആവശ്യമായ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് പൂർത്തിയാക്കുന്നതിന് കരാറുകാരന് രേഖാമൂലമുള്ള അറിയിപ്പ് നൽകേണ്ടതാണ്.

648

4. എസ്റ്റിമേറ്റ് നിരക്കിലോ, എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കുകളിലോ അംഗീകരിക്കപ്പെടുന്ന ടെണ്ടറുകൾ മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതില്ല. മേൽ അംഗീകരിക്കപ്പെട്ട നിരക്കിൽ കരാറുകാരനുമായി ടെണ്ടർ നിബന്ധനകൾ പാലിച്ചുകൊണ്ട് എഗ്രിമെന്റ് പൂർത്തിയാക്കേണ്ടതാണ്.
5. എസ്റ്റിമേറ്റിലും കൂടുതൽ നിരക്കുകൾ അനുവദിക്കുന്നത് അനിവാര്യമായി വരുമ്പോൾ പ്രസ്തുത ടെണ്ടറുകൾ അസിസ്റ്റന്റ് കമ്മീഷണറുടെ പരിശോധനയ്ക്കും, ശുപാർശയ്ക്കും വിധേയമായി മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരം ലഭ്യമായതിന് ശേഷം പ്രവൃത്തി ചുമതലപ്പെടുത്തിക്കൊണ്ട് എഗ്രിമെന്റ് പൂർത്തിയാക്കാവുന്നതാണ്.
6. അംഗീകരിക്കപ്പെട്ട ടെണ്ടർ ക്വാട്ടു ചെയ്ത കരാറുകാരൻ നിശ്ചിത സമയപരിധിയിൽ എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ ടെണ്ടർ തുകയുടെ ഒരു ശതമാനം കുറഞ്ഞത് 1000/- രൂപ പരമാവധി 25,000/- രൂപ പിഴ ചുമത്തിക്കൊണ്ട് 10 ദിവസം വരെ സമയം നീട്ടി നൽകാവുന്നതും, മേൽ ദീർഘിപ്പിക്കപ്പെട്ട സമയപരിധിയിലും പ്രവൃത്തിയുടെ എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കാത്ത പക്ഷം മേൽ ടെണ്ടർ തള്ളിക്കൊണ്ട് കരാറുകാരന്റെ EMD ദേവസ്വത്തിൽ കണ്ടുകെട്ടാവുന്നതാണ്.
7. മേൽ സാഹചര്യത്തിൽ നേരത്തേ അംഗീകരിച്ച ടെണ്ടറിൽ തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടറിന് അംഗീകാരം നൽകിക്കൊണ്ട് നെഗോസിയേഷനു ശേഷം പ്രസ്തുത ടെണ്ടറിന് അനുമതി നേടുകയും, പ്രസ്തുത കരാറുകാരനുമായി എഗ്രിമെന്റ് പൂർത്തിയാക്കാവുന്നതുമാണ്. പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് മേൽ കരാറുകാരൻ തയ്യാറാവാത്ത പക്ഷം അവരുടെ EMD ദേവസ്വത്തിൽ കണ്ടുകെട്ടിക്കൊണ്ട് പുനർലേല നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. എഗ്രിമെന്റിൽ താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

    എ) അംഗീകരിക്കപ്പെട്ട ഒറിജിനൽ ടെണ്ടർ അനുബന്ധ രേഖകളടക്കം (പ്രിലിമിനറി എഗ്രിമെന്റ്, ടെണ്ടർ നിബന്ധനകൾ തുടങ്ങിയവ)

    ബി) നെഗോസിയേഷൻ രേഖകൾ.

    സി) ടെണ്ടർ അംഗീകാര ഉത്തരവും, സെലക്ഷൻ നോട്ടീസും.

    ഡി) സ്റ്റാമ്പ് പേപ്പറിലെ നിശ്ചിത ഫോമിലുള്ള എഗ്രിമെന്റ്

    ഇ) അംഗീകരിക്കപ്പെട്ട നിരക്ക് പ്രകാരമുള്ള എഗ്രിമെന്റ് ഷെഡ്യൂൾ

എഫ്) പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി തയ്യാറാക്കിയ പ്രോഗ്രാം ചാർട്ട്

ജി) പ്രവൃത്തിക്കായി സ്ഥലം കരാറുകാരന് ചുമതലപ്പെടുത്തിയ രേഖകൾ

എച്ച്) എല്ലാ രേഖകളിലും കരാറുകാരന്റെയും, എഗ്രിമെന്റ് ചുമതലപ്പെട്ട ഓഫീസറുടെയും ഒപ്പ് രേഖപ്പെടുത്തണം.

9. എഗ്രിമെന്റ് പൂർത്തിയാക്കിയ ശേഷം മേൽ എഗ്രിമെന്റിന്റെ ഒരു പകർപ്പ് അസിസ്റ്റന്റ് കമ്മീഷണർക്കും, മലബാർ ദേവസ്വം ബോർഡിലും അറിവിനും, സൂക്ഷിക്കുന്നതിനുമായി സമർപ്പിക്കണം.

## III പ്രവൃത്തിയുടെ പുരോഗതി, മോണിട്ടറിംഗ്

ഓരോ ദേവസ്വത്തിലെയും പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കിക്കൊണ്ട് ഓരോ മൂന്ന് മാസം പൂർത്തിയാകുന്ന മുറയ്ക്ക് ക്വാർട്ടർലി പ്രോഗ്രസ് റിപ്പോർട്ട് ചുമതലപ്പെട്ട എക്സിക്യൂട്ടീവ് ഓഫീസർ/ബന്ധപ്പെട്ട ക്ഷേത്ര ഭരണാധികാരി 15 ദിവസത്തിനുള്ളിൽ അസിസ്റ്റന്റ് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

1. ഓരോ അസിസ്റ്റന്റ് കമ്മീഷണറുടെ പരിധിയിൽ വരുന്ന എല്ലാ പ്രവൃത്തികളുടെയും ക്വാർട്ടർലി പ്രോഗ്രസ് റിപ്പോർട്ടുകൾ സമാഹരിച്ചുകൊണ്ട് 15 ദിവസത്തിനകം മലബാർ ദേവസ്വം ബോർഡിൽ സമർപ്പിക്കേണ്ടതാണ്.
2. അസിസ്റ്റന്റ് കമ്മീഷണർ സമർപ്പിക്കുന്ന പ്രോഗ്രസ് റിപ്പോർട്ടുകൾ മലബാർ ദേവസ്വം ബോർഡിൽ സമാഹരിച്ച് കമ്മീഷണറുടെയും ബോർഡിന്റെയും വിലയിരുത്തലുകൾക്ക് ശേഷം ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഓഫീസുകൾക്ക് നൽകാവുന്നതാണ്.

## IV ബിൽ അംഗീകാരം

1. പ്രവൃത്തിയുടെ പുരോഗതിക്കനുസൃതമായി കരാറുകാരന്റെ അപേക്ഷ പരിഗണിച്ചു കൊണ്ട് 30%, 50%, 70% പൂർത്തീകരിക്കപ്പെടുന്ന മുറയ്ക്ക് ചുമതലപ്പെട്ട എഞ്ചിനീയർ രേഖപ്പെടുത്തിയ എം.ബി അളവുകൾ ക്കനുസൃതമായി ബില്ലുകൾ തയ്യാറാക്കാവുന്നതും, സർക്കാർ വകുപ്പിലുള്ളതോ വിരമിച്ചതോ ആയ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ റാങ്കിൽ കുറയാത്ത എഞ്ചിനീയർ ചെക്ക് മെഷർമെന്റും അടിയൊപ്പം രേഖപ്പെടുത്തി സമർപ്പിക്കപ്പെടുന്ന ബില്ലുകൾക്ക് ജെ7/555/17(എം.ഡി.ബി) 30.01.18 സർക്കുലറിന് വിധേയമായി അംഗീകാരം നൽകാവുന്നതും, നിയമാനുസൃത കിഴിവുകളോടെ കരാറുകാരന് തുക അനുവദിക്കാ വുന്നതുമാണ്.

2. അപ്രകാരം അംഗീരിക്കപ്പെടുന്ന ബില്ലുകൾ എം.ബി. ഉൾപ്പെടെ കാലതാമസമില്ലാതെ കമ്മീഷണറുടെ അംഗീകാരത്തിനായി മലബാർ ദേവസ്വം ബോർഡിൽ സമർപ്പിക്കേണ്ടതും, അംഗീകാരം ലഭ്യമാവുന്ന മുറയ്ക്ക് അടുത്ത പാർട്ട് ബിൽ അംഗീകരിക്കേണ്ടതുമാണ്.

V <u>മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, പ്ലാൻ തയ്യാറാക്കൽ, മേൽനോട്ടം, ബില്ലുകൾ തയ്യാറാക്കൽ തുടങ്ങിയവയ്ക്കായി സാങ്കേതിക വിദഗ്ദരെ ലഭ്യമാക്കുന്നത് സംബന്ധിച്ച്.</u>

1. ഓരോ അസിസ്റ്റന്റ് കമ്മീഷണർമാരുടെ പരിധിയിൽ വരുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകാരം, ടെണ്ടർ അംഗീകാരം, ബിൽ അംഗീകാരം തുടങ്ങിയവ പൂർത്തിയാക്കുന്നതിനായി പ്രവൃത്തിയുടെ വ്യാപ്തിക്കനുസൃതമായി സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത റാങ്കിലുള്ള ഒന്നോ രണ്ടോ എഞ്ചിനീയർമാരെ ചുമതലപ്പെടുത്താവുന്നതാണ്. ഇതിനായി അസിസ്റ്റന്റ് കമ്മീഷണറുടെ പരിധിയിൽ വരുന്ന പ്രദേശത്തെ ക്ഷേത്രം പ്രവൃത്തികളുമായി പരിചിതരും തൽപരരും ആയ എഞ്ചിനീയർമാരെ കണ്ടെത്താവുന്നതും ആവശ്യമായ ഉടമ്പടികളോടെ മേൽകാര്യത്തിനായി അവരെ ചുമതലപ്പെടുത്താവുന്നതുമാണ്. അങ്ങനെ ചുമതലപ്പെടുത്തുന്ന ഓഫീസറുടെ ഫീസ് പി.ഡബ്ല്യു.ഡി നിബന്ധനകൾക്കനുസൃതമായി മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരത്തോടെ നിശ്ചയിക്കാവുന്നതാണ്. മരാമത്ത് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ സൗജന്യമായോ ചുരുങ്ങിയ നിരക്കിലോ സേവനം നൽകാൻ ഉദ്ദേശിക്കുന്ന സർക്കാർ വകുപ്പുകളിൽ നിന്നും റിട്ടയർ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥർ സന്നദ്ധത അറിയിക്കുന്ന പക്ഷം അവരുടെ സേവനം ക്ഷേത്രപുനർ നിർമ്മാണത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിൽ ഒരു Resource Bank ഉണ്ടാക്കുന്ന കാര്യം ബോർഡ് പരിഗണിക്കുന്നതാണ്.

2. ദേവസ്വത്തിന് സ്വന്തമായി എഞ്ചിനീയറിംഗ് സ്റ്റാഫ് ഇല്ലാത്ത പക്ഷം, അതാത് ദേവസ്വത്തിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി പരിചയസമ്പന്നരും തൽപരരുമായ എഞ്ചിനീയർമാരെ എക്സിക്യൂട്ടീവ് ഓഫീസർക്ക് നിയമാനുസൃതമായ ഉടമ്പടികളിലൂടെ ചുമതലപ്പെടുത്താവുന്നതും പി.ഡബ്ല്യു.ഡി നിബന്ധനകൾക്ക് അനുസൃതമായി ഫീസുകൾ അനുവദിക്കാവുന്നതുമാണ്. ഇതിനായി റിട്ടയർ ചെയ്ത എഞ്ചിനീയർമാരുടെ

148

സേവനം ഉപയോഗപ്പെടുത്തുന്നതായിരിക്കും ഉചിതം. വലിയ പ്രൊജക്ടുകൾ നടപ്പാക്കേണ്ട ദേവസ്വങ്ങളിൽ പ്രൊജക്ട് പൂർത്തീകരിക്കുന്നതു വരെ പരിചയസമ്പന്നരായ എഞ്ചിനീയർമാരുടെ സേവനം സ്ഥിരമായി ഉപയോഗപ്പെടുത്തുന്നത് കാര്യക്ഷമവും ലാഭകരവും ആയിരിക്കുമെന്നതിനാൽ അത്തരം സന്ദർഭങ്ങളിൽ ആയതിന് വേണ്ട നടപടി ബന്ധപ്പെട്ട ക്ഷേത്രഭരണാധികാരി സ്വീകരിക്കേണ്ടതാണ്.

3. അസിസ്റ്റന്റ് കമ്മീഷണർ ഓഫീസുകളിൽ ചുമതലപ്പെടുത്തുന്ന എഞ്ചിനീയർമാരുടെ സേവനം, അസിസ്റ്റന്റ് കമ്മീഷണർ പരിധിയിലെ ക്ഷേത്രങ്ങളിലെ പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ്, എസ്റ്റിമേറ്റ് അംഗീകാരം, കൗണ്ടർസൈൻ ചെയ്യൽ, ബിൽ അംഗീകാരം എന്നിവയ്ക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

4. മരാമത്ത് പ്രവൃത്തികളുടെ സ്ഥിതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന റജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1) എസ്റ്റിമേറ്റ് റജിസ്റ്റർ

2) ടെണ്ടർ/ക്വട്ടേഷൻ റജിസ്റ്റർ

3) എം.ബി/എഫ്.ബി റജിസ്റ്റർ

4) എഗ്രിമെന്റ് റജിസ്റ്റർ

5) എം.എ.എസ് അക്കൗണ്ട് റജിസ്റ്റർ

6) കെട്ടിടം, മറ്റ് നിർമ്മിതികൾക്കായി റജിസ്റ്റർ

7) പൗരാണികപ്രാധാന്യമുളള ശിൽപങ്ങൾ, ചിത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ രജിസ്റ്റർ

5. അംഗീകാരത്തിനായി സമർപ്പിക്കുന്ന എസ്റ്റിമേറ്റുകൾക്കൊപ്പം ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള ചെക്ക് ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## ചെക്ക് ലിസ്റ്റ്

| നമ്പർ | കുറിപ്പുകൾ | എക്സി. ഓഫീസർ | അസിസ്റ്റന്റ് കമ്മീഷണർ | ദേവസ്വം ബോർഡ് |
|---|---|---|---|---|
| 1 | പ്ലാൻ –എസ്റ്റിമേറ്റ്<br>എ) വിശദമായ എസ്റ്റിമേറ്റ്, ഐറ്റം കോഡ്, കോസ്റ്റ് ഇന്റക്സ് വ്യക്തമാക്കിക്കൊണ്ടുള്ളത് | ☐ | ☐ | ☐ |
| | ബി) പ്ലാൻ-വിശദമായ അളവുകളോടെ (ഓരോ നിലയുടെയും) എലിവേഷൻ സെക്ഷൻ ഉൾപ്പെടെ) | ☐ | ☐ | ☐ |

| | | | | |
|---|---|---|---|---|
| | സി) സൈറ്റ് പ്ലാൻ - നിലവിലെ നിർമ്മിതികളും, നിർദ്ദേശിക്കപ്പെട്ട നിർമ്മിതിയും മറ്റു വിശദ വിവരണങ്ങളോടെ | ☐ | ☐ | ☐ |
| | ഡി) എസ്റ്റിമേറ്റ് റിപ്പോർട്ട് (എഞ്ചിനീയർ) | ☐ | ☐ | ☐ |
| | ഇ) ചുമതലപ്പെട്ട എഞ്ചിനീയറുടെയും സർക്കാർ വകുപ്പിലെ/അസിസ്റ്റന്റ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത റാങ്കിനു റിട്ടയർ ചെയ്ത എഞ്ചിനീയറുടെ അടിയൊപ്പ് | ☐ | ☐ | ☐ |
| | എഫ്) ഏരിയാ കമ്മിറ്റിയുടെ അംഗീകാരം | ☐ | ☐ | ☐ |
| | ജി) അസിസ്റ്റന്റ് കമ്മീഷണറുടെ ശുപാർശ | ☐ | ☐ | ☐ |
| | എച്ച്) ഒബ്സർവ്ഡ് ഡാറ്റ, ആവശ്യമെങ്കിൽ നിശ്ചിത സർട്ടിഫിക്കറ്റോടെ തയ്യാറാക്കിയത്. | ☐ | ☐ | ☐ |
| 2 | **ടെണ്ടർ** | | | |
| | എ) പത്ര പരസ്യത്തിന്റെ പകർപ്പ് | ☐ | ☐ | ☐ |
| | ബി) അംഗീകാരം നേടേണ്ട ഒറിജിനൽ ടെണ്ടറും, അനുബന്ധ രേഖകളും | ☐ | ☐ | ☐ |
| | സി) കരാറുകാരനുമായി നടത്തിയ നെഗോസിയേഷൻ രേഖകൾ | ☐ | ☐ | ☐ |
| | ഡി) ടെണ്ടർ രജിസ്റ്ററിന്റെ പകർപ്പ് | ☐ | ☐ | ☐ |
| | ഇ) കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് നിർദ്ദിഷ്ട സർട്ടിഫിക്കറ്റോടെ | ☐ | ☐ | ☐ |
| | **റിവൈസ്ഡ് എസ്റ്റിമേറ്റ്** | | | |
| | എ) എക്സ്ട്രാ ഐറ്റങ്ങളും, വ്യതിയാനം ആവശ്യമായ ഐറ്റങ്ങളും വിശദമായ അളവുകൾ ഉൾക്കൊള്ളുന്ന വിശദമായ എസ്റ്റിമേറ്റ് -ഐറ്റം കോഡ് - കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ | ☐ | ☐ | ☐ |
| | ബി) ഒബ്സർവ്ഡ് ഡാറ്റ ആവശ്യമായ സർട്ടിഫിക്കറ്റുകളോടെ | ☐ | ☐ | ☐ |
| | സി) കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് (ഡി.ബി.4) | ☐ | ☐ | ☐ |

| | | | | |
|---|---|---|---|---|
| | ഡി) മാറ്റങ്ങളുടെ ആവശ്യകതയും, സ്വഭാവവും ഉൾക്കൊള്ളുന്ന റിപ്പോർട്ട് | ☐ | ☐ | ☐ |
| | ഇ) അധികാരപ്പെട്ട എഞ്ചിനീയർമാരുടെ ഒപ്പ് | ☐ | ☐ | ☐ |
| | എഫ്) അസിസ്റ്റന്റ് കമ്മീഷണറുടെ ശുപാർശ | ☐ | ☐ | ☐ |
| | **ബിൽ** | | | |
| | എ) പ്രവൃത്തിയുടെ അളവുകളും, ബില്ലും, രേഖപ്പെടുത്തിയ പേജ് സർട്ടിഫൈ ചെയ്ത എം.ബി അധികാരപ്പെട്ട കരാറുകാരന്റെയും, എഞ്ചിനീയർമാരുടെയും ഒപ്പോടെ | ☐ | ☐ | ☐ |
| | ബി) എഗ്രിമെന്റ് കോപ്പി - എഗ്രിമെന്റ് ഷെഡ്യൂൾ ഉൾപ്പെടെ | ☐ | ☐ | ☐ |
| | സി) സൈറ്റ് ഹാന്റിംഗ്ഓവർ വിവരണങ്ങൾ | ☐ | ☐ | ☐ |
| | ഡി) കരാറുകാരന്റെ അംഗീകാരത്തോടെയും, ബിൽ തയ്യാറാക്കുന്ന എഞ്ചിനീയറുടെ ഒപ്പോടെയും, ചെക്ക് മെഷർമെന്റ് ചെയ്യുന്ന എഞ്ചിനീയറുടെ സർട്ടിഫിക്കറ്റോടെ | ☐ | ☐ | ☐ |
| | ഇ) എക്സ്ട്രാ ഐറ്റം, കാലാവധി പുതുക്കൽ എന്നിവയ്ക്കായുള്ള സപ്ലിമെന്റ് എഗ്രിമെന്റുകൾ | ☐ | ☐ | ☐ |
| | എഫ്) വ്യതിയാനം ഉണ്ടെങ്കിൽ, ആയത് 5%ത്തിൽ കുറവ് ആണെങ്കിൽ വർക്ക്സ്ലിപ്പ് | ☐ | ☐ | ☐ |
| | ജി) ബിൽ റിപ്പോർട്ട് | ☐ | ☐ | ☐ |

വിശ്വസ്തതയോടെ
(ഒപ്പ്)
കമ്മീഷണർ

// അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

പകർപ്പ്:

1. എല്ലാ ക്ഷേത്രഭരണാധികാരികൾക്കും അസിസ്റ്റന്റ് കമ്മീഷണർ മുഖേന
2. അസിസ്റ്റന്റ് കമ്മീഷണർ,
   മലബാർ ദേവസ്വം ബോർഡ്,
   കാസർഗോഡ്/ തലശ്ശേരി/ കോഴിക്കോട്/മലപ്പുറം/ പാലക്കാട്
3. ഇൻസ്പെക്ടർ, മലബാർ ദേവസ്വം ബോർഡ്,
   കാസർഗോഡ്/ തളിപ്പറമ്പ് /തലശ്ശേരി/
   കോഴിക്കോട് / മഞ്ചേരി/ പെരിന്തൽമണ്ണ/
   ഗുരുവായൂർ/ ഒറ്റപ്പാലം/ പാലക്കാട്.
4. ഓഡിറ്റ് ഇൻസ്പെക്ടർ,
   നോർത്ത് / സൗത്ത്,
   മലബാർ ദേവസ്വം ബോർഡ്.
5. ഡെപ്യൂട്ടി ഡയറക്ടർ,
   ലോക്കൽ ഫണ്ട് ഓഡിറ്റ് (മലബാർ ദേവസ്വം ബോർഡ് ഓഡിറ്റ്)
   തലശ്ശേരി/കോഴിക്കോട്/പാലക്കാട്.
6. പ്രസിഡന്റിന്റെ പി.എ
7. സ്റ്റോക്ക് ഫയൽ 8.അധികം 9.വെബ്സൈറ്റ്

152

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ മലബാർ ദേവസ്വം ബോർഡിനെ സംബന്ധിക്കുന്ന II-7, II-8 എന്നീ ഖണ്ഡികകളിലെ പരാമർശത്തിന്മേലുള്ള ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.**

| ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| II-7<br>9.1 | 1951 ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമം രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളിൽ വന്ന വമ്പിച്ച മാറ്റങ്ങൾക്കനുസൃതമായി കാലോചിതമായി പരിഷ്കരിക്കേണ്ട ആവശ്യകത.<br>ഉദാഹരണങ്ങൾ സഹിതം. | മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് 1951 ലെ ഹിന്ദുമതധർമ്മസ്ഥാപന നിയമം സമഗ്രമായി പരിഷ്കരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത നിയമം സമഗ്രമായി പരിഷ്കരിക്കുകയും അതിനനുസൃതമായി ചട്ടങ്ങൾ നിലവിൽ വരികയും ചെയ്യുമ്പോൾ പരാമർശ വിഷയങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. |
| II-8<br>9.2 | 2008 ൽ രൂപീകൃതമായ മലബാർ ദേവസ്വം ബോർഡ് പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ഉത്തരവുകളിൽ പലതും അതാത് വിഷയത്തിൽ 1951 ലെ നിയമത്തിലും ചട്ടങ്ങളിലും പരാമർശിക്കുന്ന വ്യവസ്ഥകളുമായി ഒത്തുപോകുന്നില്ല. നിയമപരമായ ഇത്തരം വൈരുദ്ധ്യങ്ങൾ ബോർഡിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുവാൻ ഇടവരുത്തുന്നതാണെന്നും സമഗ്രമായ മലബാർ ദേവസ്വം നിയമം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഈ വൈരുദ്ധ്യങ്ങൾ വിരൽ ചൂണ്ടുന്നത്. | |


റ്റി. ആർ. ജയപാൽ
പെൻ:121611
ഗവ. അഡീഷണൽ സെക്രട്ടറി
റവന്യൂ (ദേവസ്വം) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
ഫോൺ: 04712333426 & 2518397

153

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

## (Remedial Measures Taken Statement)

| ക്രമ നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ അദ്ധ്യായം | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2017/18 | 3.1.1 | ഗ്രീൻ ഫീൽഡ് സ്റ്റേഡിയം- പാട്ടകുടിശ്ശിക, സേവനനികുതി ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് 2,93,80,059/- രൂപ ലഭിക്കാൻ അവശേഷിക്കുന്നു. | ഓഡിറ്റ് പരാമർശത്തിലെ തുകയായ Rs. 2,93,80,059/- ഉൾപ്പെടെ 2012 മുതൽ 2018 വരെയുള്ള കാലയളവിൽ Rs. 5,41,79,860/- (Excluding GST) ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ പാട്ടത്തുകയിനത്തിൽ സർവകലാശാലാ ഫണ്ടിലേക്ക് വരവ് വച്ചിട്ടുണ്ട്. എന്നാൽ 2015 വർഷം മുതലുള്ള പാട്ടകുടിശ്ശിക വർദ്ധനവ് സർവകലാശാലയ്ക്ക് അടച്ച തുകയിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടില്ല. പാട്ടകടിശ്ശികയിൽ കരാർ പ്രകാരമുള്ള വർദ്ധനവ് വരുത്താനും 2018 മുതൽക്കുള്ള കടിശിക അടയ്ക്കാനുമുള്ള സർവകലാശാലയുടെ അഭ്യർത്ഥന സർക്കാർ പരിശോധിച്ചുവരികയാണ്. ടി വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യാനായി വൈസ് ചാൻസിലറും സർക്കാർ പ്രതിനിധികളും ഉൾപ്പെടുന്ന സ്റ്റേഡിയം മാനേജ്മെന്റ് കമ്മിറ്റി വിളിച്ചുകൂട്ടാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. ആയതിനാൽ, മേൽ ഓഡിറ്റ് പരാമർശം നീക്കം ചെയ്യണമെന്ന് താല്പര്യപ്പെടുന്നു. |
| 2 | 2017/18 | 3.1.2 | നിർമ്മാണ പെർമിറ്റ് എടുക്കാതെ കെട്ടിടങ്ങൾ നിർമ്മിക്കുന്നു - സർവ്വകലാശാലയുടെ നടപടി നിയമവിരുദ്ധം | സർവകലാശാല സമുച്ചയങ്ങൾ വിദ്യാഭ്യാസ മേഖലയിലായതിനാലും ക്യാമ്പസ്സിൽ നിർമ്മിച്ച കെട്ടിടങ്ങൾ അക്കാദമികവും പൊതു ആവശ്യത്തിന് മാത്രമുള്ളതാണെന്നും കണക്കിലെടുത്ത് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കോർപ്പറേഷനിൽ നിന്ന് മുൻകൂർ അനുമതി നേടുന്നതിൽ നിന്ന് സർവ്വകലാശാലയെ ഒഴിവാക്കണമെന്ന് സർവകലാശാല സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. സംസ്ഥാന സർക്കാരിന്റെ ഫണ്ടോടുകൂടി പ്രവർത്തിക്കുന്ന സർവകലാശാലയായതിനാൽ സർവകലാശാലയുടെ കെട്ടിടങ്ങൾക്ക് നിർമ്മാണ പെർമിറ്റ് എടുക്കുന്നതിൽ നിന്ന് ഇളവ് ലഭിക്കുമെന്ന ധാരണയിലും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്ക് ബാധയകമായ ഇളവുകൾ സർവകലാശാലക്കും ബാധകമാണ് എന്നതിന്റെ അടിസ്ഥാനത്തിലുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വന്നിരുന്നത് എന്ന് സർവകലാശാല അറിയിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി ഫണ്ടുപയോഗിച്ച് ചെയ്യുന്ന Boy's Dormitory, Girl's Dormitory, R&D Block, Vertical extension SICC കെട്ടിടങ്ങൾക്ക |

154

| | | | | |
|---|---|---|---|---|
| | | | | 2022- ൽ നിർമ്മാണം ആരംഭിച്ചപ്പോൾ തന്നെ പ്ലാനും അനുബന്ധ രേഖകളും നിർമ്മാണ പ്രവർത്തനത്തിനുള്ള അനുമതിക്കായി സർവകലാശാല കോർപ്പറേഷനിൽ സമർപ്പിച്ചിട്ടുണ്ട്. |
| 3. | 2017/18 | 3.1.3 | **സർവ്വകലാശാല രേഖകളുടെ ഡിജിറ്റൈസേഷനും സൂക്ഷിപ്പും - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - തൻവർഷം ചെലവഴിച്ച 17,40,311/- രൂപ<br>തടസ്സപ്പെടുത്തുന്നു.** | **(a) സോഫ്റ്റ്‌വെയർ സ്പെസിഫിക്കേഷൻ പാലിച്ചില്ല**<br>പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ വ്യവസ്ഥയിൽ ഫ്രീ ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറിനു മുൻഗണന നൽകും എന്ന് വ്യക്തമാക്കിയിരുന്നെങ്കിലും, അതു മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിരുന്നില്ല ("The system shall preferably use only standard free and open source mature software components for the document management system with unlimited license for unlimited period"). ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഉപയോഗിച്ചിരിക്കുന്ന OmniDoc Enterprise Service Pack സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നതിനുള്ള സോഴ്സ് കോഡ് സർവ്വകലാശാലയിലേക്ക കൈമാറണമെന്ന വ്യവസ്ഥയിലാണ് (ടെൻഡർ വ്യവസ്ഥ ഖണ്ഡിക ഡി 2 സ്പെഷ്യൽ ടേംസ് ആന്റ് കണ്ടിഷൻസ് ഉപഖണ്ഡിക 12) കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ഇങ്ങനെ ലഭ്യമാക്കുന്ന സോഴ്സ് കോഡിൽ ആവശ്യമായ മാറ്റങ്ങൾ സ്വന്തമായി വരുത്തി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. മാത്രമല്ല പരിധിയില്ലാതെ എത്ര കാലത്തേക്കും എത്ര കമ്പ്യൂട്ടറുകളിലും പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ ഈ വ്യവസ്ഥ അനുവദിക്കുന്നു. അതിനാൽ ഓപ്പൺസോഴ്സ് സോഫ്റ്റ് വെയറിന്റെ പ്രയോജനങ്ങൾ ലഭിക്കുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.<br><br>**(b) പദ്ധതി നാളിതുവരെ പൂർത്തിയായിട്ടില്ല**<br>സർവ്വകലാശാലയിലെ എല്ലാ രേഖകളും ഡിജിറ്റൈസ് ചെയ്യുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതിയാണിത്. അതിനാൽ ഏകദേശം 62 ലക്ഷം പേജുകൾ ഉണ്ടെന്ന ധാരണയിലാണ് ടെണ്ടർ ക്ഷണിച്ചത്. അവയിൽതന്നെ പരീക്ഷാവിഭാഗത്തിലെ രേഖകൾക്കാണ് മുൻഗണന നൽകിയത്. ടെണ്ടർ നടപടികൾക്ക് ശേഷം M/s. Baehal Software Limited എന്ന കമ്പനിക്ക് ഡിജിറ്റൈസേഷൻ വർക്കുകൾ നൽകുകയും പരീക്ഷ വിഭാഗത്തിലെ 6.5 ലക്ഷം രേഖകൾ സ്കാൻ ചെയ്യുകയും ചെയ്തു. പരീക്ഷ വിഭാഗത്തിലെ ഡിജിറ്റൈസ് ചെയ്ത രേഖകൾ ആദ്യകാലത്ത് അതാത് സെക്ഷനിലെ ഉദ്യോഗസ്ഥരാണ് വെരിഫൈ ചെയ്തിരുന്നത്. പരീക്ഷാ ജോലികൾക്കൊപ്പം |

| | | | | |
|---|---|---|---|---|
| | | | | വെരിഫിക്കേഷൻ വർക്കുകളും ഒന്നിച്ച് കൊണ്ട് പോകാനുള്ള പ്രായോഗിക ബുദ്ധിമുട്ട് നിമിത്തം ഉദ്യോഗസ്ഥരുടെ കുറവുണ്ടാവുകയും കരാറേറ്റെടുത്ത കമ്പനിക്ക് താൽക്കാലികമായി ഡിജിറ്റൈസേഷൻ വർക്ക് നിർത്തി വയ്ക്കേണ്ടതായും വന്നു.<br><br>അതിനെ തുടർന്ന് 24.03.2018 -ൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിലെ 33.63.02 എന്ന ഐറ്റം പ്രകാരം ഡിജിറ്റൈസേഷൻ പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി കൺട്രോളർ ഓഫ് എക്സാമിനേഷൻ സമർപ്പിച്ച പദ്ധതിയുടെ രൂപരേഖ അംഗീകരിക്കുകയുണ്ടായി. അതോടൊപ്പം ഡിജിറ്റൈസ് ചെയ്യാൻ ബാക്കിയുള്ള രേഖകളും വെരിഫിക്കേഷനിൽ പോരായ്മ കണ്ടെത്തിയ ഡിജിറ്റൈസ് ചെയ്ത രേഖകളുടെ റീസ്കാനും ചുമതലപ്പെട്ട കമ്പനിക്ക് നൽകുവാൻ ധാരണയായി. ഇവയുടെ മേൽനോട്ടത്തിനായി ഒരു അസിസ്റ്റന്റ് രജിസ്ട്രാറെ ഡിജിറ്റൈസേഷൻ വർക്കുകളുടെ നോഡൽ ഓഫീസറായി നിയമിക്കുവാനും സർവകലാശാല തീരുമാനമായി. തുടർന്ന് 05.04.2018 - ൽ നടന്ന ഡിജിറ്റൈസേഷൻ സബ് കമ്മിറ്റി മീറ്റിംഗിൽ സ്കാൻ ചെയ്ത രേഖകളുടെ വെരിഫിക്കേഷനും സർട്ടിഫിക്കേഷനുമായി ഒരു സെക്ഷൻ ഓഫീസറിനെയും നാല് അസ്സിസ്റ്റന്റുമാരെയും നിയമിക്കുവാൻ സർവകലാശാല തീരുമാനിച്ചു. തുടർന്ന്, ഡിജിറ്റൈസേഷൻ പ്രക്രിയ വേഗത്തിലാക്കാൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഒരു കർമപദ്ധതി തയ്യാറാക്കി. വെരിഫിക്കേഷൻ പൂർത്തിയാക്കാൻ അവശേഷിച്ചിരുന്ന പേജുകൾ വെരിഫൈ ചെയ്യുകയും ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഡിജിറ്റൈസഷൻ സെക്ഷൻ 15.03.2022 ൽ സമർപ്പിക്കുകയും ചെയ്തു.<br><br>ഡിജിറ്റൈസ് ചെയ്ത പേജുകൾ കുറ്റമറ്റതെന്ന് നോഡൽ ഓഫീസർ വെരിഫൈ ചെയ്ത് ഉറപ്പുവരുത്തിയ ശേഷം മാത്രമേ, അവയ്ക്കുള്ള തുക റിലീസ് ചെയ്ത നൽകിയിട്ടുള്ളൂ. അവശേഷിക്കുന്ന രേഖകളുടെ ഡിജിറ്റൈസേഷനും ഇതിനോടകം ഡിജിറ്റൈസ് ചെയ്തതിൽ പോരായ്മ കണ്ടെത്തിയ പേജുകളുടെ റീസ്കാനിങ്ങും ആണ് ഇനി അവശേഷിക്കുന്നത്. അത് എത്രയും വേഗം പൂർത്തിയാക്കാൻ സർവകലാശാല പ്രതിജ്ഞാബദ്ധമാണ്. അതിനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു.<br><br>**(c) സോഫ്റ്റ്‌വെയറിന്റെ ഐ.പി.ആർ കൈമാറിയിട്ടില്ല**<br><br>ക്രമാനുഗതമായി ആവശ്യാനുസരണം മാറ്റങ്ങൾ വരുത്തി പൂർണമാകുന്ന രീതിയിലാണ് സോഫ്റ്റ്‌വെയർ നിർമ്മിക്കേണ്ടിയിരുന്നത്. ആയതിനാൽ ഡിജിറ്റൈസേഷൻ പദ്ധതി ഏകദേശം പൂർണമാകുമ്പോൾ മാത്രമേ സോഴ്സ് കോഡ് സർവകലാശാലയ്ക്കു |

| | | | | |
|---|---|---|---|---|
| | | | | മാറേണ്ടതുള്ളൂ. നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ (എക്സിക്യൂട്ടബിൾ ഫയൽ) സർവകലാശാലയ്ക്ക് കൈമാറിയിട്ടുണ്ട്. ടെൻഡർ വ്യവസ്ഥ ഡി 2 സ്പെഷ്യൽ ടേംസ് & കണ്ടീഷൻസ് ഖണ്ഡിക 14 പ്രകാരം ഇവ കൈമാറേണ്ടത് ഡിജിറ്റൈസേഷൻ ജോലി പൂർത്തിയാകുമ്പോഴാണ്.<br>**(d) ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിച്ചില്ല**<br>ഡിജിറ്റൈസേഷൻ ജോലികൾക്കായി ആദ്യം രൂപം കൊടുത്ത ഡിജിറ്റൈസേഷൻ കമ്മിറ്റിയിൽ സാങ്കേതിക വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തിരുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് കംപ്യൂട്ടേഷണൽ<br><br>ബയോളജി & ബയോ ഇൻഫർമേറ്റിക്സ് മേധാവി ഡോ അച്യുത്ശങ്കർ എസ് നായർ, കമ്പ്യൂട്ടർ സെന്റർ ഡയറക്ടർ ശ്രീ.വിനോദ് ചന്ദ്ര, കമ്പ്യൂട്ടർ സെന്റർ ടെക്നിക്കൽ ഓഫീസർ, സർവ്വകലാശാല ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ എന്നിവർ പ്രസ്തുത കമ്മിറ്റിയിൽ അംഗങ്ങളായിരുന്നു. സാങ്കേതിക പ്രശ്നങ്ങൾ എല്ലാം തന്നെ ആദ്യ ഘട്ടത്തിൽ ഡിജിറ്റൈസേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽ വരുത്തി പരിഹാരം കണ്ടെത്താൻ ശ്രമിച്ചിരുന്നു. പ്രീഡിഗ്രീ രജിസ്റ്ററുകളുടെ ഡിജിറ്റൈസ് ചെയ്ത പേജുകൾ നഷ്ടമായതു സംബന്ധിച്ചുള്ള അപാകതകൾ ശ്രദ്ധയിൽ വന്നതിനെ തുടർന്ന് കൂടുതൽ പരിശോധനകൾ നടത്തി പദ്ധതിയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് വേണ്ടി 30.07.2016 ലെ സർവ്വകലാശാല ഉത്തരവ് നം. Pl.A1/Ad.BIV(C.P)/Digitization/2012 പ്രകാരം രൂപം കൊടുത്ത നാലംഗ ടെക്നിക്കൽ കമ്മിറ്റിയാണ് പ്രോഗ്രസ്സ് ഇവാല്യുവേഷൻ ടെക്നിക്കൽ കമ്മിറ്റി.<br>**(e) ഡിജിറ്റൈസ് ചെയ്ത രേഖകൾ പൂർണ്ണവും സുരക്ഷിതവുമല്ല**<br>പൈലറ്റ് പ്രോജക്ടായി M/s. Baehal Software Limited കമ്പനി ഡിജിറ്റൈസ് ചെയ്ത 10000 രേഖകൾ ഡിജിറ്റൈസേഷൻ സെർവറിലേക്ക് മാറ്റാത്തതിനാൽ അവ മുൻപ് ലഭ്യമായിരുന്നില്ല. അവയിൽ 6500 രേഖകൾ പൈലറ്റ് പ്രോജക്ടിന് ഉപയോഗിച്ച സെർവറിലേക്ക് പിന്നീട് മാറ്റുകയും അവ ലഭ്യമാകുകയും ചെയ്തു. ബാക്കിയുള്ള 3500 രേഖകൾ ലഭ്യമല്ലാത്തതിനാൽ കമ്പനി സൗജന്യമായി അവ ഡിജിറ്റൈസ് ചെയ്ത് നൽകിയിട്ടുണ്ട്.<br>ഓഡിറ്റിൽ ഭൗതിക പരിശോധനയുടെ ഭാഗമായി നടത്തിയ റാൻഡം ചെക്കിങ്ങിൽ |

| | | | | |
|---|---|---|---|---|
| | | | | ഡിജിറ്റൈസ് ചെയ്ത രേഖകളിൽ ചിലത് സിസ്റ്റത്തിൽ നിന്ന് നഷ്ടമായതായി പറയുന്നു. വെരിഫിക്കേഷൻ ആദ്യഘട്ടത്തിൽ അതാത് സെക്ഷനുകളാണ് നടത്തിപ്പോന്നത്. എന്നാൽ ഈ രീതിയുടെ പോരായ്മ തിരിച്ചറിഞ്ഞപ്പോൾ വെരിഫിക്കേഷൻ പ്രക്രിയയ്ക്കായി ഒരു പ്രത്യേക സെക്ഷൻ തന്നെ രൂപീകരിക്കുകയും ചെയ്തു. പരാതിയ്ക്കിടയില്ലാത്ത വിധം വെരിഫിക്കേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഡിജിറ്റൈസ് ചെയ്യുന്നതിൽ തെറ്റ് (error) കണ്ടെത്തിയ പേജുകൾ പ്രത്യേകം മാറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഇത് റീസ്കാൻ ചെയ്ത സെർവറിൽ ലഭ്യമാക്കുന്നതാണ്.<br><br>ഡിജിറ്റൈസ് ചെയ്ത രേഖകൾ കമ്പ്യൂട്ടർ സെന്ററി ലെ ഡാറ്റാ സെന്ററിൽ എല്ലാവിധ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് പ്രത്യേക സെർവറിൽ സംരക്ഷിച്ചിട്ടുണ്ട്. സെന്ററിൽ നിന്നും നൽകുന്ന യൂസർ നെയിം, പാസ് വേർഡ് എന്നിവയുണ്ടെങ്കിലേ അതിൽ ആക്സസ് ചെയ്യാൻ കഴിയൂ.<br><br>**(f) വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുമ്പോൾ ഉള്ള രേഖകൾ പിന്നീട് ചെക്ക് ചെയ്യുമ്പോൾ കാണുന്നില്ലെന്നാണ് സെക്ഷനിൽ നിന്നും അറിയിച്ചിട്ടുള്ളത്**<br><br>വെരിഫിക്കേഷൻ പൂർത്തിയാക്കി വിവരങ്ങൾ സെർവറിലേക്ക് മാറ്റുന്നതിലുള്ള കാലതാമസം മാത്രമേ ഇക്കാര്യത്തിൽ ഉണ്ടാവാറുള്ളൂ. വെരിഫിക്കേഷൻ ആദ്യഘട്ടത്തിൽ അതാത് സെക്ഷനുകളാണ് നടത്തിപ്പോന്നത്. എന്നാൽ ഈ രീതിയുടെ പോരായ്മ തിരിച്ചറിഞ്ഞപ്പോൾ വെരിഫിക്കേഷൻ പ്രക്രിയയ്ക്കായി ഒരു പ്രത്യേക സെക്ഷൻ തന്നെ രൂപീകരിക്കുകയും ചെയ്തു. പരാതിയ്ക്കിടയില്ലാത്ത വിധം വെരിഫിക്കേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്ത രേഖകൾ കമ്പ്യൂട്ടർ സെന്ററി ലെ ഡാറ്റാ സെന്ററിൽ എല്ലാവിധ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് പ്രത്യേക സെർവറിൽ സംരക്ഷിച്ചിട്ടുണ്ട്. സെന്ററിൽ നിന്നും നൽകുന്ന യൂസർ നെയിം, പാസ് വേർഡ് എന്നിവയുണ്ടെങ്കിലേ അതിൽ ആക്സസ് ചെയ്യാൻ കഴിയൂ. പദ്ധതി പൂർത്തീകരിച്ച ശേഷം ഒരു സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിനും നടപടി സ്വീകരിക്കും. |

| | | | | |
|---|---|---|---|---|
| | | | | **(g) സോഫ്റ്റ്‌വെയറിന്റെ പ്രയോഗികക്ഷമത വിലയിരുത്തിയിട്ടില്ല**<br>രേഖകൾ കൃത്യമായി സിസ്റ്റത്തിലേക്ക് അപ്‌ലോഡ് ചെയ്യുന്നതും അവ കാണാനും പരിശോധിക്കാനും ആവശ്യാനുസരണം മാറ്റാനും സാധിക്കുന്നതും സോഫ്റ്റ്‌വെയറിന്റെ പ്രയോഗികക്ഷമത സൂചിപ്പിക്കുന്നു. ഫയലുകൾ മായിക്കപ്പെടാതിരിക്കാനായി ഉപയോക്താക്കൾക്ക് ഓരോ ഫയലിലും പൂർണ്ണമായോ ഭാഗികമായി മാത്രമോ അധികാരം നൽകുന്ന സംവിധാനം സോഫ്റ്റ് വെയറിൽ ഉണ്ട്. എന്നാൽ ഡിജിറ്റൈസേഷൻ പൂർത്തിയായെങ്കിൽ മാത്രമേ ഇത് നടപ്പിലാക്കാൻ സാധിക്കുകയുള്ളു. കാരണം വെരിഫിക്കേഷൻ നടക്കുമ്പോൾ ഇത് നടപ്പിലാക്കിയാൽ അപൂർണ്ണമായതും ഗുണനിലവാരമില്ലാത്തതുമായ ഡിജിറ്റൽ ഫയലുകൾ മാറ്റാനായി അവയെ വീണ്ടും സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യാൻ സാധിക്കുകയില്ല.<br>**(h) അടിസ്ഥാന സൗകര്യം ഒരുക്കിയില്ല**<br>M/s. Baehal Software Limited ന് ഡിജിറ്റൈസേഷൻ ജോലികൾ ആരംഭിച്ച സമയത്തു തന്നെ ശീതീകരിച്ച മുറികൾ, വയറിംഗ്, നെറ്റ്‌വർക്കിങ് ഉൾപ്പെടെയുള്ള എല്ലാ സജ്ജീകരണങ്ങളും ലഭ്യമാക്കിയിരുന്നു.<br>**(i) ഡിജിറ്റൈസ് ചെയ്ത രേഖകൾ തന്നെ വീണ്ടും ഡിജിറ്റൈസ് ചെയ്തതിലൂടെ സർവ്വകലാശാലയ്ക്ക് അധിക ബാധ്യതയുണ്ടായി.**<br>21.10.2013 ലെ ഡിജിറ്റൈസേഷൻ കമ്മിറ്റി തീരുമാന പ്രകാരം സിഡ്കോ, ഡിജിറ്റൈസ് ചെയ്ത രേഖകൾ നിലവിലുള്ള ഡിജിറ്റൽ ഫോർമാറ്റിൽ തന്നെ സെർവറിലേക്കു മാറ്റാൻ M/s. Baehal Software Limited നെ ചുമതലപ്പെടുത്തുകയും പ്രസ്തുത രേഖകൾ പരീക്ഷ കൺട്രോളറുടെ പക്കൽ സൂക്ഷിക്കുന്നതിനും നിർദേശിച്ചു. 21/12/13 ലെ ഡിജിറ്റൈസേഷൻ മീറ്റിംഗിൽ പരീക്ഷ കൺട്രോളറുടെ പക്കലുള്ള സിഡ്കോ ഡിജിറ്റൈസ് ചെയ്ത രേഖകളുടെ ഡി.വി.ഡി. കമ്പ്യൂട്ടർ സെന്റർ ഡയറക്ടർക്ക് കൈമാറാനും പ്രസ്തുത ഡി.വി.ഡി പരീക്ഷ കൺട്രോളർ,<br>M/s. Baehal Software Limited ന്റെ പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിൽ തന്നെ പരിശോധിക്കുന്നതിനുമുള്ള തീരുമാനമുണ്ടായി. പ്രസ്തുത തീരുമാനം കമ്പ്യൂട്ടർ സെന്റർ ഡയറക്ടറെയും പരീക്ഷ കൺട്രോളറെയും അറിയിച്ചിട്ടുണ്ട്.<br>**(j) സോഫ്റ്റ്‌വെയറിനെ കുറിച്ച് ശരിയായ വിലയിരുത്തൽ നടത്താതെ തുക നൽകി** |

| | | | | | |
|---|---|---|---|---|---|
